മലയാളത്തിലെ

പഴയ പാട്ടുകൾ

പ്രകാശകന്റെ

പ്രസ്താവന.

മലയാളത്തിലെ പഴയപാട്ടുകൾ മലയാളഭാഷാസാഹിത്യത്തിന്റെയും ഈ ഭാഷ പ്രചരിച്ചിരിക്കുന്ന രാജ്യത്തിന്റെയും സംസാരിക്കുന്ന ജനങ്ങളുടേയും അതീതചരിത്രങ്ങളെ വെളിപ്പെടുത്തുമെന്നുള്ളതു സർവ്വസമ്മതമാകുന്നു. പുരാതനചരിത്രങ്ങളെ അറിയുന്നതിന് കല്ലും കരടും തിരഞ്ഞു നടക്കുന്ന ഡിപ്പാർട്ടുമെൻറുകാർ ഈ വക പാട്ടുകൾ ശേഖരിക്കാൻ തുടങ്ങിയെന്നുവരികിൽ അന്ധകാരത്തിരയിൽ കിടക്കുന്ന എന്തെല്ലാം കാര്യങ്ങൾ പ്രകാശിക്കുമായിരുന്നു. ഈ നാട്ടിലെ സാമാന്യജനങ്ങളുടെ ഇടയിൽ ഒരു കാലത്തും പ്രതിഷ്ഠ ലഭിച്ചിട്ടില്ലാത്ത സംസ്കൃതമെന്ന ആര്യഭാഷയിലെ പുരാതനഗ്രന്ഥങ്ങൾ സംഭരിച്ച് ഈ നാട്ടുചരിത്രം ഗ്രഹിക്കാൻ തുനിയുന്നതിന്റെ ഔചിത്യം മലയാളികളുടെ ശ്രദ്ധെക്കു വിഷയീഭവിച്ചില്ലെങ്കിൽ ആർക്കാണു നഷ്ടം? കാലം നമ്മുടെ സൌകര്യം നോക്കി നില്ക്കുന്നില്ല. നില്ക്കയുമില്ല. കാലചക്രം തിരിയുന്നതോടുകൂടി പുതിയതെല്ലാം പഴയതാകുന്നു. പഴയതെല്ലാം ഓർമ്മയിൽനിന്നു മറയുന്നു. ഇങ്ങനെ മലയാളികളായ നമ്മെ സംബന്ധിച്ച എന്തെല്ലാം കാര്യങ്ങൾ മറന്നുപോയിരിക്കുന്നു. ഈ കഥയോർക്കുമ്പോൾ പഴയപാട്ടുകളുടെ വിഷയത്തിൽ നമുക്കുള്ള അശ്രദ്ധ ക്ഷന്തവ്യമല്ലെന്നു കാണാം.

ഇപ്പോൾ പ്രസിദ്ധീകരിക്കുന്ന ഈ ഗ്രന്ഥം ചിറയിൻകീഴ്, പി. [illegible]ദപ്പിള്ള (എം. ആർ. ഏ. എസ്.) അവർകളുടെ ചിരകാലപ്രയത്നത്തിന്റെ ഫലമാകുന്നു. ഗോവിന്ദപ്പിള്ള അവർകളെ ഈ ഗ്രന്ഥം വായിക്കുന്നവരുമായി പരിചയപ്പെടുത്തേണ്ട ആവശ്യം ഇല്ല. സരസഗദ്യപ്രബന്ധങ്ങൾകൊണ്ടു ഭാഷാസാഹിത്യലോകത്തിൽ സ്ഥിരപ്രതിഷ്ഠ സമ്പാദിച്ചിട്ടുള്ള ഒരു മാന്യനാണദ്ദേഹം. എത്ര ഗംഭീരമായ വിഷയം തന്നെയായാലും പിള്ള അവർകളുടെ തൂവലുകൊണ്ടു വിവരിക്കയാണെങ്കിൽ അതു ഫലിതപൂർണ്ണമായിരിക്കുമെന്നുള്ളതു മലയാളികൾ പരക്കെ അറിഞ്ഞിട്ടുള്ള ഒരു വാസ്തവമാണ്.

ഗോവിന്ദപ്പിള്ള അവർകൾക്കു പഴയപാട്ടുകൾ ശേഖരിക്കാൻ ഉത്സാഹം ജനിപ്പിച്ചതു് പരേതനായ "മലയാളമനോരമ" പത്രാധിപർ കെ. ഐ. വറുഗീസ്‌മാപ്പിള അവർകളാണു്. ഭാവികാലത്തിൽ ഭാഷാസാഹിത്യത്തിനു് ഉപയോഗപ്പെടേണ്ടതായ വാസനാബലം മലയാളത്തിന്റെ ഏതുഭാഗത്തെങ്കിലും പ്രത്യക്ഷപ്പെടുന്നതായി കണ്ടാൽ അതിനെ വേണ്ടവിധം ഉജ്ജ്വലിപ്പിക്കാൻ വറുഗീസ് മാപ്പിള അവർകൾക്കുണ്ടായിരുന്ന ശക്തി സുപ്രസിദ്ധമാണല്ലോ. അദ്ദേഹം ഗോവിന്ദപ്പിള്ള അവർകളുടെ കുട്ടിക്കാലംമുതൽ അദ്ദേഹത്തിന്റെ സാഹിത്യരംഗത്തിലെ കളികൾ കണ്ടു് ആനന്ദിക്കയും അദ്ദേഹത്തെ വേണ്ടവിധം നയിക്കയുംചെയ്തിരുന്നു. ഈ പട്ടണത്തിൽനിന്നു പ്രസിദ്ധമാക്കിയിരുന്ന "കേരളപഞ്ചിക" പത്രത്തിന്റെ ആധിപത്യം ഗോവിന്ദപ്പിള്ള അ

വർകൾ വഹിച്ചിരുന്നപ്പോൾ മിസ്റ്റർ വറുഗീസ് മാപ്പിള ആസന്നമരണനായി കിടക്കയായിരുന്നു. ആ കാലത്തിലും "പഞ്ചിക"യുടെ മുഖപ്രസംഗങ്ങളെ പ്രത്യേകം ശ്രദ്ധയോടെ വായിച്ചു വേണ്ടവിധം ഉപദേശങ്ങളടങ്ങിയ കത്തുകൾ വേണ്ട കാലങ്ങളിലയച്ചു പിള്ള അവർകളെ പത്രാധിപകൃത്യത്തിൽ പരിചയിപ്പിക്കാൻ വറുഗീസ് മാപ്പിള അവർകൾ പരിശ്രമിച്ചിരുന്നു. ഈവിധം ഭാഷയ്ക്കും നാട്ടിന്നും വേണ്ടി ജീവിച്ചിരുന്ന ആ മഹാനുഭാവന്റെ ആയുഷ്കാലം കുറെക്കൂടി നീണ്ടിരുന്നുവെന്നുവരുകിൽ ഇതുപോലുള്ള ഗ്രന്ഥങ്ങൾ ഇതിനിടെ എത്രയെത്ര ഉണ്ടാകുമായിരുന്നു.

ഗോവിന്ദപ്പിള്ള അവർകൾ "സ്വദേശാഭിമാനി" പത്രാധിപരായിരുന്നകാലത്ത് അദ്ദേഹം ചില സ്നേഹിതന്മാരുടെ സഹകരണങ്ങളാൽ കേരളത്തിന്റെ വിവിധഭാഗങ്ങളിൽനിന്നു പല വിലയേറിയ പാട്ടുകൾ സംഭരിച്ചിട്ടുണ്ടായിരുന്നത് ആ സ്ഥാനത്തിൽനിന്നു പിരിഞ്ഞപ്പോൾ അനധീനമായിപ്പോയെന്നു വ്യസന സമേതം പറയേണ്ടിവന്നിരിക്കുന്നു.

മലയാളത്തിലെ ഒരേ ഒരു പഴയ പാട്ടിനെപ്പറ്റി മിസ്റ്റർ പിള്ള അനേകം കൊല്ലമായി "ഭാഷാപോഷിണി"യിൽ എഴുതിവന്ന ഉപന്യാസങ്ങൾ മലയാളികളുടെ ശ്രദ്ധയ്ക്കു വിഷയീഭവിക്കയും പലരും അദ്ദേഹത്തെ പ്രോത്സാഹിപ്പിക്കയും ചെയ്തിട്ടുണ്ട്. ദിവാൻബഹദൂർ പി. രാജഗോപാലാചാരി (സി. ഐ. ഇ.) അവർകളുടെ ആധ്യക്ഷത്തിൽ കൂടിയ തി. വി. മഹാസഭയുടെ ഒരു വാർഷികസമ്മേളനത്തിൽ തിരുവനന്തപുരം രാജകീയകാളേജിൽ അസിസ്റ്റന്റു

പ്രൊഫസരും ഒരു് ഉത്തമഭാഷാഭിമാനിയും ആയ രാജശ്രീ ഏ. ഗോപാലമേനോൻ എം. ഏ. അവർകൾ ചെയ്ത പ്രസംഗത്തിൽ മിസ്റ്റർ ഗോവിന്ദപ്പിള്ളയുടെ ഏതദ്വിഷയമായ പ്രയത്നത്തെപ്പററി ശ്ലാഘിക്കയും മലയാളികളുടെയും ഗവൎമ്മെണ്ടിന്റെയും ദയാദൃഷ്ടിക്ക് അദ്ദേഹം അൎഹനാണെന്നു കാണിക്കയും ചെയ്തിട്ടുണ്ടു്. അദ്ദേഹത്തെപോലെ ഉൽകൃഷ്ടന്മാരും ഉത്തരവാദിത്വമുള്ളവരുമായ പല മലയാളികളും മിസ്റ്റർ പിള്ളയുടെ ഈവക ശ്രമങ്ങളെ അഭിനന്ദിച്ചിട്ടുള്ളതുകൊണ്ടാണു് ഈ ഗ്രന്ഥപരമ്പരയുടെ ആദ്യഭാഗം ഇപ്പോഴെങ്കിലും പ്രകാശിപ്പിക്കാൻ സംഗതിയായതു്.

കവികുലചക്രവൎത്തിയായ കേരളവൎമ്മ (സീ. എസ് ഐ.) വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ സംരക്ഷണത്തിൻകീഴിൽ കഴിഞ്ഞുപോന്ന ഗോവിന്ദപ്പിള്ള അവർകൾക്ക് ആ രക്ഷാകൎത്താവിന്റെ ദേഹവിയോഗം അസഹ്യവും അശാന്തവും ആയ ദുഃഖം ഉണ്ടാക്കിയിരിക്കുന്നു. ഈ ദുഃഖവും ഇയ്യിടെ ഉത്ഭവിച്ചിട്ടുള്ള ശരീരാസ്വാസ്ഥ്യവും ഈ മാതിരി സ്ഥിരപരിശ്രമങ്ങൾക്ക് അദ്ദേഹത്തെ അശക്തനാക്കിയിരിക്കയാണു്. ഈ കാരണത്താൽ ഈയവസരത്തിൽ ഈ പ്രസിദ്ധീകരണത്തിനു ഞാൻ പ്രത്യേകം പ്രയത്നിക്കേണ്ടതായി വന്നിട്ടുണ്ടു്.

ഇംഗ്ലീഷ് ഭാഷയിൽ ഈമാതിരി ഗ്രന്ഥങ്ങൾക്കുള്ള വിലയും നിലയും വേണ്ടപോലെയറിഞ്ഞിട്ടുള്ള രാജകീയകാളേജ് ഇംഗ്ലീഷ് പ്രൊഫസർ മിസ്റ്റർ സ്ലാസ് (എം. ഏ.) ഈ ഗ്രന്ഥകാൎയ്യം ഗ്രഹിച്ചു് ഈ പരിശ്രമത്തിന്റെ ഔചി

ത്വത്തെയും ഇതുനിമിത്തം ഉണ്ടാകാവുന്ന ഗുണങ്ങളേയുംപറ്റി ഗോവിന്ദപ്പിള്ള അവർകളോടു വിവരിച്ച് അദ്ദേഹത്തെ പ്രോത്സാഹിപ്പിച്ചിട്ടുള്ളതും ഇവിടെ കൃതജ്ഞതാപുരസ്സരം സ്മരിക്കേണ്ടിയിരിക്കുന്നു.

ഈ പ്രസ്താവന മൂലം പ്രധാനമായി ചെയ്യേണ്ടതു് ഈ ഗ്രന്ഥത്തിന്റെ ആമുഖോപന്യാസകർത്താവായ ബ്രഹ്മശ്രീ എസ്. പരമേശ്വരയ്യർ (എം. ഏ., ബി. എൽ. എം. ആർ. ഏ. എസ്.) അവർകളുടെനേർക്കു ഞങ്ങൾക്കുള്ള നന്ദിയെ പ്രദർശിപ്പിക്കയാകുന്നു. മിസ്റ്റർ പരമേശ്വരയ്യർക്കു മലയാളഭാഷയും മലയാളികളും എത്രത്തോളം കടപ്പെട്ടിട്ടുണ്ടെന്നുള്ളതു് നിർമ്മത്സരന്മാർക്കു ബോദ്ധ്യമായിട്ടുള്ള സംഗതിയാണു്. സംസ്കൃതം, ഇംഗ്ലീഷ്, തമിഴ്, മലയാളം എന്നീ നാലുഭാഷകളിലും അവിതർക്കിതവും അപാരവും ആയ പാണ്ഡിത്യവും മലയാളത്തിൽ മഹാകവിയെന്ന പേരിന് അചലിതമായ അവകാശവും ഇംഗ്ലീഷിലും മലയാളത്തിലും പ്രസന്നമായ വാഗ്മിത്വവും സമ്പാദിച്ച് ഭാഷയുടെ പുരാതന ചരിത്രങ്ങളെ പ്രകാശിപ്പിക്കാൻ നിരന്തരമായി പ്രയത്നിച്ച് മലയാളികളുടെ അഭിമാനപാത്രമായി ഭവിച്ചിരിക്കുന്ന ഈ മാന്യൻ കാര്യശതാകുലനെങ്കിലും ഞങ്ങളുടെ അപേക്ഷയെ അംഗീകരിച്ച് സാരസ്യസമായ ഒരു ആമുഖോപന്യാസമെഴുതിത്തന്നതു് അദ്ദേഹത്തിനു മലയാളഭാഷയോടുള്ള പ്രതിപത്തിക്കു വേറൊരു ഉദാഹരണമാകുന്നു. ഈ ആമുഖോപന്യാസം എഴുതിയപ്പോൾ പലപാട്ടുകളിൽനിന്നു് ഉദാഹരണത്തിനായി ഏതാനം വരികൾ മാത്രമേ

ഈ ഗ്രന്ഥത്തിൽ ചേൎത്തിരുന്നൊള്ളു. "മിസ്റ്റർ ഗോവിന്ദപ്പിള്ള എന്റെ ഈ അപേക്ഷയെ അംഗീകരിച്ചു പഴയ പാട്ടുകളെപ്പററിയുള്ള വിമൎശനങ്ങൾക്കു പുറമെ ആ പാട്ടുകളെത്തന്നെ സമഗ്രമായി പ്രസിദ്ധപ്പെടുത്തി........" ഇത്യാദി ആമുഖോപന്യാസത്തിലെ അഭിപ്രായത്തെ ഞങ്ങൾ ആദരിച്ചു് ഈ ഗ്രന്ഥത്തെ ആദ്യന്തം അലകും പിടിയും മാററി എഴുതേണ്ടി വന്നതിനാൽ ആദ്യം നിശ്ചയിച്ച അവസരത്തിൽ ഇതു പ്രസിദ്ധമാക്കാനിടയായില്ല.

ഈ ഗ്രന്ഥം അച്ചടിച്ചു തുടങ്ങിയയിടയ്ക്കു് വിവരം ഗ്രഹിച്ചും ഇതിന്റെ ആവശ്യകതയേയും ഈ വിഷയത്തിൽ മലയാളികൾക്കുള്ള കടമയേയുംമററും വിവരിച്ചും മുഖപ്രസംഗമെഴുതി ഞങ്ങളെ പ്രോത്സാഹിപ്പിച്ച "ഭാരതകേസരി" പത്രാധിപർ രാജശ്രീ കെ. വേലുപ്പിള്ള അവർകളോടും ഞങ്ങൾ വിശിഷ്യ നന്ദിയുള്ളവരായിരിക്കുന്നു.

പ്രജാസഭാംഗവും മവേലിക്കര മുൻസിഫ് കോടതി വക്കീലുമായ രാജശ്രീ എൻ. ജി. പരമേശ്വരൻ പിള്ള അവർകൾ മുതലായി പല മാന്യന്മാരുടെയും സഹകരണം ഈ പ്രസിദ്ധീകരണത്തിൽ ഞങ്ങൾക്കുണ്ടായിട്ടുണ്ടു്. അതിനാൽ അവരോടും ഞങ്ങൾ കൃതജ്ഞരായിരിക്കുന്നു.

തിരുവനന്തപുരം
വിദ്യാവിലാസപ്രസിദ്ധീകരണ-
ശാല.
൧൧൦൯-൫-൫.

തോമസ് പോൾ. ബി. എ.

ആമുഖോപന്യാസം.

എന്റെ ഒരു ബാല്യസ്നേഹിതനും യഥാർത്ഥ ഭാഷാഭിമാനിയുമായ ചിറയിങ്കീഴ് പി. ഗോവിന്ദപ്പിള്ള അവർകൾ എഴുതിയ 'മലയാളത്തിലെ പഴയ പാട്ടുകൾ' എന്ന പുസ്തകത്തെ മഹാജനസമക്ഷം അവതരിപ്പിക്കുന്നതിനു എനിക്കു പ്രത്യേകം സന്തോഷമുണ്ടു്.

ഭാഷയിൽ ഇപ്പോൾ ധാരാളം പുസ്തകങ്ങളുണ്ടാകുന്നുണ്ടെന്നുള്ളതും അവയിൽ നൂററിനു തൊണ്ണൂററൊമ്പതും ഭാഷാപോഷണത്തിനു ഒരു വിധത്തിലും പ്രയോജനപ്പെടുന്നില്ലെന്നുള്ളതും ഒന്നുപോലെ പരമാർത്ഥമാണ്. ഗോവിന്ദപ്പിള്ള അവർകൾ തന്നെ ഈ പുസ്തകത്തിൽ പ്രസ്താവിക്കുന്നതുപോലെ 'അയ്യപ്പന്മാരു' ഞങ്ങളാടിമറന്നിടിച്ചതും കല്ലിൽ ഉലക്കകങ്ങളും മമ്മത്തുകരത്തുപെട്ടവി മാവിൽ കയറി മറിഞ്ഞുവീണതും മണിമലയാററിൽ തീ പിടിച്ചതും ഉരച്ചുചെത്തു് വിടവുമടച്ചു് അപ്പം വച്ചു് ഞങ്ങളൊട്ട ചെല്ലമ്മയെന്നോ വീരഭദ്രവിലാസമെന്നോ പേരുകൊടുത്താൽ ഗ്രന്ഥകർത്തൃപദവി അപഹരിക്കാൻ തരമുള്ള ഒരു കാലം തന്നെയാണ് ഇതു്. വാസനയും അഭ്യാസവും മററും വേണമെന്നു് ചില യോഗ്യന്മാർ അസൂയാകലുഷികളായിട്ടു് മുഖം കരിപാറിയ മൂങ്ങകളെപ്പോലെ മുക്കിലും മൂലയിലുമിരുന്നു പിറുപിറുത്താൽ അതുകൊണ്ടു് ഈ ഗ്രന്ഥകാരവീരന്മാർക്കു് എന്താണു് ഹാനി? പുസ്തകമെഴുതുക എന്നതു ഇന്നാർക്കേ ആവൂ എന്നുള്ളതിനു വല്ല നിയമമോ ആ നിയമത്തെ ലംഘിച്ചാൽ അതിനു വല്ല ശിക്ഷയോ മററോ ഉണ്ടോ? സർവ്വസ്വാതന്ത്ര്യമെന്നുള്ള പഞ്ചാക്ഷരമല്ലേ ഈ ഇരുപതാംനൂററാ

ണ്ടിലെ മുദ്രാപത്രം? വല്ലതും വാരി വലിച്ചു കാടേ മേടേ എന്നെഴുതിയാലെന്താണു്? അച്ചടിപ്പിക്കാനൊരച്ചുകൂടവും അനാകുലാഭിപ്രായം പുറപ്പെടുവിക്കാനൊരു വർത്തമാനക്കടലാസുമില്ലേന്നുവരുമോ? നാലു പാദം വല്ലതുമെങ്കിൽ കവിയായി; അതിനു നിവൃത്തിയില്ലെങ്കിൽ ഗദ്യകാരനായി; ഒരു പോക്കുമില്ലെങ്കിൽ നിരൂപകനുമായി. യേനകേനപ്രകാരേണ പ്രസിദ്ധ പുരുഷനായിത്തീർന്നു് കാലിന്മേൽ കാലിട്ടു ഞെളിയാൻ ഇപ്പോഴും ആൎക്കും ഒരു പ്രയാസവുമില്ല. വാളെടുത്തവനെല്ലാം വെളിച്ചപ്പാടു്; അടിയെടുത്തവനെല്ലാം വേട്ടക്കാരൻ. ഒരു മുറിയിംഗ്ലീഷുംകൂടി വശമായാൽ ഉടൻ സർവ്വജ്ഞപീഠം കയറാം. പിന്നെ വലിയ കോയിത്തമ്പുരാന് എന്തു വൈദുഷ്യമാണു്? കൊച്ചുണ്ണിത്തമ്പുരാനു് എന്തു കവിതയാണു്? ഈ പഴംകൂറുകാരുണ്ടോ കാവ്യത്തിന്റെ മർമ്മം കാണുന്നു? ഇവർക്കു പ്രകൃതിയെപ്പകർത്താനറിയാമോ? എന്നും മറ്റും ചില വിദ്വത്തങ്ങളും പ്രസംഗമണ്ഡപത്തിൽ നിന്നു പുലമ്പിച്ചുകൊണ്ടു എഴുന്നള്ളിക്കകൂടി ചെയ്യാമെങ്കിൽ ജന്മസാഫല്യവുമായി. 'അമ്മേ കൈരളി.' അവിടത്തേക്കു് ഇങ്ങനെയും ഒരു കാലം വന്നുവല്ലോ? ഹരിണീസ്വയംവരം തുള്ളലെഴുതിയ ആ കവിചക്രവർത്തി ഇന്നു ജീവിച്ചിരുന്നെങ്കിൽ ഈ ഭാഷാപോ—അല്ല ഉദരപോഷണസംരംഭം കൊണ്ടുള്ള അനർത്ഥങ്ങളെ എങ്ങനെയെല്ലാം വർണ്ണിച്ചു ബോധം വരുത്തുമായിരുന്നു!

മലയാളത്തിലെ പഴയ പാട്ടുകളെ തിരഞ്ഞുപിടിച്ചു പ്രസിദ്ധം ചെയ്യുക എന്നുള്ള സമ്പ്രദായത്തിനും മേൽവിവരിച്ച നവീനസാഹിത്യപ്രസ്ഥാനത്തിനും തമ്മിൽ വളരെ അന്തരമുണ്ടു്. ഒടിഞ്ഞും പൊടിഞ്ഞും കിടക്കുന്ന താളിയോലഗ്രന്ഥങ്ങളെ കൈകൊണ്ടു തൊടണമെങ്കിൽതന്നെ സാമാന്യം പോലെ ഊഹക്ഷമതയുണ്ടായിരിക്കണം. മണ്ടിയും മാന്തും

കാണുന്ന അതിലെ അക്ഷരങ്ങളിൽ കണ്ണു പതിയണമെങ്കിൽ ഭാഷാഭാവത്തിലുടെനേക്ക് അല്പമാറ മതിയുണ്ടായിരിക്കണം. ആ അക്ഷരങ്ങൾ വായിച്ചുനോക്കി കാര്യം ഗ്രഹിക്കണമെങ്കിൽ ഒന്നിലധികം ഭാഷകളുമായി സമീപപരിചയം സിദ്ധിച്ചിരിക്കണം. എന്തിനു വളരെ പറയുന്നു? ഇതു് ആകപ്പാടെ ഒരു 'തൊന്തരവുപിടിച്ചതും' 'കരണം കെട്ടതും' ആയ വേലതന്നെയാണു്. പിന്നെ ഇതെല്ലാം കണ്ടുകളഞ്ഞു ബുദ്ധിമുട്ടി ഈ പാട്ടുകൾ പ്രസിദ്ധപ്പെടുത്തിയാൽതന്നെ അറിയുന്നതാര്? 'ഈ വിദ്വാന്മാർക്കു പിച്ചുണ്ടെന്നു തോന്നുന്നു; ഇപ്പോൾ [illegible]ങ്ങളിൽ തമിഴെല്ലാം മലയാളമായിരിക്കണമല്ലോ' എന്നു ചില സാഹിത്യബുധന്മാർ ശകാരിച്ചും ഇടയുണ്ടു. അതൊന്നും ചെവിക്കൊള്ളാതെ കാലത്തിനൊത്ത കോലം കെട്ടി ചില മുറിപ്പരിഷ്കാരികൾ കൊട്ടുന്ന താളത്തിനൊപ്പിച്ചു തുള്ളുന്നതു് അപഹാസകരവും ചിലപ്പോൾ ആത്മദ്രോഹപ്രദമായ ഒരു പ്രവൃത്തിയാണെന്നുള്ളതിനു സംശയമില്ല. പക്ഷെ ആ ഗ്രഹപ്പിഴ ഒഴിയാബാധപോലെ കിടക്കട്ടെ. ഭാഷാഭിവൃദ്ധിക്കുപയോഗപ്പെടുന്ന മാർഗ്ഗമേതെന്നു് അന്തഃകരണം ഇങ്ങനെ പറഞ്ഞുതരുന്നു. ആ പ്രത്യക്ഷമായ തങ്ങളുടെ നിലയെത്തന്നെ അനാദരിക്കുന്നതിൽ നിന്നു വരുന്ന ക്ഷതി വന്നുകൊള്ളട്ടെ. ആ നിലയെത്തന്നെ ഉപേക്ഷിക്കുന്നതിൽ നിന്നു വരാവുന്ന അപമാനങ്ങളും അവിടെത്തന്നെ കിടന്നുകൊള്ളട്ടെ.

മേൽവിവരിച്ച ചിത്തവൃത്തിയോടുകൂടി സാഹിത്യവ്യവസായം ചെയ്യുന്ന ഒരു മാന്യനാണു് മിസ്റ്റർ സി. പി. ഗോവിന്ദപ്പിള്ളയെന്നുള്ളതു് ഈ പ്രസിദ്ധീകരണത്തിൽ നിന്നുതന്നെ വായനക്കാർക്കു് അനുമാനിക്കാവുന്നതാണു്. മലയാളത്തിലെ പഴയ പാട്ടുകളിൽ ജനസാമാന്യത്തിനു് അഭിരുചി ജനിപ്പിക്കുവാൻ എന്റെ സ്നേഹിതൻ ഭാഷാപോഷിണിവഴിയായും മ

റവും വളരെക്കാലമായി മതിച്ചുവരുന്നതാണു്. 'മാവാരതം' പാട്ടും മററും ആദ്യമായി കണ്ടുപിടിച്ചതുതന്നെ സി. പി. യാണെന്നു പറയാം. ഇന്നും ഇദ്ദേഹം ഇതുസംബന്ധമായുള്ള ശ്രമം മതിയാക്കീട്ടില്ല. 'പാമ്പു ചാകുകയുമില്ല കോലൊടികയുമില്ല' എന്നു് ഈ വിഷയത്തെ അധികരിച്ചു താൻ ഇടച്ചുമാത്രമെഴുതുന്ന ഉപന്യാസങ്ങളെപ്പററി ചില പണ്ഡിതമ്മന്യന്മാർ അധിക്ഷേപിക്കുന്നതിൽ വച്ചു് ഇദ്ദേഹത്തിനു കുണ്ഠിതവുമില്ല. ബാല്യത്തിൽ ഇംഗ്ലീഷിൽ പറയത്തക്ക ഉൽകൃഷ്ടപരീക്ഷാവിജയസൌകര്യങ്ങളൊന്നും ലഭിക്കാതെ വാസനയുടെ തള്ളിച്ചകൊണ്ടും സ്വപ്രയത്നത്തിന്റെ മാർഗ്ഗം കൊണ്ടും മാത്രം ഭാഷാസാഹിത്യസാമ്രാജ്യത്തിൽ ഒരു മാന്യസ്ഥാനത്തിനവകാശിയായി തീർന്നിട്ടുള്ള ഇദ്ദേഹത്തെ എന്നെപ്പോലെ ഹാർദ്ദമായി അഭിനന്ദിക്കുന്ന കേരളീയർ പലരുമുണ്ടു്.

ഗോവിന്ദപ്പിള്ള അവർകളുടെ ഗദ്യശൈലിക്കുള്ള വിജാതീയമായ രമണീയകം സഹൃദയന്മാർക്കു് അനുഭവവേദ്യമാണു്. ആരെയും മുഷിപ്പിക്കാതെയും എല്ലാവരെയും ആനന്ദിപ്പിച്ചും ഭംഗിയിൽ കാര്യം പറയുന്നതാണു് ഫലിതത്തിന്റെ പരമരഹസ്യം എന്നൊരു പണ്ഡിതൻ അഭിപ്രായപ്പെട്ടിട്ടുണ്ടു്. ഈ മാതിരി ഒരു ഫലിതമാണു് ഇദ്ദേഹത്തിന്റെ ഗദ്യകൃതികളിൽ നൈസർഗ്ഗികമായി കണ്ടുവരാറുള്ളതു്. ആ അനേകവിധമായ കാര്യങ്ങളും ഈ പുതിയ പുസ്തകത്തിലും ധാരാളം വെളിപ്പെട്ടിട്ടുണ്ടു്.

സി. പി. യുടെ നിരന്തരവ്യവസായങ്ങളിൽ ഒന്നു പഴയ പാട്ടുകൾ ശേഖരിക്കുന്നതാണു്. സംഗതിയുടെ ഗൗരവം നോക്കിയാൽ ഒന്നിനു പകരം രണ്ടു ആറു ഗോവിന്ദപ്പിള്ളമാർ തന്നെ ഈ വിഷയത്തിൽ പ്രവർത്തിച്ചാലും അതു് ഒട്ടും അധികമായിപ്പോയെന്നു വരുന്നതല്ല. ഈ പാട്ടുകളെ കേരളീയർ മു

പരിഷ്കൃതകളെപ്പോലെ ആരാധിച്ചുവന്ന ഒരു കാലം ഉണ്ടായിരുന്നു. ആ കാലം ഇങ്ങിനി വരാതവണ്ണം പൊയ്പ്പോയിരിക്കുന്നു. പഴയതൊക്കെപ്പഴഞ്ചനെന്നു പണ്ഡിതന്മാർ പോലും പരിഹസിച്ചുതുടങ്ങിയിരിക്കുന്നു. ഓണക്കളികളിൽക്കൂടി ഹാർമ്മോണിയവും സ്വനഗ്രാഹിയന്ത്രവും സ്ഥലം പിടിച്ചു കഴിഞ്ഞിരിക്കുന്നു. മുറിയിംഗ്ലീഷും മുട്ടിപ്പാട്ടുമില്ലാത്തതാൽ നാലുപേരിലൊരുത്തനാകുന്ന കാര്യം തന്നെ ദുർഘടമായിത്തീർന്നിരിക്കുന്നു. ഇങ്ങനെയെറുത്തു കിടക്കുന്നവരാം ഇക്കൂട്ടപ്പുല്ലയിൽ അസമാധാനം ജനിച്ചിരിക്കുന്നു. എന്തിനു വിസ്തരിക്കുന്നു. പുതിയ പരിഷ്കാരമാകുന്ന അഗ്നിപർവതം പൊട്ടിത്തെറിച്ചു 'പുരയജ്ഞമന്ത്രങ്ങൾപൂജിതമയൂരം' എന്ന മാതിരിയിൽ കണ്ടം കുഴിയും തിരിച്ചറിയാൻ പാടില്ലാതെ ലോകമാകപ്പാടെ ഒന്നിളകി കീഴ്മേൽ മറിഞ്ഞിരിക്കുന്നു. ഈ കോലാഹലത്തിനിടയിൽ പഴയ പാട്ടുകൾ പാടാനാര്? കേൾക്കാനാര്?

'അപ്രിയസ്യച പഥ്യസ്യ വക്താശ്രോതാ ച ദുർല്ലഭഃ'

എന്നത് വാല്മീകിയുടെ കാലത്തും ഇന്നും ഒന്നുപോലെ പറയുന്ന ഒരു തത്വമല്ലേ? അവ എഴുതിവച്ചിരിക്കുന്ന ഏടുകൾ എടുക്കാനാര്? തുടയ്ക്കാനാര്? അവയുടെ ഉടമസ്ഥന്മാർ കലാമദേവതയുടെ എന്നപോലെ അവ അണുപ്രാണികളുടെ സ്വച്ഛന്ദവിഹാരത്തിനു കേളിരംഗങ്ങളായിത്തീർന്നിട്ട് കാലം കുറെയായി. കണ്ഠഗതപ്രാണങ്ങളായി മാത്രമെങ്കിലും അവ അവിടവിടെ അവശേഷിക്കുന്നുണ്ടെങ്കിൽ അതു കൈരളിയുടെ പൂർവപുണ്യംകൊണ്ടല്ലാതെ മറ്റൊന്നുകൊണ്ടുമല്ല.

'ഇദാനീമതേന്ദുഃ പ്രതിദിവസമാസന്നപതനാ-
ഗതാസ്സ്വാസ്ഥ്യാവസ്ഥാം സികതിലനദീതീരതരവഃ'

എന്ന മാതിരിയിൽ കിടക്കുന്ന ഈ പാട്ടുകളെ അപമൃത്യുവിൽ നിന്നു പരിത്രാണനം ചെയ്യുന്നതിനുതക്ക പാവനമായ ഒരു

ത്തം ഭാഷാഭിമാനികൾക്കുണ്ടെന്നെനിക്കു വിശ്വാസമില്ല. മാന്യവായനക്കാരെ! നമ്മുടെ പൂർവ്വികന്മാരുടെ ഈ അമൂല്യനിധികൾക്കു ക്ഷണഭംഗുരത്വമോ ചിരഞ്ജീവിത്വമോ രണ്ടിലൊന്ന് നല്കുവാൻ ഈ സന്ദർഭത്തിൽ നാം വിചാരിച്ചാൽ കഴിയും. അതിൽ ഏതാണു കർത്തവ്യമെന്നു നിശ്ചയിച്ച് ഔചിത്യംപോലെ പ്രവർത്തിക്കുവിൻ. ഉത്തരക്ഷണത്തിൽ ത്യാജ്യഗ്രാഹ്യവിവേചനത്തിനുള്ള സമയം അതീതമായിപ്പോകുന്നു. 'പാഥസാംനിചയംവഗന്താഴ്ശിരത്തുവ്വ സേതുബന്ധനോദ്യോഗം' അനാശാസ്യമാണല്ലോ.

ഈ പ്രസിദ്ധീകരണത്തിൽനിന്നു ഗോവിന്ദപ്പിള്ള അവർകൾ ഉദ്ദേശിക്കുന്നതു വായനക്കാർക്കു മലയാളത്തിലെ പഴയ പാട്ടുകളുടെ നേർക്ക് ആഭിമുഖ്യം ജനിപ്പിക്കുക എന്നുള്ളതായിരിക്കണം. ആ ഉദ്ദേശം ഇതുകൊണ്ടു പൂർണ്ണമായി സാധിക്കുമെന്നുതന്നെയാണ് എന്റെയും വിശ്വാസം. അതതു തമ്പുരാൻ പാട്ടിനേയും മററും പററി ഇതിൽ അടക്കീട്ടുള്ള കുറിപ്പുകൾ വായിച്ചാൽ അതുപോലെയുള്ള പാട്ടുകൾ ശേഖരിക്കണമെന്ന് ഏതു ഭാഷാഭിമാനിക്കാണ് ആഗ്രഹം തോന്നാതെയിരിക്കുന്നതു്? ആ മാതിരി പാട്ടുകളിൽനിന്ന് ചരിത്രസംബന്ധമായും സമുദായസംബന്ധമായും മററും സിദ്ധിക്കുന്ന അറിവുകൾ എത്ര വിലയേറിയവയാണ്. പ്രധാനപ്പെട്ട പാട്ടുകളെല്ലാം ഗ്രന്ഥകർത്താവ് ദിങ്മാത്രമായിട്ടെങ്കിലും ഉദാഹരണങ്ങൾ ചേർത്തിരിക്കുന്നതും ഉചിതമായിരിക്കുന്നു. എന്നാൽ ഇതുകൊണ്ടുമാത്രം എന്റെ സ്നേഹിതന്റെ ചുമതല അവസാനിച്ചതായി അദ്ദേഹം വിചാരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. രാമകഥപ്പാട്ടുപോലെ ഉത്തമകാവ്യത്വമുള്ള ദീർഘഗാനങ്ങളെ പ്രത്യേകമായിത്തന്നെ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. അതു കൃച്ഛ്രസാദ്ധ്യമായ ഒരു പ്രയത്നമാണെന്നുള്ള

വാസ്തവം ഞാൻ വിസ്മരിക്കുന്നുമില്ല. എന്നാൽ മററുള്ള ചെറിയ പാട്ടുകൾ ശേഖരിച്ചിട്ടുള്ളിടത്തോളം ഒന്നിച്ചു ചേൎത്തു പുസ്തകാകൃതിയിൽ ഉടനെ പ്രസിദ്ധപ്പെടുത്തുന്നതിന് അദ്ദേഹം ശ്രമിക്കണമെന്നാണ് എന്റെ ഹൃദയപൂൎവ്വമായ അഭ്യൎത്ഥന. ആ സദ്വ്യവസായം നാട്ടുകാൎക്ക് നിരതിശയമായ ആനന്ദത്തിനും തനിക്കു ചിരസ്ഥായിയായ യശസ്സിനും ഒരുത്തമമാൎഗ്ഗമായി തീരുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. ഭാഷാസാഹിത്യത്തിന്റെ സ്ഥിതിഗതികൾക്കുതന്നെ ഈ പാട്ടുകളുടെ പ്രസിദ്ധീകരണം നിമിത്തം ഗണനീയവും അഭിലഷണീയവുമായ വ്യത്യാസം വന്നുകൂടുമെന്നില്ല. Percy എന്ന മഹാന്റെ Reliques of Ancient Poetry എന്ന ഉത്തമഗ്രന്ഥത്തിന്റെ പ്രകാശത്തിനു മുമ്പു ആംഗലസാഹിത്യത്തിന്റെ അവസ്ഥയെന്തായിരുന്നു? Sir Watter Scot മുതലായ കാവ്യകാരശിരോമണികൾ ആ ഗ്രന്ഥത്തിനോട് എത്രമാത്രം കടപ്പെട്ടിരുന്നുവെന്നുള്ളത് പലൎക്കും അറിയാവുന്ന ഒരു പരമാൎത്ഥമാണല്ലോ. അതിനാൽ മിസ്റ്റർ ഗോവിന്ദപ്പിള്ള എന്റെ ഈ അപേക്ഷയെ അംഗീകരിച്ചു പഴയ പാട്ടുകളെപ്പററിയുള്ള വിമൎശനങ്ങൾക്കു പുറമെ ആ പാട്ടുകളെത്തന്നെ സമഗ്രമായി പ്രസിദ്ധപ്പെടുത്തി മലയാളത്തിലെ 'പെൎസി' എന്ന ബിരുദത്തിനു പാത്രീഭവിക്കണമെന്നു ഉപദേശിക്കയും അതിലേക്കു എന്റെ സ്നേഹിതനു യോഗം വരുത്തുന്നതിനു ജഗന്നിയന്താവിനോടു പ്രാൎത്ഥിക്കയും ചെയ്തുകൊള്ളുന്നു. കാണാൻപോകുന്ന പൂരം പറഞ്ഞറിയിക്കേണമെന്നില്ല; അതുകൊണ്ട് പ്രകൃതപുസ്തകത്തെപ്പററി ഇനിയും പലതും ഉപന്യസിച്ചു വായനക്കാരുടെ ക്ഷമയെ പരീക്ഷിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല. ഈ പുസ്തകത്തിനു മുഖോപന്യാസം എഴുതുവാനിടവന്നതുകൊണ്ടുതന്നെ ഞാൻ ചരിതാൎത്ഥനായി. ഈ ഉപന്യാസം വായിക്കുന്നവരിൽ ആൎക്കെങ്കിലും മലയാളത്തിലെ പ

ഴയ പാട്ടുകളോട് ആദരവും അവയെ ശേഖരിക്കുന്നതിനു് ഔത്സുക്യവും അങ്കുരിക്കുമെങ്കിൽ എൻ്റെ ചാരിതാർത്ഥ്യം അല്പൊം ശതഗുണീഭവിക്കുമെന്നു ഞാൻ പറയേണ്ടതായിരിക്കുന്നില്ല.

തിരുവനന്തപുരം } ഉള്ളൂർ എസ്. പരമേശ്വരയ്യർ.

കേരള സാഹിത്യ അക്കാദമി

മലയാളത്തിലെ

പഴയ പാട്ടുകൾ

മലയാളഭാഷാഗംഗ സംസ്കൃതഹിമഗിരിഗളിതയോ ദ്രാവിഡഹിമഗിരിഗളിതയോ പ്രാകൃതഹിമഗിരിഗളിതയോ ആയിക്കൊള്ളട്ടെ. ഹിമഗിരിയിൽ നിന്നെയല്ല, ഹിമാംശുവിന്റെ നാലുകെട്ടിൽ നിന്നാണെന്ന്, എന്നൊരു വാദംതന്നെ ഉണ്ടായാലും, എന്തുമാകട്ടെ. ബ്രഹ്മം എന്നപോലെ അനാദിയായതല്ലെന്നു്? അതൊന്നും തൽക്കാലം നമ്മുടെ ആലോചനാവിഷയമല്ല.

ചിന്താഗോചരംപോലും അല്ലാത്ത അതിപ്രാചീനമായ ഒരു കാലം മുതൽ ഇന്നോളം ജീവിച്ചുപോരുന്ന ഈ ഭാഷ, ഏതേതിടങ്ങളിൽ, ഏതേതു കാലങ്ങളിൽ, ഏതേതാളുകളുടെ ഇടയിൽ, ഏതേതു രൂപങ്ങളിൽ, പ്രത്യക്ഷപ്പെട്ടിരുന്നുവെന്ന് അല്പം ഓർത്തുനോക്കുമ്പോളാണ്, "ധർമ്മോസ്മൽകുലദൈവതം." എന്ന മുദ്രാവാക്യത്തെ വഹിക്കുന്ന രാജശാസനപത്രത്തിൻകീഴിൽ സുഖമായുറങ്ങുന്ന നമ്മുടെയും നമ്മുടെ കുട്ടികളുടെയും ഭാഷാവിഷയകമായ അജ്ഞാനം വെളിപ്പെടുന്നതു്.

> "ഓരോണ്ടൊരു വിയക്കിണോ വിരണ്ടോ വീടപൊളുക്കണോ..."

എന്നതു മലയാളം.

> "അരച്ചു കിണ്ണി കവത്തിരിക്കിണ മുറത്തെച്ചീലവും കൊണ്ടുപോ–
> യെച്ചുരങ്ങളുമെന്തിനാണു കൊമ്മു, കായിക്കിണ്ട ചെല്ലക."

എന്നതും മലയാളം.

"ഇന്നാംകെല്പകസ്സ്കൂന്നും പെട്ട കല്പ കരട്ട കാണതിരക്കാറിയും, ദുഷ്ടു ദുശ്ശീല ദുഷ്കർപാവവും പൊതുകാപ്പലിയും, കയിലുയന്നി വരിക്കപ്പിലെവും, തെൻപെട്ടും മേലെയും, മിൻപെട്ടും കളവും, മൺപെട്ടും കാട്ടും, ഉട്ടയോടരമയും, മേൽനോക്കിന മാനവും, കീഴ്നോക്കിന കഴിയും, തെറപ്പുറം മാറും, അറ അറ നിതി കിണറും, ആകാശം പാതാളമേ മണ്ണകം, മാമടകം, ഉയർന്നില ഒഴിയാമൽ, ആചന്തിരതാരമേ സന്തതിപ്രഭേദമേ മേലാൺമയടക്കം, കാരാൺമയടക്കം അനുഭവിച്ചുകൊള്ളുമാറും കല്പിതു"—ഇതു മലയാളത്തിലാണ്.

"നാടന്മാർ ഉള്ള കൺട്രീസ് (countries) ആണ്. അവൾക്ക് സിവിലിസേഷൻ (civilization) ലേശം ഇല്ല. ഇഡിയട്ട്സ് (idiots) പഴയ സമ്പ്രദായത്തെ ഗിവപ്പ് (give up) ചെയ്യില്ല. ഒരു കൾച്ചർ (culture) ഇല്ല. ഫേഷൻ (fashion) ഇല്ല. ഓൾഡ് സ്റ്റോറീസ് (old stories) വായിച്ച് വർത്ത്-ലെസ് സൂപ്പർസ്റ്റിഷൻസിൽ (worth less superstitions) ബിലീഫ് (belief) ഒരുകൂടി വെച്ചു അനിമൽസ് (animals) പോലിരിക്കയാണ്. ഇവർ എങ്ങനെ ഇമ്പ്രൂവ് (improve) ചെയ്യും? ഇതും മലയാളമെന്നാണ് വെപ്പ്".

"ഇംഗ്ലീഷ്സായിപ്പും ഇസ്റ്റീഷ്യാൽ റില്ലി"യും ചന്തുമേനവന്റെ കാലത്ത് മലയാളത്തിൽ കടന്നുകയറിക്കഴിഞ്ഞു.

കട്ടിവരയിലിലെന്റെ "സ്പിനൽ കോർഡി"നും കണ്ടന്മേനോന്റെ "ലെപ്പിഡസി"നും മലയാളം സ്ഥലം കൊടുക്കേണ്ടിവന്നു.

(൧) "ഛീ! എന്തിനാണിതൊക്കെ? എന്താ നിങ്ങൾക്കുള്ളതൊക്കെ?"

(൨) "അടിക്കടിയങ്ങളെ ലച്ചിക്കാനും സിച്ചിക്കാനും അവിടെ അധികാരമെന്നല്ലേ?"

(൩) "ഇന്ന പാടപ്പുവൻ കുറ്റമേല്പിച്ചില്ല; ഞങ്ങളുടെ വരണവനികെല്ലാം ഓക്കമൊളിക്കാനാകുന്നു പൊതുവേ തെണ്ണം."

(൪) "ബോട്ടത്തിലെ ബാലബാലജനസമൂഹം ഭാളിയോട് നാണ ശയിക്കാം. ഉഡ്വഡു ഉഡു."

(൬) "അങ്ങനെ അങ്ങനെ". അച്ചാച്ചൻ തെരോന്തരത്തു പോയേപ്പിന്നെ എനഞ്ഞിപ്പിള്ളേരായിട്ട് ഇത്തരോം കരന്തക്കേടും പടിച്ച് പൊഴന്നാടും തെരുവത്തെ നൊമ്പരിക്കല്ലെ. തൊറോം തള്ളേം എന്നാത്തെച്ചു!"

ഈ മാതിരി മലയാളപ്രയോഗങ്ങളെ ഉന്തിക്കയറ്റാൻ ഉളയാനും പഴിയും ഇല്ലാത്ത ഏതു് അന്യഭാഷയാണു് ഇപ്പോഴുള്ളതു്. ശാരദയിലെ കർപ്പൂരത്തിന്റെ കെട്ടമ്പിൽ കയറി പാപ്പർ സൂട്ടിനു 'ഡാപ്'ളിക്കേഷൻ' ബോധിപ്പിക്കാൻ 'ശൗച്യം' കൊടുത്ത മൂവാക്കിലു തന്നെയും ഇതു കണ്ടുപിടിക്കുമോ എന്ന സംശയം.

ഇതെല്ലാം ചിന്തിക്കുന്നതായാൽ കണിയാകുളത്തു പോരു നടന്നകാലത്തെ ഭാഷാരീതിതന്നെ കുറി അത്യന്തായിരിപ്പതിനേഴില്ലായിരിക്കമെന്നു കരുതിക്കൂട. പത്മനാഭപുരത്തു തമ്പിയും പട്ടമ്പിയിൽ നമ്പിയും ഒരേ രീതിയിൽ സംസാരിച്ചുവെന്നും വരുന്നതല്ല.

ഇങ്ങനെ ഭാഷയ്ക്കു കാലദേശങ്ങളെക്കൊണ്ടുണ്ടാകാവുന്ന രീതിവ്യത്യാസങ്ങൾ എത്രയോ കഴിഞ്ഞിരിക്കണം. അവ സംബന്ധിച്ചു് തൃപ്തികരമായ വല്ല വിവരവും നമുക്കുണ്ടോ? ഇല്ല. അതോ പോകട്ടെ; ഭാഷാരീതിയറിഞ്ഞില്ലെങ്കിൽ വേണ്ട, നമ്മെത്തന്നെ നമുക്കറിഞ്ഞുകൂട എന്നു വരുന്നതോ? നമ്മുടെ പൂർവികന്മാരെ കവിതാദേവി അനുഗ്രഹിക്കുമ്പോഴും അവരിൽ പലരും പുരാണപ്രതിപാദിതങ്ങളായ കഥകളെ അവലംബിച്ചിരുന്നുവെന്നുള്ളതു സത്യംതന്നെ. ചരിത്രകാര്യക്കുറിപ്പു് ആവശ്യമാണെന്നു് അറിയുന്ന ഇക്കാലത്തുതന്നെയും കവിതാപിശാചിയുടെ ആവേശംകൊണ്ടു് ഹയഗ്രീവനേയും ജരാസന്ധനേയും ഊഞ്ഞാലിലും വഞ്ചിയിലും കയറ്റി മറിക്കാനല്ലേ പലർക്കും മോഹം? ഈ സ്ഥിതിക്കു് കാരണവന്മാർ ചരിത്രകാര്യങ്ങൾ രേഖപ്പെടുത്താതിരുന്നതു് ഒരു കുറ്റമാക്കി അവരുടെതല

യിൽ കയറുവാൻ ഈ അനന്തിരവൎക്കവകാശമില്ല. എല്ലാ മുമ്പെ വേലായുധനെന്ന പിന്നാരവപ്പോലെ കവിതാദേവിയെ ഉണൎത്തിയിരുന്നതായ കവികളുടെ കൂട്ടങ്ങൾ പഴയകാലത്തും ഉണ്ടായിരുന്നിരിക്കാം. അവരിൽതന്നെ പലൎക്കും യഥാൎത്ഥകവിത്വം ഉണ്ടായിരുന്നുവെന്നും വരാം.

യഥാൎത്ഥസംഭവങ്ങൾ കവിതാവിഷയങ്ങളായി തീൎന്നിരുന്നില്ല; എന്നാൽതന്നെയെന്താണ്? പുരാണകഥാവിവരണങ്ങളിൽ നിന്ന് ചരിത്രകാൎയ്യങ്ങളെ പണ്ണിപ്പെട്ട വേൎതിരിച്ചെടുക്കലതോ? നിസ്സംശയമില്ലാത്തതിൽ ലേശം വല്ലതെങ്കിലും കിട്ടുന്നതാണല്ലോ? പക്ഷേ യുക്തിസ്ഫൂൎത്തികൊണ്ടു മറകയറവമ്പോൾ ശോഷിച്ചു മാറുമാത്രം ശേഷിച്ചുവെന്നും വരാം. എന്തായാലും, പ്രത്യക്ഷമായിട്ടല്ലെങ്കിലും നമ്മുടെ പൂൎവികന്മാർ അവരറിയാതെതന്നെ ചില ചരിത്രവിവരസത്തുകൾ നമുക്കായിട്ട സമ്പാദിച്ചുവെച്ചു. അത് പ്രകൃതിയുടെ നിൎബ്ബന്ധപ്രകാരം സംഭവിച്ചുപോയി എന്നുതന്നെ വിചാരിക്കാം.

മലയാളത്തിൽ പലവൈചിത്ര്യങ്ങൾ പ്രമാണിച്ചും അല്ലാതെയും പലവയവസരങ്ങളിലായി അനേകം ഗദ്യപദ്യബന്ധങ്ങൾ ഉണ്ടായിട്ടുണ്ട്. പഴയ ഗദ്യവിഭാഗം, ദേവസ്വങ്ങളുടേയോ രാജസ്വങ്ങളുടേയോ റിക്കാൎട്ടുകളായ ഉപാധികൾ, ഗ്രന്ഥവരികൾ, ഇത്യാദി ചില കാലപ്രമാണങ്ങളേയും; താമ്രശിലാശാസനങ്ങളേയും മാത്രമാണ് പ്രധാനമായി അവലംബിച്ചു കാണപ്പെടുന്നത്. പദ്യങ്ങളോ ആ വിധമല്ല. ഇവയിൽ എത്ര കാലത്തെ മനുഷ്യൎക്കും അന്തഃകരണങ്ങളായ സൽഗുണങ്ങൾ മൂൎത്തീകരിച്ചിട്ടുള്ള നളൻ, ശ്രീരാമൻ, ധൎമ്മപുത്രർ മുതലായ പുരാണപുരുഷന്മാരുടെ കഥകൾ; തച്ചോളി ഉദയനൻ തുടങ്ങിയ വീരന്മാരുടെ ചരിത്രങ്ങൾ; ഇരവിക്കുട്ടിപ്പിള്ളപ്പോര് ആദിയായ ഭയങ്കരയുദ്ധവിവരണങ്ങൾ; ഉമയമ്മപ്പാട്ടു മുതലായ ഐതിഹ്യ

ശംസനങ്ങൾ; കേരളമാഹാത്മ്യം, സേതുചരിതം ഇത്യാദി ദേശചരിത്രങ്ങൾ; ശൂദ്രാചാരം തുടങ്ങിയ സമുദായനിയമങ്ങൾ; സമുദായചരിത്രങ്ങൾ, ഈശ്വരസ്തുതികൾ മുതലായി ഗ്രാഹ്യങ്ങളും രസകരങ്ങളും ആയ അനേകം സംഗതികൾ ഉൾപ്പെടുന്നു. അതീതയുഗങ്ങളിലെ സംഭവങ്ങളെക്കുറിച്ച് എഴുതുമ്പോഴും അവയിൽ എഴുതുന്നവരുടെ ജീവിതകാലദേശസ്ഥിതികളും അവന്നു പരിചിതങ്ങളായ സാധനങ്ങളും ജീവികളും നടപടിക്രമങ്ങളും എന്നുവേണ്ട എല്ലാംതന്നെ ഒരുപ്രകാരത്തിലല്ലെങ്കിൽ മറെറാരുപ്രകാരത്തിൽ പ്രതിഫലിച്ചു കാണുന്നതാകുന്നു. ഉത്തരഇന്ത്യയിലെ അയോദ്ധ്യാരാജ്യാധിപൻ വേട്ടയാടിയ കഥ മലയാളത്തിലെ ഒരു കവിയുടെ തൂലികാവിനോദമായി ഭവിക്കുമ്പോൾ, വേട്ടക്കാർ ഈഴവ നായന്മാർ, കൊങ്ങപ്പുള്ളരും; വേട്ടയ്ക്കുള്ള ആയുധങ്ങൾ, കാട്ടുവള്ളികൊണ്ടുള്ള തിത്തവമ്പും; വേട്ടയാടിയ വനങ്ങൾ തേക്കു, കാഞ്ഞു, മുതലായ മരങ്ങൾ നിറഞ്ഞവയും ആയിരിക്കും. ചൂതിൽ തോറ്റശേഷം പാണ്ഡവരോടുകൂടി വനത്തിൽ പോയതു് പൂമംഗലം നമ്പൂരിയും പൂവള്ളി നമ്പൂരിയുമെന്നാണു് വെണ്മണി പറയുന്നതു്. പുത്രൻ മരിച്ചതിനാൽ വിലപിക്കുന്ന ബ്രാഹ്മണനെ സമാധാനപ്പെടുത്താൻ:—

"കരഞ്ഞീടേണ്ടിനിയതിനുള്ളൂ കരഞ്ഞു സങ്കടം തോന്നാ-
ന്നറിഞ്ഞുവെങ്കിലോ വേറെ പറഞ്ഞാലും പരമാർത്ഥം." ഇത്യാദി.

സന്താനവാഞ്ഛകൾ പറഞ്ഞ ചെല്ലുന്നതെ മേനോനോ മേനോക്കിയോ ആണെന്നത്രെ ബ്രാഹ്മണൻ സംബോധിക്കുന്നതു്. രുക്മിണി കുണ്ഡിനപുരത്തിലെ ഒരു ഹിന്ദുസ്ത്രീയാണെങ്കിലും ആ കന്യകയെ തോഴിയും അന്ത്യലക്ഷ്യ കുട്ടിക്കൂട്ടം ധരിപ്പിച്ചേ ഒരു മലയാളകവി രാജസദസ്സിൽ പ്രവേശിപ്പിക്കുന്നുള്ളൂ. വിദേശരാജ്യത്തിലെ സസ്യങ്ങൾ നാഞ്ചിനാട്ടിലെ നെല്ലുകളിലും അരിയും പച്ചാനരിയുടെ തീരങ്ങളിലായ സസ്യങ്ങളും തന്നെ

വേണം. വിരാടരാജ്യത്തിൽ മൂൎക്കന്മാരേ മാത്രമേ കേരളകവി കാണുന്നുള്ളൂ. കാശ്മീരരാജാവിന്റെയോ വംഗദേശാധിപന്റെയോ കൊട്ടാരങ്ങളെ മലയാളത്തിൽ വൎണ്ണിക്കുമ്പോൾ അവ തിരുവിതാംകോട്ടയോ, കൊച്ചിയിലെയോ, കോഴിക്കോട്ടെയോ, രാജമന്ദിരങ്ങളുടെ ശരിപ്പകൎപ്പുകളായിരിക്കും. ഇടപ്പാതിയും ഉലാവാഴ്ചയും തിരുവാതിരയാറുവേലയും തിരുവോണവും വൈക്കത്തഷ്ടമിയും തൃശ്ശൂർ പൂരവും കലിംഗരാജ്യത്ത് ആണ്ടുതോറും ഉണ്ടാകുന്നതായി മലയാളകവി കരുതിയേള്ളൂ. മഹേന്ദ്രരാജ്യത്തിലെ പെൺകുട്ടികളുടെ താലികെട്ടുകല്യാണം, പുടവകൊട എന്ന അടിയന്തിരത്തിനു മുമ്പേ നടത്താറുണ്ടെന്നു കേരളകവിക്കു സംശയമില്ല. ഹിരണ്യാക്ഷൻ ഭൂമിയെ പൊക്കി കക്ഷത്തിലിട്ടുകൊണ്ടു പാതാളത്തു പോയ കഥ കൃഷ്ണവംശം ഫ്രഞ്ചിൽ മലയാളത്തിൽ എഴുതിയിരുന്നാൽ കോട്ടയത്തെ മനോരമയാപ്പീസും, ദിവാനാപ്പീസും കാളേജും അസ്സമന്റെ കാഴ്ചയിലിരുന്നതാണെന്നു വരാം. ധൎമ്മപുത്രരുടെ അശ്വമേധയാഗത്തിന് ബ്രിട്ടീഷ് റസിഡണ്ട് സന്നിഹിതനായിരുന്നതായി കവിതയുണ്ടാകാം മതി. പവൻ കൊട്ടാരത്തെന്ന കീചകൻ മാലിനിയോട്ടു ചെയ്ത പ്രതിജ്ഞയെയാ ഇയ്യിടെ ഒരു മഹാകാവ്യം തെളിപ്പെടുത്തിയിരിക്കുന്നു. ചുരുക്കിപ്പറയുന്നതായാൽ ഓരോ കാലത്തു എഴുതപ്പെടുന്ന പുരാണകഥാവിവരണങ്ങൾപോലും അതതുകാലങ്ങളിലെ പരോക്ഷങ്ങളായ ദേശചരിത്രങ്ങളോ, ഭാഷാചരിത്രങ്ങളോ, മതച്ചരിത്രങ്ങളോ, സമുദായനിയമങ്ങളോ മറ്റോ ആയിരിക്കാം.

മലയാളികളുടെ അനാസ്ഥനിമിത്തം ഈ മാതിരി എത്രയോ പ്രമാണഗ്രന്ഥങ്ങൾ "ഇങ്ങിനിക്കാണാതവണ്ണം" മറഞ്ഞുപോയി. ഉണ്ണുനീലി സന്ദേശമയച്ചതോ, ഉഴുത്രവാത്തിയുടെ പായസം കഴിച്ചതോ ശേഷിച്ചിട്ടുണ്ടെങ്കിൽ അവമാത്രമാണ്

നമുക്ക് നവരാത്രിക്ക സരസ്വതീദേവിയുടെ മുമ്പാകെ സമപ്പിക്കാനുള്ള സ്വത്തുക്കൾ.

താളിയോലകളിൽ വിലസുന്ന ഈ വക കൂടാതെ മററൊരുവക സ്വത്തുക്കൾ നമുക്കുള്ളത്, നമ്മുടെ നാട്ടിൽ പണ്ടുപണ്ടെ നടപ്പുള്ള പല പാട്ടുകളാണ്. പരമ്പരയാ പലരുടേയും നാവുകളിൽ തന്നെ സ്ഥലംപിടിച്ചുപോന്നതിനാൽ ഇവയും അവലംബസ്ഥാനങ്ങളുടെ നാശത്തോടുകൂടി നഷ്ടപ്പെട്ടുപോയി. ബാക്കിയുള്ളതെങ്കിലും ശേഖരിച്ചു സൂക്ഷിക്കേണ്ടത് എത്രയോ ആവശ്യമായിരിക്കുന്നു. ശൂർപ്പണഖക്ക് അംഗഭംഗം സമ്മാനിച്ചതും കല്ലിൽ ഉരക്കുക കൊണ്ടും, ശമന്തകമണിസ്വാമിമലയിൽ കയറി മറിഞ്ഞുവീണതും, മണിഗ്രീവരിൽ തിരിപിടിച്ചതും ഉരച്ചുചെത്ത് വിടവുമടച്ച് അപ്പുറവാച്ച് ഡമ്മി എട്ടിൽ പതിമൂന്നാമതാക്കി കഷായംവെച്ച് "അരക്കാട്ട് ചെല്ലമ്മ"-യെന്നോ, "വിദ്രവിലാസം"എന്നോ, പേരുംകൊടുത്താൽ ഗ്രന്ഥകർത്തൃപദവി അപഹരിക്കാൻ തരമുള്ള ഈ കാലത്ത് കഥയില്ലാത്ത പഴയ പാട്ടുകൾ കൂട്ടിച്ചേർന്ന കത്തരംകെട്ട തൊഴിലിന് ആരിറങ്ങും?

മലയാളികളിൽ ഒരു പ്രധാനവർഗ്ഗക്കാരായ നായന്മാർ നാകലോകത്തു നിന്നോ നാഗപുരത്തു നിന്നോ വന്നത്; എന്ന തീർച്ചയാക്കാൻ വാദമുഖങ്ങളേപ്പറ്റി തെളിവു ശേഖരിച്ചു വിധിയെഴുതാനും, ആ വിധിയെ റദ്ദാക്കാനും മററും "മഹലഹളുകളോ", "മേലാലഹളുകളോ" നടന്നുവരുന്ന ഇക്കാലത്ത്; പല റിക്കാർഡുകളെ ചുരുട്ടിക്കൂട്ടി വേദങ്ങളെ പണ്ടു ഹയഗ്രീവൻ എന്നപോലെ വെള്ളത്തിലാക്കാൻ പഴയ കോടാലിക്കാരൻ പരശുരാമൻ വൈകുണ്ഠത്തു നിന്ന് വ്യോമയാനം വഴി ഇവിടെ എത്തി കാര്യം നിർവ്വഹിച്ചുകളഞ്ഞാൽ ഇക്കൂട്ടരുടെ കഥ എന്തായിരിക്കും? ഇവർ ഒരു മുൻപ് തെക്കേ ദി

ക്കിൽ ഉദിച്ച വാൽനക്ഷത്രത്തിന്റെ സഹായത്തോടു കൂടി ഭൂമിയിലേയ്ക്കു തുളഞ്ഞിറങ്ങിയവയാണെന്നും അതിന്റെ ലക്ഷ്യം കോമണ്ഡലാമസ്മൃതിയുടെ പ്രവേശത്തുണ്ടെന്നും അതിനാൽ ജന്മഭൂമിയെന്നുള്ള അവകാശം സ്ഥാപിക്കാൻ തെക്കോട്ടു പോകണമെന്നും ഒരു വാദം ഉണ്ടാക്കുകയാൽ മതി. പക്ഷെ പരശുരാമന്റെ കർമ്മസ്ഥാനത്ത് ആദിത്യനോ ചൊവ്വായോ ഉച്ചത്തിൽ നിന്നാലും അതു ഫലിക്കില്ലതന്നെ. ഒരു നിശ്ചയം കൊണ്ട് നമ്മുടേയും നമ്മുടെ ദേശത്തിന്റേയും ഭാഷയുടേയും ചരിത്രലക്ഷ്യങ്ങളെ നശിപ്പിക്കണമെന്നുണ്ടോ? ഇവയെ ശേഖരിച്ച് ചരിത്രകാരന്മാർക്ക് ഉപകരണങ്ങളാക്കി സൂക്ഷിക്കാൻ മനസ്സും ശേഷിയും ഉള്ളവർക്ക് ഏതും പിടിയുമില്ലാതെ വായുവാഹനത്തിൽ കയറി സവാരിചെയ്യുമാത്രം കഴിഞ്ഞുകൂടുന്ന എത്രയെത്ര പാട്ടുകൾ കിട്ടിയെന്നു വരാം? അറിവിൽപെട്ടിട്ടുള്ളവയിൽ ഏതാനും പാട്ടുകളുടെ പേരുകൾ ഇവിടെ കുറിക്കാം.

തമ്പുരാൻപാട്ട്, അയ്യപ്പതമ്പുരാൻപാട്ട്, കല്യാണക്കളിപ്പാട്ട്, തോറ്റംപാട്ട്, മാവാരതംപാട്ട്, ശാസ്താംപ്പാട്ട്, വേലൻപാട്ട്, മാരൻപാട്ട്, നമ്പേരിക്കളിപ്പാട്ട്, ഓണക്കളിപ്പാട്ട്, കണിയാർകളത്തുപാട്ട്, കോലടിപ്പാട്ട്, പൊറാട്ടുപിള്ളപ്പാട്ട്, പാണികളിപ്പാട്ട്, മുക്കളിപ്പാട്ട്, കണ്ണപ്പൊരുതാർകളിപ്പാട്ട്, തുമ്പിതുള്ളൽപാട്ട്, പഴയ ഉണ്ണിയാർച്ചപ്പാട്ട്, മാരൻപാട്ട്, പുള്ളുവൻപാട്ട്, ചാമ്പാൻപാട്ട്, ഓണേശ്വരപ്പാട്ട്, [illegible]പ്പാട്ട്, ഏഴാംപാട്ട്, ബ്രാഹ്മണിപ്പാട്ട്, വാതിൽതുറപ്പാട്ട്, [illegible]ന്നിർകോലംപാട്ട്, ശ്രീയാറാപ്പാട്ട്, തല്ലോളിപ്പാട്ട്, [illegible]പ്പാട്ട്, ചൊവ്വത്തിപ്പാട്ട്, [illegible]പാട്ട്, പൊലിപ്പാട്ട്, പുള്ളുച്ചിത്തറപ്പാട്ട്, അരകവച്ചിത്തറപ്പാട്ട്, കറവച്ചിത്തറപ്പാട്ട്, അഴിപ്പുകഥ, ഊഞ്ഞാലിലിരിത്തുവാം, പിറളച്ചിക്കഥ കഥാമാല, അ

ണ്ണാരത്തൻപാട്ട്, ചിത്തിരപുത്തിരനായനാർപാട്ട് (ഒരു പാട്ടി നെ തമിഴിലൊട്ടു തള്ളുകയല്ലേ വേണ്ടതു്?) കൃഷിപ്പാട്ട്, നീ ത്തഴിച്ചിൽപ്പാട്ട്, കൊന്ററവേന്തൻപാട്ട്, ഉണ്ണമോഷചാത്യം, നായാട്ടുപാട്ട്, യാത്രകളിപ്പാട്ട്, ഐവർകളിപ്പാട്ട്, കൈപ്പിഴ പ്പാട്ട്, അമ്പിളിഅമ്മാവൻപാട്ട്, തിരുവാതിരപ്പാട്ട്, വെരത്ത പ്പാട്ട്, കാതിപ്പാട്ട്, രാമപുരപ്പാട്ട്, പൂരകളിപ്പാട്ട്, അമ്മാ നപ്പാട്ട്, സർപ്പപ്പാട്ട്, തീയാട്ടുപാട്ട്, ശാസ്താംപാട്ട്, ശിവാലയ പ്പാട്ട്, പുള്ളുവൻപാട്ട്, വള്ളുവൻപാട്ട്, കമ്പപ്പാട്ട്, പാനക ളിപ്പാട്ട്, ആണ്ടിക്കൂത്തുപാട്ട്, പാണപ്പാട്ട്, (ഇതിനു അധികം പഴക്കം കാണുന്നില്ല.) കിളിപ്പാട്ട്, ഒളിപ്പാട്ട്, ഇളപ്പാട്ട്, വ ള്ളപ്പാട്ട്, കോലടിപ്പാട്ട്, കാക്കാർപാട്ട്, പൊറാവെട്ടിപ്പാട്ട്, കു മ്മിപ്പാട്ട്, കറിപ്പാട്ട് അല്ലെങ്കിൽ കറിശ്ലോകം (ഇതിൽ പല പിരിവുകളുണ്ട്. ഗണപതി, സരസ്വതി, ദേവി, ചോദ്യം, ചി കിത്സ, കറിയാക, ചെട്ടിവിളമ്പ്, ചിത്തിരം (ചിത്രം) കറി പ്പ്, തല്ലുകവി (കവിയെ മാത്രമല്ല ഉള്ള ..ങ്ങനെയും തല്ലുകി ട്ടിയെന്നു വരാം.) ഇവയും ഞാൻ അറിയാൻ പാടില്ലാത്ത മറ്റു പല പാട്ടുകളും പലയിടങ്ങളിലും നടപ്പുണ്ട്.

പോർത്തുഗീസുകാർ തേവലക്കര ക്ഷേത്രത്തെ കൊള്ളയിട്ട കഥയെ വിവരിക്കുന്ന ഒരു പാട്ട് തിരുവിതാംകോട്ടിന്റെ ദക്ഷിണഭാഗങ്ങളിൽ നടപ്പുള്ളതായറിയുന്നു.

അറബികൾ റാണിയുമായി ഡച്ച്, പോർത്തുഗീസ്, ഇംഗ്ലീഷ് മുതലായ വിദേശീയന്മാർക്കുമായിരുന്ന ഇടപാടുകളിൽ പ ലതും പല പഴയ പാട്ടുകാർക്കും വിഷയങ്ങളായി തീർന്നിട്ടുണ്ട്.

തമ്പുരാൻപാട്ടിനു ഉലകുടെപെരുമാൾപാട്ട് എന്നുകൂടി പേരുള്ളതായിക്കാണുന്നു. വള്ളിയൂരരയരുടെ മകനായ ക ന്നായകന്റെ ധീരോദാത്തതയാണ് കവിതാവിഷയം. മ ധുരയിൽ നായകന്മാരുടെ പ്രാബല്യകാലത്ത് തിരുവിതാംകോ

ട്ടിന്റെ തെക്കുകിഴക്കുഭാഗം അവരുടെ അധീനത്തിലായിരുന്നുവെന്നുള്ളതിലേയ്ക്കു ചില ലക്ഷ്യങ്ങൾ ഇപ്പോഴുമുണ്ടല്ലോ. അക്കാലത്തു ഈ രാജ്യത്തു ബഹുമാനിക്കപ്പെട്ടിരുന്ന ഒരു നായകരാജാവിന്റെ കഥയായിരിക്കണം ഇതു. മധുരാപട്ടണത്തിൽകൂടി ഒഴുകുന്ന വൈകയാററിന്റെ കരയിലായിരുന്ന കഥാനായകന്റെ മാതാവിന്റെ വസതി. അതിനാലായിരിക്കണം വൃത്തക്കേടായതു. ഈ കഥയ്ക്കു വിഷയീഭൂതമായ ആ പഴയ പാട്ടിന്റെ ഒരംശമാണു താഴെ കാണുന്നതു.

"കരത്തിൽ മാനും മഴുവും തരിഞ്ഞവർകൾ
വനത്തിൽ കളിത്തങ്കക്കൂടുമാനവരേ
കനണ്ണയൊടു മലമകളും കറിഞ്ഞിടാതെ വടിവൊടു ചമഞ്ഞു
മനളുയരെക്കളിത്തുതിരാകവെ വിളയാടുന്നാൾ;
തിരിച്ചു പഞ്ചശരത്താൽ കളിത്തപോളുമയാൾക്കു
തിരുവയററിലന്നു കരി ഉണ്ടാററനാൾ,
തിരമൊടരണന്റെ മുമ്പേ വനമതിലന്നു വ-
ന്നഴകൊടു പുറന്ന മെൻവണ
കരിപോലെ മുകമകമായവ ... ..." ഇത്യാദി.

അഞ്ചുതമ്പുരാൻപാട്ടു തിരുവിതാംകോട്ടു ചരിത്രസംബന്ധമായ ഒരു നല്ല പ്രമാണമാണു. സഹോദരന്മാരായ അഞ്ചുതമ്പുരാക്കന്മാർ തങ്ങളിൽ പിന്നീടു "കള്ളും കൊലയും" എന്ന നിലയിലായപ്പോൾ വലിയതമ്പുരാൻ സമാധാനപരിപാലനത്തിനും അവകാശസ്ഥാപനത്തിനുമായി കഴക്കൂട്ടത്തുപിള്ളയുടെ സഹായം ആവശ്യപ്പെടുകയും അദ്ദേഹം കല്പനയനുസരിക്കയും ചെയ്തതാണു ഇതിലെ കഥാവസ്തു. രാജാവു കഴക്കൂട്ടത്തേയ്ക്കു ഒട്ടനെ, അതായിതു ഒട്ടകത്തെ—ദൂതനെ—അയക്കുന്നു. അവൻ മുപ്പിടാകയും, (ഉറപ്പിടാക) വഞ്ചിയൂര വഴിയിലെ ഓലായമ്പലവും, കൊറാക്കളുടെ പാതിരിക്കരിയും, പട്ടമേലായും, കടന്നു തിരുവനന്തപുരത്തു നിന്നു എട്ടു നാഴിക ദൂരമുള്ള പാങ്ങപ്പാറ എന്നസ്ഥലത്തു എത്തുന്നു.

"ഉറവുടനെ ഓളമ്പോടിയപ്പിരാകയും കടന്നു
മലയാളം കടന്നു ഉഴറി വഴികടന്നു
പപ്പനാവ ചരണമെന്ന പാതിരിക്കരി കടന്നു
പാതിരിക്കരി കടന്നു പട്ടമേലായും കടന്നു
പാഞ്ഞപ്പാറതന്നിലോട്ടൻ, ചെൽവരോ
... ...
കണ്ട കണ്ട പേർകളെല്ലാം തിക്കനാട്ടുരാജമപ്പോൾ
കലവാറയാന വീടിന്റി ചെന്നതുണ്ടോമോ?"

എന്നു ചോദിച്ചതിന്,

"പണ്ടൽ തിരിയാതോടോ, ഫൽഗതന്നും ചിറവിക്കളും
കാലുകിലുനാന മേര കാണാപോകെ, വെള്ള പൂവും മേര കാണാപോകെ."

എന്നായിരുന്നു ഉത്തരം. ദൂതൻ, പിള്ളയുടെ മുൻപാകെ എത്തിയശേഷം പിള്ള വിവരം ചോദിച്ചു. അനന്തരം,

"ഓട്ടൻ താരണന്ത - കേട്ടപോതിലെ
തെട്ടി എഴുന്നേല്ലോ പൊളുന്നിതകള്ളൻ
മുന്തിവലിതല്ലോ - നീക്കട്ടുതന്നാ വാക്കി
ഉറപ്പിച്ചു ... ..." ഇത്യാദി.

രാജമാതാവാൽ രാജദൂതനോടൊന്നിച്ച് തെട്ടി എഴുന്നേല്ക്കയും ഉടനേ ഇതകല്ലുംകൊണ്ട് വസ്ത്രാഗ്രത്തെ ഉയർത്തി അതിൽ നീട്ടവാങ്ങി ഉറപ്പിക്കയും ചെയ്തു. എട്ടുവീട്ടിലെ ഈ പിള്ള രാജദ്രോഹിയാണോ? എട്ടുവീട്ടിൽ പിള്ളമാരെല്ലാം പരമ്പരയാ രാജദ്രോഹികളായിരുന്നുവെന്ന് വിചാരിച്ചുകൂട. എന്നാൽ പേർ രാജ്യപരമായ ദ്രോഹികളും അവർ അതിന്റെ ഫലം അനുഭവിക്കയും ചെയ്തു. പിള്ളമാരുടെ രാജഭക്തിയെ കാണിക്കുന്നതായി ഇനിയും പല പാട്ടുകളും ചില നീട്ടുകളും ഞാൻ കേൾക്കയും കാണുകയും ചെയ്തിട്ടുണ്ട്.

തെക്കേ ദിക്കിൽ പ്രസിദ്ധമായ കണിയാകുളത്തു പോരു പാട്ട്, ഘോരമായ ഒരു യുദ്ധത്തിന്റെ വിവരണമാണ്. ക

ച്ചിറയങ്കോട്ടിന സമീപത്തുള്ള കന്നിയാകുളം എന്ന സ്ഥലത്തു വെച്ചുണ്ടായ ഈ സംഗരത്തെ ഇരവിക്കുട്ടിപ്പിള്ളപ്പോര് എന്നും പറഞ്ഞുവരുന്നു. ജയസിംഹനാട്ടിലെ വലിയ തിരുവടിയുടെ പടത്തലവൻ ഇരവിപ്പിള്ള ഈ പോരിൽ പട്ടു. മധുരാസാമ്രാജ്യാധിപതിയായ തിരുമല നായക്കരുടെ സേനാനിയായ രാമപ്പയ്യനോടു യുദ്ധംചെയ്തു ഇരവിക്കുട്ടിപ്പിള്ള മരിക്കുന്നതാണു ഇതിലെ ഇതിവൃത്തം. വടക്കുപുറത്തു യുദ്ധം ചെയ്യാൻ വഞ്ചിരാജാവിന്റെ ആജ്ഞയനുസരിച്ചു ഇരവിക്കുട്ടിപ്പിള്ള പോകുന്നതും യാത്രാരംഭത്തിൽ ദുശ്ശകുനങ്ങൾ കണ്ടു, അമ്മ, ഭാര്യ മുതലായവർ തടയുന്നതും ശത്രുക്കളിരുവരും അസംഖ്യം ഗണിക്കാത്ത സൈന്യവും പടക്കളത്തിൽ എത്തി പോരാടുന്നതും ഒടുവിൽ എതിരാളികളുടെ കയ്യാൽ പോരിൽ "പടുനാശം" ആ വിവരം അറിഞ്ഞു പെറ്റമ്മയും ഭാര്യയും മാറത്തടിച്ചു നിലവിളിക്കുന്നതും മററും സരസലളിതമായി വർണ്ണിച്ചിരിക്കുന്ന ഈ പാട്ട് തിരുവിതാംകൂറിലെ പ്രാചീനചരിത്രകാര്യങ്ങളന്വേഷിക്കുന്നവർക്ക് അമൂല്യമായ ഒരു പ്രമാണമാണ്. ആകയാൽ ഈ പാട്ടിൽ പ്രധാനഭാഗം ഇവിടെ ചേർക്കുന്നു.

(വിരുത്തം)

"പണ്ടുപോൽ വഞ്ചിവേന്തൻ
പതിയുടൻ കൽക്കുളത്തിൽ
അനന്തശയനനെപ്പോലെ
അവനിയടക്കിവാഴും കാലം
തിരുമലെ രാമപ്പയ്യൻ
ഉരത്തൊ പടയെ തടുത്തു
അഴക കോപ്പുകൾക്കിടയിൽ
ഇരവു പകലെ കേൾപ്പിച്ചാൻ

(പാട്ട്)

പട്ടുവിട്ടാരെൻറ വരത്തെ
പാമ്പയക്കാർ കേട്ടപ്പോളു
അത്ഭുതിക്കും പുകഴും പറഞ്ഞതാ
ഇന്നു പറഞ്ഞ വേലപ്പുറോ
കെട്ടിരവേണ്ട പൊന്നാളപ്പോൾ
കുഞ്ഞിരാന്ത കരങ്ങോട്ടെ
ചെറുത്തു നാട്ടിൽമലയും കൊണ്ടു
ചിറന്ത കപ്പൽപണവും കൊണ്ടു
പാണ്ടിയനാട്ടിൽ മണിയാണ്ട—പണം
കൊണ്ടുവരപ്പോറവാരെ
മീണ്ടുവര വിരട്ടാഴിയ—വർത്തി
വേന്തരോടെ നിപ്പതില്ലെ
കണ്ടപാടി മേടെനെയെല്ലാം
പടകുവാരോട കൊല്ലുമെന്നു.
എൻറ വാരത്ത കേട്ടപ്പോളു
ഉടനെ മുത്തുറാകത്തനും
മുറംകുള്ള അനുനയത്താൻ
മയ്യണനീരട്ടിവർ
വിരട്ടിക്കൊണ്ടുവന്നു
പൊന്നലെ ഉലഞ്ഞിന്നു
തരട്ടിപ്പണിയണിന്നു
മണിപ്പൂരവിക്കയറും കെട്ടി
വിടിയും മുന്നെ മലകരിയിൽ
മീതേറി തിരമേതോക
നടതിടിമേൻറടി പടവ
പടയോടെ ചേർന്തിനാർ.
വേലയിൽ ഉരുവുപോലെ
വെതികാറിതന്താരൻറ

(ട്ടുമാറി)

...പടയുടൻ പെരിപ്പമെല്ലാം

മന്നവനെ, ചൊല്ലുന്നുലയാതെല്ലാം.
മുന്തച്ചിറലെ രാമെങ്ങടൻ പൊന്നത
മുകിൽവെള്ളമുല്ലമണയിളക്കിരണ്ടയം
തന്തിപ്പുരടയാരെ കതിരപ്പുരെ
തക്കകലൊളം പറന്നു ചെല്ലും
എന്നുന്നുലെലെയാതല്ലാതൊമതിളം
എഴപതിരണ്ടു പാളയക്കാരും
തിണ്ണുന്നുടൻ വന്നണിയക്കതൊയ്യും
ചേരപ്പുരമാളെൻറതളിരെയ്യു.
കുന്നിനണിപോലെ ഇളമുറയും
കാവലാളരോട്ടം തിരവുള്ളതും
എട്ടുവീട്ടിലുള്ള പടൈപ്പിണരും
ഇടതുടെ മാതവൻ പോർകുണരാരം;
തെന്നതിരങ്ങളെ പൊന്നവളുമ്
ഇളയശിരിയിനാലെ കോട്ടകണ്ടൻ.
മറ്റാൻ വിടന്നെയുന്നു പൊന്നവരെല്ലാം.
പാവിത്തവൻ വാടകരിയമെ,
ഉറത പുരവിന്നും കാലാളും
ഉതംവരെ കണ്ണം മന്തിരിയ
വെററി നമുക്കിനി മന്തിരിമാർ
വേണ്ടുംവണ്ണം ചെൻറു പുലിയൂരിലെ
പുത്തിയുടൻ പുലിയൂർകുറിച്ചിയിലെ
പാളയങ്കം നൻറായ് തേടിയാർ-

(മട്ടുമാറി)

പാളയങ്കം പുലിയൂർകുറിച്ചിയിൽ
പാർതങ്ങൾ പരികലത്തൊരെല്ലാം
വേളയന്നുടൻ അങ്ങു ഇറിക്കവേ;
വേന്തൻമന്തിരിമാർകളിലെഴപേർ
നാളെപ്പോരെൻറതുക്കിനി എപ്പടി
നാമെഴുപേരെൻറാക്കെട്ടിയെ

(മട്ടമാറി)

കരിയക്കെട്ട വാറാമൽനിരപ്പിന്നു
പോലീനാർവായ്മൊഴി ചൊല്ലിക്കൊള്ളുവോം
എൻറെ ചാമക്കൊടിവീരൻ കേരളവൻ
ഏററവീരിനി ചെല്ലാതംകൂടിയെ
വെററിയാന തിരുമലനായകൻ
വേലപ്പൂർപ്പോരമൈരയാരു ഇളയെതരന്നാലും
കോൺറല്ലാമലെ രാമപ്പുൻതലമൈയും
കോരമ്പെയ്പ്പ്രരുളുയിരിങ്ങവും മററുമന്ന
കൊരമ്പുതന്ന യമരെ കതിരനാലുമെ
കുൻറരതരതെത്ത നീങ്ങുങ്ങിയാക്കുവോം
വാളുമില്ലം വട്ടകപ്പുതൈരയാതെ
മന്തിരിമാർകളെ നിങ്കളെല്ലാം നാളെ
ചട്ടമാകവെ കെട്ടിച്ചതമെന്നല്ലാം
ചെല്ലുവണമിടരങ്കെ വലങ്കെങ്ക
നാണയത്താലിടരങ്കെ വലങ്കെങ്ക
നാങ്കൾചെല്ലുവോം നൊററിരെക്ക തന്നിലെ
ചെന്നുനൊററിരെക്ക തന്നിലെ നാൻചോദരൻ
ഇങ്കുവഞ്ചിക്കൊരാൾതൻ ചൊല്ല
ചോറമാനെ തൊഴുതു വിടവാങ്കി
ചിറന്ത മന്തിരിമാർകൾ തിരുമ്പിനാർ
പാരമാകവെ തങ്കൾ തങ്കൾവീട്ടിൽ
വന്തിരുന്താരെ ചിന്തകളിപ്പാരെ
വീരപ്പുരനിടത്തിറങ്ങവനും
വെങ്കലക്കൊടി കളുത്തുരു രാമനും
ചെറിയതുയിൽ മാർത്താണ്ഡവർമ്മനും
ഇന്നങ്കെ കോയിക്കൽ തന്നിലിരുന്താരെ,

(വിരുത്തം.)

ഇരുന്തപോതവർകളെല്ലാം, ഏഴുണ്ടുമുൻകൊടുത്തുവിട്ട
പോയതവെ ലെതരെന്നു, പുകൾപെറാക്കാണരെക്ക വാങ്കി

വിരുപ്പമായന്ത രാജെ, വാചകം ഉരയ്ക്കുപ്പോരാർ
ഉരത്തനാവനാളെ നാങ്കൾ, ഉതിക്കമുൻപരൈടക്കവാരോം.
പൊരുത്തമാം നെറിഗകൾ, പൊറവനുള്ളൊരെയ നാങ്കൾ
വിരുപ്പമുള്ളതെന്നുരൈക്കൊണ്ടു, വിറവുടൻചതിയതാകെ
തിരുത്തമായ് ഞങ്ങളെല്ലാംകൊണ്ടു, ശീഘ്രം വരുവാനെൻറാർ.

(മട്ടുമാറി.)

എൻറവാരത്തെ കേട്ടപോളു
രാമയ്യനം ഒള്ളചൊൽവാൻ
നാൻറിനാപൊങ്കിരുക്കനല്ല
ഇതിനയല്ലാ ഇരവിപിള്ളെ
അൻവുപരൈ പിറപ്പുള്ളവരും
അവരുടെയ തായരും
കണ്ണുമനം മികതളരി
കിനാവുകണ്ടേൻറുരായ
ഇരവിവിടിരണ്ടഴുന്നവുടൻ
എല്ലാരും ഉണൊരുമി
പൊരുവുള്ള ഇരൈകളെല്ലാം
പോരക്കോലം ചമൈത്താരുതി
കരുണയോട പരികലത്താർ
കട്ടിപ്പുതൈന്തവർകളിപ്പോ
മല്ലാന്തർ പുഴയതാൻപിള്ളെ
മാതാവും ഏതോ ചൊൽവാൾ
എൻമകനേ, എന്നിരവീ, നീ
ഇൻവുപരൈ പോകവേണ്ടാം;
കൺവിഴനെ പൊല്ലാത
കേളുമെടാ, എൻമകനേ;
കിനാവുകണ്ട സ്വപ്നങ്കൾ
കേളുമെടാ എൻമകനേ;
കേളെടാ നീ കൺമണിയേ
കൺമണിയേ, കേളുമെടാ;

പൊന്നുനിറം മെത്തയിലെ
പുകമെഴുമ്പക്കണ്ടേൻ ഞാൻ
തിരളുന്ന മുട്ടമിട്ട
ചിങ്കം പാറിക്കൊല്ലുകണ്ടേൻ;
കൊത്തളത്തും ഇലത്തുമ്മതിൽ
കുറവെയിനാണ്ണുവും കണ്ടേൻ;
കുറവെയല്ലോ അതുകിറുന്നു
കുറവനംമ്മണിനിരവി;
കുറവെനോ മാറാതെ
കൊല്ലുവനോ ചൊല്ലുവനോ?"
"തായാരേ, കേളമ്മ
തടുത്തു മൊഴി ചൊല്ലുകതു,
ഏഴുകടലപ്പുറത്തിൽ
ഇത്തയാർപ്പുള്ളിനാലും
യമന്തരെ ആളുവന്നാൽ
ഇല്ലയെന്നാൽ പോവർകളോ?
കല്ലറയും കെട്ടിവച്ചു
കല്ലാറ്റുള്ളിനാലും
കാലന്റെ ആളുവന്നാൽ
കണ്ടില്ലെന്നാൽ വിടുവർകളോ?
വാരവീതിയങ്ങിലുള്ളും
വന്നിടുമെന്നാൽ തായാരേ."
തായാർ ചൊൽ മുകിയാൽ
താർകുഴലെ എകിവിട്ടും
വാടീനി പൊൻകൊടിയെ
വാർത്തയൊന്നു ചൊല്ലുകിറേൻ
നാൻവിലക്ക കേളാമൽ
നായകന്മാർ പടെപോറാൻ
കേട്ടപോതിലെ പൊൻകൊടിയും
കേട്ടിയെൻവനൻ നിരന്നു
പയ്യൊരത്തുള്ളതന്നെ

കേരളഭൂതമാം പൊൻകൊടിയാം
മിത്രം തന്നാവണമേയാം
മെല്ലിനല്ലാം പിരളെല്ലുമന്നെ
മലകനല്ലാം വല്ലനിൻറ
മനാവമുളതാം മടതാ ചൊൽവാം

ഇരവികുട്ടിപ്പിള്ള അമ്മയെ സമാധാനപ്പെടുത്തിയ ശേഷം അദ്ദേഹത്തിൻറ ഭാര്യവന്നു വിരോധിക്കുന്നു.

"എന്താണിതു പതിയാവേ,—ഇത
ങ്ങിനെ വീതി വരുവതെന്തേ?
നേരിട്ടാവു പലരെന്നോടേൽ
നിത്തിരമെ അനന്തരത്തിലെ
പാൎത്തിരിക്കുന്നിയൻ വന്നു
പതിയാവെ കൊണ്ടുപോനാൻ;
ആളുമുതൽ കൂടവേ
അടിയാകൻ വിഴവും കണ്ടേൻ;
നാൻവരുത്ത കിട്ടിയന്നതെതു
നല്ലവം തിന്നുമുണ്ടേൻ;
പൂണാറിയ കുമ്പൊടെടുത്തു
കയ്യാലെ നൊചായക്കണ്ടേൻ.
വാളുംപരിശയുമായ്
ഉറക്കത്തിൽ ചാടക്കണ്ടേൻ
പൊന്നിൻമുട്ടിയുടവാളും
പുലിത്തോൽ പരിശയുമായ്
പുകൾപെറിയവ മരവർകുത്തിൽ
അകപ്പെടവും കണ്ടേൻ നാൻ
പൊന്നിൻനിറ മെത്തയിലെ
പുകയെഴുവക്കണ്ടേനല്ലോ
നരിയുംവന്നു കോഴിയെത്താൻ
നടുക്കപ്പുറരിപ്പിടിക്കക്കണ്ടേൻ

മുൻവായിൽ മുത്തുതിർന്നു
മുന്തിയിലെ മുടിയങ്ങളെൻ
വെള്ളരിക്കാ കൊണ്ടുവന്നു
വിട്ടതിയിലെ തരവുകങ്ങളെൻ
കത്തിരിക്കാ കൊണ്ടുവന്നു
കൈതന്നിലെ തരവുകങ്ങളെൻ
മഞ്ഞളിയും ഇഴപൊങ്കി
മുടിയിലോട വിഴവുകങ്ങളെൻ
കപ്പൂരത്തിൽ മെഴുതവർ
കരിയമതാം തിരുനാളിൽ
ആറാം തിരുനാളിൽ
അവരാൻ കുഴകുറിച്ചാരൻ
ഏഴാം തിരുനാളിൽ
എതിർത്തുമേൽ നടതിടിയെൻ
നടതിടിയെൻ അടിപെടവെ
നായകന്മാർ പവനിവരാം
എട്ടാം തിരുനാളിൽ
ഇനിയരതാര പരിയരാരം
ഒൻപതാം തിരുനാളിൽ
ഉറവുകമാര തേരോടി
തേരോടി വലവുവരാം
തെന്നവന്മാർ പവനിവരാം
ചാലചാട്ടും തേരിതര
തലയലങ്കാരം മുറിന്നു
തലയലങ്കാരം മുറിന്നുപൊന്നും
താഴികക്കുടയങ്ങളെൻ
തന്നിഷ്ടമായ് നീർക്കുളത്തിൽ
തട്ടമാറി നിഷ്ഠയിലെ
ഉരമെവിട്ട മാവരെല്ലാം
പിൻവാങ്ങി തെക്കങ്ങളെൻ
കണ്ടകിനാ വങ്ങരെയും

കാവലക് പൊല്ലാള
പൊല്ലാതെ കിനാവുകണ്ടാൽ
പോരവർകളോ മന്തിരിയെ
ധാരാവിതി എങ്കിലതും
വന്തിടുംകൊണ്ട് പൊൻകൊടിയെ
ഇളപ്പയിറപ്പുള്ള
എള്ളും—കായില്ലെ പൊൻകൊടിയെ
വിളന്തപയിറപ്പുള്ള
വിസനപ്പെടും വേണ്ടാമെ
എന്നനത്തിൽ മന്തിരിമാ-
രെല്ലാരും പടനടപോക
നാൻ - ഇളകിറിതെണ്ടാമോ
എന്നാടെ വിലക്കരെ
എന്തിഴയേ പൊരുതന്നവർ
എൻകൊല്ലി ഇരവിപ്പിള്ളെ
ഇന്നുമുടൻ മൊഴിപേശി
ചന്തുമുടൻ ഇരവിപ്പിള്ളെ
നീരാടപ്പുറപ്പെട്ടവർ.

(മട്ടമാറി.)

അന്നേരം ഇരവിക്കുട്ടിപ്പിള്ളെ
ആലകാലവിഷംപോലെ കോപിത്താർ
ചന്തനമരുന്തുല്ലവർപോക
ചട്ടിയിലിട്ടുകട്ടിനച്ചൂറ്റി
വെന്തെഴുന്ത ഇലയിൽ മെഴുകുപോൽ
വെകിണ്ടാടിയെ തായാതുമൻചൊല്ല
പാട്ടുപെട്ടുമല്ലമന്നാൽ മുകിയത്തെ
ഏപടൊടി ചൊല്ലുകേട്ടാൽ പോരവേണോ
കാൽപിടിത്തകഴലു മുറയിട്ടു
കണ്ണുറമേ പടപോക വേണ്ടാമെ

....

ചന്തമാക മൊഴിപേശിപ്പിള്ളയും

ചന്തമാകവേ നീരാടിപ്പിറപ്പെട്ടവർ
നീരാടിക്കാതന്നിലുണ്ടറിയേ
നീലകണ്ഠം ചന്ദനാദിനാച്ചൊല്ലി
പാരപ്പെട്ട മന്ത്രിലിയന്നത്
പള്ളിവച്ചു വലനെഞ്ചിലേറി
ഒരുന്നല്ല കറിപലം പൊല്ലാള്
ശോകമോടെ തിരയി നീരാടിനാർ
തിരയിലെപ്പോർവടൻ നീരാടിപ്പിച്ചതും
ചെൻറിയവേ നിലകത്തകത്തിലേ
ചാതിലത്തം കിട്ടുടാതിച്ചതും
പതിച്ചുപ്പെട്ടിയന്മേൽ ചന്തമായ
അറവറപ്പുടൻ കൈവരുമന്നരശ്ചാനമോ
അരിച്ചുകൂതിനാലഹോരാത്രി കിഴിവിനം.

(മട്ടാരി)

മനമേറിൽ ചിലപ്പിറപ്പും വെള്ളടയോടുപൊതിഞ്ഞും
കളിക്കൊമ്പുമുടിയും ചാർത്തന്ന് കെട്ടി
മനമറി തന്നില നിലയണിയുടൻ
നീലകണ്ഠൻ തൻ പാദത്തെ വെച്ചറിയേ
കസ്തൂരിക്കുറിയണിയിട്ടുടൻ
കൈകൂപ്പിത്തിരിയേ പൊട്ടിട്ടാർപ്പിച്ചു
വന്ദിതന്നോടിടകൂട്ടത്തിലെ
മനമോഹമും അന്നുകൊണ്ടുവച്ചു
മുന്നോട്ടത അരുളു തന്നിലെ
മുല്ലപ്പൂമാലപോലെ തലനാരു
കണ്ണപ്പോതത തരയാർക്കുവലിയ
കറിയവെച്ചാനതുമല്ല കണ്ടവൻ
ഞാനേറ്റം മടവാർകൾകണ്ട
തെറിയന്നോരേവം ചൊല്ലുന്നകണ്ടാലെ
പക്ഷനാളുകൈകളെല്ലാം പൊല്ലാള
പാപിയനെ പാരവെൺവാരപ്പോകാതെ

ഇക്കലെൻറപ്പുറത്തെക്കൻവരെപ്പോകനീർ
ഇണ്ടിനാലും ഉയിരെയിളപ്പെന്ന
കേട്ടതെല്ലാ മനസ്സിലടക്കിയെ
കൃപയൊരതെ അരുളുണ്ടിരുകിനാർ
നാട്ടമാകവേ കഷ്ടമിഴക്കിയെ

മേലെഴുതപ്പെട്ട ഭാഗങ്ങളിൽനിന്ന് തിരുവിതാംകോട്ട ചരിത്രം സംബന്ധിച്ച് പ്രത്യക്ഷമായും പരോക്ഷമായും പലതും ഗ്രഹിക്കാമല്ലോ. വടുകപ്പടയുമായി യുദ്ധമുണ്ടായ എഴുനൂററിഅറുപതാമാണ്ടിടയ്ക്ക് തിരുവിതാംകോട്ട രാജധാനി കൽക്കുളത്തായിരുന്നു. ആ പട ആദ്യം തിരുവിതാംകോട്ട സൈന്യത്തോടേററു തോററു. അനന്തരം ആ വടുകനായകന്മാർ ഈ രാജ്യസീമയ്ക്കുപുറത്ത പന്നകടിയിൽ നിന്ന് ഒരു വലിയ സൈന്യം ശേഖരിച്ചു. ഈ സ്ഥലം നാഞ്ചിനാട്ടിനേയും തിരുനൽവേലിയേയും വേർതിരിക്കുന്ന ശാസ്താംമലയുടെ അപ്പുറത്താണ്. തോവാളത്താലൂക്കിൽ ചെന്ന് കട്ടക്കറ മലയിടുക്കു കടന്നാൽ പന്നകടിയിൽ ചെന്നുചേരാം. സൈന്യശേഖരം ചെയ്തശേഷം വടുകന്മാർ പേരിനാലി വീണ്ടും ഈ രാജ്യാതിർത്തിയിലെത്തി. ഈ വിവരം രാജാവിനെയറിയിച്ചതു് എതിർക്കാൻ വേണ്ട ഒരുക്കങ്ങളെല്ലാം ചെയ്തു. എട്ടുവീട്ടർ, ഇളമ്പയിൽ പണ്ടാരം, ഇടത്തറപ്പോററി മുതലായവർ യോജിച്ചു പടക്കൂട്ടി ഉദയഗിരിയിൽ എത്തി. രാജാവിന്റെ ആജ്ഞയിൻകീഴിലുള്ള എട്ടു സൈന്യനേതാക്കന്മാരും ചേർന്ന് ആലോചന നടത്തിയ ശേഷം അവരിൽ ഇടത്തറപ്പോററിയും കുളത്തൂർ മാൻപിള്ളയും ഇളമ്പയിൽ പണ്ടാരം മാർത്താണ്ഡവർമ്മാരും കോയിക്കൽതന്നെ വസിക്കയും മററുള്ളവർ ആ ചേരരാജാവിനെ വണങ്ങി വിടവാങ്ങി അടുത്തദിവസം പോർക്കളത്തിലെത്തിക്കൊള്ളാമെന്ന സമ്മതം ചെയ്തിട്ട പാളയങ്ങളിലേക്ക പോകയും ഉണ്ടായി. പിന്നീട്ട ഇടത്തറപ്പോററി മുതലായവർ വ

ളകസേനയുടെ നാഥനായ രാജപ്പയ്യന് ഒരു എഴുത്തയച്ചു. പിറേറദിവസം ഉദയത്തിനു മുൻപേ അവർ പടയ്ക്കു പുറപ്പെട്ട് ശത്രുസംഘത്തിന്റെ മുന്നണിയിൽ നില്ക്കുന്ന സേനാപതിയെ വളഞ്ഞുപിടിച്ച് അയാളുടെ തലയറുക്കണമെന്ന് എന്നൊരു വിവരമായിരുന്നു ആ എഴുത്തിൽ അന്തർഭവിച്ചിരുന്നതു്.

തിരുവിതാംകോട്ടു പ്രധാന സേനാനാഥനായിരുന്ന ഇരവിക്കുട്ടിപ്പിള്ള പോരിനൊരുങ്ങി. അദ്ദേഹത്തിന്റെ മാതാവിനു് മകന്റെ ഈ ഒരുക്കം കണ്ടു പരിഭ്രമമുണ്ടായി. ആ സ്ത്രീ അന്നു രാത്രിയിൽ അശുഭസൂചകങ്ങളായ പല സ്വപ്നങ്ങൾകണ്ടു് ആ വിവരം മകനെ അറിയിക്കയും പോരിനു പോകരുതെന്നു പറയുകയും ചെയ്തു. ഇരവിപ്പിള്ള സ്വധർമ്മഭ്രംശത്തിലുള്ള ഭയം നിമിത്തം അതു കൈക്കൊണ്ടില്ല. അതിനാൽ ആ സ്ത്രീ ഇരവിപ്പിള്ളയുടെ പത്നിയെ അയാളുടെ മുൻപാകെ തള്ളിവിട്ടു. അവൾ അലംകൃതയായി ഭർത്തൃസമക്ഷം പ്രാപിച്ച് അദ്ദേഹം ആ ഉദ്യമത്തിൽ നിന്നൊഴിയണമെന്നർത്ഥിച്ചു. അതും ആ ധർമ്മനിരതനായ സേനാനി സ്വീകരിച്ചില്ല. "ഏഴാംകടലിനപ്പുറത്തു് ഇരുമ്പോലക്കെട്ടു് ഇരുന്നാൽ അന്നേയും ശത്രുക്കൾ വരുമ്പോൾ "ഇല്ല" എന്നു പറഞ്ഞാൽ പോകുന്നതാണോ? കല്ലറകെട്ടി അതിനുള്ളിലിരുന്നാലും കാലന്റെ ആളുവന്നാൽ "കണ്ടില്ലെ"ന്നു പറഞ്ഞു് അവരെ അയയ്ക്കാവുന്നതാണോ? വരാനുള്ളതു് എവിടെ ഇരുന്നാലും വന്നുചേരും. "വിളവിറക്കിയവർ" അതു കൊയ്യുന്നതിൽ കാര്യമൊന്നും വരാനില്ല. പാകമായ വിളവു കൊയ്യുന്നതിൽ പരിചയിച്ചിട്ടു കാര്യമില്ല. എന്റെ തരത്തിലുള്ള സൈന്യമുഖ്യന്മാർ പടയ്ക്കുപോകുമ്പോൾ ഞാൻ ഗൃഹത്തിൽ ഒളിഞ്ഞിരിക്കുന്നതു യോഗ്യമാണോ?" എന്നൊക്കെയായിരുന്നു ഇരവിക്കുട്ടിപ്പിള്ളയുടെ സമാധാനവാക്യങ്ങൾ. അനന്തരം അ

ദ്ദേഹം കളിക്കാൻപോയി. അപ്പോഴും ദുർന്നിമിത്തങ്ങൾ കാണുകയാൽ മാതാവു് ദുഃഖിച്ചു മതിമയങ്ങി ഓടിയെത്തി മകന്റെ കാല്ക്കൽവീണു മുറവിളികൂട്ടി. അതിനാൽ അദ്ദേഹം പല സാന്ത്വനവചനങ്ങൾ പറഞ്ഞശേഷം കളിച്ചുകയറി ക്കളെ വല്ലാതിന്ന നടത്തി. അപ്പോഴേയ്ക്കും അടുത്തുണ്ടായിരുന്ന ഒരു മരത്തിൽനിന്നു് ഒരു പുളി അദ്ദേഹത്തിന്റെ വലത്തെ തോളിൽ വീണു. ഇതുകണ്ടു് സേനാപതി വീണ്ടും വെള്ളത്തിൽ മുങ്ങി. കളിച്ചുകയറി ഗൃഹത്തിൽപോയി തൊഴുതശേഷം ഉണ്ണാനിരുന്നു. ചോറിൽ തലമുടികണ്ടു. ഇതും ദുർന്നിമിത്തമായിത്തോന്നി. അമ്മ വീണ്ടും മുമ്പത്തെപ്പോലെ പലതും പറഞ്ഞു മുടക്കി ജ്ഞാവിപ്പിച്ചു പലമാരുതൊടുകൂടി ഭക്ഷണംകഴിച്ചെഴുന്നേറ്റു് ഒരുങ്ങിത്തുടങ്ങി.

ഒരു കയ്മളപ്പാറി ഈവിധം പറയുന്നു.

നല്ലപച്ചപ്പട്ടം മേൽക്കളിക്കളിനാൾ
പൂരിനാളെ പുഴവേടങ്ങളൂം
പൂറാളിക്കളിച്ചീതിലേറിനൻ
ഈശിനാലവിഴ്ന്നു വീണമല
ചന്ദ്രകവിത്തെളുതാടും മേൽക്കളി
ഇന്നിൻ പടനിക്കിനായകർവേ
ബാളം ചാതിനൻവളർതിങ്ങളുപോലവേ
അന്തിരങ്ങളും വാറക്കറിയായ്മൻ
ആയുധം നാലുകൂട്ടമെടുപ്പാനാം.

പിന്നീടുണ്ടായ കൃത്യങ്ങൾ താഴെ കാണുന്നവയാണു്.

ചിന്തമെല്ലവേ മകനല്ലാതെ
സ്നേഹമൂറുന്നവേപചാരിയെ
സൂനമെഴുന്നുംവഴിയെ കൊണ്ടുന്നവൻ
ചാതിനൊപ്പല്ലവേണമിനിയെൻറ
കതവാലം കണ്ണിൽകണ്ടപോഴതിലെ

തെകനകിൽതാലെ മന്തിരിയെത്താനും
അന്തിരമൊൻവം വാനാമൽനീർചെൻറു
തന്തിരത്താൽ പരടെകണ്ടവരുമെ
എൻറപ്പോതവാം ചൊന്നപൊഴുതിലെ
മതാവേത്തിരുവടി പോററിയെ
എള്ളമൊൻവം കരെറയില്ലത്തയാരെ
എപ്പടിയുംപരടെവെൻവമാറൊനാൻ
നീതിയാലിന്ത ഇരചെറിയുണ്ടമെ
നീലകണ്ടസ്വാമിയുമുണ്ടമെ
അയ്യനാർതൻ തിരുനയനത്തിനിൽ
അതുമയാകപ്പിറന്തതും നീയല്ലൊ
മെയ്യിൽമതിനയതു പെരുമറിയാമൽ
പെരുമയാക ഉതകീട്ടദൈവമെ
ഉപായമാകവെ കൊല്ലിക്കപ്പരണിയൻ
മരപ്പടിക്കതു കണ്ണകപ്പോനാളും
കണ്ണകയ്യ്കൾ വാളുകൊടുത്തതും
കന്നിപ്പത്തിരകാളിയും നീയല്ലൊ
എണ്ണമെണ്ണിയിരുന്നു വിഴാമലെ
ഇരവിയമടെപരടെക്ക പോരമകാളി
എകിടവെ അടിതൊഴുതെകിയെ
ഇരവിപ്പിള്ള പരടെക്കണന്തനാരെ
ചാവടിയിൽ വരുമന്തരാളുയിൽ
തക്കവീരപ്പടയുമിളകിയെ
മതിലാനന്തപുരവികൊട്ടവന്നു
മല്ലുംവെള്ളക്കടവാറിവക്കിയെ
ചെൻറതൊട്ടപാരിമീതിവചാരിയെ
ചിറന്തനല്ലമരമറിന്തവിഴ
മല്ലമരമറിന്തു വിഴന്തപിൻ
വായിത്തനല്ലവഴിയിതുപൊല്ലാതു
മെല്ലമെല്ലച്ചെത്തപ്പിവീരതറിയെ
വീരരോടെ പരടെക്കണ്ടനന്താരെ

നടപ്പുരത്തെവീഥിയിൽ ചെല്ലുമ്പോഴം
നല്ലവേതിയൻ എതിരുവന്നു തോൻറിനാർ
മുഴക്കിരതകുപ്പിൽ ഉരുളിയുമരിയുമായ്
മോകമോടെ രതകുപ്പിൽ തീയുമായ്
എതിരുവന്തമറയോനെക്കണ്ടപിൻ
എഴുവന്നുപിടിയുമോടെയൻപാരം
കതിർകൊണ്ടപുലിയൂർക്കുറിച്ചിയിൽ
കതമ്പറയിൽ മാളികമീതിനിൽ
കൊത്തളത്തിൽ പാരാതമ്പുരാൻ
കുൻറവീരപ്പടയോടിറിക്കവെ

... ...

അനന്തരം പടക്കളത്തെനോക്കി പുറപ്പെട്ടു തിരുവിടക്കോട്ടു മുതലായ സ്ഥലങ്ങളും കടന്നു പോകുന്നു. ഈ യാത്ര കണ്ടു പുരസ്ത്രീകൾ ഓരോന്നു പറയുന്നു.

തെന്നവനിരവിപിള്ളെ—മന്നവർ
പവനിയെപ്പോൽവാരാർ
മന്നവർപവനിയെപ്പോലെ—ഇരവിപ്പിള്ള
വാരപവനിയപ്പുറയ്
മന്നവർ പവനിയെപ്പോലെ—മാർത്താണ്ഡവാളിരവി
വാറുന്നതെക്കണ്ടു
മടവാർകൾകൂടിനിൻറു—കന്നൽമതനെക്കിണെ
ഇവർ രാച്ചിയത്തിൽ വാഴ്കകതി
വീരരോടെവടുകർ—പോരക്കാരകെ

... ...

പോരക്കാരുകൂടിനിൻറു
പോറുന്നതെക്കണ്ടു
കുരവയർകൾകൂടിനിൻറു
ആരെരമൊഴികൾചൊരി
പാലകിളിന്നതെ
പൊററയും പൊൻകൊടിയും

പണ്ടെപോകപ്പൊന്നവരും
പൊന്നാർകളൊയിങ്ങുരയെ
പൊറാതായും ഉയർത്തിട്ടു
പൊറാതായും ഉയർത്തിട്ടു
മനസ്സുകടങ്ങിയിരിപ്പാർകളൊ
എന്നപൂത്തി ഒഴേന്നായി
... ...

പിന്നിട്ട ഇത്ഭാഗങ്ങളിലുള്ള അനുഭവങ്ങളെപ്പററി വിവരിക്കുന്നു. അനന്തരം ഇരവിപ്പിള്ള,

കളമശ്ശേരികളും എരമല്ലൂവിട്ട്
കല്ലടക്കോട്ടകളെല്ലാവിട്ട്
നങ്ങ്യാർകോട്ടും താൻകടന്നു
തൊട്ടിയൂർക്കോട്ടും പെരുവിരുതും
ചുങ്കത്തെസ്ഥലം കടന്നു
മുന്നേമുന്നേ ചെൻറവരെ
ഇടംകടിക്കും തന്നിരെ
നിൻറവരെന്നി പിടിക്ക
ഇങ്കവരെന്നി പിടിച്ചു
നിങ്ങളെന്നപോലെയില്ലെ
ഇങ്ങുകിടവെല്ലാം ശേണോമൺറ
എഴിലൊളുവന്ന മറ്റുടയും
ഇത്തോകൂട്ടപാളയത്തി
ലിരുന്ന വഴികളെല്ലാം
... ...
.. ..
പന്തിരണ്ടം മലയാംദേശത്തെ
മാറ്റിനെക്കണ്ടപോലു
ഉരത്തിനാൽ വിളിച്ചുചൊല്ലു
ഒമയൊയായ് വെടികൊണ്ടവെനാർ

പാട്ട്.

അന്നുന്നമായിടത്തിലുള്ളവരും

ആനാശങ്കരൻ കോമരത്തകനും
വിന്തയോരം കലയപ്പുതമാരും
വെങ്കലക്കോടി കരുണാകരാമനും
പൂന്തുറംപുകമും കംകമക്കുന്നും
ഇങ്കശംകയ്ക്കോടി വീരൻകേശവൻ
തെന്നിളയിയിൽ മാർത്താണ്ഡവർമ്മനും
ചിങ്കംപോലെ വരികിൻറവേളയിൽ
മന്നവനും ചിന്നപ്പത്തിപ്പിള്ളയും
വലിയപിള്ള പണ്ടാരമനും
എന്നിവും പുകഴ്ച്ചൂരൻതേവനും
ഇരവിപിള്ളയും നെറ്റിക്കെത്തിലെ
വല്ലുരുനന്നിതന്നിലിറങ്ങിയെ
മാറിപോലെ ചൗങ്ങളെ തൂക്കിനാർ
നാലുറിക്കംപരദേശിയായിക്കിയെ
നാക്കാരലച്ചു പടവിളികൊണ്ടല്ലോ
വീരർതാനും വാങ്ങിവിട്ടാർക്കള
തരത്തിലോരം കതിരയെവേഗംതാൻ
താണ്ടിവന്നതല്ലുംകടിതന്നിലെ
വാറവാറ കതിരയെ കണ്ടപ്പിൻ
മന്തിരിമാരോടെയവർ ചെവിത്താർ
പാപിമകനെ കതിരവനാകിയ
പറനാമം മലയറിക്കൊള്ളുവോം
വാർത്തകേട്ടന്ന കടക്കാരനെന്നെയും
മാറിലവെത്ത വെടിയിട്ടിപോലെയെ
മന്തിരിയായിപ്പിരുന്നതനാമിനി
മാറിപ്പുറവല്ലുംതെരിയു കാണ്മവോം
പട്ടിയക്കാരനെല്ലാവരും നീതിയെ
ആനന്തരംവാരം ഇൻഡനാരോട്ടകിൽ
അരശർത്തിരുമയിൽ എപ്പടിചൊല്ലുവോം
എന്തനോടെതിരിക്കിപ്പുറതവോമിൽ
എറമഹാരുകരണ്ടാനാൽ വരുങ്കൂട

വന്

ചിതന്നമസ്സവെ ഇരട്ടിക്കവാങ്കിയെ
തിരുമ്പിയെറിനാര്‍ തിറപ്പുലിമ ചാലെ
ഏകിനാര്‍ ഇതുകെടിതന്നിലെ
ഇടിമുഴക്കംപോല്‍ വാത്താരം കുട്ടിയെ
മാറിവാരകതിരയെക്കണ്ടെല്ലാ
ലോകത്താല്‍കത്തിവെമ്പരിമ പറിനാര്‍.
അതുനായിരുമ്മകെ വെട്ടിമരക്കിനാര്‍
കാര്യനാര്യം മുകമിടമറിട
കഴിനാലെ പുറവിയെത്തട്ടിനാര്‍
ഇന്തിരനൊ ഇവരാരൊ തെരുവമ
ഏഴുപായമെ കയ്യാറചെയ്യിനാര്‍
ചന്തിരനൊ ഇരലോകത്തുള്ളോരൊ
ഇശപെരനൊ വകപ്പിനാല്‍ തെരുവമെ
പറ്റലക്കിണരയാത്തൊരു വീരനൊ
കതിരയെവെട്ടിയെല്ലാം തഴമ്പിലെല്ലാ
അന്നപ്പുറട്ടവെട്ടകം കണ്ടവര്‍
നാറേര്‍ പൊതുമാളും മന്നരെത്തടിനാര്‍
എന്നമെയ്യു വളര്‍ത്ത പാരോര്‍
ഇപ്പോളുന്നൊരീതെറിവാനുരു
പിന്നണിയെന്നും വെട്ടിതുരത്തിയെ
മിന്നുംവീരര്‍ പടയോടെ ചൊല്ലുവാര്‍
അണ്ണന്‍കോനൊരു വമ്പടെ മുഖത്തു
അതുവാരം കേട്ടോടിവാരെയെ
എണ്ണില്ലാത്ത ലേംവന്നു കൊള്ളേ
ഏറെയാവുകം തെരടക്കെറിനാര്‍
വീരര്‍ത്തുനിരത്തിരത്തവരം
വെള്ളിയെത്തും കഴല്‍ക്കാറര്‍ക്കുവും
വേകമോടെ പൊടികം കൊളുത്തിയെ
മാറ്റലര്‍പടവെട്ടിമടിയവെ
ഇപ്പടിയെപൊരുകിന്‍റവെള്ളയില്‍
എല്ലാപേരും പടെ കണ്ടുനിപ്പവെ

(വിരുത്തം.)

അരണിക്കണിപിടിച്ചകഴൽ വെങ്കലം അതിക്കിടമാനമുള്ള
അഞ്ചനൊക്കമുള്ളകിള്ളുടവൊക്കയും വെങ്കലം
വെങ്കലത്തമ്പുൾതൊട്ട്, പുരവിനടനാല്യമിട്ടതങ്ങമുള്ള വെങ്കലം
പിരവിനെട്ടകെട്ടുന്ന മെച്ചിടാരത്തിൽ നാലതകം ചട്ടയും വെങ്കലം
എരുകമെയ്യപ്പുകപുറപ്പെട്ടുന്നോരത്തു വിളിക്കുന്ന വാങ്കവും വെങ്കലം
ഇപ്പടിയൊപ്പടകോലാഹലംകണ്ടു ഇരവിക്കുട്ടിപ്പിള്ള പോരുതാൻ.

അതിൽപ്പിന്നീട്ടുണ്ടായ അതിഭയങ്കരസംഗരത്തെ സരസമായി വർണ്ണിക്കുന്നു. പോരിൽ മരിച്ച വഞ്ചിസൈന്യനായകന്മാരിൽ പലരെയും പേരുകൾ ഈ കൃതിയിൽ പ്രസ്താവിക്കുന്നുണ്ട്. അപ്പോഴുണ്ടായ സൈന്യത്തിന്റെ മുന്നണിയിൽ ഇരവിക്കുട്ടിപ്പിള്ള പത്മവ്യൂഹത്തിൽ അഭിമന്യുവെന്നപോലെ പ്രവേശിച്ച് ശത്രുക്കളിൽ അനേകംപേരെ നിഗ്രഹിക്കയും ഒടുവിൽ മുറിവേറ്റ് പടനിലത്തിൽ പതിക്കയും ചെയ്യുന്നു. ഉടൻ വിപക്ഷനായ ഒരു ഭടൻ അടുത്തു് ആ ഇരവിപ്പിള്ളയുടെ ശിരസ്സ് ദേഹത്തിൽ നിന്നു വേർപെടുത്തി വടകപ്പുറയുടെ നാഥനു കാഴ്ചവയ്ക്കുന്നു.

തിണ്ണുള്ളുടൻ തലയുംകൊണ്ടു
വെറിക്കൊട്ടും കൊട്ടിക്കൊണ്ടു
ചെപ്പുള്ളുടൻ ഇരുത്തൻകാട്ടു
പാളയത്തിൽ ചെന്നിരുന്നാൻ
ഇരവിപ്പിള്ളത്തലയും വെട്ടി
പട്ടിൽപ്പൊതിഞ്ഞുകെട്ടി
ചിറക്കരം തിരുമലനാഥൻ
ഇരയുടെമുമ്പിൽ വെച്ചുതൊഴുതു
അടിവണങ്ങി തൊഴുതുനിന്റാൻ.
... ...
വണങ്കിനിന്റ കൂട്ടനോടെ

വാർത്തയെല്ലാം കേട്ടപ്പോനാം
ഉണ്ണിക്കോമ്പിരിത്തലയിരുത്തരം
എള്ളുതലയരയൻറാൻ
കണ്ണപ്പോറുവാ! ഓളമോട്
ക്കുറിഞ്ഞുവാരണാതവാനത്ത്
അങ്കനാരേർമണവാള
താനവഞ്ചിവേന്തരുടെ
വേന്തരേട്ടപ്പോതിലെ
വീരനാപേർകളുണ്ടും
ഉണ്ണിക്കൊച്ചുകുഞ്ഞുതറാരെ
ഇരവിക്കുട്ടിപ്പിള്ളയുടെ
ചന്തത്തുതലയിതന്റു
വെപ്പിട്ടവർ ഓട്ടാളൻ
അന്തവാരമൊത്തകെട്ടപ്പോളു
ആണ്ടഴകൻവേന്തരും

... .

അദ്ദ്യേളെന്നത്തുറമെയ്പ്പോരലെ
അവനിതന്നിൽപ്പാർത്താലൊരുവനുണ്ടോ
കൈക്കരുത്തുമെഴുയില്ലാ ഇവനോ വെല്ലാൻ
കണ്ടവരും മനം കലങ്ങുമല്ലോ
വള്ളുവക്കോട്ടകളിടയ
വെറുപ്പണിയിട്ടുകാതഴകും
കേതിക്കുടിനാമ്മാർക്കുടിയഴകും
ക്കുൻറകസ്തൂരിപ്പൊട്ടഴകും
എള്ളിച്ചൊല്ലപ്പോരേനിവർവടിവെയ്
ഉണ്ണിമക്കിനിരാനാനാൽ പലവുമുണ്ടോ!
പോതമറിയാമൽപ്പുത്തലയെ
തിരുപ്പാളയത്തിൽ കൊണ്ടുവിട്ടാൻ.

... ...

... ...

ആററിങ്ങൽ റാണിക്ക കപ്പം കൊടുപ്പാൻപോയ അവസരത്തിൽ ഗിഫോർഡിനെയും കൂട്ടുകാരെയും എട്ടുവീട്ടിൽപിള്ളമാരിൽ ചിലർ വധിച്ച വിവരം മലയാളത്തിൽ പല പഴയ പാട്ടുകൾക്കും വിഷയമായിത്തീൎന്നിട്ടുണ്ടു്. അഞ്ചുതെങ്ങിൽ കോട്ടയിലെ വെള്ളക്കാർ നാട്ടുകാരോടു പ്രതികാരം ചെയ്വാൻ തലശ്ശേരിക്കോട്ടയിൽനിന്നു വരുത്തിയ വെള്ളപ്പട രാജദ്രോഹികളെ തിരഞ്ഞു യാത്രയായി. ഈ അവസരത്തിൽ രാജ്ഞി പതിവായി നീരാടുന്ന ആറാട്ടുകടവുവിട്ടു് വേറൊരു നിൎജ്ജനസ്ഥാനത്തു് സ്നാനത്തിനെഴുന്നള്ളി. രാജ്ഞിയുടെ അംഗരക്ഷകന്മാരായ നായർപ്പടയും അവരിൽ ഉൾപ്പെട്ട പാവൎപ്പടയും അവിടെ നിരന്നുകഴിഞ്ഞു. ഈ വിവരം അടുത്ത ഒരു പൊയ്കയിൽ മുങ്ങിക്കുളിച്ചു മുടി കോതി നിന്ന ഒരു യുവതിയോടു് അവളുടെ കാമുകൻ പറയുന്നു. ആ വിടൻ ഒരു കന്നിക്കരു എടുത്തെറിഞ്ഞു് അവളുടെ ശ്രദ്ധയെ ആകർഷിച്ചു.

അതിന്നവൾ:—

"മുങ്ങിക്കുളിച്ചു മുടിയുമതിനിന്നപ്പം
കന്നിക്കരുകൊണ്ടെറിയുന്നതാരെടന്നു?"

എന്നു ചോദിച്ചു.

അപ്പോൾ അവൻ:—

"കന്നിക്കരുകൊണ്ടെറിയുന്നതു ഞാനാണേ",
ഇപ്രകാരം ചോലയിൽ നിന്നു കളിക്കുന്നു?
മാപാപിപ്പിള്ളമാർ ചതിച്ചു ചതികൊണ്ടു്
വെള്ളപ്പടവന്നു കോലാഹലമായല്ലോ.

... ...

തമ്പുരാട്ടി നീരാടിയിപ്പോഴെഴുന്നള്ളും
ചോഴിയപ്പാടത്തു കൂടെ എഴുന്നള്ളും
നായർപട പാതതെളിയിട്ടെഴുന്നള്ളും

ചെവിപ്പൂച്ചൊടി കൂടെ എഴുന്നള്ളും.
ചാത്തൊടി കോലയിൽ നിരപ്പൂണ്ട പൊലപ്പാംകെ (ഇത്യാദി)

ഇതന്തൂറാറിയപ്പത്തഞ്ചുവർഷം മുൻപെയാണെന്ന് ഊഹ്യമായത്. ദേശചരിത്രം സംബന്ധിച്ച്,

"പന്തം കൊളുത്തിയതാരോ പാറപ്പുക്കുട്ടീ?
പനിവെള്ളം വീഴുന്നില്ല തമ്പുരാനേ
ചതിയാണോ വിധിയാണോ പാറപ്പുക്കുട്ടി
ചതിയല്ല വിധിയാണേ തമ്പുരാനേ."

പണ്ടു തിരുവിതാംകൂറിലെ രാജാക്കന്മാരെ രാജദ്രോഹികൾ പലപ്രകാരത്തിൽ ഉപദ്രവിച്ചിരുന്നു. അവരുടെ ബലവും രാജാക്കന്മാരുടെ ബലഹീനതയും കൊണ്ട് രാജവംശത്തിന്റെ പ്രതാപം തന്നെ അസ്തപ്രായമായിരുന്നു. ചില രാജാക്കന്മാർ പ്രായേണ രാത്രികാലങ്ങളിൽ രഹസ്യമായിട്ടാണ് സഞ്ചരിച്ചിരുന്നത്. ആ കാലത്ത് ഒരു രാത്രിയിൽ ഒരു രാജാവ് അവിടത്തെ ഒരു അനുചരനോടൊന്നിച്ച് നെല്ലുവിളഞ്ഞുകിടന്ന ഒരു പാടത്തിന്റെ മദ്ധ്യത്തുകൂടി പോകയായിരുന്നു. ഘോരമായ ഇരുട്ടിൽ വഴികാണാൻ ആ ഭൃത്യൻ ഒരു പന്തം കത്തിച്ചു പിടിച്ചുകൊണ്ടാണ് യാത്രയായത്. വിളക്കു പിടിച്ചിരുന്നാൽ തന്നെയും തിരുമുമ്പിൽ നടക്കുന്നത് ഭൃത്യന്മാർക്കുചിതമല്ലെന്ന് നടിച്ചുംകൊണ്ട് അനുചരൻ പിറകിലും രാജാവു മുമ്പിലുമായിരുന്നു. അനുചരൻ വൈരികളുടെ വശീഭൂതനായിരുന്ന കഥ രാജാവ് അറിഞ്ഞില്ല. വഴിയിൽ ഒളിച്ചിരുന്ന രാജദ്രോഹികൾ അവരുടെ സാന്നിദ്ധ്യത്തെ സൂചിപ്പിക്കുന്ന ലക്ഷ്യം കാണിച്ചപ്പോൾ പാറപ്പുക്കുട്ടിയെന്ന ആ ഭൃത്യാധമൻ പന്തം അണച്ചു. രാജാവു അതു കണ്ടിട്ട് "പാറപ്പുക്കുട്ടീ! പന്തം അണഞ്ഞുപോയോ" എന്നു ചോദിക്കയും "മഞ്ഞുവെള്ളം വീണിട്ടാണ് അണഞ്ഞുപോയതെന്ന്" അവൻ സമാധാനമറിയിക്കയും വസ്തുത

ഹിച്ചിട്ട് "ചതിയോ ഇതിന്ന കാരണം വിധിയോ" എന്നു രാജാവു വീണ്ടും ചോദിക്കയും "ചതിയല്ല, വിധിതന്നെയാണ്" എന്നു ഭൃത്യർ അതിന്നു മറുപടി അറിയിക്കയും ഉണ്ടായി. ആ നിമിഷത്തിൽ തന്നെ ദൈവികം പ്രത്യക്ഷപ്പെട്ട് അവരുടെ ആഗ്രഹം നിവ്വഹിച്ചു. ഇങ്ങനെയൊരു കഥയാണ് മേൽ എഴുതപ്പെട്ട പാട്ടിനെ സംബന്ധിച്ചു നടപ്പുള്ളത്. വേറെ ലക്ഷ്യം കിട്ടുന്നതുവരെ ഇതുതന്നെ വിശ്വസിക്കയെ തരമുള്ളൂ.

ഭാരതപ്പോര്.

അംബുജമില്ലിതെള്ളുന്നിയും നാഥൻ
അംബികയോടു കൈക്കൊണ്ടനവടിവായ്
ഇവരോടു കന്നിൻമകളെപ്പോഴും
ഇവരെകണ്ണോരു പിടിയുമായി
ആദികാലശിലതാവാരലിമിനിൽ
ഉടയോരെയുമൊരു മതവുംകാല
തന്നാൽകൊണ്ട് നീലകണ്ഠനെ കണ്ടി-
ട്ടങ്ങളായിരുവേരം മനസ്സതന്നിൽ
മുന്നമെതിരെചെയ്യു പകയെ തീർപ്പാൻ
ഇന്നൊരുമാറി വന്നുകൂടി
എന്നു മനസ്സതിലുറച്ചുകൊണ്ടു
ചെന്നു മലയും കരിയുവില്ലും
കൈക്കലെടുത്തിവന്നു തേരതിലേറി
കാറ്റപോലെവന്നു മന്നവനിന്നു
മുന്നമെതിരെചെയ്യപോലെ വരുത്തുവാൻ
മുന്നംനായകനെ ശരണമെന്നു
അങ്ങനെയൊരു കണ്ണനായനങ്ങെയുചെയ്തു

അഞ്ചുംതച്ചു നെഞ്ചിലാരണിന്ദ്രതാനെ
അവ്വുകൊന്നു കൊമ്പനാനയുമപ്പുറം
അധ്യാവ പിടിയോടൊത്തുരുണ്ടു മോദാൽ
മന്നുയിർകൊണ്ടു പുണർന്നാളിൽ
ആനമുകനാളുന്നമുവാം തൈമാൽ
ഇന്നെന്നുടെ ചിത്തകമലംതന്നിൽ
വന്നിങ്ങിരുന്നീഭി തുണചെയ്യേണമായ്
അപ്പമിളനീരും പൊരിവറിക്ക
ചക്കപ്പഴം രസകദളികളെല്ലാം
എൾപ്പൂതിരവെച്ചു പണിവനായാൽ
ഉമ്പുതെളിനാഥനെ സംകീർത്തനംചെയ്ക
വാണീഭഗവതി വാണീടേകണെ
നാവിലെത്തുകഥ ചൊൽവതിനായി
പണ്ടിരിപ്പിതാരും വാഴിനവൻ
പൂപണ്ടിരക്കരുക കവിമനരായ താതെ
നാലാബ്ദമൊഴിയാര മന്നവരും
സാധുമഹതന്റെ ഗുരുവിനും
ഇസ്സുലയിൽവാഴും സജ്ജനങ്ങളും
ഇക്കഥമൂന്നമതെ നന്നെന്നാകിൽ
ഉംബരായതിൽവച്ചു വഴനചെയ്യേൻ
ബാലനാകയുമങ്ങറിവുമില്ല
ചൊല്ലുകളൊത്തവിദ്യ വശവുമില്ല
ഓർത്താൽ സ്വരമല്ല ലയവുമില്ല
പാർക്കലൊരുബന്ധു തുണയുമില്ല
കർത്തൃകർമ്മക്രിയാ പദമറിയാ
കാലഭിക്കവചനങ്ങളുമറിയാ
സന്ധുപിത്താനമെപ്പാതുമറിയാ
ഒന്നരണ്ടുമൂന്നു നാലൊടഞ്ചാറ്
ഒന്നുമറിയാത്തോരടിയനിന്ന്
വന്നിസ്സഭതന്നിരുചെയ്യുന്നോൻ
നിന്ദിക്കാതെ വന്ദിപ്പതിനായിട്ട്

പൂണ്ടിട്ട കാര്യമാണിതെന്നാവാൽ
ഏറ്റപ്പാതിലുമുറപ്പു തെളിഞ്ഞടിയൻ
സോമകുലോത്തമഭൂപതിമാർക്ക്
ദീപമാകിയൊരു ശന്തനുഭൂപൻ
ഭാമിനിയാം ഗംഗ മറഞ്ഞശേഷം
കാമിനിയാം മത്സ്യഗന്ധിയെ വേട്ടു
ചിത്രാംഗദൻപിന്നെ വിചിത്രവീര്യൻ
എന്നിങ്ങിരുപേര സന്തതിയുണ്ടായ്
അമ്മാൻമിഴിയാമംബികയെവേട്ട
ചിത്തകൗതുകമാർന്നിരിക്കുംകാലം
ഭൂപ്പാരിടത്തിങ്കൽ കീർത്തിയുള്ളോരു
അപ്പോൾ ഗന്ധർവനൊരുവനൊന്നിന്ന
ചിത്രാംഗദനാം ഗന്ധർവൻ കോപിച്ചു
ആർത്തടുത്തു യുദ്ധംചെയ്തുടനേ
നേർത്തുപോരിലിരുപേരുമൊന്നിച്ചു
പാർത്തിടാതെ വാളാൽപ്പൊരുതിച്ചു
പിന്നെ നാടുവാണു വിചിത്രവീര്യൻ
കൊണ്ടു രാജയക്ഷ്മാവാകിയ വ്യാധി
അമ്മയായ സത്യവതിയമ്മ
തനയനാം വേദവ്യാസനെയോർത്തു
ഉദിച്ചുടൻമെല്ലെ മാമുനിവ്യാസൻ
വേഗമവിടത്തേക്കെഴുന്നള്ളി
അപ്പോളുരചെയ്തു വ്യാസനെ നോക്കി
ഇപ്പോഴെന്നുള്ളിലെന്റെ സങ്കടമെല്ലാം
വത്സനാകും ചിത്രാംഗദന്റെ കയ്യാൽ
ഉയർനാട്ടിലായി വിചിത്രവീര്യൻ
പെറാതില്ലാതെക്കിടന്നിരുപേരും
ചോരരല്ലെന്റെ ദുഃഖമെന്തുചൊല്ലാവൂ
സോമകുലത്തിൽ സന്തതിയില്ലാതെ
സാമാന്യമായി വന്നിതാലമാരാളും
അംബികയിലുമംബാലികയിലും

ചൊന്ന സന്തതിയുണ്ടാകണമിന്നു
അമ്മ ചൊന്നതു കേട്ടംബികതാനും
അംഗം പുണരുവാൻ ചെന്നൊരു നേരം
കൃഷ്ണമായ രൂപവേഷ്ടിതം കണ്ടു.
ദൃഷ്ടിയടച്ചു മെയ് പുണർന്നമൂലം
ചൊന്നംബികയിലുളവായുള്ളോൻ
ദൃഷ്ടിവിഹീനനായ് ധൃതരാഷ്ട്രർതാൻ
അംബാലികതന്റെ മെയ്പുണരുന്നേരം
അന്നുമുനിസ്വരൂപവിഹീനനായി
ഗാത്രക്ഷീണതാദികളൊക്കെ കണ്ടു.
നേത്രകൗതുകം വർണ്ണത്തിനുമൂലം
സൂക്ഷ്മമതിലന്നവളുന്നംശവർണ്ണന്റെ
ഗാത്രമൊരു വസ്ത്രംകൊണ്ടു മറച്ചു
അംബാലികയുമപ്പുണർന്നമൂലം
അംബാലികയിലുണ്ടായിതു പാണ്ഡു
സത്യവതി മാതാവിതെല്ലാം കണ്ടു
സത്യവതി തന്നോടിങ്ങനെ ചൊല്ലി
പുത്രാ കേൾക്കനീയിന്നിവിടെ ചെയ്ത
വിക്രമമെല്ലാം വിഫലമായി
ചൊന്നംബികയിലുളവായതുപോലെ
ദൃഷ്ടിവിഹീനനായുള്ളൊരു പുത്രൻ
അംബാലികതന്നിലുളവായുള്ളോൻ
അംഗവിഹീനനായുള്ളൊരു പാണ്ഡു
തപകലമെന്തിനുതകാനായി
ഉൽകൃഷ്ടതമമതുതാനും നൽകുകനീയും
അമ്മ ചൊന്നതുപോൽ ചെന്നൊരു നേരം
അമ്മമുനിപിന്നൊരു ദാസിയുമുള്ള
അമ്മാനിനിയുമപ്പുണർന്നമൂലം
മൂന്നാമതായ്ദാസി തന്നിലിന്നു
ഉണ്ടായ് വിദുരനെന്നൊരു തനയൻ
അല്പമൊഴിഞ്ഞതുളവാരതമാനിച്ചു

നവ്യ

നല്ലപോലെ വാണങ്ങിരിക്കുംകാലം
അന്ധനായുള്ള ധൃതരാഷ്ട്ര രാജാപിന്നെ
സന്തോഷമോടെ ഗാന്ധാരിയെയുംവേട്ടു
കുന്തിഭോജന്റെ നന്ദനയാകും
കുന്തിദേവിയെയുംപിന്നെ വൈകാതെ
മദ്രാത്മജയാകും മാദ്രിയെയുംകൂടെ
ആർദ്രമാനസനാംപാണ്ഡു കൈക്കൊണ്ടു
ചിത്തകൗതുകത്തോടൊത്തഥ പാണ്ഡു
മത്തഗാമിനിമാരോട് ചേർന്നിട്ട്
അല്ലിത്താർകളിൽ മടിച്ചീടാതെ
അന്തരമൊഴിഞ്ഞത്തു മരുവുംകാലം
ചിത്രമായിയാണ്ടം കലന്നതായി
ഒത്തുപുണർന്നയോരാളതാഴിലെൻ
കണ്ടുകൗതുകമിയന്നുള്ളമായം
മന്ദിയാണെന്നതായു തൊട്ടത്തിനോന്നു
അസ്ത്രമെറവരനക്കയുംദിവ്യ
ശസ്ത്രമോടുനല്ല മുനിയന്നും.
അംഗനാസ്ത്രമോര പ്രിയതമയെ
ഇംഗിതമാതൊന്നാൽ ദിനംതങ്ങളു
വന്നീടുമേ ചന്ദ്രവംശജാ പാണ്ഡു
മന്നനിനക്ക മേലാസുഖംവരേ
എവമരുൾചെയ്തു മുനിയുമപ്പോൾ
ദേഹമുപേക്ഷിച്ചു ദിവംപ്രാപിച്ചു
ഗാന്ധാരിക്ക ഗർഭമുളവായെന്ന
എല്ലാവരുമങ്ങും പറഞ്ഞുകേട്ട്
കുന്തിദേവിയോട് പറഞ്ഞുപാണ്ഡു
ഗാന്ധാരിക്ക ഗർഭമുളവായിപ്പോൾ
ഭാഗ്യവാനായിവന്നഅഗ്രജൻതാനും
ഭാഗ്യവിഹീനിയായുള്ളനിജ്ജ ഞാനും
പണ്ടുമിക്കലത്തിൽ പുത്രരില്ലാതെ
വണ്ടാർകുഴലിമാർ ദുഃഖിതരായി

നാൽ

നന്മയൊന്നിതെന്നേ പറഞ്ഞിടാവൂ
പുത്രരുമായില്ലെങ്കിലെല്ലാർക്കും
എത്തുംനരകമെന്നറിക ബാലെ
എന്നതോർത്തു നീയുമെൻ്റെ വാക്ക്
നിഷേധിക്കാതെ നടപ്പിച്ചീടുകവേണം
ഭർത്തൃശാസന കൈക്കൊണ്ടവൾതൻ്റെ
ഭർത്താവായപാണ്ഡു തന്നോടുചൊല്ലി
പണ്ടെനിക്ക് ദുർവ്വാസമുനി തന്നി
ട്ടുണ്ടൊരു മന്ത്രമവയെന്നാലും
പ്രയോഗിച്ചിടുകിലിന്നതിൽനിന്നും
പറഞ്ഞിടാതെ പുത്രന്മാരുണ്ടാകും
ഏവംകേട്ടുടൻപാണ്ഡുവിന്നുള്ളതൻ്റെ
ദേവംകുറിച്ചു പാണ്ഡുവുമുരച്ചു
യോഗ്യതകൾമൊത്തുള്ളതിമനോടൊപ്പം
ബാലെ സതികലമാലികേ കുന്തി
ചാലെ സന്തതിയുണ്ടാവതിനായി
സേവിച്ചീടുകനീ ധർമ്മദേവനെ
മോദമൊത്തൊന്നായ് അപേക്ഷിച്ചീടാം
ഇത്ഥംകേട്ട കുന്തീദേവിയുമപ്പോൾ
ശുദ്ധബുദ്ധിയോടുമവൻ തന്നെ
സേവിച്ചതിനാലെ കുന്തിയുമായി
പ്രാപിച്ചതിനാലൊരുപുത്രനും
കേട്ടുകൊൾക ദിവ്യനാമിവനെന്നും
നാട്ടിന്നധിപതിയാമിവനെന്നും
നാമമിവന്നു യുധിഷ്ഠിരനെന്നും
നാരായണഭക്തനാമിവനെന്നും
ഇത്ഥംകേട്ട പാണ്ഡു അവനെയപ്പോൾ
ചിത്തംതെളിഞ്ഞു മെയ്പുണർന്നാനവൻ
വണ്ടാർകുഴലിയാം ഭാമിനിയോട്
രണ്ടാമതുംപാണ്ഡു പറഞ്ഞാനല്ലോ
ഏറ്റമേറിയവർ മാരുതനെയാം

ഉദാരമിവനില്ലെന്നറികബാലെ
എന്നതോർത്തിനിയും ഒന്നറിയേണം
ഇന്നു മാനുഷന്മാരെയോർമിച്ചു
മിണ്ടാതിരിക്കാതെ തിപ്പതിന്നാ
ശുണ്ഠാകണ്ഠം പുത്രനിനിയുമൊന്നു
വായുപുത്രനൊന്നു പിറക്കുന്നാകിൽ
പാരുമതിപൂജ്യമാമാരാധകൊണ്ടിൽ
ഏവംകേട്ടുകുന്തി ദേവിയുമായി
ഭാവംതെളിഞ്ഞു മെയ് പുണർന്നാളിൽ
ഭീമസേനനെന്നതായി തനൂജൻ
ഭീമപരാക്രമനായുളവായി
വാർത്തകേട്ടു ഗാന്ധാരിയാകും നാരി
ചിത്തതാരിലോർത്തിരിക്കുന്നേറെ
ഗർഭമുളവായി ചൊല്ലാമതില്ലെന്നും
പെറ്റാലിനിയെന്തു ഫലമുള്ളെന്നും
ചീറ്റമാണ്ടുദരമർദ്ദനം ചെയ്തു
കുറ്റാർകുഴലി ഗാന്ധാരിയുമപ്പോൾ
പെറ്റാളുണ്ടകൊണ്ടു കഴവിപോലെ
നൂറായ് നുറുക്കിയ മാംസവുമപ്പോൾ
നൂറുകലശത്തിലാക്കിയാവ്യാസൻ
ഒട്ടുനാളുചെന്നപ്പോഴ കുടത്തിൽ
പൊട്ടിയൊരുമാംസക്കഷണതാനും
നൂറുകലശത്തിൽ നൂറുപേരുണ്ടായ്
നൂറുപേർക്കുമോരോ പേരുകളിട്ടു
നൂറുപേരുമുള്ള വാർത്തകളുംകേട്ടു
ഏറ്റമഴൽപൂണ്ടു പാണ്ഡുപത്നി
കാന്ത കനകമാൻമിഴിയാം കുന്തി
സ്വാന്ത വള്ളതന്നു സങ്കടം കേറിനീ
ഗാന്ധാരിയിലുണ്ടായ് നൂറു പുത്രന്മാർ
കാന്തനിവാസം നമുക്കുമുണ്ടായി
സ്വന്തജനമൊന്നു വഴിതടാതെ

വിശ്വകർമ്മവാരാന്നിധിയായിട്ടു
തങ്ങൾക്കൊരുപമനായൊരു പുത്രൻ
ഉണ്ടാകണമിപ്പോളതിന്നു ബാലേ
ഞാനും തപം ചെയ്യാമിന്ദ്രനെ നീയും
സ്നാനംചെയ്തു മന്ത്രോപാസനംചെയ്ക
പ്രാണനാഥനിതം ചൊന്നതു കേട്ടു
താണുനമസ്കാരം ചെയ്തുടൻ കുന്തി
സ്നാനംചെയ്തു ദുർവ്വാസാവിനെ നോക്കി
ധ്യാനംചെയ്തു ദേവേന്ദ്രനാമമൻപാൽ
ചക്രായുധൻ തന്റെ കൃപയാലപ്പോൾ
ശക്രനവിടത്തേക്കെഴുന്നള്ളത്തായ"
(തങ്ങൾക്കൊരുസവർണ്ണിനൊരുമട്ടു)
... ...
ഫൽഗുനമാസപ്പൂർണ്ണന്നാളിൽ
വിക്രമബുദ്ധിയായുള്ളൊരു പുത്രൻ
ശക്രാത്മജനായിപ്പിറന്നശേഷം
കാമനാതുല്യപ്രകാശകനാം
ശ്രീരാമതുല്യം വില്ലിന്മേൽപാർത്താൽ
ശോഭിച്ചുടനങ്ങു പാണ്ഡുരാജാവും
സന്തോഷമായിവന്നു കുന്തീദേവിക്കും
അർഭകനെ വാങ്ങിയണച്ചുപുൽകി
മാദ്ര്യാംബുധി പാണ്ഡുവായ രാജാവും
അർക്കാത്മജനാദി പുത്രരോടൊത്തു
അത്യാമോദേനന്നിരിക്കുംകാലം
അംബുജാക്ഷിയായ മാദ്രിയുംചൊല്ലി
ഗാന്ധാരിയും കുന്തീദേവിയും പെറു
കാന്തികലർന്ന സുതന്മാരായി
മാദ്ര്യമവർക്കൊന്നില്ലിതിക്കാലം
മാദ്ര്യരഹിതയല്ലെന്നിതു ഞാനും
അപ്പോളതുംചെയ്തു കുന്തിയും നിന്റെ
ഉൾപ്പൂവിതിലും ഞാനുംവാനെന്നു

എൻമക്കളും നിൻറമക്കളല്ലാതെ
എൻമനസ്സുതന്നിലില്ല മറ്റൊന്നേ
ഇന്നിയൊരുമന്ത്രമുള്ളതു നൽകാം
എന്നുചൊല്ലി മന്ത്രം കൊടുത്താൾകുന്തി
പാണ്ഡുനിയോഗാലശ്വിനിദേവന്മാർ
തന്നിലിരുപേരു സന്തതിയുണ്ടായ്
ശക്രസമനായ നകുലൻദിവ്യൻ
ശക്തനായ നല്ല സഹദേവനും
അഞ്ചുപേർക്കുമഞ്ചുനാമവും കൂടെ
അഞ്ചുപേർക്കും നാമം പാണ്ഡവരെന്നും
പാണ്ഡുപുത്രരെന്നും തൻ മാദ്രിനിമാരും
പാണ്ഡവരുമായി മരുവുംകാലം
വേട്ടയ്ക്കായ്പോയി പാണ്ഡുവും തൻറെ
കൂട്ടായിട്ടുപോയി മാദ്രിയുമപ്പോൾ
ഓർത്തില്ലന്നിതൻ ശാപവും പാണ്ഡു
ഒത്തു മാദ്രിയുമപ്പോൾ ചേർന്നാശേഷം
മോഹാലസ്യമായിരുന്നുപോയ് മാദ്രിയുമപ്പോൾ
ഖേദംപൂണ്ടു കുന്തീതനയന്മാരും
സ്വർഗ്ഗവാടിയിയിൽ മറ്റുള്ളോരും
അന്തണരും മുനിപുംഗവന്മാരും
ചന്ദനമെടുവാൻ നിരന്നൊരുമിച്ചും
അത്യുന്നതമായ ചിതയുംതീർത്തു
പാണ്ഡുതന്റെ ദേഹം ദഹനംചെയ്തു
ശേഷക്രിയ പാണ്ഡുസുതരെക്കൊണ്ടും
ഘോഷിച്ചുതുടർന്നുചെയ്യിച്ചന്തണന്മാരും
സാധുക്കളാമവർ പിന്നെയുമൊത്തു
സാധിക്കില്ലകാട്ടിനിവർക്കു പാർത്താൽ
എന്നോർത്തിട്ടു കുന്തീദേവിയും തൻറെ
നന്ദനരാം മക്കളേവരെയും
ആക്കി അസ്തിനമാം പുരിയിൽപിന്നെ
പോക്കി സങ്കടങ്ങളന്തണന്മാരും

കുന്തീദേവിയും തൻ മക്കളുമായി
ചന്തമോടവിടെ വാണിതുകാലം
പാരിച്ചഗ്നികത്തിജ്ജ്വലിച്ചീടുന്നേരം
അഗ്നിയതിൽച്ചാടി മരിച്ചു മാദ്രി
... ...
സോമകകുലജാതരായിരുന്നോരു
സോമധരാശ്രിത പാഞ്ചാലനാഥൻ
ദ്രോണരുമായന്നു തമ്മിൽ പൊരുതി പോരിൽ
തോറ്റവരായിതീർന്നു ശേഷമന്നാൾ
പ്രാപിച്ചിതു വൈരമതാലുള്ളോർ
ക്രോധിച്ചുടൻകോപിച്ചുതച്ചിലെല്ലാം
യജ്ഞാദികളെ ചെയ്തുചെയ്തിന
കൃഷ്ണനിന സേനാപതിയാകുന്നോൻ
കൃഷ്ണയുമുണ്ടായ്വന്നിതപ്പോൾ
സ്വയംവരത്തിനിപ്പിന്നിവർക്കുപാർത്താൽ
വയനാശ ഭോജനാദികളാകൊല്ലം
മുൻപിൽത്താൻ ജനിച്ചവരാകുന്നുള്ള
ഇന്ദ്രതന്നുടെ പാകാനമവൻ ജനിച്ചാൽ
പിന്നാലവൻ ജനിപ്പതില്ലത്രെയെന്നും
അർജ്ജുനനെന്നിതൊരുത്തൻ കൈവശത്തിപ്പോൾ
ഉൾപ്പൂക്കത്തിന്നെല്ലാവരുമൊന്നിച്ചു
നാനാവിധവാദ്യഘോഷത്തോടു-
ക്കൂടെയുള്ളൊരു സേനാപതിയായുള്ളൂ
നാടകക്കാരൊന്ന കല്യാണിയപ്പോൾ
നാനാലോകരും ചെന്നുപോലായി
അപ്പോൾ ഭൂപാലപുത്രനാം മൊഴിൽ
കേട്ടേറിടുന്ന ദ്വന്ദ്വയുദ്ധത്തോടു
ഉൾപ്പൂക്കത്തിന്നപ്പോൾ ചേർന്നു നിന്നവർക്ക്
ബോധിച്ചതെന്നോടു പറവിൻവേഗം
ശങ്കരകമാത്രതനായിട്ടും നി
ന്നീക്കമാരിലവനെന്ന ദോഷമായിപ്പോൾ

ധർമ്മാത്മജൻതന്നെ പിടിച്ചുകെട്ടി
എന്റെ മുമ്പിൽവച്ചാൽ മതിയാമല്ലൊ
നാഗരാജനിത്ഥമരുൾചെയ്തപ്പോൾ
നാനാരഥികളും കേൾക്കവെ ചൊല്ലി
ജീവനോടുതാനിരിക്കുന്നാകിൽ
മോചിച്ചുതന്നയച്ചീടുവൻ ഞാനും
ഇത്ഥം പറഞ്ഞവൻ പടയുംകൂട്ടി
ബലോദരാക്ഷരോടു പുറപ്പെട്ടപ്പോൾ
ധർമ്മാത്മജനോടെയറിഞ്ഞുചെന്നു
അംബുജാക്ഷനോടങ്ങറിയിച്ചുള്ളു
പെട്ടന്നുതന്നെ നാഗരാജൻറെ മുമ്പിൽ
കെട്ടിക്കൊണ്ടുവച്ചീടാൻ ദ്രോണനുഗ്രഹവും
സത്യംചെയ്തുവന്നു കേട്ടതിന്നിപ്പോൾ
സത്യപരായണാ നീയറിഞ്ഞില്ലെ
അപ്പോളരുൾചെയ്തു മുകുന്ദനല്ലൊ
ഉണ്ടാവതില്ലൊരു സങ്കടമേതും
രക്ഷിപ്പതിന്നാളും ഞങ്ങളെല്ലാരും
ബാധിപ്പതിന്നാളില്ലിന്നിവരാരും
ഇത്ഥമരുൾചെയ്തു ധർമ്മജനോടു
തപാചജ്ജുറൊപ്പുമായി
ഘൂരരത്തിലതിഘോരമായപ്പോൾ
കാറിരുകനും ബല്ല്യതമൊന്നിച്ചു
ഉല്ലാസത്തോടുപോർ ചെയ്തുള്ളനേരം
എല്ലാവരും കണ്ടു വിസ്മയംപൂണ്ടു
അന്നസ്തമിച്ചവർ പടയും മാറി
അന്നപ്പോൾപുരത്തിൽ വസിച്ചുള്ളോരും
അന്നത്താഴവും കഴിഞ്ഞവരെല്ലാം
സന്നദ്ധനാം ദ്രോണരുളിച്ചെയ്തു
നന്ദാത്മജനും പാർത്ഥനുമായിട്ടു
ഒന്നിച്ചുനമ്മോടിന്നെതിർക്കുന്നാകിൽ
നേർപ്പാനാരുള്ളീ ലോകത്തിങ്കൽ

മൂർന്നിരുന്നിതന്തരൻ പണ്ണിയാമല്ലോ
കൃഷ്ണനുള്ളനാരെന്തയകാരണനാകിൽ
നീക്കമില്ല സത്യം പരിപാലിക്കണം.
അപ്പോഴം ത്രിഗർത്താദി വീരരും ചൊല്ലി
ഇപ്പോഴം ചെന്നിവരെ മാററിടാമല്ലോ
എന്നുപറഞ്ഞതിന്നരികിലെത്തി മുൻപേ
ചെന്നു പോരിനായി വിളിച്ചുകൊണ്ടാൻ
വീരാ ധനഞ്ജയാ ഫൽഗുനാ നീയും
പോരും പോരിനെങ്കിൽ വരികെന്നോട്
അപ്പോഴർജ്ജുനനും കൃഷ്ണനുമായി
അത്തുത്രിഗർത്താദിയോടി എതിരേറ്റു
ശേഷമപ്പോഴം പിൻപേ ദ്രോണർചെന്നു
അപ്പോൾ കിരീടമില്ല ദ്രോണാചാര്യരും
കൊല്ലേറിട്ടകൊണ്ട വ്യൂഹമുള്ളി
പോരിനൊരുങ്ങി നിലയുറച്ചിന്നു
വീരനായ ധൃഷ്ടദ്യുമ്നനും ചെന്നു
നേർത്തുനിന്നവർ പൊരുതപോരിൽ
തോററുപോയിതന്നു പാണ്ഡവസൈന്യം
പാഞ്ചാലനും പാണ്ഡവന്മാരും
സാത്യകിയും സഹദേവനുംപിന്നെ
ചൊന്നനകുലനും ഭീമനുമായി
ഏററെടുത്തുള്ളവരികളോടപ്പോഴം
നേർത്തുനിന്നവർ പൊരുതപോര്
പാർത്തുകണ്ടവർക്കും പറഞ്ഞുകൂടാ
ഭൂമിയൊരാറികൊണ്ടിതാകാശം
ചോരിക്കാണികളുക്കും വളർന്നിട്ടുന്നു
വീരർ ചിലരങ്ങു മരിച്ചിട്ടുന്നു
വീണുസ്വർഗ്ഗത്തിൽ ഗമിച്ചിട്ടുന്നു
ഭീതിപൂണ്ടുചിലർ വീണിരുന്നു
ഭീമൻ പദയിടങ്ങളിലാക്കിന്നു
നാനാരാശികളും ഉമിച്ചിട്ടുന്നു

നാരായണായെന്ന ജപിച്ചീടുന്ന
പാടിനാരദനും തെളിഞ്ഞീടുന്നു.
വാടിവദനം ദുര്യോധനൻ തന്റെ
അപ്പോൾ ഭഗദത്തവീരനടുചെന്നു.
കരുപ്പിനോടു പോരുചെയ്യുന്നതിനായി
പത്തായിരമാനബലമുള്ളോരു
മത്തഗജത്തിന്റെ കഴുത്തിലേറി
കൊണ്ടലൊലിപോൽ തേരൊലി കൊണ്ടപ്പോൾ
മണിയണഞ്ഞത്തെല്ലാ വായുവിൻപുത്രൻ
മത്തകരിതന്റെ വരവുകണ്ടു
ഹസ്തിവൈരിയെന്ന കണക്കെ വീരൻ
ഉന്നൃത്തമിച്ചവൻ കപിതനായാർത്തിൻ
വാത്മചിത്രമെന്ന പോരതിശയം
വാങ്ങിനിഷ്ഠിയും നീങ്ങാതെ നിന്നിട്ടും
ഓങ്ങിയടിച്ചും ഒട്ടിപ്പിടിച്ചും ചിലനേ
നാനാവതമാര ഭൂമിയിൽവീണ
കൊമ്പുകളും കീറിട്ടവല്ലതെല്ലാം പിന്നെ
തെല്ലുകലവാങ്ങി നിന്നിടുന്നാകിൽ
കൊല്ലം ഭഗദത്തവീരനാന
മത്തകരിതന്റെ വരവുകണ്ടാൽ
മത്തകരിതന്നോടേറ്റുമുട്ടാ
ബലമവെന്നമിതപേക്ഷയെന്നപോൽ
ഘോരകോലാഹലം കണ്ടവരെല്ലാരും
ചിത്രമിതുപോലെ കണ്ടിതില്ലെന്നും
ചിത്രചിത്രമെന്ന കാണികൾ ചൊല്ലി
മത്തകരികളൊന്നിച്ചാർത്തിട്ടും ഘോഷം
വീരരുടെ പെരുതോരണാലികളും
പോരാളികൾ നിലവിളിഘോഷവും
ആരവാരവും കേട്ടുണർന്നതും
വൃഷ്ണികളധിപനായി മരുന്ന
കൃഷ്ണൻതിരുവടിയോടുരചെയ്തു

പോരിനിങ്ങുപോന്ന സമയംകണ്ടു
പോരതിഘോരമായി വന്നിപ്പോൾ
ആരവാരമതിഘോരമായ്കേട്ടപ്പൊ
അരനൊടിയിടപോലും പാർക്കരുതല്ലോ
പാർത്ഥഗിരംകേട്ടു പങ്കജനേത്രൻ
ആസ്ഥയോടു രഥം തിരിച്ചോടിച്ചു.
ത്രിഗർത്താദികൾ പിന്നിൽ തിരിഞ്ഞുനിന്നു
കേളാകേളാതങ്ങന്നു വിളിച്ചുചൊല്ലി
വീരനെന്നു നിന്നെ ചൊല്ലുവതെന്തു
പോരിലിട്ടിച്ചുപോന്നു തിരിച്ചുപോന്നു
പോരിലരികളൊടെതിർക്കുന്നോരു
ആരുമില്ലപോലെ കസ്തൂരിവില്ലു
പോരുംപോരിനെങ്കിൽ നടാനിൽക്കേണം
പോരയെന്നിനെങ്കിൽ മരിപ്പിക്കേണം
നാണംകെട്ടു നിങ്ങൾക്കില്ലയോ പാർത്ഥ
ഇതുകേട്ടു പാർത്ഥൻ കോപവുമൂണ്ടു
മത്തകരിവരൻ വരവുകണ്ടു
യുദ്ധഭൂമിതന്നിൽ ചെന്നൊരുനേരം
മത്തവാരണവും ഭഗദത്തനും
കാററിന്മകനായ ഭീമനോടേററ
ഉററോരോടു പോരുചെയ്യുന്നുകണ്ടു,
തെററെന്നുപോകം ഭീമസേനനെനോക്കി
കാററിൻചിറകുപോലെയടുത്താൻ പാർത്ഥൻ
ഭഗദത്തനോടെതിർന്നു പാർത്ഥനന്നേരം.
മത്തകരിയോടു ഭീമനന്നേരം
കണ്ടുനിന്ന നാനാജനങ്ങളെല്ലാം
കൊണ്ടാടിനാർ പോരിൻ കോപ്പുകണ്ടു്
ഘോരഘോരമവർ പൊരുതുന്നിതല്ലൊ
വീരനായ ഭഗദത്തനപ്പോൾ
പാർത്ഥനെയും പത്മലോചനനെയും
പാരമെത്ര ദേഹം പിളർന്നുവോളം

കോപിച്ചു ഫല്ഗുനനും ഭഗദത്തന്റെ
ചാപം മുറിച്ചപ്പോളവനും കോപാൽ
മുരാത്തത്തിന്നിളകണ്ടിട്ടുമുൻപേ
തരൊരന്നൊതവില്ല കലച്ചുടത്താൻ
നാരായണാസ്ത്രമഭിമന്ത്രിച്ചു
പാരാതയച്ചുട്ട്യാ പാർത്ഥനെക്കൊല്ലുവാൻ
പാരമെറിഞ്ഞതസ്ത്രം വരവുകണ്ട്
നാരായണൻ മെയ്യിലേറ്റുകൊണ്ടപ്പോൾ
പാർത്ഥൻമനമൊന്നു ചലിച്ചുനേരം
നേർത്തശരം കൃഷ്ണൻ തടുക്കയാലെ
ചെറ്റുമാധവനതരുളിച്ചെയ്തു
പാർത്ഥാലില്ലുകരം ചെമിച്ചുമന്നി
ചീർത്തകോപമോടെ മടകരിയും
കത്താൻഭീമനനക്കരങ്ങളുയും കോപാൽ
എതിർപ്പിടിച്ചു മെല്ലോരെറിഞ്ഞപ്പോൾ
കൊമ്പുതന്നിൽവന്നു വിഴ്‌വതിന്നായി
കൊമ്പുകൂത്തിന്നിന്നീടിനനേരം
ഭീമൻ മരിച്ചിട്ടിതപ്പുറമെന്നോർത്തു
ഖേദപ്പെട്ടു പാർത്ഥനെയ്തൊരുബാണം
ആനതലയറ്റു ഭഗദത്തന്റെ
വില്ലുമറ്റവന്റെ തലയുമറ്റു
വാലുമറ്റു കൊമ്പനാനയുംവീണു
ദേവനാരിമാർ പൂമാരികൾതൂകി
ചിത്രംചിത്രമെന്നു മുനികൾചൊല്ലി
അപ്പോൾ ശകുനിയും മായകൾ കാട്ടി
കൊല്ലുവാനതുമായ് ചെറുക്കിന്നായി
ചൂതല്ലിടമല്ല പോരിതെന്നോർത്ത്
വില്ലിനില്ലെന്നുള്ളടക്കാൻപാർത്ഥൻ
വില്ലും കൊടിയോടു കുതിരചക്രം
ചൊല്ലിച്ചൊല്ലിയെല്ലാം മുറിച്ചാൻ പാർത്ഥൻ
ഓടിപ്പോയില്ലതെ ശകുനിനിന്നു

പാൎത്ഥനൊടങ്ങപിഴയെ വാരണമെന്നോൎത്തു
ദ്രോണാത്മജനൊട്ടൊത്തുതാനപ്പോൾ
ബാണൗഘം കൊണ്ടതങ്ങൊഴിച്ചാൻ പാൎത്ഥൻ
വൻപടകളെല്ലാം സംഭ്രമം പൂണ്ടു
വൻപൻകൎണ്ണനുടെ പിമ്പിലായപ്പോൾ
വിദ്യെക്കുനിധിയാകിയ പാൎത്ഥൻ
സൂൎയ്യാത്മജനായ കൎണ്ണനോടേറെ
പാരം പരസ്പരം പോരതുനിൽക്കു
നേരറിന്ന നാനാജനങ്ങളെല്ലാം
കാണ്മാൻകൌതുകംപൂണ്ടൊടിരിപ്പൊരുവിധം
കൎണ്ണാത്മജന്മാരെ കൊന്നിതുപാൎത്ഥൻ
കൎണ്ണാദികൾതന്നുടെ കൈകൊണ്ടിപ്പോൾ
അൎണ്ണവത്തിലങ്ങു മറഞ്ഞു സൂൎയ്യൻ
ഷൾഗുണപതിയായ ശ്രീനാരായണൻ
ഗ്ഗുരുവിനോടു തൊഴുതുണൎത്തി
ബന്ധുക്കളും ഭൂപതനാദികൾ
അന്തകൻതൻ പുരംതന്നിലായല്ലൊ.
മോഹം ഭവാനിന്നിതു വന്നതില്ലല്ലൊ
ദേഹം തന്നുള്ളിലിതുള്ളതല്ലൊ
അപ്പോളുത്തരം ചെയ്തു ദ്രോണനുമിവ്വണ്ണം
ഉൾപ്പൂക്കളിലൊന്നാൻ കേട്ടുകൊണ്ടാലും
വീരനായ പാൎത്ഥനെക്കാത്തു
നാരായണദേവൻ സാരഥിയായാൻ
ആതുരചന്ദ്രൻ നേരൊ ജയിച്ചീടുന്നു
പോരുംപൊരുതിന്നു ഞാൻ പറഞ്ഞതെല്ലാം
ഭൂരിയശോധനരായവരെയെങ്കിൽ
നേരെവന്നോരെ നിഗ്രഹിച്ചീടാം
എങ്കിൽ ത്രികൎത്താദിവീരരുംപോയി
ശങ്കകൂടാതവരെയകറ്റീടണം
എന്നിരിക്കുവാനും നടകൊണ്ടല്ലൊ
വെന്നിപ്പരകളും പടകളുമായ്

കേട്ടപോരിനവർ പുറപ്പെട്ടപ്പോൾ
ആർത്തരവംകേട്ട പങ്കജനേത്രൻ
പാൎത്ഥൻതന്നുമായി പുറപ്പെട്ടപ്പോൾ
ശത്രുസൈന്യമോടി ദക്ഷിണദിക്കിൽ
സവ്യസാചിയും പിൻതുടൎന്നിന്നു
പാൎത്ഥൻപുറയായതൊത്തുടൻദ്രോണർ
ആനന്ദമോടെ പത്മവ്യൂഹംകെട്ടി
നിൎത്തിവൻപടകളിളക്കിക്കൂടാ—
തൽക്ഷണേതനമോൎത്തു ധൎമ്മജൻതാനും
പാൎത്ഥതനയൻതന്നെ വിളിച്ചുരചെയ്തു
ഘോരപ്പോരിനിബന്ധനാടിയാതം
നാഥന്മാർ നാമെല്ലാമിവൈകുണ്ഠൻ
തന്റെ മക്കളനേകരുമുണ്ട്
പാൎത്ഥന്റെ പുത്രനായുണ്ട്
പാൎത്ഥപുത്രൻതന്നെ മതിയായുള്ളു
അഭിമന്യുമകനിവൻ നിനച്ചുകൊണ്ട്
അഭിമന്യുവിനോടിങ്ങനരുളിച്ചെയ്തു
വീരാ കുമാരാ മാതുലനേയ
ധീരാ സുകുമാരാ സുഭദ്രാതനയാ
പോരിനിവർനമ്മോടു വിളിക്കുന്നല്ലോ
പോരാളുണ്ടിങ്ങിനിയുക്ഷപാൎത്ഥൻ
ദൂരെപോയിനിന്റെതാതനാം പാൎത്ഥൻ
കൂടെപ്പോയിതല്ലോ മാധവൻ കൃഷ്ണൻ
നീയല്ലാതെ കനില്ലാരുമിപ്പോൾ
പാൎത്ഥൻപുത്രനല്ലാതിന്നീയുദ്ധത്തിൽ
ആശ്രിതന്മാരേ ജയിക്കാവതാം
ഇങ്ങനെ അരുളിച്ചെയ്തു ധൎമ്മജൻതാനും
പാൎത്ഥതനയൻതാനും തൊഴുതിട്ടുണൎത്തി
ഉത്തമമാതുല മാതുലരോടു
ഏതുമൊരു മാതുലവാനിന്നു
ഉറ്റമില്ല ബാലനാകുമെനിക്കിന്നു

പാർത്ഥനെ ജനിതമദമം ചെയ്യപ്പോഴം
പാർത്ഥിവനാം ധർമ്മനന്ദനം ചൊന്നാൻ
ഭീമൻപോരുമല്ലോ ഇളയോനായിട്ടു
കുന്തിപ്പോരുമല്ലോ കേകയന്മാരും
മററുള്ള പടനായകന്മാരും
വീരനായവിരാടപ്പുചനും പോരും
മററും ചൊല്ലും പ്പടയും പോരും
പോരിൽ സ്വതന്ത്രനും നടന്നും മററും
പോരിൽ ജയിപ്പീടുവാൻ ദിക്ഷണം
ധർമ്മനന്ദനിതമദമം ചെയ്യപ്പോഴം
വീരനാകമദി ശസ്ത്രം ചൊന്നാൻ
സ്വതനാകിലയത സ്വതന്ത്രനാപ്പു
തന്നവരാടിക്കെന്നിപ്പരാതൊരാരം
അപ്പോൾ ശിസ്യതന്നോട്ടു ചൊല്ലി
സ്വതനാകിലയതു സ്വതന്ത്രൻതാനം
അധികം ബലമല്ലോ നീതിയിന്നൊന്നാൽ
ആനമേഘ പോരിലും ആർക്കുവാൻക്കും
സേനാപതിയല്ലോ കുന്ത്യനാം ഭീമൻ
അങ്ങയല്ലോ ഒരുത്തൊരുവപിന്ന
കുന്തൻകൃപര ദ്രോണരും മററുള്ള
പൊന്നുൻമാരോടേറ പിന്നെയുന്നോരം
പോരിലിട്ടിരിപ്പുന്നായോ പലർക്കല്ലാം
പോരാളുന്നുണ്ടുന്നീ! ചിന്തുനമേററം
കേൾക്കണമിവരോടെ! ഞാൻ ബലമെന്നാകിലും
അകൃതമല്ലതാനൻറ തനനാകുന്ന
അർജ്ജുവനാകുന്ന ധൃകുലനാകൻറ
അന്ത്യൻകുടപ്പുചനാനറിഞ്ഞാലും
പോരിൽ പാരിന തൊനതിലുമെൻറ
പ്രാണൻകളവാൻതാൻ മതിയാമല്ലോ
പിന്നെയവരെക്കൊന്നപ്പഴിമിട്ടാൻ
എന്നപ്പാറിയവതണറിഞ്ഞാലും

എന്നല്ലവർതന്റെ കൃപയുണ്ടെങ്കിൽ
ഇന്നു ജയിപ്പാൻ ഞാൻ മതിയാമല്ലോ
വാക്യമിതുകേട്ടു സുമന്ത്രർതാനും
വേഗമോടു തേരു തെളിച്ചുവല്ലോ
ഭീമപരാക്രമനാമഭിമന്യു
ഭീമപദാതികളോടൊരുമിച്ചു
തേരിലേറി തന്റെ വാഹിനിയോടൊത്ത
ചതുരംഗമായിട്ടുള്ള സേനകൾക്കൊപ്പം
ചാപം ശരം ചക്രം പരിഘ ശൂലം
വേലും മുസലവും വെണ്മഴു കുന്തം
ഖഡ്ഗം മുദ്ഗരം ചുരിക കത്തി
ഭിണ്ഡം കുന്തത്തില കനകത്തടി
കല്ലും കവിണയോടു കവചം നല്ല
ആയുധങ്ങളെല്ലാം വഹിച്ചുതേരിൽ
പാരം കതിരവെ വിരവിൽക്കൂടി
ലോകമൊക്കെ നേരെ വരുന്നപോലെ
പൊന്നണിഞ്ഞ മന്നവരെല്ലാരും
പിന്നാലവർപൊന്നിൻമലകൾപോലെ
വെള്ളത്തിലെ തിരമാലകൾപോലെ
അലയാഴികൾപൊങ്ങും പോലെ
കാലാൾപടകളും നിരക്കുമാറ്
വൻപോരടുക്കുന്ന പടഹമേറി
കൊമ്പും കുഴൽ ചിഹ്നം നിറന്ന ശംഖം
കൊടികൾതഴയൊത്തനിരവേ
ഘണ്ടാമണിനാദമൊത്തനിരവേ
കൊണ്ടലൊലിപോൽ ഞാണൊലി കൊണ്ടപ്പോൾ
എട്ടുദിക്കുകളും നടുങ്ങുമാറ്
ഭൂമികുലുങ്ങി വൻപൊടിയിളകി
ഭൂമണ്ഡലങ്ങളും വിറയ്ക്കുമാറ്
എട്ടാശകൾ പൊട്ടുമാറലറിക്കൊണ്ട്
വട്ടം നിരന്നെല്ലാ പാണ്ഡവർസൈന്യം

വീരകേസരിപോലുള്ളരിമന്നു
ഘോരാരവത്തോടെ പാഞ്ചജന്യസ്വനം
കോലാഹലത്തോടെ വരവുകണ്ടു്
അത്ഭുതനാദവും ചെയ്തലറിയാർത്ത്
നാനാതരങ്ങളെല്ലാതു വിസ്ഫുലികങ്ങളെല്ലാതും
ഞെട്ടിവിറക്കാതെ മുന്നാണിക്കാരരി
ഒത്തുകൂടിയൊരു മാറ്റമേനിപ്പിൻ
അല്ലാതുള്ള പൂമ്പിള്ളകളെല്ലാം
അങ്ങുമിങ്ങുമായി നിരത്തിക്കൊണ്ടുവിൻ
ഉത്തമം തലപ്പൊക്കം പൂത്തുനിന്നകാലിൽ
തെറ്റിതെറ്റിപ്പറ്റി നിരത്തിക്കൊണ്ടു്
പോരിനൊരുങ്ങു നിലയ്ക്കുനിന്ന
നായാട്ടമരിപോലെ രോഷമുണ്ടായി
അപ്പോൾ കുത്തുണ്ടോർമ്മകളുണ്ടൻ
കെൽപ്പുള്ളവരാകെ മരിക്കുമാറു്
ഉലയ്ക്കടങ്ങാത്തതാം പിണങ്ങണാരും
വാളും മഴുവലച്ചിട്ടുണ്ടിതെന്നാലും,
കാററിൽപ്പാറുന്നപോലെയടുത്താനവൻ
മുററുമൊരു പരമ്പൂർണ്ണപ്പിഴ
തെറിച്ചില പറമ്പൂറന്നപ്പോൾ
ചിന്നിച്ചിതറിച്ച നൂറായിരം
ചിന്നമായിവന്നു മാനം കരവീരൻ
പാതിമാനമുള്ളവൻറെ ബലവീര്യങ്ങളും
പാത്തുപാത്തു ദേവമുനിമാരെല്ലാം
ചിത്രമിതുപോലെ കണ്ടതില്ലെങ്ങും
ചിതംചിതമെന്നു പുകഴ്ത്തീടുന്നു
പോരിൽചിലരന്നു മരിച്ചീടുന്നു
പോരിൽചിലരോടിയൊളിച്ചീടുന്നു
വീരരായവർകളും തിരിഞ്ഞുനിന്നു
ഘോരശരമാരി പൊഴിച്ചീടുന്നു
ചാരത്തുനിന്നോരെ മുറിഞ്ഞീടുന്നു

പാരാളുടൻകൃത്യ ഒഴിച്ചീടുന്നു
കാണികളും ദിവ്യാംഗനമാർകളും
കൺകൊള്ളാതവനു നിറന്നീടുന്നു
ചഞ്ചാതികൾ വീണങ്ങിഴഞ്ഞീടുന്നു
പാപമെന്നുചൊല്ലിയടുത്തീടുന്നു
കണ്ഠമതിലമ്പു തറച്ചീടുന്നു.
കാണാതിണഞ്ഞവർ തിരിച്ചീടുന്നു
കാലപുരിക്കാക്കി ഗമിച്ചീടുന്നു
ചാകാതവരോടിയൊളിച്ചീടുന്നു
ശല്യംമുഴുത്തുപൊതൊട്ടീടുന്നു
തണ്ണീർകുടിയാതെ തളർന്നീടുന്നു
കണ്ണീർപൊഴിച്ചൊട്ടു കരഞ്ഞീടുന്നു.
നാനാമഹാകൂക്ക വിളിച്ചീടുന്നു
നാരായണായെന്നു ജപിച്ചീടുന്നു
മന്നവന്മാരണത്തിന്നായുധങ്ങൾകൊണ്ടു
വെട്ടുപാടുകളെണ്ണുംചൊല്ലുന്നു.
കാണികളുംകണ്ടു വിരൂപംപാരം
ഉച്ചാണിമേലമെല്ലു കരയുന്നിടുന്നു
ഞെളിച്ചുകൊത്തുവിളിച്ചീടുന്നു.
തളിരുധിരത്തിൽ പുളച്ചീടുന്നു
പക്ഷിമൃഗങ്ങളും തെറിച്ചീടുന്നു
വിക്രമികൾ പൊങ്ങിനടന്നീടുന്നു
വിദ്യാധരിപ്പെണ്ണുങ്ങൾ തരുത്തീടുന്നു
ഉന്മത്തരുണ്ണുംകൊണ്ടാടീടുന്നു
ഭീമൻഗദകൊണ്ടൊതുക്കീടുന്നു
വാളികളൊക്കെയും മുടിച്ചീടുന്നു
വാദികളൊരുമിച്ചു പറന്നീടുന്നു
നാകലോകത്തെല്ലാമയച്ചീടുന്നു
അപ്പോളമ്പെയ്യുമതികോപത്താൽ
കൊല്ലുന്നിട്ടും വീരകേസരിപോലെ
വില്ലാളിവീരന്മാരുടെ കൂട്ടത്തിൽ

തെല്ലും മടിക്കാതടുക്കുന്നേരം
കമ്പംകലൎന്നെല്ലാ വാനവർകൂട്ടം
ഇമ്പംമുഴുത്തെല്ലാ ഭൂമിദേവന്മാരും
ആശ്ചൎയ്യം മറവുള്ളവരുമായും
ആഹ്ലാദവത്തോടടുത്തിതന്നാരപ്പോൾ
മേഘനാദനോട് ലക്ഷ്മണൻമിന്നും
ഉഗ്രതരമേറു പൊരുതപോലെ
ശക്രതമകനാംകമലിൻസുതൻ
വിക്രമത്തോടെത്ത ഇതിന്നാരപ്പോൾ
അത്തൽമുഴുത്തെന്നു ചലിച്ചുള്ളോരും
ലക്ഷ്മണൻ നേരിട്ടത്തിനപ്പോൾ
ഞെളിഞ്ഞെതിരവർ പിണങ്ങുന്നേരം
പാൎക്കുന്നവർകൾ വീട്ടിലൊത്തി
അപ്പോളുടൻ ലക്ഷ്മണൻതന്നോടു
കേട്ടീടും ഭൂമിദേവന്മാരും ചൊന്നാർ
വേഗത്തിലിവനെ കൊൽകനിചേകൻ
എന്നുകേട്ട് ഉല്ലാസന്മാർ ചൊന്നെല്ലാം
പാതാളമന്തണ്ണൻ വധിപ്പതായി
ബലരോഷമേറ്റു തടുക്കുന്നേരം
ബാലനാംകമലിന്റെപുത്രൻ ചൊന്നാർ
നില്ലുനില്ലു പോരിനെന്നോടിന്നും
ലക്ഷ്മണനോടു തുണയായിട്ടു
നില്ലുനില്ലു നിന്നെ അയയ്ക്കുന്നൊന്നു"
പാതാളമയപ്പുറത്ത് സമയിൽവച്ചു
പൂത്തെഴലയെ ഉപ്പറിയിച്ചില്ലയോ?
ഇന്നതിനാൽനിന്നെ കൊൽകയില്ലതാൻ
കൊന്നാലുണ്ടുദോഷം സത്യംചൊല്ലാൻ
കൊല്ലുന്നിന്നെ ഭീമനില്ലസമ്മോദം
എന്നുപറഞ്ഞു പോരുകന്റെപോലെ
ചെന്നെതിരിട്ടു ബദ്ധരായി
വേഗംതേരിലേറി തിരിച്ചവനും

ഇന്നല്ലെന്നുരച്ചു പോരയോതമോടോ
ശ്ശാസനൻതന്റെ ഗമനംകണ്ടു
കെല്പോടടുത്തു പോർചെയ്തുനൻകുന്ത്യൻ
വീരനായ പാർത്ഥാത്മജനാലപ്പോൾ
വില്ലുംകൊടിയും കേതനവുംപിന്നെ
ചൊല്ലിച്ചൊല്ലിയെയ്തു തുരഗത്തെയും
ഓടാതെതാരെയെന്നു ചൊല്ലിനാൻബാലൻ
ആലിലകളെപ്പോലെ വിറച്ചുള്ളോരം
ചാലെതിരിഞ്ഞു നടന്നെല്ലാരും
ഭീമസേനനോടുള്ളൊരു വൈരത്താൽ
വീരാഗ്രേസരനായ ജയദ്രഥനം
വീരകേസരിപോലോടിനനായി
ഇക്കഥയോർത്തും പറയാനൊന്നു
ചൊല്ലുന്നേനിട്ടും ധർമ്മാദികളെല്ലാം
നാടുവിട്ടു കാട്ടിൽ വസിക്കുംകാലം
പേടിയൊഴിഞ്ഞു ജയദ്രഥനെ
പാഞ്ചാലിയെ കട്ടുകൊണ്ടുപോവാനായ
പഞ്ചബാണമേററങ്ങിനെയന്നേരം
കാററിൻചീറൽപോലെ തടുത്തു ഭീമൻ
കള്ളനായവനെ കൊൽവതിന്നായി
കണ്ഠത്തിലങ്ങു പിടിപെട്ടപ്പോൾ
കണ്ടിതന്നു ധർമ്മതനയനും ചൊല്ലി
കഷ്ടമിന്നിവനെ കൊല്ലരുതേ നീ.
പ്രാണൻകളയുന്നതെന്തിന്നു പാർത്താൽ
പിണങ്ങിയിതുകേട്ടു ഭീമസേനൻതാൻ
നാണംകെടുത്തിയവനെ വിട്ടല്ലോ
നാണംപൂണ്ടു ജയദ്രഥനംപോയി
ചെന്നീലകണ്ഠനോടുനോറ്റിച്ചു
മററവരെക്കൊൽവാൻ വരവുംവാങ്ങി
ററവപക്ഷിവൻ സഖിയായ് "നിന്നു"
ഭീമാത്മജൻകേട്ടു ചിരിച്ചുരചെയ്താൻ

ശല്യവാക്യം ജയദ്രഥനപ്പോഴും
പണ്ടുണ്ടായ വൈരം തീർപ്പതിനായി
മണ്ടിയടുത്തു പോർചെയ്തുള്ളനേരം
ആയുധം നീറമാക്കിയും ഫണിയും ചുട്ടും
ആലസ്യമുണ്ടായിവൻ ശരത്തിൻമൂലം
പേടി മുഴുത്തോടി പാണ്ഡവർസൈന്യം
പേടിയൊഴിഞ്ഞഭിമന്യുവും നിന്നാൻ.
പാർത്ഥാത്മജനല്ലാതുള്ള സൈന്യങ്ങളും
പോർക്കളം വെടിഞ്ഞു മണ്ടിയനേരം
വീരരായവർകളും വളഞ്ഞുകൂടി
പാരാതകത്താക്കിച്ചമച്ചു വ്യൂഹം.
ബാലനായ പാർത്ഥാത്മജൻതന്നോടു
കാലം ചുഴന്നു പോർചെയ്തിതെല്ലാരും.
ഏകനായ പാർത്ഥാത്മജനപ്പോഴും
മങ്ങിപ്പോയി നാനാ രഥികളെല്ലാം;
കണ്ടുനിന്ന ശല്യാത്മജനും ചൊന്നാൻ:—
"മണ്ടുന്നതിന നാണമാപ്പാർത്ഥന
കണ്ടുകൊൾവിനെന്നടുത്തന്നേരം
ചെന്നുപടയോടു കൂടവേതന്നെ.
ശല്യാത്മജൻ കലാപൂർവം പ്രാപിച്ചു;
കോപിച്ചുടൻതാനഭിമന്യുവപ്പോഴും
നേരിട്ടടുത്തു പോർചെയ്തുള്ളനേരം;
തെരുതെരെ ബാണം പൊഴിക്കകൊണ്ടു്
തല്ലിതെന്നൂനി വിറച്ചുമാറി
മറ്റുള്ളവരോടു ചൊല്ലിനാനെന്റെ
ഉറ്റബന്ധുവായിട്ടുള്ളവരെല്ലാം
മറ്റിന്നിനി ആയുധം നിറച്ചിടേണം;
തെറ്റന്നുടൻ ചെന്നു കൊല്ലുക വേഗം
നാഥനുജനിതം ചൊന്നതു കേട്ടു
നാനാ രഥികളുമായൊരുമിച്ചു
ചുറ്റും വളഞ്ഞു പോർചെയ്തിതെല്ലാരും.

അററമില്ലാതുള്ള സൈന്യങ്ങൾക്കുകി,
പേടി കഴിഞ്ഞു ഗന്ധർവ്വന്മാരും
പാരം ഉഴകിയഭിമന്യുവും നിന്നാൻ
തന്റെ മേനിതന്നിലൊന്നുമേശാതെ.
മററവരെ വില്ലാളരെയും ഉഴകി
നീക്കമൊഴിഞ്ഞഭിമന്യുവെക്കാണ്മാനം;
കാണികളും കണ്ടു പ്രസാദിച്ചോരും;
പ്രാണഭയം പൂണ്ടു വൈരികളെല്ലാം;
ചെരുതൊഴിഞ്ഞിട്ടു പിടിച്ചൊരഗ്നി
ചെന്തടനെ ചുററിപ്പിടിച്ചപോലെ,
കാററും തീയും തമ്മിൽ ചേർന്നതുപോലെ,
പാർത്ഥാത്മജനസ്ത്രമടക്കുംനേരം
അപ്പോഴഭിമന്യു പറഞ്ഞു:—"നിന്നെ
ഇപ്പോഴും കാൺമതിന്നു സംഗതി വന്നു.
കാലപുരിക്കിന്നു നിന്റെ അച്ഛന്റെ
മുമ്പിലിട്ടു കൊന്നങ്ങയയ്ക്കുന്നുണ്ടു."
പാർത്ഥാത്മജനേവം പറഞ്ഞതെല്ലാം
കേട്ടു ലക്ഷണനും കോപമുൾക്കൊണ്ടു
വാളുമൊഴിഞ്ഞൊരു ബന്ധുതന്നിപ്പോഴും
ചുററമഭിമന്യു പറഞ്ഞപോലെ
നാഗധ്വജൻതന്റെ മുമ്പിലായപ്പോഴും
കാലപുരത്തിന്നയച്ചാനപ്പോഴും.
ആത്മജനായിട്ടു ദുരിയോധനനും
വാർത്തയറിഞ്ഞഭിമന്യുവും പിന്നെ
കണ്ണിലകപ്പെട്ട വൈരിയെ എല്ലാം
കണ്ണടപ്പതിന്നു മുമ്പിലെ കൊന്നാൻ.
കർണ്ണൻ കൃപരു ഭോജനും മാദ്രനും
വമ്പർ ബൃഹൽബലൻ ദ്രോണരു പുത്രൻ
ആറു മഹാരഥന്മാരൊന്നിച്ചു
മാറാതെ എതിർത്തു പോർചെയ്യുന്ന നേരം
കൊന്നാനഭിമന്യു ബൃഹൽബലനെ.

മൂന്ന്

മന്നവരിൽ പിന്നെ ഐവരും തോററു;
പാർത്ഥതനൂജനും കർണ്ണനും കോപിച്ചു;
നേർത്തു പൊരുതപോരെങ്ങനെ ചൊൽവൂ
ഘോരശരമിതപെയ്തമേഘംപോൽ
ചോരതന്നിൽ മുങ്ങി മറഞ്ഞു ദേഹം.
കർണ്ണനോടെ പടനായകർ ചെന്നു
നിന്നു പൊരുതപ്പോഴൊന്നഭിമന്യു;
അത്രതന്നെയല്ല വൻ പടകളെ
പെട്ടെന്നടൻ കൊന്നാനർജ്ജുനപുത്രൻ.
കർണ്ണസുയോധന ദ്രോണാദികളെ
കണ്ണുനീർ വാർത്തു തങ്ങളിൽ നോക്കി.
അപ്പോഴതിരഭസം പൂണ്ടഭിമന്യു
തകർത്തുപോരിട്ടുന്നു തേർവീഥിയിൽ പുക്കു.
ദ്രോണരതു കണ്ടു പാരമെന്നപ്പോഴം
കർണ്ണൻതന്നോടുമൊത്തുരച്ചു മെല്ലെ.
"നേരോടിവനെക്കൊൽവതിന്നാരും
ആരും കരുതേണ്ട ബാലനെന്നാലും
വില്ലു പതിച്ചുള്ളു മുറിച്ചെന്നാകിൽ
കൊല്ലാമിവനെ ഇന്നില്ല സന്ദേഹം."
ഇതുകേട്ടു സൂര്യതനയനാം കർണ്ണൻ
പെട്ടെന്നൊളിയമ്പാലൊടിച്ചു ചാപം.
അശ്വങ്ങളെ ദ്രോണസുതനും കൊന്നു;
സാരഥിയെക്കൊന്നു കൃപരും പിന്നെ.
വാളും പരിചയും എടുത്താനവനേ—
വീഥിതന്നിൽ നിന്നു പൊരുതു പോരേ
ഘോരഘോരമവർ പൊരുതു നിൽക്കേ
വെട്ടു കൊണ്ടു പെട്ടു പാളികളെല്ലാം
വട്ടം നോക്കിയെത്തു ശക്തിയന്നേരത്തു
ദ്രോണസുതനും കർണ്ണനുമായിട്ടു
വാളും പരിചയുമെയ്തു ഖണ്ഡിച്ചു.
പിന്നെയൊരു ഗദകൊണ്ടവൻ വേഗം

കൊന്നാൻ ഗജതുരഗാദികളെയും.
തള്ളിയൊഴിച്ചിട്ടു തകൎമ്മണോരം
തള്ളിക്കൊന്നു ഗോപാലനോടുമപ്പോൾ.
കെല്പോടവൻ ദുശ്ശാസനതനയൻ
വീരനാകിയൊരു മരുമകൻതന്നെ
മാരിപോലെ ബാണം തൂകിയതെല്ലാം
പാരം ഗദകൊണ്ടു തടുത്താനപ്പോൾ.
നേരെ ഗദകൊണ്ടു പൊരുതു പോരിൽ
പാരം പണിയിന്നു പറവാനോൎത്താൽ.
ചിത്രമിതിനോടു തുല്യമില്ലൊന്നും
കീഴിൽ കഴിഞ്ഞതില്ല മേലിലുമില്ല.
പാരം പോരെല്ലാമടുത്തിട്ടു
നേരറ്റു തമ്മിലതി ഘോരമായപ്പോൾ.
പോരിലിരുപേരും മരിച്ചതല്ലോ
നാരായണാ, കൃഷ്ണാ, മുകുന്ദാ എന്നു
നാനാനാമങ്ങളും പുകഴ്ത്തീട്ടു.
പാൎത്ഥതനൂജന്റെ മരണമെത്തു
അത്തു ദേവനാരികളെല്ലാരും
ഹാഹാ! ശിവ! ശിവ! എന്നു ചിലർ
ഓഹോ! കഷ്ടം! കഷ്ടം! എന്നു ചിലർ
വീരനാകുമഭിമന്യുവപ്പോൾ
പോരിൽ മരിച്ചതു കേട്ടു ധൎമ്മജൻ
പാരിലൊരു മരം വീണതുപോലെ
പാരമഴൽ പൂണ്ടു വീണു മോഹിച്ചു.
പിന്നെ ഉണൎന്നവനോരോന്നു ചിന്തിച്ചു
ഉണ്ണീ ചതിച്ചോ നീ കുമാര എന്നെ
എന്റെ ചൊല്ലു കേട്ടു പോരിലിപ്പോൾ
ഞാനിന്നെങ്ങനെ കണ്ടുകൂടുന്നു.
അൎജ്ജുനനും മറ്റുള്ളവരും വന്നാൽ
ഇങ്ങനെയെന്നു പറഞ്ഞീടുന്നു
തമ്പിയിനി വേണ്ട സുഖവും വേണ്ട.

ഭൂമിതന്നിലിനി വാഴ്കയും വേണം;
പാണ്ഡവന്മാരന്നുള്ള നാമവും പോയി;
കീർത്തി ലോകത്തിൽ നാസ്തിയായ് വന്നു;
പാലാഴിയിൽ മുന്നം ശയിച്ചീടുന്ന
നാരായണൻ മത്സ്യകൂർമ്മമായന്നു
സൂകരമെ, നരസിംഹ, വാമന,
ഭൃഗുജൻ, പരശുപാണി, പരശുരാമ,
മുന്നം ദശരഥതനയനായി
രാവണനെ വധംചെയ്ത ശ്രീരാമ,
ശേഷമേ ബലഭദ്രസഹജനായി
വെണ്ണക്കവർന്നോന, മുകുന്ദ, കൃഷ്ണ;
ദുഷ്ടജനങ്ങളെ വധിപ്പതിനായി
വാളുമെടുത്തവൻ കലിയുഗത്തിൽ
അനന്തനാരായണനാമ പത്മനാഭനെ
ഉദയപ്പുരത്തിലെഴുന്നള്ളിയിരിക്കും നാഥാ,
അങ്ങേക്കേതൻ മനസ്സിലൊളിച്ചിരിക്കുന്ന
മനോ കാരണത്തിന്റെ ന്യായം പാർത്ത
പാർത്തു അതിൽപ്പൊടിക്കുന്നതല്ലോ"
കണ്ണിപ്പറിഞ്ഞ് കരഞ്ഞിലച്ചിലർ
ധർമ്മതനയനിതം വിലപിക്കയാൽ,
സത്യവതീസുതനാകിയ വ്യാസൻ
ഭീതി മനസ്സിൽനിന്നൊഴിപ്പതിനായ്
ഉത്തമമായ വാക്യങ്ങൾ ചൊന്നാൻ
പണ്ടു സഞ്ജയനാം മഹീപതിക്ക്
ഉണ്ടായൊരു പുത്രനൊരുനാൾ മരിച്ചാൻ;
നാരദന്റെ വരപ്രസാദംകൊണ്ട്
ചാതകമായൊരുത്തൻ തന്നെ
തസ്കരന്മാർ വനത്തിൽ വച്ചു കൊന്നല്ലോ;
അന്നുമഹീപതിക്കുള്ളൊരു ദുഃഖം
വന്നതൊഴിച്ചില്ലേ നാരദൻ താനും ?
ഇങ്ങനെയുള്ളൊരു ഭൂപൻ വിധിച്ച ദുഃഖ

ആകിലും തടുക്കാവല്ലൊന്നും കാണ്മവരാമോ.
എന്നൊരത്തിനി ഖേദം ചെയ്ക നീയും."
എന്നരുളിച്ചെയ്തു മറഞ്ഞു വ്യാസൻ.
നാരായണാ, രാമ, രാമ, വൈകുണ്ഠ,
രാമ, രാമ, രാമ, രാമ, പാഹിമാം.
നാരായണാ, കൃഷ്ണ, രാമ, പാഹി, മാം
ഇങ്ങനെ പാടി സ്തുതിക്കുന്നോർക്ക്
ഭക്തിയൊഴിച്ചുതും ചെയ്തു ബ്രഹ്മാവേ
ബ്രഹ്മാവൊഴികെ മറ്റാരുമില്ലെന്ന്
ഞങ്ങൾക്കറിവില്ലേ നിർമ്മലമേനി.

... ...
... ...

കാളിപ്പാട്ട്—(ദാരികവധം.)

"ശ്രീകൈലാസമതിൽ പുരാതനകാലം
ശ്രീമഹാദേവൻ വൈരാഗിയായിരിക്കും
അതിനൊരുദിനമൊരു ദാരികനോ
താളിയൊടിച്ചവിടെ നിന്നെടുത്തു
തീയവൻ വരങ്ങളും കോരിച്ചു
തീയവൻ വരങ്ങളും കൊടുപ്പാനെന്നിട്ട്
ഒരു സൂചിയതാ അവൻ നാട്ടിയല്ലോ
ഒരു വിരലുമെയവൻ കുത്തിക്കൊണ്ട്
ഒരു പതിറ്റാണ്ടു കാലമവനു
അങ്ങനെ തപസ്സായവനും നിന്നുകൊണ്ട്.
തപസ്സുചെയ്പ്പാൻ വകയില്ലാഞ്ഞിട്ട്
തന്റെ തന്നെയവിടെ പൂജനൊരുങ്ങിയല്ലോ;
വാണാലും വരങ്ങളും കൊടുത്തുപോയി;
മണിമന്ത്രശക്തി ചൊല്ലിക്കൊടുത്തുപോയി;
കൊല്ലുവാനൊ വരം കൊടുത്ത അല്ലു"

അതുദാരുവാനോ വരം കൊടുത്തു അപ്പോൾ
അങ്ങകാരത്തോ അപ്പോ ഇരിക്കെ വെച്ചു
മരിപ്പില്ലെന്നു വരം കൊടുത്തു അപ്പോൾ
അവരങ്ങളൊക്കെ വാങ്ങിച്ചുള്ളു'
കൈലാസത്തുമോ എന്നും കണ്ടില്ലാളു'
താരികാപുരത്തവനാം തിരിച്ചു അപ്പോൾ
കൈലാസത്തുമോ മുമ്പിൽ ഗോപുരം കേറ്റു
അവനും അവിടെ ചമയിച്ചാളു'
ദേവകണ്ഠനമോ ഒന്ന് തട്ടിയള്ളു'
അവനെറ്റായോ ശയനത്തിലുറങ്ങിച്ചുള്ളു'
അപ്പോഴുത്തമോ വന്നു തട്ടിയള്ളു'
ശ്രീമഹാദേവനെ ദൈവതിരുവടിയു'
ഉണർന്നുമേയവിടെ ഇരുന്ന അപ്പോ
ത്രിജടകിരന്ന തെരാധികളെല്ലാം
ത്രിജടയെവിട്ട പോയ അമ്മ
കൈലാസമടച്ചവിടെ ഇരുന്ന അന്നേരം
അന്നേരമോയവിടെ വന്ന അപ്പോ
വിഷ്ണുഭഗവാനും വന്ന അപ്പോ
നിന്തിരുവടിയെന്തു ദുഃഖിച്ചല്ല'
ഞങ്ങളെന്തു വഴി പോകണമെന്ന'
ഭദ്രകാളിയായിട്ട് തോറ്റണമില്ലേ
അതിരാദാരികനെ കൊല്ലാമല്ലോ
അന്നേരമോ ദൈവതിരുവടിവിന്ന്'
കലിതരോടു നല്ല പണിപണിച്ചു'
മൂന്നാം തൃക്കണ്ണു പൊട്ടിയമ്മ
വീരഭദ്രനും വന്നു പിറന്നമ്മ
കാളികളെഴും പിന്നെ പിറന്നമ്മ
ദേവാരപ്പള്ളി എന്ന അരുളുവങ്ക
വലംകരത്തിലുമോ വന്നു തന്ന അമ്മ
ത്രിശൂലമോ വന്നു തന്ന അമ്മ
വാമകരത്തിലും വന്നു താഴ്ന്നമ്മ

പള്ളിവാളും വന്നു താഴുന്നാരോ
മുളകാളിയോ വന്നു പിറക്കുന്നതു്.
കൈലാസം പാലുപോലെ തെളിയുന്നതോ
മൂന്നല്ലോ മൂന്നു കലയാന
പൂണൂങ്ങളും എപ്പോഴും ചാർത്തിയതോ
രണ്ടെല്ലാരണ്ടു കലയാന
ഉളിത്തടത്തില്യുമ വച്ചു തെരുത്തുകൊണ്ടു
ഏഴതല്ലോ കലയാനൊരുക്കൊണ്ടു്
മുളകാളി വന്നു പിറക്കുന്നല്ലോ
മുളകാളി വന്നു പിറന്നാരോ
ഓടി ഇരിക്കാനും ഏറിയിട്ടുരതോ
അപ്പന്റെ തൃക്കൈപിടിയോടി ചെന്ന നേരം
"എന്താണെന്റെ അപ്പാ തിരുവടിയേ
തോറ്റിയതോറ്റങ്ങൾ കേൾക്കട്ടെ"ന്നു
നാണിച്ചല്ലോ മുഖം കവിട്ടതോ
"തോറ്റിയ തോറ്റങ്ങൾ പാടാമെന്നു"
തിരുവരങ്ങടച്ചാർത്തിക്കൊണ്ടു വന്നാൽ
തോറ്റിയ തോറ്റങ്ങൾ പറഞ്ഞിടാം ക."
വെള്ളാനയോ തന്റെ തോലുരിച്ചു്
തിരുമെയ്യിലോ ആകെ ചാർത്തിക്കൊണ്ടു്
അപ്പന്റെ മുമ്പിലോടി വന്ന നേരം
വീഴുന്നോടി നമസ്കാരം ചെയ്തുകൊണ്ടു്
നിന്നടനെ അമ്മ കൈതൊഴുതു്:—
"കേൾക്കയല്ലോ, അപ്പാ തിരുവടിയു്
തോറ്റിയ തോറ്റങ്ങൾ കേൾക്കട്ടോ
അതിരാളുടിമന്നൻ താറിക്കന്നു"
തളിയുമേടച്ചുവിടെ നിന്ന നേരം
തിരുവാൻ വരങ്ങളും ചോദിച്ചിതോ
തിരുവാൻ വരങ്ങളും കൊടുത്താനതിട്ടു്
ഒറ്റൂചിയവൻ നാട്ടിയതോ
തെവിറക്കുമോ അവൻ ഉണ്ണിക്കൊണ്ടു്

ന്യത്ത

ഒന്ന പന്തിരാണ്ട കാലമവന്
തപസ്സൊഴിപ്പാൻ വരം ഇല്ലാഞ്ഞിട്ട്
അവൻതന്നെ എഴുന്നള്ളിച്ചെന്ന ഒരുതോ
വാണാലും വരങ്ങളും കൊടുത്ത അതോ
മണിമന്ത്രശക്തി ചൊല്ലിക്കൊടുത്ത അതോ
കൊല്ലുവാനും വരം കൊടുത്ത അതോ
ജയിപ്പവാനും വരം കൊടുത്ത അതോ
ആകാശത്തുമോ അല്ല ഭൂമിയിൽ വച്ചോ
കൊല്ലുവാനും വരം കൊടുത്ത അതോ
ഈ വരങ്ങളുമോ ഒക്കെ വാങ്ങിക്കൊണ്ട്
കൈലാസത്തുമോ എത്രയും കണ്ടതില്ല.
ഹരികപുരത്തവനോ ചെന്നിരുന്നോണ്ട്
കൈലാസത്തുമോ ഉള്ള ദേവപ്പെണ്ണുങ്ങൾ
അവനെന്നാവിടെ ചമയിച്ചെല്ലോ;
രാമകണ്ഠയോ ഒന്ന മുട്ടിയതോ
അവൻ ലോകരെയിട്ടെടുത്തിച്ചതോ.
ഇരിക്കുന്നോണ്ട് അവൻപൊരിക്കുന്നോണ്ട്;
എരിപൊരി തട്ടി എന്തിരിക്കുന്നു
തിരുപ്പിടിക്കിയന്ന ദേവതികൾ
തിരുപ്പിടവേർപിരിഞ്ഞു പോരായ പോയി
അതുകൊണ്ടല്ലോ എന്റെ ദേവർമക്കൾ
നിന്നെത്തനേരായിനം തരാപ്പിച്ചു.
അതിരാവിലെ കന്റെ തലയറുത്തു
എന്റെ മുമ്പിൽ കാഴ്ച വച്ചാലേ
പൊന്മകൾക്കു ദാനവും തിരുവാങ്ങ്
പൊന്മകൾക്കോ ഞാൻ തരുവാനോണ്ട്."
"ഇങ്ങനെയും പറയുന്ന ഭഗോതിയോ
കൊല്ലുന്നോ അല്ലെന്നോ ഞാനറിയുന്നു?
കേൾക്കയല്ലോ എന്റെ നല്ലച്ഛൻ
പോരിനായിട്ട ഞങ്ങളും പോരുകളോ?"
"കേൾക്കയല്ലോ എന്റെ പൊന്മകളേ,

പോരിന്നായിട്ടു നിങ്ങളും പോയ്‌വരിക"
മാരികപ്പുറത്തു ചെന്നു നിന്നുംകൊണ്ടു്
അരക്കലവിളിയൊന്നു വിളിക്കുന്നുണ്ടു്
ഉള്ളപടങ്ങളും എറിച്ചുവിടുന്നുണ്ടു്
മാരികപ്പുറമൊന്നു കല്യക്കുന്നുണ്ടു്
മാരികനമൊന്നു വിറച്ചുന്നുണ്ടു്.
"കൈലാസത്തു കണ്ണനിവന്നംകൊണ്ടു്
കള്ളിയെ തോററിയിങ്ങു വിട്ടവല്ലൊ;
പോരിന്നായ്‌ തോന്നമിന്നു പോയില്ലെങ്കിൽ
മന്നക്കോടാണതിനാൽ പോ ... പോകും
പണ്ടെപ്പൊള്ളുമോ നമുക്കന്നാമല്ലൊ
പകൽവാഴ്ച്ചം നമുക്കിങ്ങിനയല്ലൊ"
ഇങ്ങനെയുര ചെയ്തുകൊണ്ടുടനെ മാരി
തിടീരെന്നങ്ങെഴുനീറ്റിട്ടന്നവിടത്തൊന്നു്
അന്നേരമേ മുടി മാരികൻ
പൂമുഖത്തിലോ കരകേറിയതോ
മാരികന്റെ നല്ലതൊരു പോരുമ്പടമാരോ
ഒന്നുപോലെ വിളിച്ചുണർന്നു കൂട്ടിയതോ.
തെക്കേടത്തി അവന്റെ പടനാരത്തി
പടകന്നുത്തോ ചെന്നു നിന്നുംകൊണ്ടു്:—
ആളൊരടി കള്ളി എന്റെ വനത്തുകള്ളു്
വന്നു പോരിനു നിന്നു വിളിക്കുന്നു!
തെരാറിന്നെടോ കള്ളാ മാരികനേ,
നിന്റെ കൂടെകൂട്ടപ്പട പോരിന്നായി.
മാരികന്റെ നല്ലതൊരു പോരുമ്പടമാരും
മന്ത്രവുമായി പ്പോരിന്നിറങ്ങിയല്ലൊ
മാരികന്റെ നല്ലതൊരു പോരുമ്പടമാരു്
രണ്ടുകൊണ്ടു മാനവിനെ സംഹരിക്കുന്നു്
മാരികന്റെ നല്ലതൊരു പോരുമ്പടമാർ
ഒരായിരമങ്ങു കൊല്ലുമ്പോഴു്
ഒരായിരമവൻ തോററുകള്ളു്

മാരികന്റെ നല്ലതൊരു പെരുമ്പടമാത്'
ഈരായിരമമ്മ കൊല്ലുമ്പോഴ്'
നാലായിരമോ അവൻ തോറ്റമല്ലോ
മാരികന്റെ നല്ലതൊരു പെരുമ്പടമാത്'
നാലായിരമോ അമ്മ കൊല്ലുമ്പോഴ്'
ആറായിരമോ അവൻ തോറ്റമല്ലോ
മാരികന്റെ നല്ലതൊരു പെരുമ്പടമാത്'
ആറായിരമോ അമ്മ കൊല്ലുമ്പോഴ്'
പന്തീരായിരമവൻ തോറ്റമല്ലോ
പന്തീരായിരം നല്ല പെരുമ്പടമാത്'
മാതാവിനെ ചെന്ന വളർത്തുന്നതോ.
അപ്പോഴല്ലോ മാതാവിൻ മനസ്സിലിരുന്ന്'
അഗ്നികൊള്ളുമോ ഒന്ന് വളരുന്നല്ലോ
കൈലാസത്തിന്നുവന്ന കള്ളിയോടിവി
കൈലാസത്തുമോടാടി പൊയ്യൂരമ്മടി
കേളടാ കള്ളമാരികനെ
ഇന്നുതന്നെ നീയോടി പോകുന്നെന്നോ
ഇന്നിയൊരുനാളും ദിവസം വരവേണ്ട
കേട്ടോടി കുഞ്ഞുങ്ങളേ കാളികളെ
നിങ്ങളുമേ ഇവിടെ നിപ്പിനിന്ന്'
ശ്രീകൈലാസത്തുമേ ഞാൻ പോവുന്നെ
കൈലാസത്തുമോ അമ്മ ചെന്ന നിന്ന
അച്ഛനെ തിരുപ്പള്ളിയുണർത്തിയതോ
മാരികപുരത്തുന്നേൻ ചെന്നതോ
'അതിരാവുടിമന്നൻ മാരികന്'
അതിശയവാതമെന്ന് കൊട്ടത്തേനും
ചോദിച്ചുകൊണ്ടങ്ങനേം വന്നിട്ടമേ
വേറികൊണ്ടെഴുത്തമ്മ മറ്റെന്നാള്'
തണൽകണ്ടേടത്തമ്മ എഴുന്നള്ളത്തു'
വിഷ്ണുവുംനോക്കിപ്പോകുന്നാള്'
മതംവെഴുന്നള്ളിപ്പോകുന്നാള്'

വിഷ്ണുവുംകൊണ്ടു നിന്റെ ചെറുക്കനാകണം
എന്താണൊന്നാണെ വിഷ്ണുവാകണ
നീവന്നിന്നെന്നെ ചെറുപ്പത്തല്ലോ
കേൾക്കയല്ലോ അമ്മ മനതാരേ
പ്രാകൃതവേഷമെന്നു മാററണമില്ല്
പ്രാകൃതവേഷമമ്മ മാററിയെങ്കിൽ
അച്ഛനിരിക്കുന്ന കൈലാസത്ത്
ഞാൻതന്നെ കൊണ്ടുപോയി കാണിക്കാമേ
ഇക്കോലത്തോടു പോകരുതെങ്കിൽ
ശ്രീകൈലാസത്തുള്ള തിരുവടിവ്
രൂപം കണ്ടിട്ടുള്ള പട്ടുപോകം
നീപോക വേഷമമ്മ മാററിയേക്കാം
കേൾക്കയല്ലോയെന്റെ വിഷ്ണുവാകെ
പ്രാകൃതവേഷമെന്നു മാററിയേക്കാം
...   .
ശ്രീകൈലാസത്തുള്ള അമ്മ കൊണ്ടുപോണ
അച്ഛനിരിക്കുന്ന പള്ള്യറയിൽ
പള്ള്യറയിലുമെന്നെ കാണിച്ചല്ലോ
ഉറക്കമായോ എന്റെ നല്ലച്ഛന്
ഉറക്കമുണർന്നിട്ടു വരികയമ്മേ
ഉറക്കമുണരില്ല പൊന്മകളേ
ഉറക്കമുണർന്നിട്ടു വന്നമ്മോ
തിരുമുടിമന്നൻ അറികേ്
അതിരയവരമെന്തു കൊടുത്തുപോയ
അതിരുമുടിമന്നൻ അറികേ്
എന്തിനെല്ലാം വരം കൊടുത്തിതെന്ന്
കേൾക്കയല്ലോയെന്റെ നല്ലച്ഛനെ
ഉള്ളതെല്ലാമിന്നു പറയണമേ
കേൾക്കയല്ലോ എന്റെ പൊന്മകളേ
പരമാർത്ഥമൊന്നും പറയാമല്ലോ
മണിമന്ത്രവാദം ചൊല്ലിക്കൊടുത്തുപോയ

സ്വര്

വരണാലും വരങ്ങളും കൊടുത്തുപോരെ
കൊല്ലുവാനവരം കൊടുത്തുപോരെ
തോറാവാനംവരം കൊടുത്തുപോരെ
ആകായത്തുമെപിന്നെ പൂമിയിൽവച്ച്
മരിക്കില്ലെന്ന വരം കൊടുത്തുപോരെ
ഇവരങ്ങളെയൊക്കെ കൊടുത്തുംവച്ച്
കൊല്ലുവാനൊ എന്നെ തൊററിയത്
അസുരൻറകയ്യാലെൻറ മരണത്തിന്
അപ്പനമ്മമാ എന്നെ തൊററിയത്
ഇവരങ്ങളെയൊക്കെ കൊടുത്തുംവച്ച്
എന്നെ തൊററിയതെ വിട്ടുളളാ
നന്ദനനിലെൻറ നല്ലച്ചൻ
അച്ചൻറ ആയമതെ നല്ലറിവ്
അപ്പനാണിന്ന മരികപുറത്ത്
പോരിനായിട്ടങ്ങനെ പോകയില്ല
അന്നേരത്തവിടെ വന്നാരെ
ശ്രീകൈലാസംതന്നിട്ടു വിഷ്ണുവരം
കേൾക്കയല്ലോ എന്റെ മാതാവേ
അതിനൊത്തകെരളം നാൻപോയം
മരികപുറത്തുചെന്നാരെ
പോർചെയ്യവിടെ നില്ക്കുമ്പോഴ്
അന്നെകൊട്ടത്താര മണിമന്ത്രണം
കിളിമൊഴിപോരത്തവൻ കൊണ്ടുവന്ന്
പോർചെയ്യവിടെ നില്ക്കുമ്പോഴ്
തൃച്ചിവിഴിയിലൊ തൊട്ടിത്തരം
കേൾക്കയല്ലൊ അച്ഛാ തിരുവടിയ്
ഇന്നിത്താനൊരിക്കൽ പോണ്ടോളെ
പോയല്ലൊഎൻറ പൊന്മകളെ
മരികപുറത്തുനി പോണ്ടരിക
കേൾക്കയല്ലൊ എൻറ മണിമാതാവെ
മരികപുറത്തു പോകാമല്ലൊ

ദാരികപുരമുള്ള പൊന്നറിനംകൊണ്ടു്
അറകലവിളിയൊന്നു വിളിച്ചാരെ
അട്ടഹാസമൊന്നു കേട്ടപ്പോഴ്
ദാരികപുരമൊന്നു നടുങ്ങിയുള്ളു്
ദാരികനുമൊന്നു വിറച്ചുള്ളു്
അന്നേരമെന്നതല്ലു് വനദുർഗ്ഗയാളു്
കേൾക്കയല്ലൊ എന്റെ ദാരികാ
പടയ്ക്കായിട്ടുമൊ ഇന്നു പോകതുള്ളു്
പോരിനായിട്ടുമിന്നു പോയില്ലെങ്കിൽ
മനക്കണ്ടവളെന്നു കണ്ടാരെ
പക്കെച്ചുള്ളമാ നാരികണോരെ
പകലർവരവും നാരിമണോരെ
പകലൊ അല്ലാലരരുണ്ടൊരോ
പോരിനായിട്ടുതാൻ പോകുന്നെങ്കിൽ
മംഗല്യത്തിൽതൊട്ടു സത്യംചെയ്യു
പോരിനായിട്ടിന്നു പോകവെ
മംഗല്യത്തിൽതൊട്ടു സത്യംചെയ്യു
മംഗല്യമപ്പൊട്ടിത്തെറിച്ചുപോയി
കേൾക്കയല്ലൊമൂഢി ദാരികാ
മംഗല്യമററു തെറിച്ചതിനാല്
പോരിനായിട്ടുതാൻ പോകതുള്ളു്
പോരിന്നായിന്നു പോകുന്നെങ്കിൽ
മണിമന്ത്രശക്തിചൊല്ലിത്തന്നല്ലാതെ
പോരിന്നായിന്നു പോകതുള്ളു്
വനദുർഗ്ഗാമന്ത്രം പഠിച്ചപ്പോഴ്
ദാരികൻമന്ത്രം മറന്നുപോയി
പോരിൽതാൻതോററു പോരയെങ്കില്
ഇതിനെന്നയക്കണം മവിടെനിന്നു്
മണിമന്ത്രശക്തിചൊല്ലി കൊടുത്തയച്ചും
ദാരികൻതന്നുള്ളൊരു പെരുമ്പടയെ
ഒന്നുപോലെവിളിച്ചങ്ങു കൂട്ടിയതാ

തേർനടത്തിയവന്റെ പടനടത്തി
പടക്കന്നുമോചനം നിന്നംകൊണ്ടു
പോരിൽതെററോടിപ്പോയ കള്ളിയാടി
ഇന്നംനീപോരിനായി വിളിക്കുന്നോ
പോരിൽതോററകള്ളി വന്നാലതാ
ഇന്നംഞാൻപോരിനായി വന്നോരാകള്ളാ
പോരുചെയ്യുവിടയെങ്ങു നില്പുവെഴ്
വിഷ്ണുവുംപോന്നവന്നു വനമുറയാതെ
പടിക്കുകിനൊതള്ളി വിളിക്കുന്നോ
കേടംതെയല്ലോഎന്റെ വനമുറയതെ
മാറികൻതന്നാതതെ മണിമന്ത്രങ്ങളു്
എന്റെചെവിയിൽ ചൊല്ലിത്തരണമിന്നു
അല്ലെങ്കിൽമറികന്നം പട്ടുപോകും
നേരന്നവമുന്നു നിരൂപിച്ചിട്ടു
മണിമന്ത്രശക്തി ചൊല്ലിക്കൊടുത്തയച്ചു
പടിക്കുവെളിയിൽ ഇറങ്ങിയപ്പോഴ്
വിഷ്ണുവും വിളിച്ചു കേടംതെയല്ലോ
എന്റെ വനമുറയാതെ ഇതന്നല്ലോ
ഇതല്ലോ ഇതു വിഷ്ണുവാണെ
അന്നുകൊടുത്തതെന്നു മണിമന്ത്രങ്ങളു്
ഒളിമററം പറഞ്ഞു ഞാൻ കൊന്നുപോകണോ
അലയുന്നവൻവെള്ളപ്പോം വിളിക്കുന്നോണ്ടു
അണിയുമ്പോ പറഞ്ഞു ചെല്ലി കൊടുത്തന്നോ
മണിമന്ത്രശക്തി വിഷ്ണു കൊണ്ടുപോയി
മാതാവിന്റെ തുളച്ചുവീക്കങ്ങൂട്ടിയല്ലു
ശ്രീകൈലാസത്തു പോയങ്ങവിടെ വിഷ്ണു
മണിമന്ത്രശക്തികൊണ്ടങ്ങൂട്ടിയപ്പോഴ്
മേലുമാനാകാശം നോക്കിയല്ലു
കീഴുമേ ഭൂമിയെ നോക്കിയല്ലു
ഇടംകണ്ണുമോ ഒന്നു ചുവപ്പിച്ചല്ലോ
വലംകണ്ണുമോ ഒന്നു ചുവപ്പിച്ചല്ലോ

ഉടമ്പവാളാല ഉരുക്കിയള്ള്
അങ്കത്തട്ടുമേലെ അവരെ നോക്കിയപ്പോൾ
പള്ളിവാളും വന്നു താഴ്ന്നല്ലോ
ഒന്നാമതല്ലോ മാതാവ്
വാളിളക്കം കണ്ടപ്പോൾ
ഒരായിരം മാരികപ്പടയുടെ തലയറ
പൊട്ടിച്ചിതറിയള്ള്
രണ്ടാമതല്ലോ വാളിളക്കം
മുടികാളിയിളകിയപ്പോൾ
രണ്ടായിരം മാരികപ്പടയുടെ തലയറ
പൊട്ടിച്ചിതറിയള്ള്
മൂന്നാമതല്ലോ വാളിളക്കം
മാതാവുമെഴുന്നള്ളപ്പോൾ
മൂവായിരം മാരിക പടയുടെ തലയറ
പൊട്ടിച്ചിതറിയള്ള്
...   .
പന്ത്രണ്ടല്ലോ മാതാവ്
വാളിളക്കം കഴിച്ചപ്പോൾ
പന്തീരായിരം മാരികപ്പടയുടെ തലയറ
പൊട്ടിച്ചിതറിയള്ള്

...   .
കൊല്ലരുതെ അമ്മേ കൊല്ലരുതെ
അവർ തിരുമകളെ കൊല്ലരുതേ
ആടുവെട്ടി നേർച്ചയും തരുവനമ്മേ
എരുമയെവെട്ടി നിണവും കൊല്ലരുതേ
കോഴിവെട്ടി നേർച്ചയും തരുവതുണ്ടേ
അരങ്ങും പൂജയുമിന്ന് തരുവതുണ്ടേ
വട്ടിവിളക്കുനേർച്ച തരുവതുണ്ടേ
നടവരവുനേർച്ച തരുവതുണ്ടേ
ഐവർകളിനേർച്ച തരുവതുണ്ടേ
തോറ്റംപാട്ടുനേർച്ച തരുവതുണ്ടേ

കുന്നുനൊള്ളു വേണോളം തരുവരതൊണ്ട്.
കമ്പവെടിനൊള്ളു തരുവരതൊണ്ട
കൈവെടി തീവെട്ടിനൊള്ളു തരുവരതൊണ്ട
പൊന്നാറ്റുക്കനൊള്ളു തരുവരതൊണ്ട്
പൊൻചൂരലോട്ടനൊള്ളു തരുവരതൊണ്ട്
നൊള്ളും വഴിപാടും പഠിയരാം
അന്നേരമെ കല്ലൂരാറികന്
കാലത്തെറിവീണാവനാട്ടുന്നതൊ
തെക്കുവാതുക്കലെ ഗോപുരത്തില്
മാടികനംകേറി ഉതന്നാതെ
മാർവും തന്റെ നല്ല കാളികളും
,തട്ടിത്തകർത്താരം തീകെട്ടുള്ള്
വെള്ളമണപൊട്ടിച്ചിതറുമ്പോള്
വടക്കവാതുക്കലെ ഗോപുരത്തില്
മലികവന്നവനിതന്നാതെ
തട്ടിത്തകർത്താരം തീകെട്ടുള്ള്
വെള്ളമണപൊട്ടിച്ചിതറിയതൊ
അവിടെനിന്നോ അവനൊടിയുള്ള്
കിഴക്കില്ലുള്ള കുള്ളമാളികയെ
തട്ടിത്തകർത്താരം തീകെട്ടുള്ള്
അവിടെനിന്നടനവനോടിയതൊ
പാലാഴിയിലെ ചെന്ന മാടിയതൊ
പാലാഴിയൊക്കെ കലക്കിയുംകൊണ്ട്
പാഴ് കുറ്റിയുമെചെന്നു കേറിയതൊ
അവിടെനിന്നു അവനോടിയതൊ
അറയാലിലവൻചെന്നു കേറിയതൊ
കേരംക്കയല്ലൂടി മറികനെ
കൈലാസത്തുമാതൻ പിറന്നിട്ടുമെ
ഖരാമര കേറിതാൻ പാഴിച്ചില്ലതൊ
. നിരിപതാട്ടൊന്നിറങ്ങിവന്നമോടായവൻ
പള്ളിവാളതൊട്ടൊന്നയച്ചുട്ടോരം

അന്നേർത്തുമോ കള്ളക്കാരികളേ്
മൂന്നാംചവിട്ടവൻ ചവിട്ടിക്കൊണ്ടു്
വാങ്ങിവലിഞ്ഞവനിറങ്ങിയല്ലു്
മാതാവോ പിന്നെ അങ്ങു ചെന്നടുത്തേ
തൃപ്പാദമെങ്കെകണ്ടുകൊണ്ടവളറിഞ്ഞു്
താഴെവരുന്നോരു വരവുകണ്ടു
തൃക്കുലമട്ടത്തെ റ്റിട്ടിയതോ
കാൽവലിച്ചപ്പോ അവൻ തൊഴിക്കുന്നതോ
കൈവലിച്ചപ്പോ അവൻ അലച്ചുന്നതോ
വന്നാലും വരങ്ങളും ഇറക്കുന്നതോ
ആളുവെട്ടിക്കതിയും തരുന്നതവൻ
കോഴിവെട്ടിക്കതിയും വാങ്ങുന്നോരവൻ
പൊന്നുരുളും കൊണ്ടുനേർച്ചതരുവോനല്ലോ
പോൾപ്പൂരലോട്ടം നേർച്ച തരുവോനല്ലോ
വട്ടിവിളക്കുനേർച്ചതരുവോനല്ലോ
നാവരവു നേർച്ച തരുവോനല്ലോ
അങ്കലച്ചൂല നേർച്ച തരുവോനല്ലോ
ഐവർകളിനേർച്ച തരുവോനല്ലോ
തോറ്റംപാട്ടുനേർച്ച തരുവോനല്ലോ
ചിലമ്പുപാട്ടുനേർച്ച തരുവോനല്ലോ
കമ്പവെടിനേർച്ച തരുവോനല്ലോ
കുറിവെടിനേർച്ച തരുവോനല്ലോ
കുഴൽവെടിനേർച്ചയും തരുവോനല്ലോ
കൈവെടിനേർച്ചയും തരുവോനല്ലോ
തീവെട്ടിനേർച്ചയും തരുവോനല്ലോ
നേർച്ചയും വഴിപാടും പാറിയതോ
മേൽമറന്നുമോ അമ്മ എഴുന്നേറ്റിരുന്നു്
കീഴോട്ടു വരുന്നോരു വരവുകണ്ടു
പള്ളിവാൾവലംകൈയിലെടുക്കുന്നതോ
തൃപ്പാദവുമന്നു ഒപ്പിച്ചിട്ടു
പള്ളിവാൾവലംകൈയിലെടുക്കുന്നതോ

ദാരികൻ തലയപ്പോഴേ കണ്ടിച്ചുള്ള
മണ്ണത്തുവീഴുന്നതല്ല ചൊവ്വയറിയ്
തലയെയെടുത്തമ്മ പൊതിഞ്ഞുകെട്ടി
ഉടലെയങ്ങുടൻ അമ്മ ചവിട്ടിച്ചുമ്മ
നാല്പത്തുരുളയായി ദാരികനെ
ഒരുരുളമാറാതം വെട്ടിയമ്മ
എല്ലുമെലുമ്പും മാറിട്ടുടക്കുന്നമ്മ
കുട്ടിലും ഭരണിയും ചമയിച്ചുള്ള
നാഴിയും നാഴിയും മാറ്റമൊരുക്കുന്നമ്മ
കണ്ണിറിക്കുന്നതേയിനി ചമയിച്ചുള്ള
ഒരുക്കിക്കൂട്ടുന്ന ദാരികനെ
കണ്ടംതുണ്ടം മുറിച്ചമ്മ
കായംകരയമറിയാതമ്മ
കാളികൾക്കും തന്റെ കൂളികൾക്കും
ഇറച്ചിയും പകുത്തമ്മ കൊടുക്കുന്നമ്മ
ചതിരും പകുത്തമ്മ കൊടുക്കുന്നമ്മ
ഉണ്ടെത്തരുണ്ടോ പറയെ കാളികളെ
തിന്നത്തുണ്ടോ കാളെ കാളികളെ
കൈലാസത്തിങ്കൽ വന്നതിനാലെ
അവരുടെ പൈദാഹം തീർന്നില്ല
മലയാവിലന്റെയനിവിപ്പലോവെട്ടി
പൊളിച്ചുപുറപ്പെട്ടതിരപ്പോഴേ
    കാളികളെല്ലാം ഹോഹോവെട്ടി
    കൂളികളെല്ലാം ഹോഹോവെട്ടി
    കാളികളൊന്നിനും കടിക്കുന്നു
    കൂളികളൊന്നിനും കടിക്കുന്നു
    കൈലാസത്തു വന്നതിനാലെ
    അവരുടെ പൈദാഹം തീർന്നതൊന്നു
ഇന്നിയും കേൾപ്പിൻ എന്റെ കാളികളെ
വേതാളിയപ്പെന്നു ഒന്നൊരുവൻ
ദാരികൻ ശിരസ്സിനെ കൊണ്ടുപോവാൻ
വേതാളിയപ്പെന്ന് കൊണ്ടുവന്നു

ദാരികൻ തലകൊണ്ടമ്മ മുടികിയപ്പം
വേതാളിതന്റെ വായ്നാറംകൊണ്ട്
അമ്മയ്ക്കൊട്ടുമങ്ങൊട്ടുക്കതില്ല"
മാതാവെഴുന്നെള്ളിച്ചെല്ലുന്നതൊ
മലയാന കൈവേണനൊപ്പുഴകുന്നതൊ
വേതാളിക്കൈകൊണ്ടുകൊട്ടുന്നതൊ
ശംഖാററിന്റെയാനല്ല പാഴ്കൂത്തു
പല്ലുടയ്ക്കുകത്തി കലുക്കഴിഞ്ഞു"
കളിച്ചുംകൊണ്ടെതിരിയിവന്നതൊ
ദാരികൻകഴുത്തിനെ എടുത്തുംകൊണ്ട്
വേതാളംകഴുത്തിലേ എറ്റവന്നതൊ
കേട്ടാലുമോ അമ്മ മാതാവെ
ഏതുവഴിക്കിന്നി പോകണമോ
ശ്രീകൈലാസംനോക്കി പോകവേണം
ദാരികൻ വാണിരുന്ന പൊരുങ്കോട്ടമെ
നടുക്കിന്നാവഴിതന്നെ പോകവേണം
വനത്തിലെത്തിയപ്പോഴും വനമുറയരും
വന്മാതാവിനെയും ചെറുക്കുന്നതൊ
എന്തെന്തെടീ വനമുറയാളേനി
ഇന്നവനമൊന്മ ചെറുക്കുന്നു"
കേൾക്കയില്ലേ എന്റെ മാതാവേനി
ദാരികനെവെട്ടിക്കൊന്നതുപോലെ
അടിയനേയും വെട്ടിക്കൊല്ലണമേ
കേട്ടാലുമോ എന്റെ വനമുറയരെ
ഇതുനാളും നിയയം വനമുറയല്ലേ"
ഇന്നതെന്നു ഇനി എന്നെന്നുമേ .
കാടുകംവാഴുന്ന വനമൂർത്തിയാരും
ചെറുകരവാഴുന്ന മനക്കത്"
നേർച്ചയുംവഴിപാടും തരുവനതൊ
നേർച്ചയുംവഴിപാടും പാറിക്കൊണ്ട്
അവർക്കുകലയെവഴിതന്നുകൊണ്ടും

കേൾക്കയല്ലൊ എന്റെ വനദുർഗ്ഗയമ്മെ
നിങ്ങൾക്കതിവീരം തന്നാണെല്ലൊ
അമ്മനൊത്തുള്ളൊ അമരാവതിയല്ലൊ
ശ്രീകൈലാസമത്തിങ്കൽ പോവാനായി
അപ്പോഴല്ലൊ കള്ളദാരികന്റെ
ശിരസ്സിൽനിന്നൊഴുകുന്നുതിരംവീണ
ഭൂമിയിലുതിരങ്ങളെല്ലാം മുട്ടയായി
പൊട്ടിത്തകിച്ചു പുറത്തുകോഴികൾ
കൊത്തിവിരിച്ചുടനെ കോഴികൾ
ആയുസ്സുനിങ്ങൾക്കു കുറവുതന്നെ
ആഴകായിട്ടുനിങ്ങളിരുന്നുകൊള്ളിൻ
ഇന്നുകേൾക്കണമെന്റെ കോഴികളെ
നിങ്ങൾക്കൊതതിവീരം തന്നാണെല്ലൊ
പെരുകുവാനുള്ള മന്ത്രശക്തി
ശിരസ്സും ശത്രുവും വന്നാലൊന്ന്
നിങ്ങളെക്കൊണ്ടുചെന്ന കുലത്തിലാക്കുവാൻ
നേരമേ വന്നവര് പറഞ്ഞുകൊള്ളും
അവിടെനിന്നമ്മ തിരിച്ചുടനെ
ശ്രീകൈലാസമത്തിങ്കൽ കേറിയതൊ
ദാരികൻ ശിരസ്സിനെ എടുത്തുകൊണ്ടും
പൊന്നുംതളിട്ടു പൂട്ടിയതൊ
അരയാലിൻകൊമ്പിലൊ തൂക്കിയതൊ
കേളോകേളോഅച്ഛാ തിരുവടിയെ
ദാരികൻ ശിരസ്സിനെ കണ്ടില്ലെ
കണ്ടില്ലെ എന്റെ പൊന്മകളെ
ദാരികൻ ശിരസ്സിനെ കണ്ടുഞാനെ
കേൾക്കയല്ലൊ അച്ഛാ തിരുവടിയെ
ചൊല്ലിയവരങ്ങളും തരികയെന്ന്
കേൾക്കേകേൾക്കമകളെ തിരുവടിയെ
എന്തെല്ലാം വരങ്ങളാം ചൊല്ലിയത്
നന്നന്നിതച്ഛാ തിരുവടിയെ

ദാരികനോടന്ന് പേടിച്ചതോ
കൈലാസമടച്ചുവിട്ടിട ഇരുന്നതോ
ദാരികൻശിരസ്സിനെ കണ്ടപ്പോൾ
ചൊല്ലിയവാക്കുകളെ മറന്നതെന്താ
കേൾക്കണമെങ്കിലോ എൻ്റെ നല്ലച്ഛൻ
അച്ഛൻ്റെ ആയതൊരു നല്ലറിവ്
കേൾക്കണ്ടല്ലോയെൻ്റെ പൊന്മകളേ
ചൊല്ലിയ വാക്കുകളും മറന്നില്ല
തേവൻ്റെ ആയതൊരു പൊന്മകൾക്ക്
മണിയാരപൂരമൊന്ന് കൊടുക്കുന്നതോ
തേവൻ്റെ ആയതൊരു പൊന്മകൾക്ക്
പുരാടിപ്പൂരമൊന്ന് കൊടുക്കുന്നതോ
തേവൻ്റെ ആയതൊരു പൊന്മകൾക്ക്
വസൂരിമാലയുമൊന്ന് കൊടുക്കുന്നതോ
പറിയമോ തനിക്കിപ്പോളറിവാറായ
അച്ഛൻ്റെ തിരുമേനിമേലെ വിയർക്കുന്നതോ
കുളിരോടുമോ നല്ല പനിപനിച്ച്
ആതപ്പുള്ളോരുട്ടില്ല മസൂരിയും
അച്ഛൻ്റെ തിരുമേനിയിൽ മുളക്കുന്നതോ
നന്മാനിതൻ്റെ പൊന്മകളെ
നിൻ്റെമനോരംഗമൊരു നല്ലറിവ്
അമ്മന്നാരമേനമേ മനമൊന്ന്
കണ്ടുകൊള്ളുന്നവിടെ വരുത്തിയല്ലോ
തിരുമൊറ്റിമുതലവൻ നൽകിയല്ലോ
തൃപ്പാദത്തിന്മേലെകൊണ്ട് നിറുത്തിയല്ലോ
കേൾക്കയല്ലോ എൻ്റെ പൊന്മകളേ
തിരുമൊറ്റിയിലൊരമ്മ നിൽക്കുന്നതോ
കേളുംകേളുമേയച്ഛാ തിരുവടിയേ
ഇരവിലുമേ എനിക്ക് വേണ്ടയല്ലോ
ഇരവിലുമേണ്ടെന്നോ വിളച്ചാലല്ലോ
എൻ്റെമാറൂക്കും മുടിഞ്ഞുപോകും

അന്നേരമേമരുത്തു വിളിക്കുന്നതും
കണ്ടാകുന്നുവയവിടെ വിളിക്കുന്നതും
കണ്ടാകുന്നവിന്നു കൊടുത്തുവല്ലോ
കസ്തൂരിയുംനല്ല പാലുരിവിന്നും
എള്ളുവിന്നുമോ ഇന്ന തരണമെന്ന
വാസ്തൂരിമാലയൊന്നു കൊടുത്തുവല്ലോ
ഭക്തംകയ്യല്ലോഎന്റെ നല്ലച്ഛൻ
എനിക്കിരിപ്പാൻ തിരുനെലംതന്നോ
പോർക്കുള്ളം പൊന്നൊടു തേവനാപ്പുറം
പൂരമും എന്ന വനത്തകത്തെ
പൊൻമകൾക്കൊന്നും കൊടുത്തുവല്ലോ
അവിടെ കോവിലുകൾ തീർത്തുകൊൾക
ചെറുകരവാഴുന്ന മനുഷ്യർ
നേർച്ചയും വഴിപാടും നിനക്കുതരും
നേർച്ചയും വഴിപാടും പാറിമക്കളെ
അവരുടെ പരദൈവമായിരുന്നുകൊൾക.

... ...
⁝
... ...

തോറ്റംപാട്ട്.

തെക്കൻദിക്കിലെ ഭദ്രകാളിക്ഷേത്രങ്ങളിൽ പാടിവരുന്ന തോറ്റംപാട്ട്, പഴയകാലത്തെ വീരപുരുഷാരാധനാസക്തിയെ കാണിക്കുന്ന ഒരു പുരാണമാണ്. അക്കാലത്തെ ചില തൊഴിലാളികളുടെ കഷ്ടതകളും കൈത്തൊഴിലുകളും ചതിയിലുള്ള ചാതുര്യങ്ങളും മേൽജാതികൾ അവർക്കനുകൂലമായി ചെയ്തുപോന്ന കടുംകൈകളും മറ്റുമായ ജനങ്ങളുടെ ഇടയിലുണ്ടായിരുന്ന പല നടപടികളും ഈ പാട്ടിൽ സരസമായി വർണ്ണിച്ചിരിക്കുന്നു. തമിഴ്ഭാഷയിലെ ചിലപ്പതികാരം എന്ന പ്രസിദ്ധഗ്രന്ഥത്തിലെ കഥയാണ് തോറ്റംപാട്ടിൽ വിവരിക്കുന്നത്. ഈ കഥതന്നെയാണ് തമിഴ്നാടകക്കാർ "അകമിങ്കം അമൈതി

രുക്കും കൊട്ടകൈയിൽ ബീഡി, ചുരുട്ട മുതലായവകളോ ടുകൂടാതെ കനവാന്മാരെ വരവേററു "ആടിത്തകർന്ന കോവിലൻ ചരിത്രം. തമിഴ്" ഈകഥ പണമുണ്ടാക്കാനുള്ള വിദ്യ; മലയാളികൾക്ക് പണം കളയാനുള്ള വിദ്യ. മലയാളിയുടെ കയ്യിലിരുപ്പോളം ഇതു ഒരു കാളീവിലാസമായിത്തിരിഞ്ഞു; പള്ളിപ്പുറതലിൽ പഴഞ്ചലയും കെട്ടി കൊട്ടിപ്പാടാനുള്ളൊരു ദൈവികകഥയുമായി. കഥ ഇതുവിധമാണ്".

ചോളരാജ്യത്തിൽ ചേർന്ന കാവേരിപ്പൂമ്പട്ടണത്തിൽ രണ്ടു വൈശ്യപ്രഭുക്കന്മാർ ഉണ്ടായിരുന്നു. അവരിൽ ഒരാളിനു കോവിലൻ എന്നൊരു പുത്രനും മറെറാരാളിന് കണ്ണകി എന്നൊരു പുത്രിയും ഉണ്ടായി. യൗവനാരംഭത്തോടുകൂടി ഈ വധൂവരന്മാർ തമ്മിൽ കുലാചാരപ്രകാരം വിവാഹബന്ധത്തിൽ ഉൾപ്പെട്ടു; കുറേക്കാലം സുഖമായി കഴിഞ്ഞുകൂടി. അങ്ങനെയിരിക്കെ ഒരുദിവസം കോവിലൻ ഒരു നടനാഘോഷം കാണാനിടയായി. ആ ആഘോഷനായികയായ മാതവി എന്ന നർത്തകിയിൽ അയാൾക്ക് പ്രേമം ജനിച്ചു. അതിന്റെ ഫലമായി പതിവ്രതയായ തന്റെ പത്നിയെ വിട്ട് അയാൾ നർത്തകിയുമായി ചേർന്ന് ദിവസംകഴിച്ച് ദ്രവ്യം മുഴുവൻ നശിപ്പിച്ചു. ഒരുദിവസം കടലാട്ടം എന്ന ഉത്സവം പ്രമാണിച്ച് കടൽക്കരയിൽ കൂടിയ ജനസംഘത്തിൽ ചേർന്ന് അവർ രണ്ടാളും വിനോദിച്ചുകൊണ്ടിരിക്കെ മാതവിയുടെ ഒരു പാട്ടിൽ നിന്ന് അവൾ ഒരു അന്യ പുരുഷനെ സ്മരിക്കുന്നതായി കോവിലന് സംശയം ജനിച്ചു. ആ സംശയം അയാളുടെ കലാപതിയെ സ്മരിപ്പിച്ചു. അനന്തരം അയാൾ അവിടം വിട്ട് കണ്ണകിയുടെ അടുത്തു ചെന്നു ചേർന്നു. കുലസ്ത്രീയായ അവൾ ഭർത്താവിനെ സാമം സമാധാനപ്പെടുത്തിയ ശേഷം ദ്രവ്യനാശത്താലുണ്ടായ ആശാഭംഗവും മാനനഷ്ടത്താലുത്ഭവിച്ച മനസ്താപവും കൊണ്ട് ഇരുവരും നാടുവിട്ടു മധുരയിലേയ്ക്കുപോയി; വൈ

കാനാടിതീരത്തിൽ മാതരി എന്ന ഒരു ഗോപിയുടെ ഗൃഹത്തിൽ എത്തി താമസിച്ചു. കണ്ണകിയുടെ ആഭരണങ്ങളിൽ രണ്ടു ചിലമ്പുകൾ മാത്രം ശേഷിച്ചിരുന്നു. അതിൽ ഒന്നു വിററു കിട്ടുന്ന ധനംകൊണ്ടു വ്യാപാരം തുടങ്ങി ക്രമേണ പൂർവ്വനിലയെ പ്രാപിക്കാമെന്നായിരുന്നു അവരുടെ വിചാരം. അതനുസരിച്ച് അടുത്ത ദിവസം കോവിലൻ ചിലമ്പു വില്ക്കാൻ മധുരാപട്ടണത്തിലേയ്ക്കു തിരിച്ചു. വഴിയിൽവെച്ച് അദ്ദേഹം ഒരു തട്ടാനെ കാണാനിടയായി. കണ്ടമാത്രം തട്ടാനാണെന്നറിഞ്ഞതുകൊണ്ടു ചിലമ്പിനു വിലനിശ്ചയിക്കാൻ കോവിലൻ ആവശ്യപ്പെട്ടു. വിലമതിക്കാൻ പാടില്ലാത്ത ആ ചിലമ്പുകണ്ടു തട്ടാൻ വളരെ വിസ്മയിച്ചു.

മധുരയിലെ രാജ്ഞിയുടെ ഒരു ചിലമ്പ് അററകുററം തീർക്കാൻ കൊണ്ടുവന്നതു മിനുക്കി ചുണ്ണാമ്പുതേച്ചു ഉണക്കാൻ വച്ചിരുന്നപ്പോൾ ഒരു കഴുകൻ കൊത്തിയെടുത്തുകൊണ്ടു പറന്നുകളഞ്ഞ വിവരം രാജാവിനെ ഗ്രഹിപ്പിക്കാൻ ഭയംനിമിത്തം അവൻ ശക്തനാകാതെ, ആരോ മോഷ്ടിച്ചു കൊണ്ടുപോയി എന്നും അന്വേഷിച്ചു കണ്ടുപിടിച്ചു കൊടുക്കാമെന്നും അറിയിച്ചിരുന്നു. അപഹൃതമായ ആഭരണത്തിനു പകരം ഈ ചിലമ്പ് രാജ്ഞിക്കു കൊടുക്കാമെന്ന് ആ കള്ളനായ തട്ടാൻ ഉദ്ദേശിച്ചു. അതനുസരിച്ച് അവൻ ഹൃദ്യവചനങ്ങളാൽ കോവിലനെ വശഗനാക്കിട്ട് ആ ചെലമ്പു രാജയോഗ്യമായതു് ആഭരണമാകയാൽ കൊട്ടാരത്തിൽ വിവരമറിയിച്ചുവരാമെന്നും അതുവരെ തന്റെ ഗൃഹത്തിൽ നിർബാധമായി ഇരിക്കണമെന്നും വ്യാപാരിയോടു പറഞ്ഞതശേഷം രാജസന്നിധിയിലേക്കു പോയി; മുഷ്ടമായ ഭൂഷണം മോഷ്ടാവിനോടൊന്നിച്ചു കണ്ടുപിടിച്ചിരിക്കുന്നു എന്നറിയിച്ചു. രാജാവ് രാജ്ഞിയുമായി സ്വൈരമില്ലാതെയിരുന്ന അവസരമായിരുന്നു അതു്.

അതിനാൽ രാജാവു് കാൎയ്യകാരണാലോചന കൂടാതെ രാജഭൃത
ന്മാരെ നിയോഗിച്ചയച്ചു കോവിലനെ വധിപ്പിച്ചു. ഈ വ
ധഭൂമി മധുരയ്ക്കടുത്ത ഉപ്പൂരം കറിച്ചം എന്ന സ്ഥലത്തു് ഇന്നും
ഒരു ശൂലസ്തംഭത്താൽ അങ്കിതമായിരിക്കുന്നു.

കണ്ണകി വിവരമറിഞ്ഞു ദുസ്സഹമായ വ്യസനത്തോടുകൂ
ടി തിരിച്ചു രാജധാനിയിലെത്തി രാജാവിനോടു ഭൎത്തൃവ
ധത്തിന്റെ കാരണം ചോദിക്കയും തന്റെ ചിലമ്പിനകത്തു
രത്നങ്ങൾ നിറച്ചിരിക്കുന്നതു് അതും കാണിക്കയും ചെയ്തു.
രാജ്ഞിയുടെ ചിലമ്പിനകത്തു് മുത്തുകളായിരുന്നതിനാൽ പ
രിശോധനയ്ക്കായിട്ടു കൊണ്ടുവന്ന ചിലമ്പു രാജസമക്ഷം
കൊണ്ടുവരപ്പെട്ടു. കണ്ണകി അതു കൈകൊണ്ടെടുത്തു് തറയിലെ
പൊട്ടിച്ചപ്പോൾ അതിനകത്തിൽ നിന്നു രത്നം നാലുപാടും ചിത
റി. രാജാവു് ഇതുകണ്ടു വ്യസനത്താൽ സ്തബ്ധനായി ഉടൻ ദൈ
ഹികവാസം വിട്ടു. കണ്ടുനിന്നിരുന്ന രാജ്ഞിയും ഭൎത്താ
വിനെ അനുഗമിച്ചു. അനന്തരം കണ്ണകി തീക്കനൽ ചിതറു
ന്ന കണ്ണുകളും വിറയ്ക്കുന്ന ചുണ്ടുകളും ഇടിക്കുന്ന കവിൾത്തട
ങ്ങളുമായി ഭൂമി ഇളക്കിക്കൊണ്ടു പിറകെ വലിയ ജനസംഘ
ത്തെ മുന്നിട്ടു തട്ടാന്റെ വീട്ടിലെത്തി; കോപവും വ്യസനവും
കൊണ്ടു ബോധം വിട്ടു് ഇടതു സ്തനം പറിച്ചെറി
ഞ്ഞു. ഇതുകണ്ടു ജനങ്ങൾ അവന്റെ വീട്ടിൽ തീവച്ചു ന
ശിപ്പിക്കയും അവനെ വധിക്കയും ചെയ്തു. അനന്തരം ഈ
സാദ്ധ്വി വൈകയാറിന്റെ ഉല്പത്തിസ്ഥാനത്തിനഭിമുഖ
മായി നടന്നു ചേരരാജ്യത്തിൽ പ്രവേശിച്ചു പശ്ചിമഘട്ടങ്ങ
ളുടെ ചരിവിൽ ഒരു വേങ്ങമരത്തിന്റെ ചുവട്ടിൽ എത്തി അ
വിടെ വച്ചു ദേഹിയെ ദേഹത്തിൽ നിന്നു വേർപെടുത്തി.

പാട്ടിലെതരാം:—

... ...
അര അര ശിവ ശിവ ശിവശങ്കര

ശിവ നാരായണ ശിവശങ്കരനേ
അമര നാരസ്സിംഹായമേ ശിവശങ്കരനേ,

... ...

ദക്ഷം കൊല്ലും മനയകത്തു
ഒരുക്കം കൊല്ലുന്ന മാതാവു
വടക്കം കൊല്ലാത്താന്റെ കേറ്റുളേ

... ...

ആയിരത്തെട്ടു വന്നം വളർത്താലോ

... ...

പത്തു മുളമുള്ള തട്ടാനേയമ്മേ
ഒൻപതു മുളമാക വെട്ടിയതോ
ഒൻപതു മുളമുള്ള തട്ടാനേയമ്മേ
എട്ടു മുളമായി വെട്ടിയതോ
എട്ടു മുളമുള്ള തട്ടാനേയമ്മേ
ഏഴു മുളമായി വെട്ടിയതോ
ഏഴുമുളമുള്ള തട്ടാനേയമ്മേ
ആറുമുളമായി വെട്ടിയതോ
ആറുമുളമുള്ള തട്ടാനേയമ്മേ
അഞ്ചുമുളമായി വെട്ടിയതോ
അഞ്ചുമുളമുള്ള തട്ടാനേയമ്മേ
നാലുമുളമായി വെട്ടിയതോ
നാലുമുളമുള്ള തട്ടാനേയമ്മേ
മൂന്നുമുളമായി വെട്ടിയതോ
മൂന്നുമുളമുള്ള തട്ടാനേയമ്മേ
രണ്ടുമുളമായി വെട്ടിയതോ
രണ്ടുമുളമുള്ള തട്ടാനേയമ്മേ
ഒരുമുളമായി വെട്ടിയതോ,

... ...

ഒരുമുളമുള്ളോരു തട്ടാനേയമ്മേ
ഒരുച്ചാണാകുവോളം വെട്ടിയതോ
ഒരുച്ചാണുള്ളോരു തട്ടാനേയമ്മേ

കണ്ടം തുണ്ടം വെട്ടിയതോ—പിന്നെ
കായം കായമരിയുന്നതോ—പിന്നെ
കഴിക്കം ശൂലിക്കം കൊട്ടുന്നതോ

... ...

അതല്ലവൻതാവളിട്ടു വരുന്നെങ്കിൽ
അവളുടെ ചിലമ്പൊക്കെകണ്ടാവം പോരേ

... ...

അന്നേരത്തുള്ളൊരു മൊഴി പറയുന്നതോ
നാട്ടുവാഴുമോ ദൈവമാതാവ്
തിപ്പപ്പൂരവാഴും തിരുനാടന്മാര—പിന്നെ
ചെല്ലുന്നല്ലോ അന്ന മാതാവ്.

... ...

ഒന്നല്ലോ രണ്ടു മാല കെട്ട്യോ—പിന്നെ
ഓരായിരം മാല കെട്ടുന്നതോ;
ചെമ്പകയാണിലെ തട്ടാത്തമേ—പിന്നെ
പൊന്നെടുത്തല്ലോ കളിച്ചേതോ;

... ...

ഇടയത്തെക്കൂടെയെന്ന നിന്നുച്ചെന്നതോ;
ഇടയത്തെച്ചെന്നു ചുരുക്കണോ;

... ...

പൊരുവാൻപോയ മനോരഥങ്ങളൊക്കെ
മാർഗംവച്ചു തട്ടുന്നതോ

... ...

കൊല്ലുമ്പോഴതേ കൊല്ലല്ലേ;
അറുത്തിതമകളേ കൊല്ലല്ലേ;
എന്നെയും പൊന്നെയും ഇരുത്തിയോ
പൊന്നരത്തുള്ളവും തന്തതുവൻ.

... ...

രാമകഥപ്പാട്ട്.

അദ്ധ്യാത്മരാമായണം കിളിപ്പാട്ട് ഇപ്പോൾ മലയാളത്തിലെങ്ങും സ്ഥലംപിടിച്ചു കഴിഞ്ഞിട്ടുണ്ടല്ലോ. തുഞ്ചത്തു എഴുത്തച്ഛന്റെ ആവിർഭാവത്തിനു മുമ്പെ രാമായണകഥ പല പല രൂപങ്ങളിലായി പലേടങ്ങളിലും പ്രചരിച്ചിരുന്നുവെന്നുള്ളതിലേയ്ക്കു ഭാഷയിലെ പുരാതനസമ്പത്തുകളായ പഴയ പാട്ടുകൾ ലക്ഷ്യങ്ങളായി നില്ക്കുന്നു.

തിരുവനന്തപുരത്തിനു സമീപം തിരുവല്ലത്തു് ഔവാടുതുറ എന്ന സ്ഥലത്തു മാടം കാത്തുകൊണ്ടു കിടന്ന അയ്യിപ്പിള്ള ഒരു രാത്രികൊണ്ടു മഹാകവിയായിത്തീർന്നതും അതിനു കാരണമായി ഭവിച്ച പഴത്തിന്റെ തൊലി അയാളുടെ അനുജൻ അന്വേഷിച്ചു കണ്ടുപിടിച്ചു തിന്നുകയാൽ അയാളും വിദ്വാനായി തീർന്നതും മറ്റും തെക്കൻതിരുവിതാംകോട്ടു പ്രചരിച്ചിരിക്കുന്ന ഐതിഹ്യപരമ്പരകളിൽ ഉൾപ്പെടുന്നു. മലയാളത്തിൽ മഹാകവിയാകുന്നതിനു് അയ്യിപ്പിള്ളയേയും അനുജനേയും സഹായിച്ച എളുപ്പവിദ്യ ഈ കാലത്തു് അപ്രത്യക്ഷമായിപ്പോയതോ പ്രാചീന വിദ്വാന്മാരെ സംബന്ധിച്ച വിവരമെല്ലാം അറബിക്കഥകളിലെ അത്ഭുതസംഭവങ്ങളോടു കൂട്ടി ഘടിപ്പിച്ചിരിക്കുന്നതോ ഇവിടെ പ്രതിപാദ്യവിഷയമല്ലാത്തതിനാൽ, അവ വിട്ടിട്ട് ആശാനായിത്തീർന്ന അയ്യിപ്പിള്ളയുടെ രാമകഥയെപ്പറ്റി രണ്ടു വാക്കു പറഞ്ഞുകൊള്ളുന്നു. രാമകഥപ്പാട്ട് എന്നു് ഇവിടങ്ങളിൽ പറഞ്ഞുപോരുന്ന ഈ രാമചരിതം അയോദ്ധ്യാധിപനായിരുന്ന ശ്രീരാമന്റെ ചരിത്രം വാല്മീകി വർണ്ണിച്ചതു് ഒരു മലയാളകവിയുടെ മനോമുകുരത്തിൽ പ്രതിഫലിപ്പിച്ചതായിട്ടാണു വിചാരിക്കേണ്ടതു്. എ

ന്നാൽ പല ഘട്ടങ്ങളിലും രാമചരിതം വാല്മീകിരാമായണത്തെ ഉദ്ധരിക്കുന്നു.

ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ ഉത്സവം പ്രമാണിച്ചുള്ള പടിത്തരക്കാരിൽ രാമകഥപ്പാട്ടുകാരും ഉൾപ്പെട്ടിട്ടുണ്ട്. ഇതു പാടുന്നതിനു ചന്ദ്രവളയം എന്നു പേരുള്ള ഒരു ഗീതോപകരണം ഉപയോഗിച്ചു പോരുന്നു. ചന്ദ്രവളയം കൊട്ടി വിരുത്തങ്ങളൊപ്പിച്ചു രാഗങ്ങളിൽ താളമേളങ്ങളോടുകൂടി കാലസ്വരത്തിൽ നടത്തിപ്പോരുന്ന പ്രയോഗം ആശാനാൽ കല്പിതമാണോ അല്ലയോ എന്നു രൂപമില്ല. ഏതായാലും ആവക ഭാഗവതന്മാരുടെ പ്രയോഗശൈലികളൊന്നും രാമചരിതത്തിന്റെ സാഹിത്യബന്ധമസൃണതയെ ബാധിക്കയില്ലല്ലോ. കവിതാബന്ധം, ശബ്ദപാദപൂരണം സൗന്ദര്യവും സഹൃദയാകർഷകവും ആയിരിക്കുന്നു.

ശത്രുപക്ഷത്തെ അവലംബിച്ച വിഭീഷണനോടു രാവണപുത്രനായ ഇന്ദ്രജിത്തു പറയുന്ന ഭാഗം വിശിഷ്യ മനോഹരമായിട്ടുണ്ട്. ഇതുപോലെ ലക്ഷ്മണോപദേശം, ശബരി, കബന്ധൻ മുതലായവരുടെ സ്തുതികൾ, ലങ്കാദഹനം, സീതാദേവി രാവണനോടു ചെയ്യുന്ന ഉപദേശം, ദണ്ഡകാരണ്യവർണ്ണനം, പഞ്ചവടീവാസകഥ, സീതാവിയോഗവൃത്താന്തം, ഭരതകോപം മുതലായവ പ്രത്യേകം പ്രസ്താവിക്കേണ്ടവയാണ്. പഴയകാലത്തു നടപ്പുണ്ടായിരുന്ന പ്രാകൃതപ്രയോഗങ്ങളും തമിഴ് പദങ്ങളുംകൊണ്ടു ഏറെക്കുറെ പൂർണ്ണമായിരിക്കുന്ന ഈ രാമകഥപ്പാട്ട് ഇപ്പോഴത്തെ മലയാളികൾക്കു രുചിച്ചില്ലെങ്കിലും ഇതു ഭാഷാസാഹിത്യത്തിൽ ഗണ്യസ്ഥാനത്തെ അർഹിക്കുന്ന ഒരു ഗ്രന്ഥമാണ്.

ഇന്ദ്രജിത്തും വിഭീഷണനും.

വിരുത്തം.

നീയവം വരമായ്കൂടി നിനക്കിറപ്പാടക്കാരെല്ലാം
ആയവർതമ്മെചൊല്ലി അസ്സുരനെ ചതിക്കലാമൊ
ജായവാ അറിമാനംകെട്ട തിൻപുവാ ചെറിയതാത
കാതലായിനാരെത്ത ച്ചുതകാരതോടാ താമവിള്ളാതെ.

പാട്ട്.

അരവുമില്ലടാ ഇനക്ക നല്ല അസ്സുരനെനക്കൊല്ലിക്ക
നാശമായ് പുറന്ന പഴപ്പാപിയേ ....
അരവുനന്ന് അന്നുപ്പിള്ളി ചെറിയനാളിലെ വളർത്ത
അമ്മനക്കരുതി നിയുമില്ലടാ.................
പുള്ളിലും തറയിലും നാശുക്കളെ പുരത്തിൽ വയ്ത്തു
പുനിതമായ് വളർത്ത അസ്സുരനല്ലടാ
ശെല്യമായി അവരുടെ പുതിരിങ്ങൾക്കായി
തെരുവുമെന്നാ ഇനള്ള നൊമ്പിനിൽ
ഇല്ലയിനപാപിയരലെ കരുവഴിക്കും ചെൻരുതു
ഉണ്ടുപോകരിടിയും മറന്താമയാ
ചൊല്ലാമോ അരക്കരുടെ മായവും തൊഴിലുകളും
തെലി വരത്തിക്കൊള്ളാത്ത മന്നവ
മന്നവ അനാഥരമക്കളെയും കഴിപ്പുലമയിൽ
വാഴ്വതിനാക്ക വിതി ഇല്ലടാ
ഇല്ലടാ പുറന്നപ്പോതിറന്തിടും വല്ലോഴുടാളും
എപ്പൊഴുതും വാഴ്ക്കമെന്റുന്നാതെ
അന്നയപ്പോലെ വളർത്ത അസ്സുരനെ കൊല്ലിപ്പതുക്ക
ആണുകൂടാതെ പിറന്ന ഉന്നെയും
ഉന്നെയും ഇരുത്തുമന്ത മനക്കൾ നിനക്കുംപോലെ
ഉററജാതികൾക്ക് കാലനാകവേ
കാലനായ നിന്നെയും കൊല്ലുവാ മട്ടക്കത്തിൽ

കാവലൻ കണ്ടാൽ മിണ്ടിനിൽക്കിൽ
ഇല്ലയിന്നൊരാളെലക്ഷ്മണനുമൊരന്ന രണ്ടുപേർകളോടു
കൂടിനിനക്കില്ല സോദരസേവകർ

... ...

ചൊല്ലാളു കാൺമനവോ ഉന്നതമതി ചൊല്ലുകെല്ലാം
കോതയർമണി ഞാനോ ദേവിയെ
നല്ലനാം ശ്രീരാമൻമുമ്പിൽ വയ്‌ത്തു നമസ്കാരം ചെയ്യിൽ
നാൻവിലകി ഉടലുയിർപ്പെണ്ണവൻ.
അല്ലാതെ ഒരുതൊഴിലും നല്ലതില്ല ചൊല്ലുവാൻ
അറിഞ്ഞർ ദേഷമുള്ളവർക്കും വാഴലാം
വാഴലാമെൻറണ്ണനോടുകൂടി ഞാൻ പുറന്നാളും
വരുന്നതും തീടനിന്നാലും ചെപ്പിനാൻ
ആഴിയാന തണ്ണി നീരിൽ പുറവും തേടി താമര
അതിനോടൊത്തു ധന്യവും പുറമേ
അന്നയാൾക്കു ഞാനിന്നു ഭേദമില്ല താമര
ആലയത്തിൽ മൂർത്തികൾക്കും കൂടലാം
പിന്നെ യന്ത മന്ത്യവും ഉടയവരെൻറാൽ ചേരുമേ
പേരെല്ലാം പറയാമെടുത്തേട.

വിരുത്തം.

അരക്കരാവെൻറവിഭീഷണനാലറി രാവണിയോടു മുടകിനിൻറും
അറമില്ലാതൊരുമുള്ള അസുരപ്പടെകളെ അശേഷവും കൊല്ലിന്ന പരമ-
(പാതകന്മാർ
നീയുംനിൻതാതനുമായി നിനയിൻറ ലക്ഷ്മണൻവതിക്കമിനി നാലുനാളി-
(നകം
നിൻതാതനോ രക്താതയം വതിപ്പതൽ തീർക്കുവനിപരിപാലനം ചെ-
(യ്യുമെ
ഇടിവെട്ടിടുംവണ്ണം ചിലയുംകനിന്നു ശരവുംതൊടുത്തു നിൻറാനരക്കൻ
അരക്കനാതിലകംപൊരുതനടമിടയിൽമുകി വിഭീഷണനോ വതചെയ്യുന്നിതവെ
കർക്കപ്പടയുംരതി ചൊല്ലിയവൻ താതനൊക്കൊണ്ടു പുവിയാനുള്ളതാൽ
കളികളുടനരികാംശി കോലംപലതു ചൊല്ലിയവതംകൊണ്ടു വാളിരിളാൻ

വള്ളിതടുന്ന സുരകരിവരിൻതനയൻ വീരരാവണിയവകണ്ടുകളുമൽ
വൈരമിലകിയ ചെറിയ തന്തനം മാറണ്ണു വഞ്ചന നഞ്ചുമെയ്യുള്ള
ഇളിപ്പെട്ടിടയവരിയ കനകൊണ്ടു വീശിയ ആശിനാലും ഇണ്ടിതാൻ
ഇകവൻകടകവരിതഴകൾ മുട്ടിപെട്ടിളുരകങ്ങളും നെരിയവെ
നെടിയവിരതം പൊരുതിടുനൻ തളമുടികഞ്ചരിരിൽ തനയൻ മുതൽവാരന.
നില്പനില്ലുൻവെച്ചും പടയിനിൽ ചാവരികം നിതപർ തിരമാലും നഖിഴ
കനകങ്ങളെവറിയെ തറിയിട്ടം കൈകണ്ടു പകലിരവുപോലാനതെ
ഇരവുപകലാനതെ നിരതർവളുന്നുകവികൾ ഖ്യരെതൻറ തെറിത്തിടാമൽ
പരവചോലിയെ വലിയകണകുലാലിയാ വേണ്ടു പതവെവതെ കവിവീര–
(ർകരം

പകിരണ്ടും കണ്ടു വിണ്ണില്പുള്ളോർ തൊഴനിതവർ തിരമാലും മകിഴ
തപേതമെയ്യുനൽ അംകതൻനൊഞ്ചിലുമുടനെ മതതിതൊഞ്ചിലും
നൊഞ്ചുതനിലഞ്ചു വിതതനൊും കുതനൊും നെടിയനാളനൊും വി–
(കിനാൻ

അഞ്ചു രണ്ടും പത്തും അമ്പതും നൂറുമുടൻ ആയിര മറികളെ വെല്ലും
അവസരം കനന്ന ലക്ഷ്മണൻ വെല്ലിലും ആരാമൽ വള്ളിയെയ്യാൻ
എയ്യനൽകണെനയവിതട ലക്ഷ്മണൻ അസുരരാരെൽ ഇടിമിന്നലെള്ളിനിക–
(തായ്

കൈകയതിരവെകളിവതം അസുരരെ ഇടകലരകതിപെടവേകഞ്ചുകം.
കഞ്ചുകം മഞ്ചരികൾ കവചമാനു കടകങ്ങൾ കണ്ടപെട്ട ഇണിവട്ടനെ
കതിരെയാതകനെകൊണ്ടു ചാമരം മുറിപട കണ്ടവർകൾ കൊണ്ടാടിനാർ
മിഞ്ചുകണാകടകവരിയിതമൊട്ട ഇരകിതനെയനാലും ഇണ്ടിതാൻ
വിറൽമന്നർലക്ഷ്മണൻ സാരതിയെയുംകൊൻറ വിരവൊടു പടയിലാനാൻ
ആൾപ്പട കണ്ടു വിണ്ണവരികളും തൊഴനിതവർ തിരമാലും മകിഴ
നെട്ടമലുമായറിയ പിറമായുമാണ്ണൂതതപോൾ നികതരെരിചൊല്ലലാം
ഇല്ലരെരിചൊല്ലലം ലക്ഷ്മണൻറവേണിയുമായ് തൊടനതപോൾ തൊടന–
(ണ്ടാൻ.

എങ്ങുമ്മൊവിണ്ണുള്ളോർ യക്ഷതപസർമ്മറം ഇയർമുടിയിൽ മലർചൊരി–
(വരെ

അക്കാദമി

വിരുത്തം.

ശേർന്നിര ചൊരിഞ്ഞപോളു വാനിലുള്ളോർകളെല്ലാം
അരുളെയരനാപാസുകൂടി അനവരതം വസ്ത്രിനാരെ
ഉരലെയരവ ശരങ്ങൾകൊണ്ടു ഉരൈത്തു രാവണിയും നിക്കു
ചിലതരണെ പ്പിടിത്തിരക്കി പ്പിടനെത്തു രാവണിയുംപോരതാൻ.

പോരതാനെലക്ഷ്മണനും പോരതാനെ രാവണിയും പോരതർ വിദ്വേന്ദ്രാർമികളപ്പോരതർ.

പോരമവരരരികപോരമവർ മരങ്കരിപുരവിട്ടും കണപാരപ്പോരമിച്ചു രമിക്കതിപ്പല കണപോരികതവിരതാകിതകവളുതകവാരനാത കണവൃക്കിടകതിരവരനൊളിവുകൾ കളതിൽമുലതെളുപോരിപെട. ഒളുറകപിവരർ ചിത്തും കടിയവർ സുതാരമല്ലാർകളുമേ. (പോരതാനെ.)

കളതിൽരാവണി കണവിടനിതരർ രവികലസുപമനി രവ്യവരുന്നവൻ ഇരകിച്ചിലരിൽപ്പിടിപെട്ടെഴപതിരായിരസ്ത്രും രഥകാടി ബ്രഹ്മാസ്ത്രം അസ്ത്രപ്പടയുടൽതല കളതിൽവീഴവേ. പൂരിത്തുതിരം പാരിതതാടപോകിന രഥരാട്ട രവിതാവി നിട്ടമനൊടാൻതാൻ. (പോര.)

തിട്ടനിടയ്ക്കുപുട്ടരപോതസുരർത്തുരുഭിരളം പോരിരുഴതിരവിയലിന കിട്ടപിടി തകിലുതമുരന്നമിരതരുലുരോരണക്കഴലുകൾതരാഴകാട്ടകൊട്ടവരെ തരാതിരല ധകണാധകണപാരതതാനിയുഴവരുപോരസുരപ്പടകലിതം പുതൽവിടവേ. (പോര.)

വിടവെതിമികതടങ്ങിൽ പൊയ്തിലങ്ങിൽ ശോവറിരതിടതിരവുള്ള സുരപ്പുരയതെ കോടിയിറകൊട്ട ബോളുകണ മഴകണ കബന്ധമുന്നാടിപ്പാട്ടമിതിലും ചുട്ടകലിലും കൂടിയലെല്ലാം പോതകിറയമ്പികൾ കൊണ്ടതിറപ്പെതമാരതർ ഇണവൻചാട്ട വലരെതയിടകെ മുകതിതനരവെ യട്ടുള്ളു പരതെത്തു തളത്തു താഴ്ത്തുക്കണാകതരശരത്ത ഗന്ധമാരതത വരുന്നാരരത കെട്ടുകോവേണും മന്നാ തൊട്ടക്കാലുരകൊണ്ടു നാമകൾതിരകളിവതി വരവേശ്വനെ നിനക്കും ഏതൊതാതാകവിതാ ദയൻവും നന്ദാരയണും കൊല്ലിനരളുകരച്ചുമരിക്കയമില്ലിനി നലരൊട്ട പരപോതകവരൊരാതും അംബരവാസികൾ നായികക്കുള്ളമരനോ സുതനോ യിതിനാവതിനോ (അമരപോരതരതി.)

ശിവാലയപ്പാട്ട്.

ശിവാലയപ്പാട്ടുകൾ വിളവംകോട്, കൽക്കുളം, ഇരണിയൽ ഈ മൂന്നു താലൂക്കുകളിലും നടപ്പുള്ളവയാണ്. കുംഭമാസത്തിൽ ശിവരാത്രിയുടെ മുൻദിവസം വൈകുന്നേരം വിളവംകോട്ടുതാലൂക്കിലെ തിരുമലക്ഷേത്രത്തിൽ ഒരുകൂട്ടം ഭക്തന്മാർ വന്നുചേരുന്നു. ഇവരുടെ വേഷം ഒട്ടുമുക്കാലും ഒരേവിധത്തിൽ തന്നെ ആയിരിക്കും. തോർത്തുമുണ്ട് അരയിൽ ചുറ്റി തലയിൽ പട്ടുകെട്ടി സർവ്വാംഗം ഭസ്മം ധരിച്ച് കഴുത്തിൽ രുദ്രാക്ഷമാലയും കയ്യിൽ വിശറിയുമായി ഗോവിന്ദാ ഗോവിന്ദാ! എന്നു വിളിച്ചുകൊണ്ടാണിവരുടെ പുറപ്പാട്. ഇവർ ദീപാരാധന കഴിഞ്ഞു് കിഴക്കോട്ടിറങ്ങി ഓട്ടം തുടങ്ങും. ഈ ഓട്ടത്തിനിടയിൽ യാതൊരിടത്തും നില്ക്കുക പതിവില്ല. തിരുമല, തിക്കുറിച്ചി, തൃപ്പരപ്പ്, തിരുനന്തിക്കര, തൃപ്പന്നിക്കോട്, തിരുവിതാംകോട്, പന്നിപ്പാകം മുതലായി വിളവംകോട്, കല്ക്കുളം, ഇരണിയൽ ഈ മൂന്നു താലൂക്കുകളിലുമുള്ള പന്ത്രണ്ടു ശിവാലയങ്ങളിലും ഒരു രാത്രികൊണ്ടു് കല്പിച്ചുതൊഴുതു് ഒടുവിൽ തിരുനട്ടാലം, എന്ന സ്ഥലത്തു് എത്തണമെന്നാണു നിയമം. ഇവർ പാടുന്ന ചില പാട്ടുകളാണു ശിവാലയപ്പാട്ടുകൾ.

ഭസ്മാസുരന്റെ ഉപദ്രവത്തിൽ നിന്നു രക്ഷയ്ക്കായി ശിവൻ വിഷ്ണുവിനെ വിളിച്ചുകൊണ്ടോടിയ എന്നുള്ള കഥ അഭിനയിക്കയാണ് ഇവർ ചെയ്യുന്നതെന്നത്രേ പറഞ്ഞുപോരുന്നതു്.

ചോലയണഞ്ഞീടും തിരുമലയിൽ വാഴുമീശനെ
ചൊല്ലെഴുതിക്കും തിക്കുറിച്ചിയിൽ മേവിനാഥനെയും
ദേവകൾതിങ്ങും തൃപ്പരപ്പിൽ നാഥനെ

കാലനെ വതിത്ത തിരുനാവിക്കരശനും വിരവൊടാൽ
കാത്തടിയന കവിത തരുകിടണ മിന്നവെക്കം
കാളകണ്ഠൻ തിരുവിലാക്കുടി തന്നിൽ
മാലവെ പണ്ണിപ്പാകും ചന്ദ്രശേഖരൻ ഉണ്ടല്ലോ
സതതം പത്തനാരംപുരത്തിലമർന്നിടും
സാരസക്ഷമനായ നീലകണ്ഠനും
മേലാങ്കോടതിലമരും കാലവൈരി ശങ്കരനും
മേവിയ തിരുവിടക്കോടതിൽ മൃത്യുനാശനൻ
മെല്ലം തിരുവിതാങ്കോടതിൽ വാണിടും
ഫാലനയനൻ പശുപതി അനുഗ്രഹിക്കവേണം
പരിചോടു തൃപ്പന്നിയോടതിൽ മരുവും ഭൂതേശനും
പാരതിൽ നട്ടാലയത്തിൽ രുദ്രനും
ബാലനാമെനിക്ക തുണചെയ്യണം വഴിയൊടിന്ന
പരിചിനൊടടിയിണകളെ അനിശം ഞാൻ അകതാരതാം
പാരമ്പര്യമരവിന്ദമൊഴിക്കണം.

മേലെഴുതിയപാട്ടിന് അത്ര പുരാതനത്വം കല്പിക്കാവുന്നതല്ല.

വേറൊന്ന്—

അന്തരയിൽത്തുയിലും അരവിൻ തന്നെത്തുതിപ്പവർ
അയന മുകുന്ദ ചുതന്മല വണങ്ങു മൻപിനൊടെനിക്ക തകയവനാമെ
മനം തെളിന്തു തിരുമലരണി ചാത്തിനവും മലമകളൊടു മരുവി
ഗംഗയരിപ്പവൻ, വാഴകിൻറവൻ മഴകിതെൻറിയ
മാതഴകിതെൻറിടത്തു മകിഴ്ന്തു തിരിച്ചി തന്നിൽ
മലമകളൊടു ശൂലകപാല കട്ടങ്ങുടി വന്തുതിത്തമർന്തു വാഴും മഹേശനെ
ദിനകരാറിലും തൃപ്പറപ്പിൽ പിറച്ചൂടിന തിരുനടയാടിന നീറണി
കരവും ചെന്തുടൻ തിരുനന്തിക്കരെ മഹാദേവനെ—
വാനവർ പുകഴും തിപ്പിലമകിഴിൽ
വാഴന്ത മകിഴ്മയോടടിയനെന്ന പിഴവറാമൽ കാത്തരുൾ

ഭക്തിയ്ക്കുപണിപ്പാകം വാഴും നാഥനോ.
നാന്മുഖനാകുമോ കമലയൻ പതിവല്ലതും

തലമുടനമുത്തലുകടയമോ നാലുമുഖാദിസ്വന്തനല്ലതിയനിലകുണ്ഠ സ്വാമിയേ—

കേതമാറിട്ടും മോഷങ്കൊട്ടു കാലകാലന്ന കെട്ടിയ തെട്ടുമടക്കിയ വെട്ടും മിണ്ടാൻ കീർത്തിയെ തിരുവിതാംകൂറുമലനം തിരുത്താൽ ഒണ്ണമ്മ രണ ലോകമാക്കയും—

പുകഴാൽ വാഴമന്നതിതിരുപുരമതിലെച്ചുമതാവാര മിൻറാൻ തിരുവിതാംകോട്ടപാറ്റുപാണിയെ—
പാറ്റുപാണിയാകുമോ തൃപ്പുനിത്തുറതൽ ഉയന്ന പകലവ നൊളിവുള്ള മയമകുമിതന്ന......
പാർപുകഴ്‌ന്നിട്ടും നല്ലാരിപ്പാപ്പിനെ

ഒരുപുകഴ്‌ന്നിട്ടും തിരുനാട്ടമതിൽ വാഴ്കിൻറ മതതിയകകോൻണിന്റാൻ, ശംകരാ ശംഭോ നമോ, പാർവ്വതീശനേ ഖിന്നിൽനിന്നരുൾ പറയുമ്പോൾ താണ്ഡവമാടും നൽപ്പൂങ്കപ്പുറിലിപ്പതകളോ......മതിയെന്ന അന്നേരമാകോമകടാമണോ—

അനന്തതയിൽ വാഴുമച്യുതനും ആതിരകേശവനെ രാതിനാതനും പൂന്ത മത്സ്യരൂപാരത്തിൽപുക അപ്പൻതുള്ളതും പുലിയൂർപ്പാലും കുന്നിനാൽ കൊഴുവനം നരിപ്പൂറിയകടം അന്നന്തൻവാഴും അപ്പൂനും അപ്പുരത്താകുമോ വയനാമതന്ധവുമെന്നിലെമന്ത

വഞ്ചിമാർത്താണ്ഡവർമ്മനും ചെപ്പൂപുകടം കീർത്തികൂടെ ദേവമാർക്കടം വിണ്ണവർകളും തെളിവോടു ചെപ്പുമൊഴിയൊചിഷ്ടിതെവതി ചിറന്ത അപ്പൂരകവിമാർകളും—

വൈയകത്തിൽ വാരണാകൃതം ഗോത്രക്കും ദാനവനും വാനവകറിയവനും ഇപ്പുമാറിയുതകടം ഇവർ നമ്മൾ രക്ഷകിനാപിതൃക്കളും—

നാരായണനതിരുചാരിതനും കീർത്തിയന്നിട്ടുൾക്കവിപുലവനും കനകമാനും സകലോപനും നാടിയെ എൾപ്പുനവൻ കണ്ഠിരവിയും പന്നഗതമയിൽകളും ഭുവകൊട്ടു കന്തനിൻ വരനയെ നേരിയാകുമോ അരശു ശിങ്കപതിയിൽനച്യുതൻ നിലമൊഴിന്ന കാവിയും അനന്തിമച്ചുമല്ലും വിരിയും

ഭരതമോടിസഭയിൽക്കൂടിയിരിക്കും ജനങ്ങൾക്കെല്ലാം ഭൂമിയിലെ ശിരസ്സിലിരുന്ന കൊണ്ടാണോനൻ പാണ്ഡവപ്പിഴകൾക്കെതിരു പാശിക്കിൽ നിന്നുകൊണ്ട ചിലകരയാ നിളന്നമതിലേറി നിന്നെന്നുള്ളൻ പക്ഷമാരുടെ കേട്ടതാംകൂടവണ്ടമ —

ഭാരതയുദ്ധം കഴിഞ്ഞുകൂടി. ധർമ്മപുത്രർ അശ്വമേധം എന്ന യാഗത്തിനു വട്ടം കൂട്ടി. അദ്ദേഹത്തിന്റെ ആജ്ഞയനുസരിച്ചു യാഗാശ്വം തിരുവാണങ്ങി പല രാജ്യങ്ങളിലെല്ലാം യാത്രയായി. അർജ്ജുനൻ നാകന്മാരുടെ വാസഭൂമിയിൽ ചെന്നെത്തി. നാകന്മാരുടെ ന്യായമായി അദ്ദേഹത്തെ അറിഞ്ഞില്ല. അഹങ്കാരപരവശനായ ധൈര്യശാലിയായ അർജ്ജുനൻ അവരെ ഭർത്സിക്കാനും ഭയപ്പെടുത്താനും തുടങ്ങി. അപ്പോൾ നാകന്മാർ പറഞ്ഞു അറിയിച്ചു: "ഞങ്ങൾ നീതിനിഷ്ഠരൊരുക്കൂടി ഭക്തിയുള്ളവരാണ്. ന്യായം വിട്ട് ഞങ്ങൾ പോടിക്കുന്നവരല്ല. സത്യനിഷ്ഠ, ദാനധർമ്മം, പാതിവ്രത്യങ്ങൾ ഇത്യാദി ഗുണങ്ങളൊന്നും ഞങ്ങൾക്കില്ലേ?" അർജ്ജുനന്റെ ഉരുക്കം നാകന്മാരോടു പറഞ്ഞതിനാൽ അദ്ദേഹം പിന്തിരിഞ്ഞു പോരിനു പെട്ടെന്നു അനുവാദം ചോദിച്ചപ്പോൾ ധർമ്മിഷ്ഠനായ ശ്രീരാമൻ ആ നാകന്മാരെ നോക്കി അവരുടെ ഗുണത്തിലേറെ സന്തോഷവാനായ ശ്രീകൃഷ്ണന്റെ മനസ്സിലെ തന്റെ കൃതിയും അവരുടെ എന്നതിനെ ഒരു ധർമ്മരാജന്റെ ഉത്തരം. നാകന്മാർ അർജ്ജുനനോട് ഇങ്ങനെ പറയുന്നു.

എങ്കളുടെ നല്ല വർക്കഴമ ചൊല്ലുവോളം ഞാൻ ചൊല്ലുന്നില്ല	ഞങ്ങളുടെ സമൂഹം ധർമ്മിഷ്ഠസമൂഹമാകുന്നു. പറയാം. സത്യം പറഞ്ഞതാണ് പരിപാലനം.
എങ്ങൾക്കുള്ള നല്ല വർക്കഴമ കുളത്തിലിട്ടു വളർത്തില്ലും എങ്ങൾക്കുള്ള നല്ല വർക്കഴമ	മദ്യപാനം ചെയ്യുന്നില്ല.

കൊന്നുപ്രാണവരെ കൊല്ലുവതും ഉൺപതില്ലാം എങ്കൾകുലം നല്ലവർകുലമേ ഉൺവതകെ ഉശെക്കാളുവില്ലാം എങ്കൾകുലം നല്ലവർ കുലമേ	മത്സ്യാദികളെ കൊന്നു ഭക്ഷിക്കുന്നില്ല. മാംസങ്ങളൊന്നും തിന്നുന്നില്ല.
പിറമനൈവിയരൈ അപേക്ഷിതപ്പാ നോക്കുവതില്ലാം എങ്കൾകുലം നല്ലവർ കുലമേ ഇല്ലെയില്ലെന്നമൊഴിന്താൽ പിറകില്ല യിർ വാഴ്വതില്ലാം	പരസ്ത്രീകളെ തെറ്റായിട്ടുള്ള സ്നേഹം ജനിക്കുമാറു നോക്കുന്നില്ല. ഇല്ലെന്നു പറഞ്ഞുപോയാൽ പിന്നെ ജീവനെ ധരിക്കുന്നില്ല.

"ഇല്ല" എന്നു ഒരു വാക്കു പറയുവാൻ ഇടയായിപ്പോയാൽ പിന്നെ അവർ ജീവിച്ചിരിക്കുന്നതല്ലത്രെ.

വേറൊരു പാട്ടിൽ നാടാന്മാരുടെ ഉരു (സ്വരൂപ)വും കരുവി (പഞ്ചേന്ദ്രിയങ്ങളും)വും ഉള്ളം (അന്തഃകരണ)വും ഉയിരും (പ്രാണനും) കടവുൾ (ദൈവവും) കൽവി (വിദ്യ)യും ഉലകം (ലോക)വും എന്നുവേണ്ട അവരുടെ എല്ലാം (സർവ്വവും) ധർമ്മമായിരുന്നുവെന്നു കാണിക്കുന്നു.

അറന്താനെ ഉരുവാന നാടാന്മാരെ
അറന്താനെ കരുവിയാന നാടാന്മാരെ
അറന്താനെ ഉള്ളമാന നാടാന്മാരെ
അറന്താനെ ഉയിരാന നാടാന്മാരെ
അറന്താനെ കടവുളാന നാടാന്മാരെ
അറന്താനെ കൽവിയാന നാടാന്മാരെ
അറന്താനെ ഉലകമാന നാടാന്മാരെ
അറന്താനെ എല്ലാവുമാന നാടാന്മാരെ
ഉറത്തിലമെയ്യുരുവാന നാടാന്മാരെ
തെക്കത്തിടമെ കരുവാന നാടാന്മാരെ

വൈത്തിടമേ വിലവിളക്കും നാകത്താരെ
മെയ്ത്തിടമേ മേനിയാന നാകത്താരെ
പൊയ്ത്തിടമേ പൊടിയാക്കും നാകത്താരെ
കത്തിവാൾ കൈയിലേന്തും നാകത്താരെ
ഏത്തിലെങ്ങും പുകൾകൊണ്ട നാകത്താരെ
ചിത്തിരത്തി ലെക്കുകൊണ്ട നാകത്താരെ
വില്ലാളി വീരനാന നാകത്താരെ
വിത്തുകെട്ടി പടവെട്ടും നാകത്താരെ
പുല്ലുനവെള്ളം ഉറക്കും നാകത്താരെ
പുനിതരടി വണങ്കിവീഴും നാകത്താരെ.

വേറൊരുപാട്ട്.

പാലത്താഴ്വാ പാടവാളും
തീത്തിക്കുപ്പും മെതിയടിയും
തീരമണിയും ചിറികുഴലും
വീരച്ചൊല്ലും വിളയാട്ടും
നീറണിനെറ്റിത്തടവാഴ്കം
നേരിലെഴുയാം തറിനിലയും
നാകക്കിരിയാളുടലിതെ
നാടിക്കടിയർ വണങ്കവന്നെ.

കോളേരിപ്പാട്ട്.

കോളരിയേ, കോളരിയേ കോലമിടരുതെ കോളരിയേ
കണ്ടവർകണ്ടു വെളിച്ചകൊളരിയേ കാണാത്തോർക്കിതാ കോളരിയേ
ഒൻപതുവായ് ക്ലീനിപ്പുകുട്ടങ്ങളൂടവിളങ്കിയ കോളരിയേ
ആദ്യന്തമെന്നില്ലുന്നാലക്കരെ യന്ത്രമരണെ മേവിയ കോളരിയേ

വേറൊരുപാട്ട്.

പിളരിമുഴക്കി പ്പുള്ളിയെഴപ്പി പ്പേരിയംശങ്കൽപൊങ്ങിടാ
കളരിതളുള്ള തുയിലുയിർക്കാർമേനിപ്പാറിപ്പിറന്നിതയേ
പുല്ലിനരവെല്ലം ഉറക്കം നാടുകതോരേ

കോനാർപാട്ട്.

കോനാരെ കൈകൊട്ടി പ്പാടുവിരേ
കൊണ്ടാനടിച്ചു കൂത്താടുവിരേ
മാനാമണക്കാരെ പോറ്റുവിരേ
മാധവമാവിൻപം കൂട്ടുവിരേ
തിരും പുനലും വഴി വിളങ്ങും
മങ്ങുംകലർന്നു മദവിളക്കി
വിട്ടിലിരിക്കും നപ്പൂന്നാരെ
പാടുവിർ പാടുവിർ പാവലരേ.

വേറൊരു പാട്ട്.

വേണാട്ടുപ്പൂമലിലിയാൾ വേടിവ പൂക്കളു
കാണാമൽനിർവാളെ കൻർചെപ്പുമന്നാർ
മണാക്കർമാരെയപൊകിഴ് ഉപവാറിപാറട്ടു
കോണാമൽകാണാരെ കോലിയികളെന്നാർ.

പൊങ്കൽവെട്ടിപ്പാട്ട്.

തിങ്കളംതിരി തിരിനാളം പൊങ്കൊട്ടി
തെന്നറിവുള്ള തെളിനിറക്കം പൊങ്കൊട്ടി
മനമാറ തുറക്കരുതപ്പുതവെട്ടി
മണ്ണുവിണ്ണുമാറർന്നെന്നു മങ്കം പൊങ്കൊട്ടി
(മനാറിക്കാട്ടതിൽ കാനിത്തെൻതിവാണമേ)
പൂട്ടവെരാട്ട വെളിതനിയ തോതി
മട്ടവെ തടന്ത നിലനിലതനാകം
തന്നിലതനാഴിയമമെതിവാരായത
വിണ്ണിലെലയെന്നമതാരെൻ വിളയിനാരോ

അകമാറ പുറമാറ തോരെകയറ
മേലാറ കീഴാറ വെളിയുമാറ
കണ്ണാറകണ്ണാലാറ കാഴ്ചിയാറ
വിണ്ണിലെലയെന്നിവയാറേൻ വിളമ്പിനാരെ.

കോതാമൂരിപ്പാട്ട്, കോന്നാർപാട്ട്, പൊതുവട്ടിപ്പാട്ട് മുതലായവ ഇതുവിധം വളരെ പഴക്കമുള്ളവയാണ്. അവ നായന്മാരുടെ പോർവീര്യം, ഈശ്വരവിശ്വാസം, ദേഹദാർഢ്യം മുതലായവയെ കാണിക്കുന്നു.

നായന്മാരുടെ ഇടയിൽ നടപ്പുണ്ടായിരുന്ന കളികൾ തന്നെയും അവർ മുൻകാലങ്ങളിൽ കായികാഭ്യാസങ്ങളിൽ അതിസമർത്ഥന്മാരായിരുന്നുവെന്നു കാണിക്കുന്നു. താലികെട്ടു കല്യാണപ്പന്തലിൽ വച്ചു നടത്തിവന്ന കളികൾ ഇപ്പോഴത്തെ സർക്കസ്സുകാർക്കു പ്രത്യേകാഭ്യാസം കൂടാതെ സാധിക്കാവുന്നതല്ല. നായന്മാരുടെ ഈ കളികൾ അടുത്തകാലംവരെ സർവ്വസാധാരണമായി കളിച്ചുവന്നു. വലിയ വിളക്കിനു ചുറ്റും പത്തിരുപതുപേർ വളഞ്ഞുനിന്നു കണ്ണുകാലും കോലുകാലും വച്ചു ഇരിയും ചാഞ്ചിയുമിട്ടിരുന്നു കാണിക്കുന്ന വിദ്യകൾ കണ്ടാൽ ഉത്തരാസ്വയംവരത്തിലെ ശങ്കരാശാൻ "ഭഗവന്റെ മായാവിലാസം" എന്നു പറഞ്ഞുപോയതു്. കഥകളിക്കാർ ശൃംഗാരപ്പദം പതിഞ്ഞകാലത്തിൽ വട്ടക്കാലിൽ നില്ക്കുന്നതുതന്നെയായിരുന്നു കല്യാണക്കളിക്കാർ ഗണപതിയെ വന്ദിക്കുന്ന "ഏകദന്തമുകവൻ" എന്ന പാട്ടിനായി സ്വീകരിച്ചിരുന്നതു്.

പാട്ടുകളുടെ ആദിമദ്ധ്യാന്തങ്ങളിലെ "അടവുചവിട്ട്" ഇതിലും കടന്ന ഒരു വിദ്യതന്നെ. പേര് "അടവുചവിട്ട്" എന്നാണെങ്കിലും അടവുമാത്രം കൊണ്ട് ഇതു ചവിട്ടാൻ ഒക്കുകയില്ല. പ്രത്യേകം പഠിക്കതന്നെ വേണം. ഈ അഭ്യാസവിധത്തിന്റെ മാഹാത്മ്യത്തിനു ലക്ഷ്യങ്ങളായ പാട്ടുകൾ എത്രയോ ഉണ്ട്. കളിക്കുപയോഗപ്പെടുത്തുന്ന പാട്ടുകൾ തന്നെയും

ഈശ്വരസ്തുതികളോ പുരാണകഥാവിവരണങ്ങളോ ആയിട്ടാണ് കാണപ്പെടുന്നത്.

അങ്കി(അഗ്നി)യും ഇന്ദുവും ആതരവാണ്ടും
അമ്പിളിയും ചിട തന്നിലണി നോൻ
വൻകരി ശവക്കമായ് വൻപിടിയാ ദൃഢ...ഇത്യാദി.

നാട്ടേരിക്കളി ഇതിന്റെ ഉദാഹരണമാണ്,

കാലകാലാ ബാല ചന്ദ്രശേഖരാ ശൂലി–ശങ്കരാ
നീലഗളാശിതാ സ്ത്രൈക സാധുവന്ദ്യ
ഫാലലോചനാ പരമ പാവനാംഗ–വിമല
മലജാമലശരീരാ ഗിരീശാ
ശൂലപാണേ നീലകണ്ഠ സുഖി പാഹി–മമ
പാതകങ്ങളറ്റ മകുറ്റി ദാത്രിയോടണം.

ഇതിനിടി—

പറഞ്ഞു പലതര മിങ്ങനെ വിജയൻ
നിറഞ്ഞ പരവശമൊട്ടു മയവിയും
നിറന്ന ഭഗ്ഗകപൂരിയതി ലിങ്ങനെ
കരഞ്ഞു ബലഭദ്രനരികെ തിരുമുമ്പിൽ
അടിച്ചു മാറിലങ്ങനെ പുരികൾ
പിടിച്ചിഴച്ചു മനോകതാരത്തിൽ
പിടിച്ചുടിച്ചു കൊറിപ്പതുണ്ടു.

ഒരു ഞാനോ—

കണ്ണുകൊണ്ടുവരുന്ന സംഗതി നമ്മൾ കണ്ടിലതെങ്കിലോ
വണങ്ങിക്കഴലാരു നമ്മളി ലിന്നു പോക്കി വസിച്ചിടാം

ഇനിയൊന്ന്—

തെക്കേക്കുറ്റിയിലെ നായന്മാരും പാറച്ചാലത്തൊഴന്മാരും
പന്നിനായാട്ടിൽ പാരം പണ്ടിതന്മാരുണ്ട്—തിങ്കളെ.

അടവുപാട്ട് —

ആനാമുഖവൻ ഗണപതിവാഴ്ക
അൻപുറന്ന കളിത്താളടവുകളിൻപൊരു പലതരവും നൽകിയ
ആയിരം വാഴ്ക ശൈവം വാഴ്ക — ഇന്തരത്ത
ഊനമില്ലാതുള്ളൊരു നാട്ടം വിളങ്ങുക
ഉള്ളിൽനിറച്ച പ്രേമത്തോടെ വന്നിങ്ങനെ സ്തുതി ചെയ്തവർകൾ
ഉത്തമമായുള്ളൊരു ദൈവം വിളങ്ങുക
ദേവന്ത പൂമലരിട്ട് കൈകൂപ്പിത്തൊഴാം
ദൈവംതുണനാമുകെതെന്നപ്പമേ — ഇന്തരത്ത
തിത്തിത്ത–തിത്തകത–തിമിത്തകത–തകധിട ധിമികതെ.

അന്നാളുലകിനെ പടത്തവൻചിറത്തിനെ
കരിച്ചുകൊണ്ടൊരു കൺനെറ്റിയോനെ
അരനുടെ മുടിമേൽ നിന്നരുവാണം
പുനൽതിരണ്ടിടവേ — ഇന്തരത്ത
കുന്നത്ത മത്തക മുത്തിൽമേൽ കരിത്തിട്ട
ഉരത്തവൻ പുലിതോലുടുത്തങ്ങനെ
കണ്ഠകിരിസുത കണ്ടാലതോ ഒത്തൊട്ട്
പുത്തകത്ത–ന്ന–ഗിരത്തത്തെ.

ഈ വിധം കളികളിലും കവിതയെ അവലംബിച്ച് ദൈവവിചാരത്തെ അങ്കുരിപ്പിച്ചു കഴിഞ്ഞുപോന്ന വര്ഗ്ഗക്കാരാണ് നായന്മാർ. പ്രായം ചെന്നവരുടെ കളികളിങ്ങനെ. കുട്ടികളുടെ കളികളും പാട്ടുകളോടുകൂടിയതാണ്. പാട്ടുചേർന്ന കളി പലവര്ഗ്ഗക്കാർക്കുമുണ്ടാകാം. എങ്കിലും പല കളികളും പാട്ടില്ലാക്കിയിട്ടുള്ള മറ്റുവര്ഗ്ഗം ഉണ്ടോ എന്നൊരു സംശയമാണ്.

നമ്മുടെ പള്ളിപ്പിള്ളേരുടെ പഴയ പാഠമെഴുത്തു പാട്ടിലാണ്. ആശാനെ വന്ദിക്കുന്നതു പാട്ടിൽ, ആശാനോടു യാത്രചോദിക്കുന്നതു പാട്ടിൽ, വീട്ടിൽ വന്നാൽ കളികളെല്ലാം പാട്ടിൽ, സന്ധ്യയ്ക്കു നാമം ജപിക്കുന്നതു പാട്ടിൽ. എന്ന

വേണ്ട എല്ലാംതന്നെ പാട്ടിലാണ്. എങ്ങനെയെങ്കിലും ഒരു മാന്ത്രികനിയമം അനുസരിക്കുന്ന ഈ മാതിരി ഭാഗങ്ങളെ പാട്ടുകളുടെ രൂപത്തിൽതന്നെ ഞാൻ ചേർക്കുന്നു.

കണ്ണാംപൊത്തുകളി.

കണ്ണാരപ്പൊത്തരാരേ—കാട്ടിക്കുറിഞ്ഞതാര
ഞാൻ വിട്ടാൽ കള്ളനെ—ഓടിപ്പിടിക്കൊണ്ടുവാ.

സിമന്തികളി.

പച്ചക്കൊള്ളത്തിലെ പനങ്കൊള്ളിയില
തെറ്റിപ്പറക്കുന്ന കൂട്ടത്തിൽപ്രാവിന്റെ
കുടപ്പറക്കുന്ന മടപ്പിറാവിന്റെ
കുടെളു, കൂടളു. ... ...

നെല്ല് കതിരായി വിടരുമ്പോൾ ആ കതിർക്കുടത്തെ പച്ചക്കൊത്തുവെന്നും വിരിഞ്ഞുവരുമ്പോൾ പനക്കൊത്തുവെന്നും പറയാറുണ്ട്. ഈ സമയത്തു പ്രാവുകൾ കൂട്ടംകൂട്ടമായി പറന്നെത്തി കതിർ കടമോ കലമോ മുറിച്ചുകൊണ്ടു പോകുന്നതു കൃഷിക്കാർക്ക് ഉപദ്രവമാണല്ലോ. അതിനാൽ പ്രാവിനെ അടിക്കാൻ കുട്ടികളെ ഏല്പിച്ചു പറത്തുകയും അവർ പാടി പ്രാവിനെ ഓടിക്കയും ചെയ്യുന്ന പാട്ടാണിത്. ഇതു പോലെ എന്തെങ്കിലും ശ്വാസം വിടാതെ പറഞ്ഞുകൊണ്ടോടി എതിരാളിയെ അടിക്കയാണ് ഈ കളി.

മുക്കുകളി.

കരിക്കട്ട—കാഞ്ഞിരംപൂ—അള്ളിക്കിപ്പഴം—പിള്ളക്കിണ്ണത്തിന്
കൊണ്ടലോട്ട-കേരിക്കട്ട-ഇറങ്ങിയടി.

കാരിക്കകിരി.

കരിക്കകിരി മുക്കിരി ചുണ്ടെലി
വെള്ളിപ്പഴുപ്പനൊന്നെല്ലാം വേണം
തേങ്ങ, പാമല, പഴം.

അവപ്പോത്തിവപ്പോത്തികളി.

അവപ്പോത്തിവപ്പോത്തി തെങ്ങലം മങ്ങലം
അവപ്പൻപന്തലിൽ പന്താണ്ടാന പടികടന്നാനു.
ചീപ്പുകണ്ടില്ല ചിററാടകണ്ടില്ല കോതിമുടിഞ്ഞ തലമുടി കണ്ടില്ല.
ആരെടുത്തു കോതയെടുത്തു കോതേടെകൊച്ചിനെ തല്ലിപ്പറിച്ചു.
പണ്ടൊരുത്തമങ്കം പതിവ്വാവന്നിയൻപെ എന്റെ കന്തിന്റെ കാലൊ കയ്യൊ ഒന്നുകള.

ചീപ്പും ചിററാടയും അപഹരിച്ച കാററത്തെക്കുറിച്ച് പണ്ടോരുവകയിൽ നിന്ന് അന്വേഷണം നടത്തുമ്പോൾ കാലൊ കയ്യൊ ഇല്ലാത്തയാൾ കാരം ചെയ്യുവില്ലെന്നു അവരെ വിശ്വസിപ്പിക്കാൻ എഴുത്ത ഉദ്ദേശമാണിതു്. മോഷണം പഴയകാലങ്ങളിൽ പഞ്ചമഹാപാതകങ്ങളിലൊന്നായിരുന്നു. ആ പാതകങ്ങൾക്കൊക്കെ മരണശിക്ഷതന്നെ കൊടുത്തുപോന്നു. അതിനാൽ തെളിവിന്റെ വഴു വേണ്ടതെ എന്നു പറഞ്ഞുകേട്ടു. പക്ഷെ ഈ പാട്ടുണ്ടായ കാലത്തു് ആ കാരത്തിനു ശിക്ഷ അതായിരുന്നോ എന്നു നിശ്ചയമില്ല.

മാണിക്കക്കളി.

ആരെകൊല്ലിയാരെകൊല്ലിയൊ—മാണിക്കച്ചെമ്പഴുക്ക.
എന്റെവലകൊല്ലിയൊ—മാണിക്കച്ചെമ്പഴുക്ക.
വട്ടപ്പഴുക്ക—മാമ്പഴുക്ക.
വട്ടമിട്ടാടുന്നമാണിക്ക—ചെമ്പഴുക്ക.

പാണ്ടികളി.

കേൾക്കുന്നവർക്കു കളിയായി തോന്നുമെങ്കിലും ശ്വാസോച്ഛ്വാസമാത്രകളെ നിയന്ത്രണം ചെയ്യ നിർമ്മിച്ചിട്ടുള്ള പല പാട്ടുകളും പാടിക്കൊണ്ടുകളിക്കുക നായന്മാരുടെ ഇടയിൽ പണ്ട പതിവായിരുന്നു. ഇപ്പോൾ അവയും കളികളെല്ലാം എങ്ങനെയോ ഇല്ലാതായി.

ഇമ്പ-ഇളസി-ഇക്കിളപ്പാട്ട-മാട്ടി
വെള്ളി-വെങ്കലം-വെളുത്തടിച്ച ചങ്ങലി
ചെമ്പം-ചെമ്പരം-ചെമ്പൻ വാഴകടം വന്നു
വട്ടം-വട്ടരം-വട്ടക്കള്ളി ശിങ്കാരം
കുട്ടത്തി-കുറച്ചിട്ട- തെച്ചിപ്പൂത്തെ ചിട്ട
അട്ടക്ക-ച്ചീരക്ക-അടിച്ചാൽ-വെളുക്കും
കായക്കാ-കറുപ്പുംകാ-കണ്ണികടിക്കാ നെല്ലിക്ക.
പൂവേപൂ-പുളിയംപൂ-പൊന്നാർകൊണ്ടപ്പൂ താഴമ്പൂ
പാക്കുറ്റി-പ്പൂക്കുന്തപ്പം-പാവട്ടവെട്ടി പടപ്പെരുതു.
കല്ലുപ്പുരാശി ഏതെല്ലി? കായങ്കുളത്തിന്റെ തെക്കേല്ലി"?"

ഒരുകുട്ടി മണൽ കൂട്ടി അതിൽ അരയംഗുലം നീളമുള്ള ഒരു ഈർക്കിൽ മുറി ഒളിക്കുന്നു. മറ്റൊരു കുട്ടി അതു കണ്ടുപിടിക്കാൻ ശ്രമിക്കുന്നു. ശ്രമം വിഫലമായാൽ അവന്റെ അനാവിതു് തോറ്റവന്റെ കണ്ണു പൊത്തിക്കൊണ്ടു് അവനെ എതിരാളി ദൂരെ ഒരിടത്തേയ്ക്കു നയിക്കുന്നു. ഇതിൽനിന്നു് എന്താണു് നാം അനുമാനിക്കേണ്ടതു്. നാടു മുഴുവൻ കലാപാകുലമായിരുന്ന മുൻകാലത്തിൽ ജനങ്ങൾ പ്രായേണ യോദ്ധാക്കന്മാരും അലഞ്ഞുതിരിഞ്ഞു കള്ളന്മാരെയും കൊള്ളക്കാരെയും തിരഞ്ഞു പിടിക്കാൻ വിദഗ്ദ്ധന്മാരും ആയിരുന്നു. അനന്തരകാലങ്ങളിൽ നാട്ടിനുപയോഗപ്പെടത്തക്കവിധം ജനങ്ങളുടെ വാസനാഗതിയെ തിരിച്ചുവിടുന്ന സമ്പ്രദായം ഇന്നും പരിഷ്കൃതരാജ്യങ്ങളിൽ നടപ്പുണ്ടല്ലോ. ഈ സമ്പ്രദായംതന്നെയായിരുന്നു അന്നു മലയാളക്കരയിൽ അനുഷ്ഠിച്ചുപോന്നതു്. ജനങ്ങൾ ദൈഹികമാനസികബലങ്ങളെ വർദ്ധിപ്പിക്കത്തക്ക പ്രയോഗങ്ങൾ പരിശീലിക്കയും ശൈശവംമുതൽ ആ മാർഗ്ഗങ്ങളിലേക്കു് അവരുടെ വാസനയെ തിരിച്ചുവിടുകയും പതിവായിരുന്നു. അവരുടെ സാമൂഹികാചാരം, ഭാഷാസാഹിത്യസമ്പത്തു, വിനോദമുറ, വസ്ത്രധാരണരീതി, ഭക്ഷണക്രമം, എന്നുവേണ്ട,

എല്ലാംതന്നെ ഒരേതര ലക്ഷണത്തെത്തന്നെ അവലംബിച്ചിരുന്നു. കളികളുടെ നിരത്തുകളായ വിനോദങ്ങളിൽപോലും ഭേദം ഒന്നും തെററിയിരുന്നില്ലെന്നു മുൻ പറഞ്ഞിട്ടുള്ളവയിൽ നിന്നു നിശ്ചയിക്കാമല്ലോ. ഭേദം കളിക്കും അതിന് വേറൊരു മാഹാത്മ്യമാകുന്നതേയുള്ളു.

തെററവനെ അന്താവിത്തു വകയ്ക്കുകൊള്ളാത്തവനെ കുന്നു കെട്ടി നാട്ടിനു പുറത്താക്കുക. ഇതായിരിക്കണം ഇതിൽ അന്തർഭൂതമായിരിക്കുന്ന കാര്യം. വേണാട്ടിന്റെ അതിർത്തിയിൽ നിന്ന് കായംകുളത്തിന്റെ തെക്കേവരെ ഉണ്ടായിരുന്നിരിക്കണം. അന്താവിത്തു കായംകുളത്തിന്റെ ദക്ഷിണസീമ ജയസിംഹനാട്ടിനു പടിഞ്ഞാറു കല്ലടയാറ്റിൽക്കൂടി വേണാട്ടിന്റെ ഉത്തരപ്രാന്തത്തോളം എത്തിയിരുന്നിരിക്കാം. ആ അതിർത്തിയായ കായംകുളത്തിന്റെ തെക്കേ ചെന്നു ചേരുമ്പോഴാം ആ നാട്ടുകടത്തൽ ശിക്ഷ നിറവേറുന്നു. അവിടെ എത്തിയോ എന്നുള്ള അന്വേഷണമായിരിക്കണം "കായംകുളത്തിന്റെതെക്കോളെ"? എന്ന ചോദ്യം സൂചിപ്പിക്കുന്നതു്. വിസ്താരമോടി മാത്രം ഗണിക്കേണ്ട "കല്ലുവെട്ടാങ്കുഴി" ആ അതിരിനു സമീപത്തുണ്ടായിരുന്നിരിക്കാം. സൂക്ഷ്മമായി ചിന്തിക്കുന്നപക്ഷം അതിലും കാര്യമുണ്ടെന്നു കാണാം. പുരാതന വേണാട്ടു കടൽക്കരെ സംബന്ധിച്ച രാജ്യമായിരുന്നു. ഇതിന്റെ കിഴക്ക്, കാടും മേടും കുന്നും മലയും നിറഞ്ഞ സ്ഥലങ്ങളെല്ലാം ചില ഇടപ്രഭുക്കന്മാരാണ് ഭരിച്ചിരുന്നതു്. വേണാട്ടിനു കിഴക്കുണ്ടായിരുന്ന ഇളയടത്തുനാട്ട് ജയസിംഹനാട്ടിനും സമാന്തരമായി അതിന്റെ ഉത്തരസീമയേയും അതിലംഘിച്ചിരുന്നു. അതിനാൽ കല്ലുവെട്ടാൻ സൗകര്യമുള്ള ഇടങ്ങൾ വേണാട്ടിൽ—വിശേഷിച്ചും പടിഞ്ഞാറുദിക്കിൽ വളരെ കുറവായിരുന്നു. തിരുവനന്തപുരത്തിന്റെ തെക്കേഅററംമുതൽ പ്രാചീനതിരുവിതാംകോടിന്റെ വടക്കെ അതിർത്തിയായ ഇടവാവരെ കടൽക്ക

യോടുത്ത പ്രദേശങ്ങളം പരിശോധിക്കുന്നതായാൽ വെളി, വക്കല ഈ രണ്ടു സ്ഥലങ്ങളിൽ മാത്രം ചെറിയ കുന്നുകൾ കാണാം. വെളിയിൽമല മുൻപു ഘോരവനാന്തങ്ങളെല്ലാം വന്യമൃഗങ്ങളെല്ലാം, പരിസരങ്ങളിൽ നിമ്നമായ തടാകത്താലും ശൂന്യമായ മരുൽസ്ഥലങ്ങളാലും മനുഷ്യപാദങ്ങളാൽ അനാക്രാന്തമായിരുന്നു. വർക്കലക്കുന്ന്, അശേഷം ഉറപ്പില്ലാത്ത ചെളിക്കട്ടനിറഞ്ഞതുമാണല്ലൊ. എന്നാൽ വേണാട്ടിന്റെ അന്നത്തെ വടക്കെ അതൃത്തിയായ ഇടവാ എന്ന സ്ഥലത്തു് ഇന്നും അത്ഭുതപൂർണ്ണങ്ങളായ വൻകുന്നുകൾ കാണാവുന്നതാണ്. ഈ കുന്നുകളിൽ ഒന്നായിരിക്കണം മേൽ സൂചിപ്പിച്ച കല്ലുവെട്ടാങ്കുഴിയാൽ അങ്കിതമായിരുന്നതു്.

പരിഷ്കാരം വന്നു തോളിൽ കയറി തലയിലേയ്ക്കു് വട്ടം പിടിക്കുന്ന ഈ കാലത്തും നമ്മുടെ ഇടയിൽ അറിഞ്ഞും അറിയാതെയും ജീവിച്ചുപോരുന്ന തിരുവാതിരപ്പാട്ടിനു പഴയ കാലത്തു വളരെ പ്രാധാന്യമുണ്ടായിരുന്നു. പല കവികളും തിരുവാതിരപ്പാട്ടു് എഴുതിയിരുന്നു. പല കാര്യങ്ങളും ഈ പാട്ടിനു വിഷയങ്ങളായി തീർന്നിരുന്നു. അതെന്തൊന്നാണെങ്കിൽ ധനുമാസവുമുണ്ട്. ധനുമാസം തിരുവാതിരകൂടാതെ വരുന്നതില്ല. ഇങ്ങനെ ധനുമാസവും തിരുവാതിരയുംകൂടി യോജിക്കയോടം കേരളീയസ്ത്രീകൾക്കു് ആനന്ദോത്സവത്തിനുമായി. അപ്പോഴം ഒരു സ്ത്രീ തോഴിയോടു്

തോഴിമാരേ ധനുമാസം വന്നിപ്പോൾ
ഘോഷിക്കവേണം തിരുവാതിര
ചാതുരിയേറുന്ന മാതർപലർകൂടി
പാരാതെ ചേർന്നു കുളിച്ചിടേണം
രാത്രിയിലേഴര നാഴിക ചെല്ലുമ്പോൾ
തോഴിമാരെല്ലാരും കൂടിടേണം.

എന്നു പറയുന്നു. അപ്പോൾ മററവർ—

രാത്രിയിലേഴര നാഴിക ചെൽവളം
പാർത്താലെനിക്കറിഞ്ഞുകൂടാ—എന്നാത്തരം പറയുന്നു.
തൽക്ഷണം മററൊരു തോഴി പറഞ്ഞിതു
നക്ഷത്രം കണ്ടാലറിഞ്ഞുകൂടെ?
എന്നതുകേട്ടവളപ്പോഴേ ചോദിച്ചു
ഇന്നതു ചൊല്ലിത്തരണമെന്നു്

അതിനുത്തരമായി പറയുന്നതു് നക്ഷത്രം നോക്കി നേരം നിശ്ചയിക്കാൻ ഉപകരിക്കുന്ന ഒരു തിരുവാതിരപ്പാട്ടാണു്.

നക്ഷത്രമാല—(തിരുവാതിരപ്പാട്ടു്.)

കന്നൽമിഴിയേ! തിരുവോണം മൂന്നതു
പൊന്നിൻനിറമാം മുഴക്കോൽപോലെ
തെക്കുവടക്കായിരിക്കുമുച്ചയ്ക്കു
മദ്ധ്യന്നി മേടത്തിലൊന്നരയാം
അശ്വതിനാളങ്ങുവിട്ടുയരു കണ്ടാൽ
തോന്നുമേ നല്ലൊരു ചക്രംപോലെ
നന്നപ്പൂടിപോലെയുച്ചയാകുന്നേരം
നാഴികമേടത്തിൽ മൂന്നുമുണ്ടാൽ
പിന്നെയുച്ചയും പലമിന്നാതിമില്ല
വന്നൊരു കൂട്ടമുച്ചയാമ്പോൾ
ഒന്നരചെല്ലുമിടവത്തിലന്നേരം
സുന്ദരി നീയതറിഞ്ഞീടേണം
പൂരുട്ടാതിയുമത്തിരുവാതിരയു—
മിരണ്ടു നക്ഷത്രമായിക്കാണാം
കട്ടിൽക്കാൽപോലെ പൂരുട്ടാതിയുച്ചയ്ക്കു
പെട്ടന്നിടവം കഴിയുംതോറും
വണ്ടണിവേണികേളത്തിരുവാതിര
രണ്ടുമുക്കാലാം മിഥുനംതന്നിൽ

പിന്നെയിതുപോലു മീനമിനവതി
ധന്യേ! വലിയ മിഴാവുപോലെ
ഉച്ചയാകുമ്പോഴും മീനം കഴിവളം
വിാേയിലുള്ള പറഞ്ഞീടുന്നു
അശ്വതിയാവതിന്നൊന്നുകണ്ടാ-
ലശ്വമുഖംപോലെ മൂന്നും ബാലെ
പുഷ്കരനേത്രെ ഉച്ചയാകുന്നേരം
കർക്കട രണ്ടേകാൽ നാഴികയാം
മൂന്നമിവന്റെ ഭരണിയതുകണ്ടാൽ
മൂന്നടുപ്പുകല്ലു വച്ചപോലെ
ചഞ്ചലമെന്നിട്ടതുച്ചയാകുന്നേരം
അംബുജമുഖി കർക്കടരാശിതന്നിൽ
കാർത്തികക്കരിവിട്ടപോലെയതുച്ചയ്ക്കു
തീർത്തുചൊല്ലാമെന്നു ചിങ്ങം തന്നിൽ
രോഹിണി പത്രണ്ടിലൊന്നു നിറമേറും
മോഹനാംഗിയൊരോരാൾപോലെ
മകയിരമവന്നിട്ടു മദ്ധ്യാഹ്നമാകുമ്പോൾ
ചിങ്ങത്തിൽനാഴിക മൂന്നു ചെല്ലും
നാളികേരത്തിന്റെ കണ്ണുപോലെയതും
നാളീകനേത്രേ മകരം കണ്ടാൽ
കന്നിയിൽചെന്നിട്ടും കാൽനാഴിക യതും
നിസ്തുല്യയിലുള്ള പറഞ്ഞീടുന്നു
തീക്കനൽപോലെ തിരുവാതിര കണ്ടാൽ
ചേൽക്കണ്ണി! കന്നിയിലപ്പനേരവും
ഉത്തമന്നട്ടത്തോരു തോണിപോലെയതു
ഉള്ളതുകാണാം പുണർതം പിന്നെ
തങ്കംപോലങ്ങും നടുവിലൂടെയതി-
ലെല്ലാം തുലാംതന്നിൽ കാൽനാഴിക
മംഗലരൂപിണി! പൂയംവന്നുച്ചയ്ക്കു
മണിയ കണ്ണാടിപോലെയതൊന്നും
രണ്ടരനാഴികചെല്ലും തുലാത്തിലെ-

നമ്മളൊരു വാചകം പറഞ്ഞുപോരുന്ന
പെണ്മണിയായിരിപ്പും നാലുനാളു കന്നി-
മാത്തിലെത്തിച്ചിട്ടുണ്ടട്ടുംപോലെ
ഉച്ചയാകുമ്പോഴും തുലാത്തിലതെന്നാലും
നിശ്ചയിച്ചില്ലല്ലൊ പറഞ്ഞിട്ടുന്നു
നാലുണ്ടെടാ നക്ഷത്രപോലെ മകം കണ്ടാൽ
ബാലേ! കേളുന്നൊരു വൃശ്ചികത്തിൽ
പൂരവുമുത്രവുമിരണ്ടുമൊരു
നേരമെത്ര കട്ടിൽക്കാലുപോലെ
വൃശ്ചികെ! നാലാകും പൂരമുള്ളു
മല്ലാക്ഷി! നീയതറിഞ്ഞിടേണം-
ചാപത്തിലെ നാഴിക ചെല്ലുമ്പോഴും
ഉത്രവും വന്നടന്നുള്ളാകും
അത്യുന്നതത്തോടെ ഒന്നാം വന്നുള്ളു
ചാപത്തിൽനാഴിക മൂന്നുമക്കൾ
മൃത്തുപോലുള്ളോരു ചിത്തിരയുള്ളു
ചെമ്മെ യൗവനത്തിലെന്നുള്ളകാലം
പൊൻനിറം ചോതിവന്നുള്ളാകുന്നോം
ഒന്നാമെല്ലാം മകരം തന്നിൽ
വട്ടക്കിണർപോൽ വിശാഖം വന്നുള്ളു
ഇപ്പൂരാടത്തെ മകരം തന്നിൽ
നക്ഷത്രംപിന്നെയനിഴം മൂന്നുകളും
ദക്ഷിണദിക്കിൽ കടന്ന തൊയ്യം
വട്ടവിൽ പോലെയനിഴം വന്നുള്ളു
ഇന്നലെകന്നോ കുംഭം തന്നിൽ
ഇരട്ടി പോലുള്ളോരു കേട്ടയുമുള്ളു
കുംഭത്തിൽ നാഴിക മൂന്നുമെല്ലാം
കാളം പോലുള്ളോരു മൂലമുള്ളു
കുംഭത്തിൽനാഴിക മൂന്നുമക്കൾ
പൂരാടവും പുനരുത്രാടവും കന്നം-
മാരർ കിടക്കുന്ന കട്ടിൽപോലെ

പൂരാടമുള്ളപ്പു മീനത്തിലൊന്നാം
സിദ്ധിക്കയെന്നതു നൂനമല്ലോ
ഉത്രാടമുള്ളപ്പു മീനത്തിൽ മൂന്നാം
പാദമതെച്ചൊല്ലുമറികതോഴി!

ഈവിധം പല നക്ഷത്രങ്ങളേയും കുറിച്ചു വിവരിക്കുന്നു. ഇടയ്ക്കുള്ളതായ അഭിജിത്തെന്ന നക്ഷത്രത്തെപ്പററി യാതൊന്നും പറഞ്ഞു കാണുന്നില്ല. ഇവിടെ സാമാന്യവ്യത്യാസമില്ലതന്നെ. ഈവിധമാണ് ഒരു പാട്ട് അവസാനിപ്പിക്കുന്നത്.

ഇത്തരം നാളുകളും സൂചിപ്പിച്ചുകൊണ്ടുതൻ
നന്നായി ഞാനറിയിച്ചിടുന്നു.

പുരാണകഥകളിൽ പലതും തിരുവാതിരപ്പാട്ടുകളായി എഴുതപ്പെട്ടിട്ടുണ്ടല്ലോ. പരദേശത്തെ വരലക്ഷ്മീവ്രതം എന്നപോലെ ഭർത്തൃക്ഷേമത്തെ ഉദ്ദേശിച്ചാണ് നമ്മുടെ സ്ത്രീകൾ തിരുവാതിരവ്രതം അനുഷ്ഠിക്കുന്നത്. ഈ വ്രതദിവസം ഐശ്വര്യകരം വെളുപ്പാൻ എഴുന്നേറ്റുപോയി ഉണർന്ന് ഗംഗയെ ഉണർത്തി കുളിക്കുന്നു. വെള്ളം തുടിക്കുന്നതിനുള്ള പാട്ടുണ്ട്. ഈ പാട്ടിനെ തുടിപ്പാട്ട് എന്നു പറയുന്നു.

ഒന്നാനാം തൃക്കടവിൽ
ഒന്നാകുമ്പോൾ പൊന്നിൻചാലം
പൊന്നിൻചാലിൽ നാദംകേൾപ്പാൻ
ഉണരുണരൂ ഗംഗാദേവി!

ഒരു തിരുവാതിരപ്പാട്ട്—

അല്ലിമല്ലമല്ലികയും ചെമ്പകം ചേമന്തി
ഇലവംഗപ്പൂക്കൾ കസ്തൂരികളഞ്ഞിതെന്ന
പീലികളും കെട്ടിനല്ല മാലകളും ചാർത്തി
ലീലയിൽക്കുഴൽവിളിച്ചു മോഹനത്തിൽ പാടി
മോഹനരാഗങ്ങൾകേട്ടു ഗോപികമാരെല്ലാം
യാമിനികളറിയാതെ— ഇത്യാദി.

വേറൊന്ന—

വിത്തരി വെള്ളത്തരി നനച്ചുരലിലിട്ടരി
ഇത്തരമുള്ളം പോന്നവന്ന മേലേക്കാവിലെ നമ്പൂരി
കവുങ്ങിട്ടവെള്ളംകോരും മേലേക്കാവിലെ നമ്പൂരി
മുന്നാട്ടപ്പുംതട്ടിക്കൂട്ടി മുണ്ടമുറിയൻ വാരിയത്ത്
വട്ടത്തിൽചിലയപ്പം വാർക്കും മേലേക്കാവിലെ നമ്പൂരി
ചങ്കപോലെ കത്തിച്ചുട്ടകം മേലേക്കാവിലെ നമ്പൂരി
പലകയിലേറിത്തുള്ളംവെള്ളം മേലേക്കാവിലെ നമ്പൂരി
കുളത്തെത്തും കുട്ടിയുമൊത്തും മേലേക്കാവിലെ നമ്പൂരി
കോവിന്നാപ്പണമതുവിഴുങ്ങും മേലേക്കാവിലെ നമ്പൂരി
കോവിൽപക്കൽ ഗവരുവെള്ളം മേലേക്കാവിലെ നമ്പൂരി
മെഴുക്കുപ്പുറത്തിൽ മനക്കരത്തിക്കും മേലേക്കാവിലെ നമ്പൂരി

ഇനിയൊന്ന—

വീരനാനെല്ലാരെടെ ഒട്ടു സുന്ദരിമാരായി
ഘനവനെക്കുന്നായത്തു കുട്ടിൽ നടക്കുമ്പോൾ
കരതിരനട്ടുമ്മാനം ഘനരാഗം പൊന്തവാവ്
പെരുമ്പറവന്ന ചൂരറിഞ്ഞും ദിക്കിലുകൊമ്പൻ
ദിക്കിലുംകൊണ്ടവന്നൊരു നിലവിളിയുയർന്നു
നിലവിളികേട്ടോടിയെത്തുന്ന വില്ലേട്ടനുമായ വേടൻ
അരുവിയിറ്റുനിഷ്പ്രഭം മാനമിങ്ങു വേടാ
പട്ടുപുതപ്പുകൊണ്ടുചേല തൻതന്നുവാൻവാലേ
നിന്തിനിഷ്ഠ മറ്റുമായിതന്നതെകൊണ്ടു കണ്ടാലേ.

വിവാഹിതകളായ സ്ത്രീകൾ മാത്രമല്ല ഈ വ്രതം അനുഷ്ഠിക്കുന്നതുപോലെ കന്യകകൾക്കും ചില വ്രതങ്ങൾ കല്പിക്കപ്പെട്ടിരുന്നു. അതിൽ ഒന്നാണ് പൂരക്കളി.

ഒന്നാംകന്നിമാസമൊന്നാംകന്നിനാൾ
ഒന്നല്ലോ മാരൻ പാലനട്ടു
പാലച്ചുവട്ടിലവൻ പൂവനകവേന

പാലെടെ പാൽകറവാർകുഴലി
ഒന്നാംകുന്നും മൂന്നാംകുന്നും മൂടി
തണ്ടുമുറ്റിയിലും പാരി വന്നു
പോയിൻ പോയിൻ പുഴക്കന്നക്കരെ
പൂത്തൊലക്കാവിൽ പൂരം കളിപ്പാൻ
മരിലകുറിലക്കിളിമാരേ നിങ്ങൾ
ആടിപ്പാടി പൂരം കളിപ്പിൻ— ഇത്യാദി.

ഈ പൂരംകളി കഴിഞ്ഞാൽ നടക്കുന്നതു കുമ്പടോത്സവമാണ്. ഇതിലധികം ഉത്സാഹകരമായ ഒരുത്സവം കന്യകമാർക്കു പണ്ടില്ലായിരുന്നു. ഇതിന് ആയിരം കന്യകമാർ ഒരുമിച്ചു ചേരണമെന്നാണ് ഏർപ്പാട്. അവർ വസ്ത്രാഭരണവിഭൂഷിതകളായി അരി, പൂവ്, ചെപ്പ്, കണ്ണാടി മുതലായ അഷ്ടമംഗല്യ സാധനങ്ങൾ നിറച്ച താലം ഇടത്തുകയ്യിലും ചങ്ങലവിളക്കു വലത്തുകയ്യിലും പിടിച്ചു വാദ്യഘോഷങ്ങളോടുകൂടി ക്ഷേത്രങ്ങളിലേയ്ക്കു ഘോഷയാത്ര ചെയ്യുന്നതു് ഈ കുമ്പടോത്സവത്തിന്റെ പ്രധാന ചടങ്ങാണ്.

ഭരിതമംഗളമുത്തമവാദ്യയോടും, സുകുമാരീമാലികയൊത്ത കുമ്പയോടും.

എന്നു നളചരിതത്തിലെ കാട്ടാളൻ പറയുന്നതു് ഈ കുമ്പടോത്സവത്തെക്കുറിച്ചായിരിക്കണം. ഈ ഉത്സവത്തിന് ആയിരം കന്യകകൾ ഉണ്ടായിരിക്കണമെന്നാണെങ്കിലും ദമയന്തിയെത്തന്നെ ആയിരംപേർക്കും തുല്യമാകയാൽ അവൾ ജീവിച്ചതുകൊണ്ട് അന്നു നാട്ടിലുള്ള കന്യകമാർക്കെല്ലാം ഉത്സവംതന്നെ ഈ ഭാഗം എന്നും സൂചിപ്പിക്കയല്ലയോ?

രാമപ്പുറപ്പാട്ട്.

അമ്പിളിത്തിരുമുടി	തെല്ലുതെല്ലനെ	ഹേ
ആരവൻകുന്നും	അഴകിനൊടെ	ഹേ
ഇതിരപ്പൂക്കം	ഇട്ടുഇടനെ	ഹേ

ഓരോകണ്ണായും	കുള്ളമുണ്ടനെ	ഓഹോ
ഇടത്തുമടക്ക	പ്പുഴവായുമെ	ഓഹോ
തൃപ്പിരിയലും	നീണ്ടുടനേ	ഓഹോ
ഇടയിലൊരാരമനേ	കുണ്ടുവീശി	ഓഹോ
എങ്ങനെഴുന്നള്ളിപ്പാ	ഒരുഴുന്നള്ളത്തേ	ഓഹോ
രാമപുരത്തെത്ത്യം	പോറ്റമാരെ	ഓഹോ
രാമപുരംവാഴും	തമ്പുരാനെ	ഓഹോ

ഞാനിതാ തിരുപ്പദം കൈകൂപ്പിതൊഴുന്നേൻ

വഞ്ചിപ്പാട്ട്.

ആറും കായലും തോടുകളുമുള്ള ഈ നാട്ടിൽ വള്ളപ്പാട്ടില്ലാതെ തരമില്ലല്ലോ. ഇക്കാലത്തും ഈ പാട്ടിനു ശുക്രദശതന്നെ. മറ്റുപാട്ടുകൾക്കു പറ്റിയ ഉടവ് ഇതിനു തട്ടിയിട്ടില്ലാത്തത് വഞ്ചിനാടിന്റെ “കലാതത്ത്വത്തിന്റെ മകുടം” കൊണ്ടാണെന്നേ കരുതാവൂ. ആരംഭത്തിലോ അവസാനത്തിലോ വഞ്ചിപ്പാട്ടില്ലാത്ത യോഗങ്ങൾതന്നെ ഇവിടെ ദുർല്ലഭമാണ്. ഓടികളിലും ബോട്ടുകളിലും തണ്ടുപിടിച്ചു പോകുമ്പോഴും തണ്ടുവലിക്കുന്ന താളം ഒപ്പിച്ചു പണ്ടുപണ്ടേ പാടിവരുന്ന ഒരു പാട്ടാണിത്.

വള്ളപ്പാട്ട്.

അൻപുറക്കം—ഏലേലം
അൻപനേടി—ഏലലലാം
അൻപുറക്കം-അൻപനേടി-ഏലേലം—ഏലലലാം
ആറുമുഖൻ—ഏലേലം
വേൽക്കുമാരൻ—ഏലലലാം
ആറുമുഖൻ-വേൽക്കുമാരൻ-ഏലേലം—ഏലലലാം
വൻപുറക്ക—ഏലേലം
വൻപനേടി—ഏലലലാം
വൻപുറക്ക-വൻപനേടി-ഏലേലം—ഏലലലാം
വള്ളിമണ-വാളനായ-ഏലേലം—ഏലലലാം
വള്ളിമണാ-വാളനായ-വേൽക്കുമാരൻ—ഏലലലാം

സംബോധക—ഏലേലം

ഉപദേശിത—ഏലലലം

സംബോധക-ഉപദേശിത—ഏലേലം—ഏലലലം

സംബോധക-അന്തർഭാവിതമല്ല-ഉപദേശിത—ഏലലലം

ശക്തിധരൻ—ഏലേലം

വേൽക്കുമാരൻ—ഏലലലം

ശക്തിധരൻ-വേൽക്കുമാരൻ-ഏലേലം—ഏലലലം

ശക്തിധരനായിരിക്കും-വേൽക്കുമാരൻ—ഏലലലം.

വേറൊരു വഞ്ചിപ്പാട്ടിൽ നാകന്മാർ പ്രഭാതത്തിൽ കുളിച്ചു നനഞ്ഞവസ്ത്രവും ധരിച്ചു നെററിത്തടത്തിൽ നീറുമണിഞ്ഞു കൂട്ടംകൂട്ടമായി അമ്പലത്തിൽ തൊഴാൻ പോകുന്നതിനെ വിവരിക്കുന്നു.

അന്തിമന്ത്രമോതും വേദിയോർ
അതികാലേ കുളിച്ചുകൊണ്ട
അണിന്തുപൂവാറിയമിടുക്കം ചെയ്തു
ഉരുളിപ്പൂവല ചാർത്തവേ
തിങ്കളിൻ തിമിരാന്ത മദ്ദളം
തിമിലകളുണരും കൈമണി
തിളുതത്തന്തക വിളുതകകാരൊടു
വീരാളൻ കുഴലൂതവേ
കൊമ്പി കടതഴയെട്ടുത്തു ശീവേലി
നടത്തവേ കോവിലകംപുക്ക
ഇതകരാരും കവിഴ്ന്നാകന്മാർ
തെരുതെരെയെന്നുതി മുഴക്കവേ
തെളുതെളെ നെററിത്തടത്തിൽ നീറിട്ട
നറമലർ ചൂടിച്ചേർന്നിരവേ— ഇത്യാദി.

പ്രാചീനകാലത്തെ നാകന്മാരുടെ രൂപവർണ്ണനം പോലെ ദേശത്തിലെ ഭസ്മലേപനത്തെ സൂചിപ്പിക്കാതെ കാണപ്പെട്ട

ന്നതേയില്ല. ശൈവമതവുമായി ഇടഞ്ഞവരായിരുന്ന കെട്ടുപ-ടിനെ അല്ലയോ ഇതു വെളിപ്പെടുത്തുന്നതു്?

"നെടുമീശയെ, വിരിമാറ്", തിടമേനി, പടവാളു്"
നീറണിനെററി, ഒന്നൊന്നുകരുത്തിയമരത്തടം
പേടിച്ചിതവരൊത്തും നെട്ടറ്റിടവെ.

ഇത്യാദി നായകന്മാരെപ്പററി ഒരു പഴയവട്ടെഴുത്തുഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നതും ഈ തരുണത്തിൽ ഓർക്കേണ്ടിവരുന്നു.

ഭാരതത്തിലെ ശകുന്തളാവാക്യം, വിദുരവാക്യം, ഗീതാ രാമായണത്തിലെ ലക്ഷ്മണോപദേശം മുതലായ ഭാഗങ്ങളും പല വഞ്ചിപ്പാട്ടുകളുടെ കൂട്ടത്തിൽ കാണപ്പെടുന്നു.

ലക്ഷ്മണോപദേശം. (വഞ്ചിപ്പാട്ടു്)

൧. [illegible] ലവ-
ണ[illegible] രാഘവൻ
[illegible]-
നിട്ട [illegible].

൨. കാൽക്ഷണമാവും കളയാതെ
രഘുസ്തുതി ചെയ്തതി
കല്പിച്ചീടവും ലക്ഷ്മണനി-
വണ്ണം ചിന്തിച്ചു.

൩. ദൃശ്യമായി കാണുന്ന
രാജ്യഭോഗാദി വസ്തുക്കൾ
സത്യമല്ലെന്നല്ലോ കല്പി-
ച്ചഗ്രജൻ പുരാ

൪. ദൃശ്യമായി പ്രത്യക്ഷമായ്
കാണുന്ന നാമരൂപം

മിഥ്യയാണു വന്നിട്ടുമോ
സത്യം-യാഥാതാന്നോ

൫. നിത്യമായിട്ടില്ലെന്നാകിലും
സത്യം പോലെ തോന്നിക്കും-
സത്യമെന്നാലും സത്യ-
മേതെന്നറിയില്ലും

൬. സത്യമസത്യം തിരിച്ചു
വസ്തുതയായറിയാനും
എത്രകിലുമതാ ജീവൻ
മുക്തനായിടും

൭. ഉണ്മയെന്നാകിലുമെന്നു
ഉള്ളിൽ കാണുന്നില പിന്നെ
ഉണ്മ പോകിലാകുമോ
തിരിഞ്ഞിടുന്നു.

൮. ഉണ്മയറിയാനാവനോ-
ടുണ്ടും ഒന്നായിട്ടു പിന്നെ
ഉണ്മകാലം നന്മയായി
ചെയ്തിടേണം.

൯. സ്വാതന്ത്ര്യത്തിനാൽ
വരിക്കും കർമ്മാനുസാരമാ-
യുള്ളതിനാലവനായി
വരിക്കും ലോകം.

൧൦. കർമ്മമെന്നാൽ പുണ്യപാപ-
മെന്നാദ്യമിതിനെ
മർമ്മമറിയാതെ ജന്മ-
നിവൃത്തി യില്ല.

൧൧. കർമ്മമുള്ളവർക്ക് ജന്മ-
മെന്നും ശ്രുതിപറയുന്നു

കർമ്മത്തെ ചെയ്യുന്നവ-
നെന്നറിയുന്നില്ല.

൧൨. ദേഹം ജഡമായ് കൊണ്ടും
ദേഹിക്കു പൂർണ്ണത്വം കൊണ്ടും
ദേഹദേഹികൾക്ക് ഐക്യ-
മില്ലെന്നു നൂനം.

൧൩. സ്ഥാവരജംഗമാദികളായ്
കാണും ചരാചരങ്ങളെല്ലാം
[illegible]
സ്വപ്നാകാരമായ്

൧൪. കണ്ടുകൊണ്ടുമായാദൃശ്യങ്ങൾ
കൊണ്ടു മേളിച്ചിരിക്കുമ്പോഴും
കണ്ടില്ലെന്നു വരുന്നതും
വിസ്മയമല്ലീ.

൧൫. വന്നതെവിടെനിന്നു പോൽ
പോയതെവിടേക്കെന്നതും
തന്നെയറിയാൻ വയ്യാത-
യതും വിസ്മയം.

൧൬. മൂഢാത്മാവാം പാത്രമാകു-
മോരും താനെന്നുള്ള ഭാവം
എന്നും വിചാരിക്കുന്ന-
തതിവിസ്മയം.

൧൭. ഇന്ദ്രിയഗോചരങ്ങളാകു-
മിന്ദ്രിയം താനെന്ന ഭാവം
ഇന്ദ്രിയോപാധികൊണ്ടി-
രിക്കുന്ന വിസ്മയം.

൧൮. മിഥ്യാഭൂതമിന്നാശമുള്ളതാം
മനമേതാനെന്ന ഭാവം
സത്യംപോലെ തോന്നിക്കുന്ന
വിസ്മയമോർപ്പു

൧൯. പുഷ്ടിയും ക്ഷയവുമുള്ള
ചന്ദ്രനിൽ താനെന്നുള്ള ഭാവം
വിസ്മയമേ! സ്വയമായി
തെറ്റുകാണുമ്പോഴും

൨൦. എന്തിതിൻ കാരണമറി-
യേണമെന്നർത്ഥിച്ചാൽ
സന്ദേഹാതീതപ്രകാരം
കല്പിച്ചു കേൾക്കണം.

൨൧. എന്നിയന്ത്രം നി പിച്ചു
നിന്ന സൂര്യോദയകാലം
വന്നുമോദാലെഴുന്നേറ്റു
മുഖ്യതമായി

൨൨. ചെന്നു ഗൌതമനരികിൽ
കല്പിച്ചദ്രവ്യവും കഴിച്ചു
ചൊന്നു പത്ഥ്യമായാകും
പൃച്ഛനാനന്തരം.

൨൩. സന്ധ്യാജപാദികളും ചെയ്തു-
നാമമോടങ്ങിരിക്കുമ്പോൾ
വന്ദിച്ചു പകച്ചുനിന്നവ-
മുണർത്തിച്ചപ്പോൾ

൨൪. ബ്രഹ്മമെന്നും മായയെന്നും
മായരണ്ടു വിധമെന്നും
ബ്രഹ്മവൈഭവമെന്നും ലോകേ
ബോദ്ധ്യതരമായ്

൨൫. കേൾക്കുന്നു ഭൂരിസ്സൂക്തികൾ
കാണുന്നു പലതരമായ്
ഏല്ക്കുന്നില്ലാ മനസ്സിനെ-
കാ മായയെന്നും

൨൬. സന്തോഷവാരാന്നിധേ! യി-
ന്നിന്നിതുവഴിയല്ലാതെ

സന്താപം തീൎത്തരുളേ-
ണമിപ്പോളമ്മേ

൫൭. ഏവമസ്തുവിച്ചൊരു തൻ
ദേവനതിപ്രീതിപൂൎവ്വം
ഏവമരുൾചെയ്യുന്നു കേ-
ട്ടാലുമെങ്കിലോ

൫൮. ഉള്ളതൊന്നുമാകുമപ്പ-
രമമിതു കേട്ടാൽ ഭേ-
ദികളുണ്ടൊ പരന്തിരേപാൎക്കിൽ
പാരമെല്ലാം.

൫൯. കേട്ടുകൊള്ളു താപത്രയം
ഏഷണാത്രയങ്ങളെല്ലാം
നീക്കിട്ട് ഓരോരോ ദേഹം
ത്രവിദ്യകൾ കേൾക്ക.

൬൦. ജ്ഞാനിനാൽ മായാസ്വരൂപ-
മതമനോതമർത്ഥവും നീ
യെങ്കിലും പറിചിൽ കേ-
ട്ടിടുകയെങ്കിൽ.

൬൧. മായതന്റെ വിധമേ
ആയതു വിദ്യാവിദ്യയും
ആയതിലവിദ്യാകാൎയ്യം
ചൊല്ലുവൻ കേൾക്ക.

൬൨. കാനൽജലം പോലെയവം
കാണായ പ്രപഞ്ചമെല്ലാം
നൂനം സത്യമ്പോലെ തോന്നി-
ക്കുന്നതവിദ്യ

൬൩. അന്തരംഗം രൂപമായി-
ട്ടന്യമായി കാണാകുന്ന
അന്തരപാധിയൊന്നു
തോന്നുമവിദ്യ

പ്രശ്നം

ന.ര്. ദേഹോഹമെന്നുള്ള മായകൾ
പുണ്യപാപമിശ്രമാകും
ദേഹ സംസാരമായ
ചൊല്ലപ്പെടുമോ

ന.ഇ. കർമ്മഫലമെന്നാൽ സുഖ
ദുഃഖമായ് ഭവിച്ചുജന്മ-
ബന്ധമതുണ്ടാകുന്ന
അവിദ്യയത്രെ

ന.ന്ദ്ര. എന്തുവേണമ നാസ്തികത്വ-
മായിരുന്നതിന്നവിദ്യ
എന്നതിയിതരമാം
വിദ്യകളും കേൾ.

ന.ര. അസ്തിഭാതിപ്രിയമാകി
യെല്ലാം വിദ്യസ്വരൂപിണി
നാസ്തിനാമരൂപമെന്നാ-
ലവിദ്യസ്ഥം

ന.വ്യ. ആത്മാനാത്മവിവേകമുള്ള
ദൈവം ഗ്രഹിക്കയെങ്കിൽ
ആത്മാവല്ല ദേഹാദിപാ
നാമുള്ളതെന്നും

ശ.ന്. ശേഷ്യമേകത്തിന്റെ പ-
ശ്ചാത്തലത്തുള്ളപോലെ
ബുദ്ധിബലം വർദ്ധിക്കുന്ന
പോലെയുമേതും

ശി. ഘടാകാശം മഠാകാശം
മഹാകാശമെന്നപോലെ
ഘടനാശേ മഹാകാശ-
മെന്നിതയോണോ?

ഗു. സ്വയം ദേവദത്തനെന്ന
പോലെ മുന്നായ് ഭാസിക്കുന്നു

ആശ്രയമില്ലാ ചൈതന്യ-
മേകനല്ലയോ

൪൨. അജ്ഞാനോപാധികമായാൽ
ജീവനെന്ന മിഥ്യാനാമം
വിജ്ഞാനാത്മനായാൽ പോയി-
ട്ടാത്മാവാകുന്നു.

൪൩. മായാമുകുരത്തിൽ പ്രതി-
ബിംബം ജീവനെന്നുള്ളതും
ആശ്രയത്തിൻ സാക്ഷിയാമാത്മ-
വെന്നറിഞ്ഞാലും

൪൪. സത്വരജസ്തമസ്സായ്
വർത്തിക്കുന്ന മാനസത്തിൽ
സിദ്ധിക്കുന്നു പുണ്യപാപ-
മിശ്രമാം കർമ്മം.

൪൫. കർത്താവതിന്റെ പതി-
നാറുപേരെന്നറിഞ്ഞാലും
കർമ്മഫലത്തിന്നധി-
കാരികളായി.

൪൬. ഇച്ഛാ ശക്തി ക്രിയാ ജ്ഞാനം
രാജസ സാത്വികമാകും
നിദ്രാലസ്യാദികാരണം
താമസമാകും

൪൭. താമസം രാജസം രണ്ടു-
മാത്മഗുണമാകകൊണ്ടും
താമസംകൂടാതെപോകും
വേണമെന്നാകിൽ

൪൮. ആശ്രയമവർത്തിച്ചെന്നാൽ
ബന്ധമായിത്തീർന്നിതി
ആശ്രയമുപേക്ഷിച്ചീടേണം
മുമുക്ഷുവെന്നാൽ

൧൯. സാധനാസമ്പത്തിയെന്നാൽ
ആയതും പറഞ്ഞീടുവൻ
സാധനം കൂടാതെ കാര്യം
സാധിക്കയില്ല.

൨൦. നിത്യാനിത്യവിവേകവു-
മിഹാമുത്രവൈരാഗ്യവും
ശമാദികളാറും
മുമുക്ഷുതയും

൨൧. ഉദാരമാം സാധനം ക്ര-
മത്തിലിവയൊക്കെയങ്ങനെ
ഇവനാലും ഗ്രഹിക്കുന്നാൾ
ശ്രവണം വേണം.

൨൨. നിത്യബ്രഹ്മം ജഗത്തെല്ലാം
അനിത്യമെന്നറിഞ്ഞാലും
നിത്യമല്ല പൃഥ്വികാ-
ദാദികളെന്നും

൨൩. അവസാനം ബ്രഹ്മമാം ജഗ-
ത്തുമാവുമെന്നുമെന്നി
തദ്ധാകരാഗത്തിലുള്ള
ചാരചാരമാം

൨൪. മന്നിനം നിത്യതയില്ല
ഉപകർമ്മവർത്തമാനമായി
വന്നീടുകയുണ്ടെന്നതിൻ
കാരണമാകുമ്പോൾ

൨൫. ഏറിയ ഭോഗമാദി
ഭോഗമാര തന്നുന്നാലും
താവകമല്ലാളുന്നോ
സ്ഥൂലദേഹത്തിൽ

൨൬. സ്വർഗ്ഗലോകവാസം സുഖ-
മല്ലിതാര്‍ത്തെറിയുമാറാം

സർവ്വം പുണ്യതാരതമ്യം
ചൊല്ലുള്ളതോ?

൧൩. ഒന്നിനൊന്നു ദുഃഖരൂപ
മന്യാന്യഭോഗാദികങ്ങളും
വന്നിട്ടും ദുഃഖംമൂലം
ജാതകമെല്ലാം

൧൪. എന്നതിനാൽ കരസിദ്ധമാം-
മിഹപരവൈരാഗ്യം
വന്നീടണമഭ്യാസേന
മെന്നുള്ളപോലെ

൧൫. ശമം മനോനിഗ്രഹം ദ-
മം ബാഹ്യേന്ദ്രിയനിഗ്രഹം
ഉപരതി സ്വകർമ്മ
സന്ന്യാസമാകും

൧൬. തിതിക്ഷയെന്നതുമെങ്കിൽ
ശീതോഷ്ണാദിസഹനം പിന്നെ
സമാധാനമുറപ്പാണതിൽ
ദൃഢപ്പെട്ടതാൽ

൧൭. ശ്രദ്ധയെന്നതും ചൊല്ലാം
ബോധമേകാൻ ഗുരുസേവ
സിദ്ധമാം വേദാന്തശാസ്ത്ര-
മെന്നിവയെല്ലാം

൧൮. മോക്ഷം വേണമെന്നുള്ള
തീവ്രബുദ്ധി മുമുക്ഷുത്വം
മോക്ഷത്തിനുള്ളൊരുവഴി
സാധനംനാലും

൧൯. നാലുമേവസിദ്ധാന്തമാം
നാലുവാക്യം ശ്രവിച്ചെന്നാൽ
നാലും നന്നായ്ത്തന്നെ ചെ-
ല്ലിതന്നീടണം

[illegible]. പഞ്ചീകരണം ചെയ്യപ്പെട്ട
ഭൂതത്തിനാൽ ജനിച്ചതാം
ജഗദിന്ദ്രിയമാകും ചരാ-
ചരപ്രപഞ്ചം.

[illegible]. നാമ രൂപങ്ങൾ കാണുമെന്ന്
[illegible]
[illegible]
[illegible]

[illegible]. [illegible]
[illegible]
[illegible]
[illegible]

[illegible]. [illegible] ശ്രുതിവാക്യ
[illegible]
[illegible]
[illegible]

[illegible]. [illegible] തന്നിലെകൻ
[illegible] വസിക്കുന്നവൻ
[illegible]
[illegible].

[illegible]. [illegible]
[illegible]
[illegible]
[illegible]

[illegible]. [illegible] ശ്രുതി
[illegible]
[illegible]
[illegible]

[illegible]. [illegible]
[illegible]

ഇന്നതിന്നു സാക്ഷിയെന്ന-
ന്നറിഞ്ഞീടേണം.

൩൧. വ്യഷ്ടിക്കു സാക്ഷിയാത്മാവെന്നാൽ
സമഷ്ടിക്കും സാക്ഷിയത്രെ
വ്യഷ്ടിയേകം സർവമെന്നാ-
യതും സമഷ്ടി.

൩൨. തന്നെത്താനറിയാത്തതിനാലും
പിന്നെയും ദുഃഖങ്ങൾക്കെല്ലാം
തന്നെമറന്നതും താനായ്
വന്നിടുന്നതും

൩൩. വിദ്യയും വിപരീതമെന്നും
സംശയമെന്നും മൂന്നായി
വിദ്യുതാകാശമെന്നായ്
കരുതീടേണം.

൩൪. ബോധിച്ചു ചെയ്താലും കൂടുന്നാൽ
ബോധിച്ചു മന്ത്രവാദിയാൽ
ബോധരഹിതമായതും
യറിക്കുമ്പോലെ

൩൫. സ്വപ്നകാലത്തിൽ താനല്ലെന്നാൽ
സ്ഥൂലദേഹം താനെന്നാമോ?
സ്വപ്നംപോലെയല്ലോ സ്ഥൂലവും
കേട്ടുകൊണ്ടാലും.

൩൬. പഞ്ചപ്രാണനുമതുപോലെ
പഞ്ചജ്ഞാനേന്ദ്രിയവും
ചഞ്ചലമാം മനം ബുദ്ധി
സൂക്ഷ്മോപാധിയാം

൩൭. പഞ്ചതന്മാത്രയെന്നുമാ-
നുപഞ്ചീകൃതമെന്നുമുള്ള
പഞ്ചഭൂതം പിന്നെ മൂന്നാം
കാരണവുമാകും

വൃ൯. തത്വം പതിനാഴുമൊന്നാ
തന്നാലറിയുന്ന മായം
തത്വമസ്യാദിവാക്യത്തിനാ-
ന്നറിയപ്പെടുകയാം കേ

വൃ൦. കാരണമനാദിയതാണു-
മവിദ്യ നിർമ്മലമെന്നും
കാരണോപാധിക നാശ-
മില്ലതെന്ന ചൊല്ലും.

വൃ൧. മായയാലുപാധികൾക്കാദി-
യായതും അനാദ്യ പാർത്താൽ
ആത്മനിലെ സാക്ഷിയെന്നാ-
യറിയുക നിത്യം

വൃ൨. ശുദ്ധതത്വപ്പൊരുളായ
രാത്മാവായ് മഹത്തരം
ജ്ഞാനദാനം ചെയ്താം സ-
നാതനം ദാനം.

വൃ൩. നിർവികല്പസമാധികൾ-
ക്കുള്ളൊരുപാധിയാകരുതാതെ
നിർവ്വികാരാനന്ദമായി
രമിച്ചിടുന്നു.

വൃ൪. സാക്ഷികാലമൂന്നിലും
സദാത്മപുരുഷൻ പോലെ സർവ്വ
സാക്ഷിയുമിന്നിപ്പോലെ
വന്നിടും ദാനം

വൃ൫. ആരോപമെന്നതാവിനാ-
ശമില്ലാതൊരാനന്ദം
ആരോപത്തിനാധാരം
ചൊല്ലിയില്ലല്ലോ

വൃ൬. പൊരുളെന്നറിഞ്ഞറിവുണ്ടാ
പോരുകുന്നതുള്ളത്തിങ്കൽ

ശാപമേററം വിട്ടാൽ പരി-
പൂർണ്ണമല്ലയോ?

൨൭. ഇച്ഛതന്നിലും ലോകശൃംഖ-
ലപ്പൊരുൾകാരണമാകയാൽ
ഇച്ഛയിതൊട്ടൊഴിഞ്ഞതി-
യസ്തിയിച്ചെയ്യുക

൨൮. നിത്യാനന്ദസ്വരൂപനായ്
നിർവികല്പാനന്ദനായ്
സത്യജ്ഞാനപ്രകാശത്തി-
ലറിയുമാറി

൨൯. നിത്യമായ് നിഷ്കളങ്കമായ്
സത്യമായ് ... മായി
സത്തായ് ചിദാനന്ദമായ്
നിരാമയമായ്

൩൦. ഏകമായേകരഹിതമായ്
പരംപൊരുൾ മൂർത്തിയായി
പ്രാണപ്രാണരഹിതമായ്
പരിപൂർണ്ണമായ്

൩൧. ബന്ധമോക്ഷരഹിതമായ്
ചിന്മയമിത്രമില്ലാതായ്
സർവ്വത്തിലിരിക്കുന്നതായ്
നിരാമയമായ്

൩൨. നിർഗ്ഗുണനിർമ്മലമായി
നിഷ്കളങ്കനിർവ്വികാരമായി
സദ്ഗുണസമുദ്രമായി
സന്താനമൂർത്തമായ്

൩൩. ഇങ്ങനെ നിത്യസ്മരണയോ
ടൊത്തിരിക്കെ ഒരിക്കൽ
അങ്ങനെ ...
ശോഭിച്ചിടേണം

൯൪. ഏവമതും ചെയ്തു ദേവൻ
ദേവിയും സഹജനുമായ്
ദേവകാര്യാർത്ഥമുള്ള
സൂചിപ്പവാണു.

വേറൊരു വള്ളപ്പാട്ട്.

കുറത്തപെണ്ണേ! നിന്നെ കണ്ടനേരത്തൊരു നാളുണ്ട്
വരുത്തപ്പെട്ട തേരൊന്നു വണ്ടായ് ചമഞ്ഞല്ലോ
വണ്ടായ് ചമഞ്ഞു തേരൊന്നു ഇന്ദ്യയ് പറന്നേടി
ഇന്ദ്യയ് പറന്ന തേരൊന്നു പാർപ്പിച്ചിക്കരെ വന്നപ്പം
പൂമാലപ്പെണ്ണേ എന്നെ പൂകരെ നടത്തല്ലോ
അപ്പവും ചുട്ടിട്ടൊന്നാറെറ്റിക്കു പോകുമ്പോൾ
തന്നാനൊരുത്തൻ പതിനെട്ടു മേനിയും
മേനിപ്പിച്ചിയെല്ലാ പീതക്കുതാരെല്ലോ
പതിനെട്ടു മേനിയും പൊന്നരമേനിയും തന്നല്ലോ......ഇത്യാദി.

വള്ളപ്പാട്ടു വിവരിച്ചിട്ട് ഇനി തുള്ളപ്പാട്ടിനെക്കുറിച്ചു രണ്ടുവാക്കു പറയാം. വെളിച്ചപ്പാടിന്റെ തുള്ളലിനെപ്പററി പറയുകയല്ല. തുള്ളപ്പാട്ടുകൾ പലതരത്തിലുണ്ട്. ഒന്നിൽ ഒരു ഭാഗം ഇങ്ങനെയാണ്.

കണ്ണാരെതിരേറ്റെത്തിയവർ വൃന്ദവുമുണ്ട്
കണ്ണാടിഫ സന്ധ്യവെളുപ്പുമണയിലും
ഇന്ദ്രജേരെ കരളേക്കിട്ടപ്പാനെ
ഇരട്ടമല പോലെത്ത നില്പ്പാനെ
നാട്ടിൽ നടന്നു കൂടിപ്പാനെ
വന്നുകുളിർകൊണ്ട കാലമൃതമായ്‌വന്നു.

കാമരൂപനായനെ സ്തുതിക്കുന്നതിങ്ങനെ. ഇതുപോലെ വെള്ളിനീററുകുത്തി, പാച്ചുതേവാട്ടി, ആയിരവല്ലി, പുള്ളപ്പൻ കൊല്ലി, കൊട്ടുകാളി, പിടത്തിന്നാക്കാളി മുതലായ ചില ദേവതകളുടെ പേരുകൾ വിളിച്ച് തുള്ളാൻ അപേക്ഷിക്കുന്നു

പല പാട്ടുകളും പഴയകൂട്ടത്തിലുണ്ട്. ഇവയിലുള്ളവ പെൺകുട്ടികളുടെ ഒരു വിനോദമായിട്ടാണ് വച്ചിരിക്കുന്നത്. ഇതു സംബന്ധിച്ചു നല്ല ചില പാട്ടുകളുണ്ട്. ഒന്നു ചുവടെ കുറിക്കുന്നു.

ഒന്നാനാം കൊച്ചുതുമ്പി-എന്റെ കൂടെപ്പോരുമോ നീയും
നിന്റെ കൂടെപ്പോന്നാലെനി-ക്കെന്തെല്ലാം തരുമെനിക്ക്
കുളിപ്പാൻ കുളം തരുവൻ-കയറീട്ടുവാൻ കോവിലുണ്ട്
കളിപ്പാൻ കളം തരുവൻ-കളികാണ്മാൻ പിള്ളരുണ്ട്
അരിവയ്പാൻ പൊന്നുരുളി-കറിവിളമ്പാൻ പൊന്നിൻതവി
ഇട്ടിരിക്കാൻ പൊൻതടുക്ക്-ഉണ്ണുവാൻ പൊൻതളിക
കൈകഴുകാൻ വെള്ളിക്കിണ്ടി-കൈതുവർത്താൻ പുള്ളിപ്പട്ട്.

ചില പഴമൊഴികളും പഴയ പാട്ടുകളുടെ കൂട്ടത്തിലില്ലെന്നില്ല.

മഴമന്താരം പെൺകളെ കൊല്ലിക്കും
മതിമങ്ങു പെണ്ണുങ്ങളുടിരുകൊണ്ടുപോകും.

ആകാശം സൂര്യപ്രകാശം കൂടാതെ മേഘാവൃതമായി കിടക്കുന്നതിനെയാണ് മഴമന്താരം എന്നു പറയുന്നത്. നാഴികമണിയുള്ള ഇക്കാലത്ത് ഈ മന്താരത്തെ പെണ്ണുങ്ങൾ പേടിക്കേണമെന്നില്ലല്ലോ.

ഓണപ്പാട്ടുകളായ അനേകം പാട്ടുകളും മുൻകാലത്തു നടപ്പുണ്ടായിരുന്നു. പവിഴക്കുളിർമാലയെന്നാണ് ഈ തരത്തിലുള്ളവയുടെ പേര്.

പലവകച്ചൊൽമാല.

പപ്പും ചിറകും വളൎന്നുകഴിഞ്ഞാൽ — പറവകളും വാനിൽ പായുന്നു
കണ്ടുംകേട്ടും കരളിലുറച്ചാൽ — കല്ലിലെഴുത്തായ്‌ തീരുന്നു
എട്ടും പൊട്ടുമതില്ലാത്തുള്ളോൻ — എന്തിനുമാരോടെന്തും ചോദിക്കും
കോപംപൂണ്ടു കലമ്പിയനേരം — കൊട്ടാരകത്തിൽ പോകുന്നു
ഉയിർവധമതുചെയ്തു നടപ്പോനന്തിയി — ലെരിനരകത്തിൽ പൊരിയുന്നു
കാലമറിഞ്ഞു നടക്കാത്തുള്ളോൻ — കോലംകെട്ടു നടക്കുന്നു
പെരിയവരോടു മുട്ടിപിടിച്ചാൽ — നെറിയുംകെട്ടു മയങ്ങുന്നു — ഇത്യാദി.

തീവിനയാൽ മേലോരും കീഴോരാമല്ലോ
നൽവിനയാൽ കീഴോരും മേലോരാമല്ലോ
വഞ്ചനനിന്മേലെ ഞാനോർത്തനാനാകിൽ
പഠിത്ത കല യതുമുഴുതും മറന്നുപോകട്ടും
ഗുരുജനമാരെയറിയാതെ കലഹംചെയ്തതി-
നെറിയാതെ വഞ്ചകരായിരുന്ന വിനകൾക്കു-
ചെന്നവയും തീരാകിലവയൊട്ടും തരമേ. — ഇത്യാദി.

ഇതെഴുതിയ പ്രാചീനകവി വാല്മീകിരാമായണം വായിച്ചറിഞ്ഞിട്ടുണ്ടെന്നു വഞ്ചന ഇത്യാദി ഭാഗം വെളിപ്പെടുത്തുന്നു. കേരളവൎമ്മരാമായണത്തിലെ,

മനപ്രവീരനെ വനത്തിലാക്കുവാൻ
മനസ്സുവച്ചുള്ള മനുഷ്യനെങ്കിലോ
പഠിച്ചശാസ്ത്രങ്ങളും സകലവിദ്യയും
മനസ്സിങ്കൽനിന്നു മറന്നുപോകട്ടെ...... എന്ന ഭാഗം കാണ്ക.

അത്തൻ തിരുവടി മറവാതെയേടാ
അതികാലയിൽ ഉയിരാതെയേടാ
ഇരന്നതില്ലയെൻവരായാതെയേടാ.
ഊരായംപൊരുളെ വിലക്കാതെയേടാ

ഉറവവൾക്കരെയറ്റുയാതരയടാ
ഉൾപ്പൊരവികിരെല്ലു വള്ളരതയടാ
ഏറുവൾക്കം വഞ്ചനനാ ചെല്ലരെതരയടാ.

ഈ നാലാൾവാക്യങ്ങൾ പഴയകാലത്ത് എഴുത്തുപള്ളികളിൽ പഠിപ്പിച്ചിരുന്നു. പാർവതിയും ലക്ഷ്മിയും തമ്മിൽ ശിവന്റെയും വിഷ്ണുവിന്റെയും കുറവുകളെ പറ്റി ആക്ഷേപിച്ചു സംവാദിക്കുന്നതും മറ്റും പ്രസിദ്ധരായ കവികൾക്കു ശ്ലേഷപദ്യങ്ങൾക്കു വകയായി തീർന്നിട്ടുണ്ടല്ലോ. വെണ്മണി നമ്പൂതിരിപ്പാട്ടിലെ ഒരു പദ്യം കാൺക.

കാടല്ലേ നിന്റെ ഭർത്താവിന്റെ വാസം? അവന്റെ
നിന്റെയും നിലത്തെന്നാൽ
കൂടില്ല പാമ്പന്നോ? ശരി, തവകണവൻ
പാമ്പിന്മേലല്ലേ കിടപ്പ്?
മാടല്ലേ വാഹനം നിൻ ഭർത്താവിനു? അവനുടെയും
നിൻ പ്രിയൻ വാഹ്യ കിളി?
ഇടിച്ചുരക്കാമന്നാളും രണ്ടു കുടം മധു-
ഷ്പന്ന് വാഴുന്നവൻ.

ഈ വിധം പ്രാചീനകവികൾക്കും ഉണ്ടായിരുന്നു. പക്ഷേ അവർ പാർവതിയെയും ലക്ഷ്മിയെയും തമ്മിൽ ടിപ്പിച്ചു വന്നപ്പോഴും തമ്മിൽ ഇടഞ്ഞതായി പോയില്ല. ഹാലാസ്യമാഹാത്മ്യത്തിലെ പാട്ടിൽ ഒരു ചൂതു ശ്ലോകത്തോട് തുല്യം സൃഷ്ടിച്ചിരുന്നു".

"മണ്ണുടനടിപെട്ട നാണിച്ചിപ്പിച്ചിന്നു
വാണിവാണിയിത്തിന്നില്ലേടീ നിന്റെ ശിവനാർ?
കണ്ണനുണ്ണു പാൽ തയിർ വെണ്ണയും കട്ട
കുന്തി കന്തിത്തിന്നില്ലേടീ നിന്റെ കണവൻ?
പാർത്ഥന്റെ കൈകൊണ്ടു വില്ലടിപെട്ട്
പള്ളുപ്പുഴുളിഴിച്ചുണരേ നിന്റെ ശിവനാർ

പോത്തിരച്ചിയാരുവരിൽ കെട്ടപ്പെട്ടപിന്നെ
പൊയ്യാഷ്ടിപ്പെട്ടെൻ നിന്റെ പെരുമാൾ."

അയ്യനാരശൻ എന്ന പറയുന്നത് കണ്ണാരസംബന്ധിച്ച ഒരു കളിയാണ്. ഇതിന രണ്ടുപേർ വേണം. ഒരു കളം വരച്ച് ഓരോ ഖണ്ഡത്തിലും ഓരോ കല്ലുവീതം വച്ചിട്ട് അതിനെ തിരിയെ എടുക്കുകയാണ് ഇതിന്റെ ചട്ടം. ഒരാൾ എടുത്ത നോക്കിയാൽ മറെറയാൾ തിരിഞ്ഞിരിക്കും. തിരിഞ്ഞിരിക്കുന്നയാൾ പാടിക്കൊണ്ട് ഓരോ കല്ലുകളുടെ [illegible] കല്ലുകളെ. എടുത്തു തീരുമ്പോൾ തിരിഞ്ഞിരിക്കുന്നയാൾ പാടുകയും ചെയ്യും. പാട്ട് ഇതാണ്.

അയ്യനാരശനെപ്പറ്റിയെടുക്കുംകാലം
[illegible]
[illegible]
[illegible]
[illegible]
[illegible], [illegible], [illegible]
"[illegible]
[illegible]
[illegible]
[illegible]"

ഈ മാതിരി പല പാട്ടുകളും ഉണ്ടായിട്ടുണ്ട്. അവയെല്ലാം കേരളത്തിൽ [illegible] കല്യാണം തിരണ്ടുകല്യാണം മുതലായ [illegible] അതു സംബന്ധിച്ച പാട്ടുകൾ കേരളീയഭാഷയിൽ ഇല്ലാതെ ഇരിക്കയില്ല. ഉദാഹരണത്തിന് പാട്ട്. ഒന്നാമത്തെ [illegible] ഒന്നാംപാട്ടിന്റെ ശേഷം [illegible] എന്ന സംശയമുണ്ടാകാം. മൊത്തത്തിൽ ശരി, ഇല്ലെങ്കിലും ശരി, കാണപ്പെടുന്നത് പൊതുവായി പോരാ

ഷിക്കുന്ന ചില പാട്ടുകൾ പലസ്ഥലങ്ങളിലും പ്രചരിച്ചു കാണപ്പെടുന്നുണ്ട്. അവയിൽ ചിലതു് ഉത്രത്താൽപാട്ടുകളായി ഉപയോഗിച്ചുപോരുന്നവയാണോ പറയേണ്ടിയിരിക്കുന്നു. കണിയാന്മാരുടെ ഇടയിലും ഒരുവക ഓണപ്പാട്ടു നടപ്പുണ്ട്.

ഓണപ്പാട്ട്.

ഉത്രത്തോല മരാണി
ഉരിയരിനെല്ലു പാച്ചോറ
ഉപ്പുമൊന്നേ ഉരിക്കിണ്ണം
ഓണംവന്ന മുല്ലത്ത.
... ...
ഇടക്കിടക്കിപ്പുറത്തു മുല്ലാറ്റ
മുല്ലക്കഴുനാടിച്ചു വാഴനട്ട
വാഴകുലച്ചു വടക്കേപ്പറത്തു
വടക്കേല്ലനായന്മാരെക്കൊവെട്ടി
അങ്ങത്തിൽപിറന്നൊരോണവന്ന
ആറോന പൂരത്തോടെ ചെപ്പിരുന്ന
ചെപ്പിന്നകത്തൊരു മുത്തിരുന്ന
മുത്തുതരുഴിക്കിന്ന മുക്കുവര
മുന്നാഴിമുത്തു കടഞ്ഞതിൽ
... ...
കാളിന്തരെന്തിൽപാലവെട്ടി
വാട്ടിയുടനെന്തന്ന. കൂട്ടത്തറി
ആറിൻപുണൽവാരി കൂട്ടിയിട്ട
കുട്ടിക്കരക്കോഴി മുട്ടയിട്ട
മുട്ടയിരുട്ടിന്ന മുട്ട കണ്ടായ്
എന്നെടാ കോഴി നീ കൂവിടാത്തു
കോട്ടയിൽപ്പുത്തരാവിൽ കറുമ്പകൊണ്ടു
കോട്ടയിൽപ്പുത്തരാവിൽ നൂറുവേണം
ആനയുംവേണം കതിരവേണം

ആനമയ്ക്കൂട്ടപ്പുറ ചേലവണം
ആനക്കാരൻ ചേലയോ കുതിര്
ഞാനല്ല ഞാനല്ല കള്ളനാണേ
കള്ളന്റെ കൈവെട്ടി പന്തലിട്ട്
പന്തല്പ്പുറത്തൊരു ഉയമനാട്ട
ഉഷ കൊണ്ടയിട്ടും തോണികത്തി
തോണിതലപ്പൂക്കൾ പടയിടുന്ന
ഉമ്മത്തിന്കായകൊണ്ടു ചെണ്ടുമുതി

... ...

കിണ്ണികൊണ്ടു കുണ്ണൂതന്ന അറിടവിലെ കന്നതൊന്നി
കുന്നിലിച്ചു കൂളിപ്പേരി കഴറാന്മാര തെളവുള്ളു
തെഞ്ചിന്ന കന്നിരമരിഞ്ഞു മലയാറാം കറ് ന്തേഴിയാവു
മലയിലുള്ള മരങ്ങളൊട്ടി മരയാനാ വലിച്ചു ...
അവിടെനിന്ന് ഇഴച്ചുമരം കിഴനാറ്റിൽ ചാലമിട്ടു
അപ്പുറം തുടച്ചിടുന്ന ശില്പമുള്ള കറിക്കൊണ്ട്
കൊളുമ്പം പണിയിച്ചു അമ്പലത്തിൻ പിറ്പുറകെ
അയ്യശവും തുടച്ചിടുന്ന.................................

കേരളക്കരയൊട്ടാകെ നിസ്രാക്കളെയുമൊട്ടി തോന്നുന്ന പല പാട്ടുകളെയും സൂക്ഷ്മമായി പരിശോധിക്കുന്നതായാൽ അവയിൽനിന്ന പല കാര്യങ്ങളും ഗ്രഹിക്കാനായിരിക്കുമെന്ന മേൽ കാണിക്കപ്പെട്ട ഭാഗങ്ങളിൽനിന്ന് നാം അറിഞ്ഞുവല്ലോ. കാണിപ്പാട്ടിൽ ഒരു ഭാഗത്തു "മുത്തുമണിക്കിന്ന മുക്കുവരെ മുന്നാഴിമുത്തു കടംതരുവിൻ" എന്നു പറഞ്ഞുകാണുന്നു. ഇതിൽനിന്ന് എന്താണ് നാം അനുമാനിക്കേണ്ടത്. രാജാധികാരത്തിൻകീഴിലായോ അല്ലാതെയോ ഒരു കാലത്തു നടത്തപ്പെട്ടുവന്ന മുത്തുമുങ്ങിയെടുക്കുന്ന തൊഴിൽ മലയാളികൾ അറിഞ്ഞിരുന്നുവെന്നും, എന്നു മാത്രമല്ല അതു കടം വാങ്ങിക്കാവുന്നവിധം അവരുടെ രാജ്യത്തിനകത്തുതന്നെ നടത്തപ്പെട്ടിരുന്നുവെന്നും നിശ്ചയിക്കാമല്ലോ? ഇപ്പോഴും മലയാളരാജ്യത്തി

മയിൽ ചേൎന്ന ഒരിടത്തും മുത്തു മുങ്ങിയെടുക്കുന്ന വ്യവസായം നടന്നുവരുന്നില്ലെന്നുള്ളതു ശരിതന്നെ. അതുകൊണ്ടു്, മുൻപും അതു് ഇവിടെ ഉണ്ടായിരുന്നില്ലെന്നു് ഊഹിച്ചുകൂടാ. മുത്തുച്ചിപ്പികളുടെ ആധിക്യകാരണങ്ങളായി അറിയപ്പെട്ടിരിക്കുന്ന ജീവികൾക്കു് വൎദ്ധിക്കുന്നതിനു സമുദ്രത്തിന്റെ നിമ്നോന്നതഭാഗങ്ങളും പ്രകൃതിയുടെ വികൃതിനിമിത്തം ഭേദപ്പെട്ടിരിക്കാം. അറബിക്കടലിന്റെ പൂൎവ്വതീരമായ ഒരു സമുദ്രാംശത്തിൽ ഒരു കാലത്തു് പ്രകൃതി അതിന്റെ ശക്തിയെ കഠിനമായി പ്രയോഗിച്ചിരുന്നുവെന്നുള്ളതിലേക്കു വേണ്ടുവോളം ലക്ഷ്യമുണ്ടു്. തോവാളത്താലൂക്കിൽ ചേൎന്ന കടുക്കര ഗ്രാമം ഇപ്പോഴും കടലിൽനിന്നു് എത്രയോ അകലെയാണു് കിടക്കുന്നതു്. പണ്ടു്, കടുക്കര കടൽക്കരയായിരുന്നു. കന്യാകുമാരിയുടെ തെക്കു് ഭൂമി നീണ്ടുകിടന്നിരുന്നുവെന്നും പഃറുളിയാറും കുമരിക്കോട്ടു മലയും ആ ഭൂഭാഗത്തെ അലങ്കരിച്ചിരുന്നുവെന്നും, ചിലപ്പതികാരം എന്ന തമിഴ്ഗ്രന്ഥംകൊണ്ടു നമുക്കു കാണാം. ആ ചിലപ്പതികാരവും പെരിപ്ലസ് എന്ന ഗ്രന്ഥവും, വേമ്പനാട്ടുകായലിന്റെ പൂൎവ്വതീരത്തായിരുന്നു പണ്ടു കപ്പലുകൾ അടുത്തിരുന്നതെന്നു സൂചിപ്പിക്കുന്നു. ഈ കായലിനെ, സമുദ്രം മാറിപ്പോയതിന്റെ ഒരു അവശിഷ്ടമായിട്ടാണു് കരുതേണ്ടതു്. കരപ്പുറംദേശം, പുറദേശത്തു കരവെച്ചതുതന്നെയായിരിക്കണം. ഭൂസ്ഥിതിതന്നെ ആ അഭിപ്രായത്തെ ബലപ്പെടുത്തുന്നു. കരപ്പുറത്തിന്റെ തെക്കും വടക്കുമുള്ള ആലപ്പുഴ, കൊച്ചി എന്നീ രണ്ടു തുറമുഖങ്ങളും ഇതിനെ സഹായിക്കുന്നു. തിരുവനന്തപുരത്തു് ശംഖുംമുഖവും, വെള്ളമൊഴിഞ്ഞ ഭൂവിതാനത്തിനു് ലക്ഷ്യമാകുന്നു. അത്യഗാധങ്ങളായ സമുദ്രാന്തൎഭാഗങ്ങളിൽ മാത്രം ജീവിക്കുന്ന ഒരുതരം കടൽപ്രാണികളുടെ ശൂന്യപിണ്ഡങ്ങളും വൎക്കലത്തുരപ്പിനടുത്തും തകൎന്നുപോയ കോട്ടയുടെ ഏതാനും അംശങ്ങൾ പുറക്കാട്ടു കടലിലും കാണപ്പെട്ടിട്ടുള്ളതിനെ അടിസ്ഥാന

ന്നാക്കി റെവ്യൂസായ്ഡ് ൧൮൯൧-ലെ തിരുവിതാംകോട്ടു രാജ്യഭരണറിപ്പോർട്ടിൽ കാണിച്ചിട്ടുള്ള വിവരവും മറ്റുംകൂടി ഇവിടെ ചിന്തിക്കേണ്ടതാകുന്നു. ഈവിധം പ്രകൃതിയുടെ നിഗ്രഹാനുഗ്രഹശക്തി ഒരു പ്രദേശങ്ങളെ വേഗമായി ബാധിക്കയോ നശിപ്പിക്കയോ ചെയ്തിട്ടുണ്ട്. അതുനിമിത്തം ഭൂസമുദ്രങ്ങളുടെ നിമ്നോന്നതഭാഗങ്ങൾ മാറി മറിയുകയും ചില ജീവികൾക്ക് ജീവനധാരണം ചെയ്യുവാൻ യോഗ്യങ്ങളും അയോഗ്യങ്ങളുമായ ഇടങ്ങൾ ഉത്ഭവിക്കയോ നശിക്കയോ മറ്റൊന്നായോ ഇങ്ങനെ സങ്കരവും ചെയ്തിരിക്കണം. അങ്ങനെ മുത്തുകളി എന്ന തൊഴിൽ മലയാളികളുടെ രാജ്യത്തുനിന്ന് ഒഴിഞ്ഞുപോയിരിക്കാം. ഈ അഭിപ്രായം ഇങ്ങനെ. ഇനി വേറൊന്നുകൂടി ചിന്തിക്കാനുണ്ട്, ചേര ചോള പാണ്ഡ്യരാജ്യങ്ങളുടെ അതൃത്തികൾ രാജാക്കന്മാരുടെ ബലാബലവൈഭവങ്ങളെ അനുസരിച്ച് ഭേദപ്പെട്ടുകൊണ്ടിരുന്നു. ആ കൂട്ടത്തിൽ കേരളം ചേർന്ന ചേരരാജ്യം ചിലപ്പോൾ പോഷിക്കയും മറ്റു ചിലപ്പോൾ ശോഷിക്കയും ചെയ്തിരുന്നുവെന്നതിലേക്ക് പ്രാചീനചരിത്രങ്ങൾ സാക്ഷ്യങ്ങളാണ്. കൊല്ലം ൩൭൬-ൽ നാടുനീങ്ങിയ ചേരളമഹാത്താണ്ഡവൻ രാജാവ്, തിരുനൽവേലി, മധുര, ഈ രാജ്യങ്ങളുടെ ഏതാനും ഭാഗങ്ങളടക്കി, വള്ളിയൂർ, ചേരമാദേവി എന്നീ പട്ടണങ്ങളെ രാജസ്ഥാനങ്ങളാക്കി വാണിരുന്നതും, ജയസിംഹദേവൻ കേരളരാജാധിരാജനായി ഭരിച്ചിരുന്നതും മറ്റും ഈ സന്ദർഭത്തിൽ ഓർക്കേണ്ടതായി വരുന്നു. ഈ സ്ഥിതിക്ക് കിഴക്കേ കടലിലെ മുത്തുകിട്ടുന്ന സ്ഥലങ്ങളൊക്കെ കാലം ഒരുകാലത്ത് കേരളരാജാവിനധീനമായിരുന്നിരിക്കാനിടയുണ്ട്. തിരുനൽവേലി ജില്ലയുടെ തെക്കേ അറ്റത്ത് മാന്നാർ ഉൾക്കടലിൽ ഇക്കാലത്തും ഈ വ്യവസായം നടന്നുപോരുന്നു.

വടക്കൻപാട്ട്.

തച്ചോളിച്ചന്തു

കൊടർമ്മലയോടങ്ങു മല്ലടിപ്പാൻ
ഈ ക്ഷിതിലോകത്തിങ്കലാരുമില്ല
മതിരാശിപ്പട്ടാളം അവർക്കുണ്ടേ
അമ്പു ചുഴറ്റുന്ന അഭ്യാസികൾ
ഒറ്റ ചുഴറ്റുന്ന അഭ്യാസികൾ
ഇവവക പടകളുമവർക്കുണ്ടേ
അന്യപ്രയാസത്തിന്റെ വിരുതനാണേ
വെൺമതിലും പോയി മറിക്കുവാനോ
തൊണ്ടർകൂടി തടുക്കാനും പോരുന്നില്ല.

... ...

ആരോമർചേകവർ.

അമ്മാവൻ കാര്യം കേട്ടിട്ടന്നേരം
നെറുകയിൽ തൊട്ടു വരം കൊടുത്തു
മാറിലണച്ചു തഴുകുന്നുണ്ടേ
വന്നിതേ വന്നിതേ പൊന്മകനേ
ഏതന്നാലും നീയു മറന്നുപോമോ
എനിക്കേറെത്തന്നെ വയസ്സുമായി
ഒരു [illegible]തന്നെ എനിക്കില്ലല്ലോ
മകനായതായതും നീയുതന്നെ
മരുമകനായതും നീയുതന്നെ
ഞാനെങ്ങാനിന്നു മരിച്ചുപോയാൽ
ഇക്കണ്ട ധനമൊക്കെ നിനക്കാണുണ്ണി

... ...

തച്ചോളി കുഞ്ഞിച്ചന്തു.

അങ്ങനെയിരിക്കുന്ന കാലത്തിങ്കൽ
മേല്ലൂർക്കാവിൽ കളിപ്പതിന്നായ്
പതിനാറു ചങ്ങാതിമാരുമായി
കളിപ്പാനും യാത്രയായവരുമന്ന്
ആയതു കണ്ടുടൻ പെറ്റൊരമ്മ
എവിടേക്കാണെടോ! നീ യാത്രയിപ്പോൾ
കളിപ്പാനായിട്ടുള്ള യാത്രയാണോ
എവിടെ കളിപ്പാനം പോണു നീയും
മേല്ലൂർക്കാവിൽ കളിപ്പാൻപോണേ
കളിച്ചു തൊഴുതു വരണ്ടു ഞാനും
അതുതാനെ കേട്ടപ്പോൾ പെറ്റൊരമ്മ
അവിടെക്കളിപ്പാനം പോകവേണ്ട
നമ്മുടെകുളത്തിൽ കളിച്ചുകൊൾക
കൊണ്ടല്ലു കോരിക്കളിച്ചോ പൊന്നു

... ...

കപ്പുള്ളിക്കാരൻ—

പാച്ചോലപ്പട്ടും പുളിയും തിന്ന
പട്ടും ഞെറിനിറഞ്ഞുടുക്കുന്നുണ്ട്
മുന്നൂറു പണത്തിന്റെ പട്ടല്ലാതെ
അതിന്മേലെ പൊന്നിന്റെ മേൽമുണ്ടല്ലോ
മേൽമുണ്ടു നന്നായിച്ചുറ്റുന്നുണ്ട്
കോലുംപടിവച്ചു പൊന്നരഞ്ഞാൺ
തിരെ അഴകായി പൂട്ടുന്നുണ്ട്
പീലിത്തിരുമുടി കെട്ടിവച്ച്
ചന്ദ്രവളയമുള്ള തിരുനെറ്റിമേൽ
ചന്ദനമെഴുതിയ തൊടുകുറിയും
മാറിന്നഴകിയ താലിമാലം
മുത്തുമാലയൊന്നെടുത്തു ചാർത്തി

പാലൂർമഠത്തിൽ കഞ്ഞികന്നി—

ചന്ദനക്കല്ലിൻറരികെച്ചെന്ന്
ചന്ദനം ഉരസി കുറിവരച്ചു
ഏലക്കുറി ഏഴും തൊട്ടന്നേരത്ത്
പൊൻകൊണ്ടുരച്ചു തിലകം തൊട്ട്
അഞ്ജനം കൊണ്ടു കണ്ണെഴുതി
കുങ്കുമം കൊണ്ടൊരു പൊട്ടുകുത്തി
കസ്തൂരി കളഭവും പൂശുന്നുണ്ട്
മാറാപ്പുകെട്ടു മഴിച്ചുകന്നി
നീലക്കവണി ഞൊറിഞ്ഞുടുത്തു
... ...

ഈവിധം പോരാട്ടങ്ങളും പ്രേമകാര്യങ്ങളും എന്നുവേണ്ട എല്ലാംതന്നെ വിവരിക്കുന്ന വടക്കൻപാട്ടുകളിൽ ഭൂരിഭാഗം സത്യങ്ങളല്ലാതാണെന്നു കാണുന്നതു്.

അഴിപ്പുകഥ.

കാട്ടിൽക്കിടക്കും മരമെന്തു മരമപ്പാ!
കല്ലൂർക്കൊണ്ടൊരു മരമെന്തു മരമപ്പാ!
ഇരമ്പിത്തുള്ളത്തരാരെന്നാരമപ്പാ!
ഇതുവർക്കൊണ്ടെപ്പടരാരെന്നാരമപ്പാ!
ഇല്ലത്തമ്മ കുളിച്ചുവരുമ്പോ
തക്കിടിമുണ്ടൻ വാളുങ്കൽ
അക്കരനിന്നു ചാടിത്തൊണ്ടാൽ
ആക്കുലപ്പൂക്കുല പതിനായിരം.

ഈവിധം അഴിപ്പുകഥകളും പഴയപാട്ടുകളുടെകൂട്ടത്തിലുണ്ട്.

വില്ലടിച്ചാൻപാട്ട്.

വില്ലടിച്ചാൻപാട്ടിനെ പരിഷ്കാരം വേണ്ടതിലധികം ബാധിച്ചുകളഞ്ഞു. വാർദ്ധക്യംകൊണ്ടു പല്ലു കൊഴിഞ്ഞാൽ കൃത്രിമപ്പല്ലുകൾവെച്ചു മിനുക്കുന്നതുപോലെ സ്യമന്തകത്തിലെ കള്ളന്റെയും നൈഷധത്തിലെ കലിയുടെയും പാട്ടുകളും ചില ഇരട്ടികളും ഇടതിരികളും വില്ലടിപാട്ടിൽ കൂട്ടിച്ചേർപ്പിച്ചതിനാൽ

ഇതിന്റെ പഴയ മട്ടായ ഏതാണ്ടൊക്കെ മാറിപ്പോയിരിക്കുന്നു. പഴയപാട്ടിൽ ഏതാനും ഭാഗം ഇവിടെ കാണിക്കാം.

തനാകിയ പൊന്നിൻ കൈലായത്തിൽ
തങ്കശിവൻ മരുവും വീണിരുന്നാൻ
ഇതനൊരു സുരർകം പാതാളത്തിൽ
ഇരുകി മുകിൽവണ്ണൻ ചെയ്തകരുത്താൻ
വാതായി ഇതുനേരെ അസുരർകൾ
കളിപ്പോതിങ്ങാ രാക്ഷസിയോർ
ഇങ്ങലിട്ടെരിക്കേ [illegible] താമരപ്പൂത്താരം
വീരൻ [illegible] വല്ലവരാണവർ
ഇതിങ്ങൾ പറയാൻ വല്ല
ഇന്ദ്രപ്പകിയാൾ വേണമെന്നാൻ
വാക്കിവരൻ [illegible] വല്ലമേ
വാല്ലപ്പുരത്താനെ വല്ലവർ
ഇലയപ്പതിക്കിതനാറിക്കു
ഇക്കൽ [illegible] വല്ലവർ
കല്ലുപ്പ് [illegible] വല്ലവർ
കടിയ തൈച്ചെല്ലു ഉറക്കേണ്ടാർ
ഉന്നം കരംകൾ കുളിപ്പുരക്ക്
ഉണ്ടാമതിരപ്പുറം ഇടയിൽ വൈക്കുന്നാൻ

ഈ പാട്ട് ആചാരഭേദങ്ങൾ നിന്നു മറഞ്ഞുപോകുന്നതിന് ഇനി ഒട്ടും കാലതാമസം വേണ്ടിവരികയില്ലെന്നുള്ളതിനാൽ ഇതു മുഴുവനാകെ പ്രസിദ്ധീകരിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് സന്ദർഭമാകാനുള്ള അവസരം സന്നിഹിതമായിരിക്കുന്നു. വെറും ആഗ്രഹിക്കുകകൊണ്ടുമാത്രം ഇതു സാധിക്കാവുന്നതുമല്ലല്ലോ.

കൃഷിപ്പാട്ട്.

നായന്മാർ ഏറിയകൂറും കച്ചകെട്ടി കളരിയിൽ പാഞ്ഞേറി അങ്കംവെട്ടി കഴിഞ്ഞ ശേഷം, മുണ്ടുകെട്ടി മുനിവൃത്തിയിൽ മുഴുകിയ ഇന്നും, അവരുടെ പ്രധാനവൃത്തി കൃഷിയാണല്ലോ. ചിപ്പി

യും കപ്പിയും കല്ലും കരടും നിറഞ്ഞിരിക്കയാവുന്ന ഒരു പുതിയ കാലം വരുന്നതുവരെ കൃഷിയെ ഒഴിച്ചു വയ്ക്കാവുന്നതുമല്ല. പാലിൽനിന്നു വെണ്ണയെന്നതുപോലെയോ, പാൽക്കടലിൽനിന്നു അമൃതു എന്നതുപോലെയോ, ഭക്ഷ്യവസ്തുക്കളെ കടലുപോലെ സംഭരിച്ചശേഷം അതിന്മേൽ ഒരു മന്ത്രപൂർവ്വപ്രയോഗം നടത്തി സാരാംശം എടുത്തു ഗുളികകളാക്കി നമ്മെക്കൊണ്ടു സേവിപ്പിക്കാൻ പുതിയ കരകൗശലപടുവായ ഒരു എഞ്ചിനീയർ ഒരു എളുപ്പവഴി സർവ്വേ ചെയ്തു റെട്ടിത്തുറക്കുമെന്നുപെ നമ്മുടെ ഏറ്റവും കരിയും അറിയാതെന്ന വച്ചു ഉല്പാദനക്രിയയിൽ ഉൾപ്പെടുത്തിയാൽ നാമെല്ലാം കൂട്ടത്തോടെ കല്പാസേവിച്ചു കാട്ടിൽ പോകേണ്ടിവരും; അതിനു കാടുകളും നമ്മുടെ നാട്ടിൽ വേണ്ടത്ര ഇല്ല. പരിഷ്കാരശീലന്മാരായ പടിഞ്ഞാറന്മാർ പതിപ്പിച്ചുപോയി. ഇതെല്ലാം നോക്കുമ്പോൾ കൃഷികാര്യങ്ങളിൽ വിദഗ്ദ്ധരായി നാം എന്നും മെച്ചപ്പെട്ടവരാണെന്നു വരുന്നു, നമ്മുടെ കാലത്തു കൃഷിവിഷയത്തിലും പടിഞ്ഞാറൻ പരിഷ്കാരം കടന്നുകൂടിയിട്ടുണ്ടു്. എങ്കിലും നമ്മുടെ കാരണവന്മാർ അതു അറിഞ്ഞിരുന്നില്ല. അതുകൊണ്ടു് അവർക്കു കുറവു സംഭവിച്ചതായി കാണുന്നില്ല. മുൻകാലങ്ങളിൽ നക്ഷത്രങ്ങളനുസരിച്ചു കൃഷി ഭൂമികളെ തരം തിരിക്ക, ഓരോ സ്ഥലത്തിനും പറ്റുന്ന വിളവുകളെ നിർണ്ണയിക്ക, സഫലമായ വിധം കൃഷിചെയ്ക, കാലികളെ രക്ഷിക്ക, വളം ശേഖരിക്ക, മുതലായി കൃഷിവിഷയങ്ങളായ എല്ലാ കാര്യങ്ങളിലും പ്രത്യേകജ്ഞാനം നമ്മുടെ കാരണവന്മാർക്കുണ്ടായിരുന്നു. ഇതു എത്രയോ ശരിയാണെന്നു കാണിക്കാൻ പല പഴയ പാട്ടുകളും ഇന്നും നടപ്പുണ്ടു്.

"ഭൂമിഭേദങ്ങളെക്കൊണ്ടു വിസ്തരിക്കാം
ഭേദമനപ്പേരതായി ബഹുവിധം
മലയാളത്തിൽത്തന്നെ വിളയുന്ന

കേരവിത്തുകളുടെ പലവിധം

... ...

വെള്ളരച്ചുരന്നോല്പന്നമുള്ളൊരു വിത്തിനെ
തള്ളയേറി വിരിപ്പു വിളയുന്ന
സമ്പത്താളുന്നോരെന്നുള്ള വിത്തിനെ
സമ്പന്നരാതുഴള വിതച്ചാലും
ഇളനാട്ടിലീവിത്തുകളൊക്കെയും
കുളിപ്പിച്ചിട്ടാം വിതച്ചിടാവാൻ
കോലനാടതിലാകുന്നീവിത്തുകു-
ളമെന്നുന ചെറിച്ചാക്യമോടതും
ചെന്നെല്ലെന്നൊരു വിത്തുവിതച്ചിന
നാന്തു പാടം വിളവിനം നിശ്ചയം
കറിനെല്ലെന്നെല്ലും കുതിവിളയുന്നതു-
മുണ്ടകംകന്നു തണ്ടിവ കൊടാലം
കോഴിവാലനാം വിത്തുവിതച്ചാവു-
മരിയാംപാടമതിലൊരുതരം
വെള്ളക്കോ[illegible]ന വിതച്ചാൽപലവി
കള്ളക്കാടതിലില്ല വിശേഷിച്ച്
ചെന്നൊരിയനും പിണന്നക്കാവും
മന്നവർച്ചിതരില്ല കൊടണം
മുന്ന : നവതിക്കിരാഴിയുള്ള
മുണ്ടപ്പാടവും ചോറന്ന വിത്തെല്ലാ
ചെമ്പനാമെന്നെന്നുള്ളൊരു വിത്തിനെ-
ക്കൊയ്യുന്നോരില്ല നന്ന ഴ്‌വിതച്ചാലും
കുഞ്ഞടിയന്നാരമുന്നാരു വിത്തു
ചെന്നുകൾക്കാലമുണ്ടതിനാളും
വാഴിലെയന്ത ഴ വിത്തുവിതയ്ക്കുന്നും
കാലഞ്ചിലവരയോറവും തീർത്താലും
പൂത്താരതെന്നൊരു വിത്തുപറമ്പിലെ-
ങ്ങുമുണ്ടിരുവണ്ണും വിതച്ചുകൃഷിവലർ
മോടനം ചോരമണിരകന്നം

കാളകഴുത്തും നല്ലതിവ മൂന്നും
പാറയൻകഴമ യെന്നൊരുവിത്തു
പാറയിൽ പിടിച്ചീടുമതൊറാവും
ചൊല്ലേറുന്ന മലയുടയൻ ചാര-
മല്ലുകളേടത്തും പാറം മലയിലും
കോലനാട്ടിലീ വിത്തുകളൊറാവും
പാലിച്ചീടുമതിനില്ല സംശയം
കോടനെല്ലു വിതച്ചു പുനത്തുടമേൽ
ആടലൊട്ടതിനില്ലറിഞ്ഞാലും
ഈനാട്ടിൽ വിതയ്ക്കുന്ന വിത്തുകളെ
ഞാനിവ പറയുന്ന തെളിവോടാം
കരിപ്പാലിയുമരിയനും ചിന്ന
വിരിപ്പൂവും കഴമയും കാലിന്നും
വട്ടനും മുണ്ട പുളിനാരും
പറ്റനോക്കി വിതയ്ക്കുന്നൊരുവതും
കോഴിവാലനാം വിത്തുവിതച്ചാലും
ആഴിയായ വയലിൽ വാഴപോലെ
പൂവാലിവിത്തു മലമറഞ്ഞുഴിയിൽ
അങ്ങനെതന്നെ മുൻവട്ടം വിതച്ചീടാം
കുട്ടനാടൻ വിതച്ചാലൊരേടത്തും
എട്ടുമാസത്തിനുള്ളിൽ കതിർവരാ
കോടനേരി പറിച്ചുനട്ടീടുകിൽ
ആടൽകൂടാതെ കൊയ്യാമറിഞ്ഞാലും
ചെപ്പിലക്കാടും ചുവന്നരിനാരും
ഇപ്പൊകൊണ്ടെല്ലാം മുന്നം പറയുന്നു
മുണ്ടകൻപാല തവളക്കണ്ണനും
മുണ്ടകത്തിൽ പ്രധാനങ്ങളായവ
കമ്പളവനം ചെന്താർമണിയനും
മുളയുള്ളേതാ വിത്തിവയാകെ
വെള്ളത്തരയനാം വിത്തങ്ങതിവ
പൊള്ളയറ കരികൈലിവിത്തും

നടപ്പുള്ളോരരിക്കാരവിത്ത്
പൊട്ടക്കണ്ണൻ പറിച്ചുനടേണമേ.

... ...

ആനക്കൊമ്പനെന്നുള്ളൊരു വിത്തിന്
സ്ഥാനമല്ലോ പറവൂനാട്ടിൽ ;
വിതപ്പല്ലോ ഇക്കുനാടൻ വിത്തെ-
ങ്ങുരത്തീടും കർപ്പൂരത്തൊരാറവും
ചേറാരിയൻ മണലാരിയൻ തഥാ
പാറമേടാറം കറുത്ത കൊറവയും
ഞൊറവവിത്തിടനാട്ടിൽതന്നെ
വെറപ്പില്ലാതെ കണ്ടു വിളയുന്നു—

... ...

കുട്ടനാട്ടു വിതയ്ക്കുന്ന വിത്തുകൾ
ഒട്ടൊഴിഞ്ഞു പറയുന്ന കേട്ടാലും

... ...

വേണാട്ടിലേറം വിളഞ്ഞിടി
വാണക്കൊണ്ടോല്യ പാണ്ടിയാം വിത്തിനാൽ
പൂച്ചിയുള്ള കാടക്കഴുത്തനാം
ഇട്ടുവിതയ്ക്കു വേണാട്ടുഴിയിൽ

... ...

മലയാളമാം നിങ്ങടെ ദേശത്തെ
ചാലവേ വിളയു നവ ധാന്യങ്ങൾ

... ...

കേട്ടുകൊള്ളുവിനെല്ലു മുതലായ
കാട്ടുവിത്തുകളെല്ലാം വിസ്മയം
കർമ്മയെല്ലുണ്ടെന്നൊരുവക പിന്നെയും

... ...

തിനയുമുഴുന്നും പയറും പിന്നെ
കനിവോടെ കരിമ്പയറെന്നുള്ളും
ചെമ്പയറും ചെറുപയറെന്നുള്ളും
അപ്പുറം കുളിരെന്ന പയറുള്ളും

ആര്യനും പതിനെട്ടാണിയനും
മുണ്ടകപ്പയറും ചെറിനെല്ലനും
ചെറുകെട്ടുഴും തത്തപ്പയറെന്ന
താമരക്കൺമണിപ്പയറെന്നതും

... ...

വെള്ളച്ചോളവും ഉഴുന്നതിന്നാറ
തള്ളയുള്ള കരിഞ്ചോളവും ചെഞ്ചോളവും

... ...

ജീരകം കരിഞ്ജീരകം പിന്നെയും
പാരിലേറെയുള്ളോരു വെൺജീരകം
വെള്ളവെങ്കായമുള്ളിവെങ്കായവും
തള്ളയുള്ളവർ കൊള്ളുമുലുവയും
കടുകും ചെറുമാവുമെന്നിവ
കാരിച്ചീരമയമോദകം തഥാ
അവരയ്ക്ക പുളിയവരയ്ക്കയും
ചുവന്നുള്ളോരവരയ്ക്ക വിത്തും
ആട്ടുകൊമ്പനവരയ്ക്ക പിന്നെയും
വാട്ടമില്ലാതെ വെള്ളവരയ്ക്കയും
പുള്ളിയേറുന്ന മുട്ടനവരയ്ക്ക
വട്ടിയേറുന്ന കുണ്ടനവരയ്ക്ക
വെള്ളവരയ്ക്ക മുള്ളനവരയ്ക്ക
വള്ളിയേലുള്ള ചിററവരയ്ക്കയും

... ...

പറഞ്ഞിടട്ടെ മൂന്നുവിധത്തോട്ട
ചുരക്കിപ്പറമ്പുണ്ടു നാമിഹ
ചൊല്ലുവന്നോരു കല്ലൻപാത്തിലും
ഉള്ളിപ്പാടന്നൊരപ്പൻപാത്തിലും
കേടുവന്ന മലയാരത്തിലെക്കട്ടെ

... ...

ഇവിധം കടല, ചേന, ചേമ്പ്, കിഴങ്ങ്, വഴ, വെ

വെററിലക്കൊടി, മുളകുകൊടി, നാരകം, മാവ്, വഴുതിന, കത്തിരി, കരിമ്പ് മുതലായി മലയാളത്തിലെ എല്ലാ കൃഷികളും, അവ ചെയ്യേണ്ട വിധങ്ങളും, അവയ്ക്കു പററുന്ന മണ്ണും, വളവും, വിളവെടുക്കേണ്ട സമയങ്ങളും, മററും അതിസരസമായി വർണ്ണിക്കുന്നു.

ദാരിദ്ര്യമകം കഴിയേണമെങ്കിലോ
നേരത്തെ കൃഷിചെയ്യേണമെല്ലാരും
വർഷകാലത്തെച്ചൂളയെല്ലാമൊപ്പുക-
ളൊരുമയോട്ടു കരുതേണം മുമ്പിലെ
ഏകത്തിപ്പൂട്ടുകേണം തൊഴുത്തുക-
ളുകത്തീട്ടുമൊതുത്തിട്ടിരിക്കണം
പുല്ലുവെട്ടികൾ വേണമിടയിലെ
വെള്ളപ്പാത്തികളോടും ബുദ്ധിയും
തൊഴുത്താളുമിടയിട്ടിട്ടപ്പുറം
കഴിച്ചു പശുക്കണം വളർത്തി
കാള, പൂരി, കരികന്നിവയെല്ലാം
മേലും കൂടാതെ കെട്ടേണം വെള്ളമൊ
താക്കലിട്ടിട്ടെല്ലാം തൊഴുത്തുക-
ളൂടെപ്പോകാതിരിക്കണം കെട്ടുമ്പോൾ
രാത്രിനേരം പിരിയാതെ തിന്നിട്ടു
നേരത്തെയെങ്കൊണ്ടു താനതന്നെ മാറാതാണം
കന്നുകാലികളൊപ്പം കരയോളമെല്ലാം
എങ്ങനെ കൃഷിചെയ്തു കഴിയുന്ന
കന്നിനോടൊഴുകിച്ചു കളിക്കണം
മെന്നുടെ കൃഷികൾക്കിതെല്ലാവരം
തലയാലം തന്നെ കരുതേണം-
മലിനപ്പാട കറിയും നെല്ലും
നൊമ്പിയും പള്ളക്കാലും മാങ്ങയും
ഇല്ലിലില്ലാത്ത പാതിപ്പിടിയും
കൊഴുവും കൊട്ടുവാൽ മഴുക്കയറ്റും

വഴിയെത്തറമിരിക്കണമെപ്പോഴും
കഴിക്കത്തിയരിവാളും കോടാലി
മഴത്തടയാളി കൊട്ടയും വട്ടിയും
പണിയാളർ മികവായിട്ടില്ലാത്തതാൽ
പിന്നെയും കടമേവനും നിശ്ചയം
നടിച്ചു കൃഷി ചെയ്യുന്ന കാലത്തു്
പണക്കാരായ വീഴും കടത്തിലേൽ
വിളയുന്നവ സൂക്ഷിപ്പതിന്നായി
കളം വേണമൊരിടത്തു വേറിട്ടു
പണിയിച്ചവനതന്നെ കൊള്ളേണം
പണിയാളർക്കു നല്ലവഴിപോലെ
വഴിവെട്ടിയരച്ചു വിളമ്പീട്ടാൽ
ഉഴവന്മാർ ഭരിക്കുന്നിതേവരും.
... ...

ഇനി കൃഷിക്കാർ എങ്ങനെയുള്ളവരായിരിക്കണമെന്നു്.

നിലയറിഞ്ഞിരിക്കുന്നവരേതും
ഒരുമല്ല കൃഷികാരകന്നിനി
ചിന്തതിരക്കുന്നവിളമ്പിടുന്ന
മത്സരന്മാരും വേണ്ട കൃഷിയിങ്കൽ

വിഷയാസക്തന്മാർ, കള്ളന്മാർ, മദ്യപന്മാർ, മടിയന്മാർ, കണക്കപിണക്കികൾ മുതലായവർ നല്ല കൃഷിക്കാരല്ല.

വേലിക്കെട്ടീടവേണം കൃഷീവലർ
കാലത്ത വിതപ്പാനും നല്ലവണ്ണം
വളം പാടത്തിടാത്തോരൊഴിക്കലും
തെളിവില്ലാ വിതച്ചാലും നട്ടാലും

ഇനി ചില കുറ്റങ്ങൾക്കു ശിക്ഷകൾ കല്പിക്കുന്നു.

വരമ്പു കുറച്ചീടുന്നവരെ
പെരുമ്പോണ്ടടിക്കണം അവരെ

മരച്ചുവട്ടിൽ വളരുന്ന പുല്ലുകൾ പറിക്കണമെന്നുപദേശിക്കുന്നു. കാരണം ഇതാണ്:—

പച്ചപ്പുല്ല് വളം വലിച്ചീടുന്നു
നിശ്ചയം വെടിപ്പിനെന്നു വരുത്തേണം.

മറ്റൊരു ഉപദേശമാണ്.

പത്തുമാസത്തിൽ കറന്നെടുത്തീടുമ്പോളും
വിത്തു കണ്ടത്തിലാക്കെന്നെല്ലാമത്ഭുതം
മുമ്പിലുള്ള കഴയാ കിളച്ചിട്ടി-
ട്ടെന്നതെല്ലാം നാലു പാകിയീടണം.

ഇന്നതിന്ന വിത്തുകൾ ഇന്നതിന്ന സമയങ്ങളിൽ വിതയ്ക്കണമെന്നു പറയുന്നു. ഈ വിധം തന്നെ പല കാര്യങ്ങളും വിശദമായി വിവരിക്കുന്നുണ്ട്. തെങ്ങുകൃഷിയെപ്പറ്റിപ്രസ്താവിക്കുന്നതു് വിശിഷ്യ ഇവിടെ സ്മരണീയമാണ്. വിസ്തരഭയത്താൽ നിവൃത്തിയില്ലെന്നു വ്യസനിക്കുന്നു. കാലികളെ തിരിഞ്ഞെടുക്കുന്നതു സംബന്ധിച്ചും പല വിവരങ്ങളുണ്ട്.

പിമ്പു പെരുത്തോരു കന്നിനെ വേണം
കൊമ്പും തലയും നോക്കിക്കൊള്ളുക
മുഴുത്തകിയ മൂരിയെ വേണം
പള്ളിയിൽ നോക്കിക്കൊള്ളുക നന്നാം
മടവാലുള്ളോരു കന്നിനെ യത്നം
മടികൂടാതെ കൊള്ളുന്നതായാൽ
തണ്ടെല്ലുള്ള വലുതൊരു മൂരിയെ
വേണമെപ്പോൾ കൃഷികർമ്മത്തിപ്പാരം
മുതുകതിന്റെ സമത്തിൽ പൊക്കി
പുള്ളിപ്പോതകിൽ കൊള്ളാമോർത്താൽ
കൊമ്പിൻ കനമേറിയ കന്നിന
വമ്പുണ്ടെങ്കിലുമൂണും കുറയും
നീണ്ട കഴുത്തുള്ളോരു കന്നിനെ
വേണ്ട കൃഷിക്കായ് കൃഷികന്മാർക്ക്. —ഇത്യാദി.

ഫർവ്വ

കൃഷിയുടേയും മററും ഉത്ഭവത്തെപ്പററി കുറവരുടെ ഒരു പാട്ട്.

മേല്പലോകത്തിന്ന് ആദ്യ തമ്പുരാനേ
ആദ്യ വരുത്തുറഞ്ഞിയ കവിരാമ്മാരെ
ഈരടിപ്പൂമിയമ്മന്നോണ്ടു ചെന്നപ്പം
ഓരടിപ്പൂമി കറാത്തതിനാലെ
വെട്ടുമടിയും പുകയു മുണ്ടായെ
അന്നല്ല പൂമിയും പുല്ലും തോന്നി
അന്നല്ല കാമ്പാ കടലുമേ തോന്നി
അന്നല്ല ആളുമടിമയും തോന്നി
അന്നല്ലു അമ്പരത്തെത്തിലും തോന്നി
അന്നല്ല വിത്തു വിതവട്ടി തോന്നി
അന്നുള്ള പൊന്നുള്ള വിത്തുമെ തോന്നി
കറന്തലച്ചിഴ നട്ടുക്കാരം ഇന്നും
നിലമ്പൂഴം പൂട്ടി തെളിച്ചൊലുന്നവെ
അന്നുള്ള വിത്തുമെ വാരിവിതെച്ചു
വിത്തു വിതച്ചു വിതരാളും വിളെ
മൂന്നിന്ന വന്നു കിളിവാളും ഇറന്ന
ഏഴിന്ന വന്നു കിളിവെളുക്കച്ചു
അന്നുള്ള പൊന്നുള്ള വിത്തും പറയലായ്
അന്നുള്ള വിത്തിനെ തന്നെച്ചതിപ്പാൻ
വെട്ടുവളർകരമ്പിപ്പുഴവും ചാരാതെ
വെട്ടുവളർകരമ്പിപുഴവ ചതിപ്പാൻ
കാട്ടിക്കരുമുലി ആനയും ചാരാതെ
കാട്ടിക്കരുമുലി ആനായെ ചതിപ്പാൻ
വീട്ടിക്കരപ്പള്ളൻ തേക്കും ചാരാതെ
വീട്ടിക്കരപ്പള്ളനവനെച്ചതിപ്പാൻ
മന്നുള്ള മാരി മഴയും ചാരാതെ
മന്നുള്ള മാരി മഴയെച്ചതിപ്പാൻ
മന്നുള്ള മിന്നമേലാവും തെളിയാതെ

പറയരുടെ കൃഷിപ്പാട്ടിൽ ഒരു ഭാഗം.

കാരിക്കാളു, നെന്മണിപൂട്ടി,
കരുകടിവായുഴച്ചിലെ
കള്ളപ്പുള്ളനെറ്റിക്കണ്ണം കററിയിൽ
കാളപ്പാഞ്ചിതാപ്പള്ളയിലെ—

വേലരുടെ പാട്ട്.

പൊട്ടനാളിവച്ചുമ്മ(?), വെളുവെളിയും വിളിക്കുന്നതെ.

പുള്ളോൻപാട്ട്.

പുള്ളുവന്മാർ സർപ്പങ്ങളെ ആരാധിച്ചും നാട്ടുതോറും അലഞ്ഞു തിരിഞ്ഞു സർപ്പപ്പാട്ടുകൾ പാടിയും കാലയാപനം ചെയ്തുപോരുന്നവരാണെങ്കിലും മററു ചില പാട്ടുകളും കൂടി അവരുടെ ഇടയിൽ പ്രചരിച്ചിരിക്കുന്നു. അക്കൂട്ടത്തിൽ കൃഷിപ്പാട്ടെന്ന് അവർ നാമകരണം ചെയ്തിരിക്കുന്ന ചില പാട്ടുകൾ അത്ര പോരാത്ത(?) അർത്ഥങ്ങളായി തോന്നാനിടയില്ല. ഇപ്പോഴത്തെ ചില ഭാഷാപണ്ഡിതന്മാർ വെൺനിലാവും ഇളന്തളിരും, തെന്നലും, മാമ്പഴിലയും(?), അരഞ്ഞാണവും അരപ്പട്ടയും(?) [illegible] ചെയ്തു വസന്തസമയമുണ്ടാക്കി നാടകസത്രം(?) കെട്ടിപ്പിടിപ്പിച്ച് കൃതാർത്ഥരാകുന്നതുപോലെ, നെല്ലും തേങ്ങയും, കേരം ചാമയും(?) ചില സംഗതികളും കൊണ്ടു നീട്ടിപ്പിടിപ്പിച്ച് കൃഷിപ്പാട്ടുകളാക്കി ഒരു പുള്ളുവന്മാർ ഉദരപൂരണത്തിനായി ഉപയോഗിച്ചുപോരുന്നതാണ്.

പുള്ളുവരുടെ ഇടയിൽ നടപ്പുള്ള "നെല്ലും [illegible] നെല്ലും പൊന്നും" എന്നീ പാട്ടുകൾ—

ആരിയനാട്ടിലെ ഉണ്ടായി ചെന്നെല്ല്
അന്നച്ചെറുകിളി കൊണ്ടന്നുവിത്ത്
കർണ്ണതിരക്കെയെത്തു കൊണ്ടുവച്ചു
തെക്കുമലകുന്നിന്നായി ചെന്നെല്ല്
ഉണ്ടായ മാനിടർക്കൊക്കെയും തങ്ങൾ
കാക്കവാനുണ്ടായി ചെന്നെല്ല് ഭൂമിയിൽ

ഒരോല്ലന്ന ഒരെന്നാ നന്നല്ലപ്പോൾ
ഒല്ലുകൊണ്ടെന്തോ ഫലം വരത്തില്ലെന്ന
തങ്ങളുകൊണ്ടെന്താ ഫലം വരത്തില്ലെന്ന
ഒന്നല്ലുത്തിരിയെന്നും ഒരുത്തുതിരിയെന്നും
തങ്ങളിലിനമ്പരം പോരിൽ തുടങ്ങി
ഒന്നല്ലാലെയെന്നാര ഒരുത്താലെ നന്ദമേ
ഒന്നല്ലെമെല്ലുമെന്നും ഒരുത്തെമെല്ലുമെന്നും
ഒന്നല്ലതിരെന്നും ഒരുത്താമലയെന്നും
ഒല്ലിൽതിരിയല്ലാം ചൊല്ലുന്നതിൽ ചിലയോർ
ഒരേടിൽതിരികിരി പുറപ്പെട്ടുക്കവർ
ഏതിനാലതാന്നാലതോ മാലയും കേട്ടവർ
നന്നായതിരിക്കെന്ന ഗലിതമൊന്ന്
കേഫണം നമുടെ പോരം ന നമ്മം
ആളിയ കേഫണം വിത്തികരം പോതം
ഏതിലോ കേട്ടവ മണിക്കപ്പെന്നത്ത
ആനെന്നല്ല മെന്നെല്ല കന്നെല്ല ഒരുമം
കച്ചിന്നുയോ ഇനിപ്പായ്, വല്ലാ,
മുട്ടുകാരന്നെ കുറക്കൽവിതു
നല്ലാതിരാഴി, ചായാവ്, തപാനാരി,
വലികരപ്പുറം, പോക്കിടാവിതും,
കണ്ടാഴകള്ള കറന്ന ചുട്ടാച്ചതും,
കാരാറിയൽവിതു, പോരാറിയൽവിതു,
മലയാറിയൻ നല്ല യനോക്കാരൻ വിതു
ദൈവമേയിത്തനം വിതല്ല ഒരുമം
ഇതുപോലെ കേൾന്നോം ഒരുതിമരം പോതകം
നാരായണൻ കുന്നിലായായി കൈലനത്ത
ഇല്ലവുന്നകളില ഒരുമയുകൊള്ളുന്ന
അക്കാല കഴികത്തി ഒരുമയുംവച്ചു
താപകലില്ലാതെ കൊറിവച്ചതി
ഒരെണ്ണമുന്നപ്പിട്ടം കലയുമായ്
അങ്ങല പൊട്ടിപ്പിളർന്നിട്ട നാലുമായ്

ഫലിതം

ഉച്ചവിളക്കിനുമന്തിവിളക്കിനും
ലക്ഷ്മിവസിപ്പാൻ വിളക്കിനും ചൊന്നതു
ബാലന്മാരൊന്നിച്ചു കരയാതെ ചൊന്നതു
ചോറിട്ടുമില്ലെങ്കിൽ ചോല്ലേറ്റുമില്ലല്ലോ
ഇളമപോലെ കേരളം പൊന്നിന്റെ പോലെ
പരമപുരത്തിനു പോന്നുള്ള പൊന്നുതാൻ
പറിച്ചിനൊട്ടു ദേവലോകത്തുനിന്നായി
അടിക്കുമ്പാടിക്കുള്ളൊരു നെല്ലുമേ
അഴകിനും മംഗിക്കും ഞാനല്ലേ പൊന്നമ്മേ
സമ്മതിക്കുമോ നിന്നെക്കണ്ടൊട്ടു പൊരുതുവാൻ
ധരണിക്കവിത്തായി വന്നുപിറന്നു
മേലിച്ചിരുന്നെന്നോടു പറയാതെ പൊന്നമ്മേ
ഉമ്മൻപാഴയരി ചൊല്ലുന്ന തമ്പുരാനുമേ
ഉണ്ണുമതു പൊന്നിട്ടിരുന്നാലിനൊരുമെ
പൊന്നിട്ടിരുന്നാകിൽ മേനി വരുത്തുമേ
മേനി വരുത്താമേ ചൊന്നതുമെന്നാൽ ഉണ്ണണം
ഒഴിയാനുള്ളോരു ദേവന്റെ പൂജയ്ക്കു
പാലരിപ്പൂജയ്ക്കു പൊന്നുംകൊണ്ടുവരുമോ
പാലരിപ്പൂജയ്ക്കു ചെന്നെല്ലരിയും
മുൻപേ വിളക്കല്ലേ പിന്നല്ലേ പൂജയും
ഉച്ചപ്പൂജയ്ക്കു വരുന്ന ഉണ്ണാനിക്ക
കണ്ണിക്ക മുൻപേ കറിക്കിന്നു ചൊന്നതു
കഞ്ഞികുടിക്കാതെ പ്രാണൻ കിടക്കുമോ
ആറുമാസംചെന്ന ബാലക്കിടാങ്ങൾക്കും
അന്നം കൊടുക്കാനും ചെന്നെല്ലരിയും
ഉച്ചിയിലുറയേണ്ട ചിറകു ചൊന്നതു
ആരെന്നതു, പൊന്നതു, ഇവരെന്നതു, ചൊന്നതു,
നല്ല പരിമനതു, കപ്പലെത്തിയതിനെ,
തനല്ലുമേ തെയ്യമേ തട്ടിൽ ചേരിയാ
വിത്തു പത്തായത്തിൽ കിടന്നാൽ കിളിർക്കുമോ
തട്ടേൽ കിടന്നാൽ കിളിർക്കുമോ ചൊന്നതു

നെല്ലുമെ തെങ്ങുമെ തങ്ങളിൽ ചോദിയാ
ഞമ്മക്കിതവർക്കും ചോററിലിറങ്ങണം
മെറാച്ചലിൽ നട്ടുണ്ണണം കണ്ടത്തിൽ
മുട്ടനാർ ചോറിലൂഴ പൊന്തണിടണേ
അന്നും പൊടികിളി കൊണ്ടന്ന വിത്തില്
ഒരുപിടി വിത്തതു വാരിവിതച്ചു
ഒരുകല മുത്തവും ചോററിലിറക്കിയെ
സത്യവും ചെയ്തതു ചോററിൽ കിടക്കമ്പോഴം
ഗംഗ പെയ്യുന്നൊ വെള്ളം പൊങ്ങകിയെ
വിണ്ണും മുമ്പരെ പൊട്ടിക്കിളിച്ചു
തെങ്ങടെ കുമ്പുമെ കെട്ടുന്നന്നെപ്പാഴെ
വെള്ളത്തിൽവന്ന സംകട ചെയ്താരും
എന്നോട് തോററല്ലു തങ്ങളും കെട്ടിയെ
ലക്ഷ്മിയുമുള്ള ചൊന്നല്ലുതന്നാൽ
ദാനംകൊടുക്കണം ധർമ്മംചെയ്യണം
വെള്ളയ്ക്കുചെയ്യുണ്ടിരിക്കണം ചൊന്നല്ല്

പുള്ളുവന്മാരുടെ സർപ്പപ്പാട്ടുകളിൽ ഒന്നും രണ്ടും മൂന്നും അഞ്ചും ഏഴും അതിലധികവും തലകളുള്ള സർപ്പങ്ങളുടെ പേരുകളും അവയുടെ ലക്ഷണങ്ങളും അവയെ തൃപ്തിപ്പെടുത്തേണ്ട വിധങ്ങളും മററും വിവരിച്ചു കാണുന്നു. സർപ്പോൽപത്തിയെക്കുറിച്ച് ഇവരുടെ പാട്ടിൽനിന്ന് ഗ്രഹിക്കാവുന്ന വിവരം ശ്രീമഹാഭാരതം ആസ്തികപർവ്വത്തിൽ പ്രസ്താവിച്ചിരിക്കുന്നതിൽനിന്ന് ഏറെ വ്യത്യാസപ്പെട്ടതല്ല. സർപ്പപ്പാട്ടിൽ ഒരു ഭാഗം—

അന്നു ഏഴങ്ങളു പോതനാർ കാളിസർപ്പമെ
മുട്ടയും പൊരിഞ്ഞിട്ടു പോകുന്നതെന്നതു
അപ്പു കാളിയമ്മ ഒരുകല്ലുമയില്ലല്ലോ
ഇനി തൊള്ളായിരം മുട്ടയുമിട്ടു
നാങ്കി നൂറായിരം കുഞ്ഞു വിരിയുന്ന
അങ്കെയിക്കണമുട്ടയൊക്കെ വിരിച്ചുകണ്ടെ

ചോറാക്കെടി ചെറുമന്നത്ത്യക്ക് പൊറുതിയില്ലല്ലൊ
അമ്പ്ലു കൂട്ടത്തിൽ തലയാന മൂന്നു മുട്ടയും
കൊക്കലെ കൊത്തിക്കൊണ്ടു പറന്നു സർപ്പമെ
...   .

ദേവന്മാരെയും ദേവിമാരെയും സ്തുതിക്കുന്ന ചില പഴയ പാട്ടുകൾ.

അമ്പാടിതന്നിലൊരുണ്ണിയുണ്ടത്രെ
ഉണ്ണിക്കൊരുണ്ണിക്കൈവളയുണ്ടത്രെ
ഉണ്ണിക്കൊപ്പമൊരുണ്ണിക്കൃഷ്ണനാണത്രെ
ഉണ്ണിവയറൊത്തു ചേലയുമുണ്ടത്രെ
ഉണ്ണിക്കൈതന്നിലും വെണ്ണയുണ്ടത്രെ
ഉണ്ണിക്കാൽകൊണ്ടൊരു നൃത്തമുണ്ടത്രെ
ഉണ്ണിത്തളകളും ചിലമ്പുമുണ്ടത്രെ
ഉണ്ണിക്കാൽ രണ്ടും തുള്ളുമെന്നത്രെ
ഉണ്ണിയരയിലെ കിങ്ങിണിയത്രെ
ചഞ്ചാതിയായിലുമോടുന്നുണ്ടത്രെ
ചന്തത്തിലേറായ പീലിയുമുണ്ടത്രെ
ശങ്കരൻകൂടെപ്പുകഴ്ത്തുന്നതത്രെ
പൂമാവനത്തിലെ നന്ദഗോപത്രെ
ഗോക്കളെക്കാക്കുന്ന കുട്ടികളത്രെ
നന്ദകിളിക്കുള്ള കൊപ്പുകളത്രെ
പീലിത്തിരുമുടി കെട്ടിക്കൊണ്ടത്രെ
പിച്ചകമാലകൾ ചാർത്തിക്കൊണ്ടത്രെ
പൊന്നുമേടകൾ മിന്നലാണത്രെ
ഓമനയായ തിരുമേനിയാണത്രെ
ഉമ്മയിൽനല്ല കറികളുമത്രെ
ചിത്രം മയക്കം പുരികങ്ങളത്രെ
അഞ്ജനക്കണ്ണുമാനാസാപുടമത്രെ
ചെന്തൊണ്ടിവായ്ക്കുള്ള ദന്തങ്ങളത്രെ
കോമളമുള്ളോരു കവിളിണയത്രെ
കണ്ഠവും മെല്ലെ വിളങ്ങുമാറത്രെ

രത്നക്കഴലും വിളിച്ചുകൊണ്ടങ്ങനെ
കങ്കണവിലസുന്ന കൈരണ്ടുമങ്ങനെ
വിസ്തൃതമാം തിരുമാറിടമങ്ങനെ
ഓടക്കുഴൽവിളി പൊങ്ങുമാറങ്ങനെ
പേടമാൻകണ്ണിമാരാടുമാറങ്ങനെ
കോടക്കാർവർണ്ണന്റെ വിട്ടകളങ്ങനെ
കുടിക്കളിച്ചുകൊള്ളാം മൂർദ്ധതയങ്ങനെ
പീഡിച്ചു പിന്നത്തിരായുമാറങ്ങനെ
പേടിച്ചു പിന്ന മയങ്ങുമാറങ്ങനെ
ഗോപികമാരുടെ ഗീതങ്ങളങ്ങനെ
ഗോപാലകൃഷ്ണന്റെ കാരുണ്യമങ്ങനെ
ആനന്ദകൃഷ്ണനെക്കാണുമാറങ്ങനെ
മോഹനമൂർത്തിയെക്കാണുമാറങ്ങനെ
കണ്ണുകണ്ടുള്ളം തെളിയുമാറങ്ങനെ
കോമളക്കാർവർണ്ണന്റെ പീലികളങ്ങനെ
വട്ടക്കളിക്ക തുനിയുമാറങ്ങനെ
വട്ടത്തിൽനിന്ന തുള്ളിപിടിച്ചങ്ങനെ
നൃത്തവും മേളം പിഴയാതെയങ്ങനെ
നേത്രങ്ങൾകൊണ്ടുള്ള ദീനയാലങ്ങനെ
കണ്ണിന കൗതുകം തോന്നുമാറങ്ങനെ
കണ്ണന്റെപൂമെയ്യിടയിടയങ്ങനെ
തിങ്ങിത്തിളങ്ങുന്ന രത്നങ്ങളങ്ങനെ
തൃക്കാൽച്ചിലമ്പൊലിയൊച്ച പൂണങ്ങനെ
മഞ്ഞപ്പൂവാട ഞൊറിവിറച്ചങ്ങനെ
കിങ്കിണിയൊന്നൊന്നൊരങ്ങളങ്ങനെ
മുത്തണിമാലകളുലഞ്ഞാറങ്ങനെ
തൃക്കൈകൾ രണ്ടു മിന്നിച്ചങ്ങനെ
ഓമൽത്തിരുമെയ്യുലയുമാറങ്ങനെ
കണ്ഠമാലകളും കവിൾത്തടമങ്ങനെ
തൂമധുവൊഴുകുന്ന വായ്നാളമങ്ങനെ
തുവിയർപ്പൂറാത്ത നാസികയങ്ങനെ

മാണിക്കക്കല്ലുമഴറ്റിക്കണ്ടതെങ്ങനെ
മുത്തുക്കൾപാകൃതിയായതെങ്ങനെ
പീലിത്തിരുമുടി കെട്ടഴിഞ്ഞതെങ്ങനെ
പിച്ചകത്തുമലർ ചൂടാഞ്ഞതെങ്ങനെ
ദേവികൾചേരുന്ന പൂമഴയെങ്ങനെ
ദേവികളെന്താണും പെരുമഴയെങ്ങനെ
കിങ്ങിണിയൊച്ചയും അത്ഭുതമെങ്ങനെ
ചന്ദ്രാതിമാരുടെ പാട്ടുകളെങ്ങനെ
ആകെ കണ്ടാരെ വീർത്തതെങ്ങനെ
ആഹാരമെന്ന്യ വിശന്നതെങ്ങനെ
ചന്ദ്രരശ്മിയായ് നില്പതെങ്ങനെ
ഇന്ദ്രനെന്ന മറഞ്ഞതെങ്ങനെ
ലോകങ്ങളൊക്കെ മയങ്ങിയതെങ്ങനെ
ലോകൈകനാഥൻ ഗീതമെഴുന്നതെങ്ങനെ
ആനന്ദത്താൽ മതിമറന്നതെങ്ങനെ
വൃന്ദാവനം പോൽ വാഴ്കയെന്നതെങ്ങനെ
സമ്പൽസമൃദ്ധമായതെങ്ങനെ
തൽപാദയുഗ്മം നമസ്കരിച്ചീടിനാൻ — ഇത്യാദി

വേറൊന്ന്.

വെള്ളിമാല കണ്ടുവാണതും — വാളുമോന്ത്കയ്യിൽ
വെള്ളിമാൻമഴുവുമായും കൂടിയും
വള്ളിപോലെ നിറച്ച പാമ്പുകളും — ചാമ്പലുംചൂടി-
ന്നപ്പുറകൊണ്ട മാറ്റമാലകളും
വെള്ളമതിക്കുരുമാക്കി വാണതും — ചേതിമല്ല്യാതരം
പുള്ളികരിമുക നായ ബാലനതാൻ
കള്ളമടയിലമ്പപ്പുരമർപ്പൊറിയും — നാളികമെല്ലാം
മുള്ളുമര കനിയും പിലാപ്പുളയും
പള്ളനിറവലിനായ്തരുന്നതൊ — പരമാത്മവന്നെ-
ൻറുള്ളിലുള്ളഴൽ തീർക്കറിയുകയാ
തള്ളയല്ലെപകം നിറഞ്ഞവരല്ലേ — സപ്തസാഗരവും
കള്ളത്തെമറിച്ചുള്ള മാതിയെ
ഗ്ഗണഗീതവിനോദകാർണിയെ — നാവിൽവന്നുകൊള്ളു

ഫലം

നൃത്തമാടുക ലോകനായികയെ
വട്ടമൊത്ത മുടിക്കിരീടമണിയും—നാഗത്താൻമേനല്ല
പട്ടുടുത്തുടനൊരാഭരണങ്ങളും
കാതിലണിയുന്ന കേസരിയും—കൈകളിൽചോര-
ന്നായുധം തിരമാറിപലതരണം
ഉദ്ദനെക്കറിയിട്ടതിന്നടയാ—ചന്ദ്രനെത്ത
അന്നമോലിക്കുന്ന പോർമുലയും
നീലപാറ്റതിളക്കിവാറിന്നപോൽ—വേതാളമേറി
അട്ടഹാസികളോട്ട നേരിടുവാൻ
വൻമലനിറത്ത ഭൂതഗണം—കൂട്ടിട്ടൊത്തവർ
കൊട്ടപുക്കവിളിച്ചു ദാരികനെ
കേട്ടദാരികനും പെരുമ്പടയും—വേഗമോട്ട വന്നതി-
ർട്ടതിൽപ്പെട്ടുള്ളപോരതളവിൽ
അട്ടഹാസമിട്ടു വീണ്ടവനെ—പോർക്കളത്തിലൊന്നാകെ
പൊട്ടമരമചവിട്ടിമതകറിയും
ഒട്ടുമേയുണ്ടാകെ കണ്ടവർക്കും—പള്ളിവാളാൽ തല
വെട്ടിപ്പിണമാക്കിട്ടി മേദിനിയിൽ
പുഷ്പമാലയണിയുന്ന ദേവകളും ... കോടിയന്ത്രങ്ങൾകൊ-
ണ്ടാട്ടനിന്ന വിളിപ്പുകളെ ഇത്യാദി

വള്ളുവന്മാർക്ക് രാഗാന്തരമായ പല പാട്ടുകളുണ്ട്.

മൂലക്കിഴങ്ങിന് മൂന്നല്ലാ വള്ളി
മൂലത്തിലൊക്കെപ്പടർന്നുള്ള വള്ളി
ഞൊന്നക്കിഴങ്ങിന് നാലല്ലേ വള്ളി
ഞൊന്നത്തിലൊക്കെപ്പടർന്നുള്ള വള്ളി
മുപ്പത്തിമൂന്നു മാസം നല്ല കാലം
മൂന്നുമാസത്തിൽ താനേ മുളച്ചു
ആയിരം പൂത്താരെ പൂവുണ്ടു കൈയിൽ
പൂവോട്ട് നേരോട്ട് പൂവാലൊന്നിനെതൽ
അക്കരെനിന്നു വിളിപ്പാണിവരെല്ലാം
അക്കരെ പൂത്തിരാൾ ഉണ്ടായിട്ടില്ലെനിക്ക്

മക്കളുമെണ്ടവരൊക്കുമെ നാടത്താൻ
വരണമെന്നയാരും കരുത്തുമാറാനില്ല
പുക്കം പുറപ്പെട്ടു നിൽക്കുന്നൊരാനാം
പുള്ളുവെള്ളംവന്ന പുഴയും പെരിയാറു
ഇക്കം പെരുമയായി ഉറക്കില്ലനിക്ക്
ഇക്കംതകട്ടുതെന്തന്നകണ്ടാനുകെപാനിനൊൻ
ആദവം കടന്നിട്ടങ്ങപ്പുറം ചെന്നാൽ
അരുണാമവെള്ളൻ പുറങ്ങളുംചെല്ലാം
ഞാനെങ്ങനിപ്പുന്ന നാമെപ്പറിപ്പാൻ
ഞാനിപ്പലവരെ കാണേണമില്ല
ഉള്ളവരൊന്നെന്നാടയമെന്നവർ
കപ്പലവരെന്നെവരെയില്ലം
പാറമെതാരമമന്നു ഏറിയലുടേകുമല്ല
പരഞ്ഞൻപുറങ്ങളിൽ ഞാൻ പോകുന്നിതിന്നൻ
ഇന്നിനൊന്നളും കടിൽ കരമിതന്ന
ഇരവള്ളോൻ തെരമണ്ണന്റെ വള്ളിപ്പൂകണ്ടോൻ
പതുവയസ്സിൽ ഞാൻ കല്യാണർപൂണ്ടെൻ
പതിമ്മൂന്നാംമതു പതിച്ചു നാൾ
പതുവിരൽക്കണ്ടൻ മേതിരം പൂണ്ടെൻ
പാതെണ്ണൂരചെറിയിൽ കണ്ടം തെളിച്ചുൻ
മുക്കിയാന വഴികളു വാനാത്
മൂലപ്പുറങ്ങൾ ഞാൻ പോകുന്നില്ലെന്നേ— ഇത്യാദി.

വാരണപ്പാട്ടിന്റെ ഒരു ഭാഗം.

കാത്തതെന്നും കരുകളുതേകുനാറി
കണ്ണക്കട്ടപ്പനക്കണ്ടാക്കിൽ തിരുവരുളു
അരുക്കുന്നതയ്യശിക്ക ചിഴരമേലും
അകമെഴുന്നവാവുവിനും മുലമുണ്ട്
മൂലമാകുന്നയാരം തന്നിലല്ലാ
മുകൾമുടിയും വാതുബീജം പിറന്നതായി
മേലോടം നിലകളും കടന്നുചെന്നാൽ

ചരിത്രം

മേദിനിതൻ വിലാസിദ്ധം പരിചു കാണാം
വേലയുണ്ടങ്ങനിലയിൽ ചെന്നുകൊൾവാൻ
വേലന്തം കനവരെക്ക് പൊന്നും കണ്ടാവു
മൂലനാഥൻ വസിപ്പതാമേ സമാനമുണ്ടു
മുച്ചൂരും തൻനാട്ടവേ മുപ്പടമാനമും
പച്ചനിറം പവിഴനിറം പാൽനിറത്താൽ
ചമഞ്ഞിതെന്നായ് നിന്നതല്ലാ പരമയോഗം
അച്ചുതിക്കും കണ്ടു സേവിച്ചുറപ്പിക്കാമെങ്കിൽ.
അതിനുമേലേ ആനന്ദം പെരികെയുണ്ടു്
നിശ്ചയമായ് മൂലനാഡി മുതൽ കുന്നത്തിൽ
നിറഞ്ഞുനില്പും പരമജ്ഞാന കണ്ണുവിളക്ക
പരമജ്ഞാന കണ്ണുവിളക്കിലെഴുന്നദീപം
പരമാത്മാ തന്നിലെങ്ങും നിറഞ്ഞുനില്പും
എരിഞ്ഞു കത്തിട്ടൊഴുകുന്ന മൂലദീപം
എഴുന്നകന്നിടേൻ മനവും തന്നകമേ
സുഖമെകാളുള്ള പരമശിവ ദീപത്തിന്റെ
നാളുമേപ്പാരമെ പരീക്ഷിച്ചുകാണവേണം
... ... ഇത്യാദി.

വള്ളോന്മാരുടെ ഒരു കവി.

കഴിയടിപ്പെണ്ണു കഴിയടിപ്പെണ്ണു
കൂടെ കനിഞ്ഞുനിന്നാലും പെണ്ണു
അപ്പെണ്ണു ഇപ്പെണ്ണു മുഴിപ്പെണ്ണു
അലകമരകഴിയിട്ടിട്ടൊരുകോടി
കൂട്ടണൊരായുള്ള കോലകലം
കൂട്ടകലം നിറഞ്ഞണൊൻപുള്ള ചാരൻ
ആനകതായരോം കൂടെനിപ്പാൻ
അഞ്ചുമരം പണിച്ചയ്യകട്ടിൽ— ഇത്യാദി.

കാവ്യത്തിൽ പ്രവേശിച്ചു കഴിഞ്ഞിരിക്കുമ്പോൾ വിശ്രമത്തിനു വിനോദമാവശ്യം. ചുമട്ടുകാരന്റെ ചുമട്ടുതാങ്ങി എന്ന

പോലെ കാൎയ്യക്കാരനു വിനോദം ഉപകരിക്കുന്നു. ഒരു സ്ഥിതിക്കു കാൎയ്യമില്ലാത്തതാണു് വിനോദം എന്നൂഹിക്കേണ്ടിവരും. വാസ്തവം അങ്ങനെയല്ല. കളിയില്ലാതെ കാൎയ്യമേ ഇല്ല. ആകാശം ഒന്നുമില്ലാത്തതാണു്. സൂക്ഷ്മം നോക്കുന്നതായാൽ ഒന്നുമില്ലാത്ത ആകാശമില്ലെങ്കിൽ എല്ലാം ഉള്ള ഭൂമിയും മററു ഗ്രഹങ്ങളും എന്നു വേണ്ട ഒന്നുംതന്നെയില്ല. ആകാശമില്ലെങ്കിൽ വൃക്ഷങ്ങളും മററും എവിടെ വളരും ? കെട്ടിടങ്ങളും എങ്ങോട്ടുയരും ? മനുഷ്യർ മുതലായ ജീവികളും കല്ലു തുടങ്ങിയ ജഡവസ്തുക്കളും എവിടെ കിടക്കും ? ഭൂമിയിലെ ചെറുമണലിന്റെ ഒരു തരിക്കുതന്നെയും ആകാശം കൂടാതെ കഴിയുന്നില്ല. മാംസചക്ഷുസ്സുകളിലെന്നല്ല വളരെ ശക്തിയുള്ള സൂക്ഷ്മദർശിനികളിൽക്കൂടിത്തന്നെയും ഗോചരമാകാത്ത മൈക്രോബതിനും അതിനു വേണ്ടതായ ആകാശം കൂടാതെ കഴിയില്ലല്ലോ. ഇതിനാലാണു് ഇല്ലാത്തതിൽനിന്നു വേണം ഉള്ളതിനെ നാം അറിയാൻ എന്നു ഞാൻ പറയുന്നതു്. കളിയും കാൎയ്യത്തിൽ ചേരണമെന്നു് ഇതുകൊണ്ടു സിദ്ധിക്കുന്നു.

ഇനി വെറും കളിയെങ്കിലും പ്രത്യക്ഷമായി ചില കാൎയ്യങ്ങളുള്ളതും പരോക്ഷമായി മുഴുവൻ കാൎയ്യമയവും ആയ ഏതാനും പാട്ടുകൾകൂടി ഒരു ഗ്രന്ഥത്തിൽ ഞാൻ ഇടംകൊടുക്കുന്നു.

മുട്ടകടിച്ചല്ലൊ വലിയാനത്തലവൻ ചത്തു
മൂടിക്കിടന്നൊരു മുളകച്ചൻ പറന്നുപോയി
കാട്ടിൽക്കിടന്ന തണ്ടെലിക്കുട്ടികടപുഴുണ്ണു
കാലത്തിളവിത്തു വിതച്ചാപ്പൂമടപ്പുംകോളു
കായംകുളത്തല്ലൊ കഴുവാളും പുലിനം പെററു
പത്തും പതിനഞ്ചും പെണ്ണും പെററ ചെറുനാരങ്ങ
കൊക്കമ്മയെന്നാണ്ടാരെ പറിച്ചോന്റെ മടിയിലിട്ടു്
കൊണ്ടുകൊടുത്തുള്ളതാൽ കുളത്തൂരിൽ ചെറുചാലിക്കു്
അല്ല, ചെറുപെണ്ണിനു്

പുലപ്പാട്ട്.

ഒരു സംഭാഷണം.

തെക്കംപൊത്തടിയാട്ടി തമ്പുരിവെള്ളാട്ടി
നാളെയെനിക്കൊരു പാരകൊണ്ടുത്തായോ
പാറ്റുംകൊണ്ടടിയനെന്തിനു വരുവേം
അതിലെവായിതിലെവായതിരിൻപാറവേവാ
പായിതയിരിക്കുന്ന മെയ്യിട്ടിയാരെ
പാണ്ണുവിലെപാണ്ണ് തമ്പുരിവെള്ളാട്ടി
തവിട്ടുതന്നാൽ കൊണ്ടുമോടി തമ്പുരിവെള്ളാട്ട
ഉള്ളുവംപറക്കുന്നതടിയനു വേണ
ഗുന്നുതാരട്ടോടി തമ്പുരിവെള്ളാട്ടി
അകംപുറമില്ലത്തതടിയന്റെ വേണ
നെല്ലുതരട്ടോടി തമ്പുരിവെള്ളാട്ടി
ഇതഞ്ഞെൃത്തതടിയനു വേണ
അരിതന്നാൽ കൊള്ളുമോടി തമ്പുരിവെള്ളാട്ടി
വള്ളുവേഷള്ളുന്നതടിയനു വേണ
ചാരുതരട്ടോടി തമ്പുരിവെള്ളാട്ടി
കള്ളുംപം ചാന്നുന്നതടിയന്റെ വേണ
പയറുതരട്ടോടി തമ്പുരിവെള്ളാട്ടി
വക്കേടം കൊറിക്കുന്നതടിയന്റെ വേണ
മുതിര തരട്ടോടി തമ്പുരിവെള്ളാട്ടി
വക്കെയാളുതള്ളുന്നതടിയന്റെ വേണ
ഉണ്ണിയെത്തരട്ടോടി തമ്പുരിവെള്ളാട്ടി
തെലിട്ടുണ്ണിയെ അടിയന്റെ വേണ
തതിനതരട്ടോടി തമ്പുരിവെള്ളാട്ടി
കൊവമ്പംകുതിക്കുന്നതടിയനു വേണ
ചക്കുതരട്ടോടി തമ്പുരിവെള്ളാട്ടി
അച്ചുതവള്ളുതടിയനു വേണ്
തവിട്ടുകൊണ്ടിരിന്നാലോ പറയന്റെ ട്ടപ്പിൻ

ഫലം

രാമായണം.

അണയടച്ചതും അവന്മാർ വന്നതും ചിതയെച്ചിറമീന്നതും
അർക്കരെ കലശച്ചെപ്പവാരിയൻ അന്വവാരിയൻ മുടിപ്പുറം
... ...

ഇത്യാദി.

ഒരു സംശയം.

എന്തോർത്തിയതോ വാനരനൊട്ടു
അവിടുന്നിയതോ കെട്ടിയൊട്ടതു— ഇത്യാദി.

പോരു കഴിഞ്ഞിട്ട്.

കെട്ടിയെടുപ്പിന്നാലെ, കൂട്ടരൊന്നുമാത
കൊടുവോട്ടമുണ്ടായില, മീശാനിറയെ വിഡ്ഢിവാൻ—ഇത്യാദി.

ഒരു ചികിത്സ.

കടുത്തകഷായമൊന്നു വെള്ളുള്ളി ചന്ദ്രയം വൃക്ക
കടുത്തചാറായത്തിലരച്ചുണ്ടാക്കു സേവിച്ചാൽ
കടുത്തജ്വരാതികളും ഗ്രഹണിയും ചെങ്കണ്ണുംകൊള്ളും
ഒരട ചാട മാട മറിയട തകിട കർത്തികതെ
തിമിതകിട, തിമിർതിമിതകിട തിമിതകിട തിമിതതെ

ചെറുവാകളുടെ പോക്കം.

ഒരു വിലാപം (അമ്മയെക്കുറിച്ച്.)

മെമനക്കുണ്ടിയായി! എന്റെ മെമനക്കുത്തിത്തായി!
മാഞ്ചിപറ്റുമായതാ എന്തു
നാങ്ങളെപ്പൊറുപ്പാറിയ തായി
മരിക്കുന്നിലെവള്ളും കഴിച്ചിങ്ങില്ലല്ലൊ

ഉണ്ണിരാമനകത്തില്ലാത്തരെ
എന്തൊര പോററിവളർത്തിയെൻറാമ്മെ!
ഞാങ്ങക്ക് എനിയയ്യ് ആരാരെൻറാമ്മെ
രാമി തൊളിലും ആററിലും പോയല്ലെൻറാമ്മെ
രാമി ചെമ്പിനം കയ്യിനും പിടിച്ചല്ലെൻറാമ്മെ
രാമി ചെമ്പിനം കയ്യിനും വിററല്ലെൻറാമ്മെ
എന്താ എന്താ ഇങ്ങിച്ച പോററിയെൻറാമ്മെ
ഉണ്ണിരാമ മക്കളുന്നിററ്
ഉണ്ണിമക്കളെ കാതല്ല കത്തിയല്ലാമി
എനിയെപ്പം കാണുന്നെൻറാമ്മെ
ഉണ്ണിആരാരൻറകത്തില് പോയല്ലെൻറാമി
രാമികല്ലുന്നപ്പം അടിച്ചു വാരിയല്ലെമ്മെ
ഉണ്ണിര രാമനമക്കളുന്നിട്ട്
ഞാങ്ങക്ക കത്തിട്ടും വെച്ചിട്ടും തന്നല്ലെൻറാമി
എനിയെപ്പം കാണുന്നെൻറാമ്മെ
ഉണ്ണിഞങ്ങളെയും ഒന്നാകെ ഇട്ടിട്ടാണമ്മെ

വേറൊരു വിലാപം (അച്ഛനെക്കുറിച്ച്)

രാമനക്ക ചെറിച്ചുക്കില്ലെ
അനകത്തികെട്ടിപ്പിള്ളരെൻറച്ചനെ
അച്ഛൻപോരെ വെതിപ്പിനാച്ചനെ
എനിയെപ്പം കാണുന്നെൻറച്ചനെ
അച്ഛൻ കൈനൊത്തിനെച്ചിലൊൻറച്ചനെ
അച്ചൻകണ്ടികൊമ്പലൊ എൻറച്ചനെ
എനിയെപ്പം കാണുന്നെൻറച്ചനെ
ഉത്തരനാളും എൻറച്ചനെ
അച്ഛനെന്നുമിതുച്ചോ പോന്നെന്നെൻറച്ചനെ
എൻറ രാമനാച്ചനെ
അച്ഛൻതെച്ചിട്ടും കളിച്ചിട്ടച്ചനെ
എൻറെഅച്ഛൻറ രാമനമക്കളും
എത്തിട്ടും മറിഞ്ഞിട്ടും നോക്കിട്ടച്ചനെ

നിങ്ങളെ മക്കളെ കാതു കുത്തിനാച്ചുതന
നിങ്ങളെമക്കളെ കല്യാണം കഴിച്ചിനാച്ചുതന
എന്റെ രാമനാച്ചുതന..................

ചേരൊത്ത് രാമായണം.

ചീരാമനും ലച്ചുണനും പിന്നൊറന്റെ കിണാങ്ങ്യമ്മാരും
... ...
ചീതാപിറന്നുളും ലങ്കെങ്കനാട്ടു മുടിയുമ്പോപോയി
അന്നേരം നിപ്പുരതാന്റ തിരിരാമൻ പകവാനം
ലച്ചുണനറിയനും വേടർകുലം ചാരത്തുനിന്ന്
തിരിരാമൻ പാകവാനം ചീതയിറിക്കം മണിമച്ചടം
... ...
മനൊഞ്ഞേറിക്കളിച്ചിന്ന ചീതകന്റെ കെയിമുറു
... ...
ഇങ്ങാനിനെപ്പടിച്ചെച്ചകി കളികന്നതിറിക്കാമല്ലോ
... ...
പുള്ളിമാരൊനോട്ടുല്ലചീത മറുമാനൊട്ടാനതപെണ്ണേ
... ...
ചീതപ്പെണ്ണുങ്ങൾകേട്ടു പറഞ്ഞുവല്ലൊ
പറഞ്ഞാവു പറയിണ്ണേതു വാരം നാണിങ്ങറിഞ്ഞു
കൊളയിട്ടു മുടിവച്ചു നാട്ടുവാഴ്ചും തമ്പിരാന്റെ
തിരുമുമ്പിലെക്കാണ്ടുചെന്ന് കാച്ചുവച്ചുരന്ന
... ...
ഇലങ്കയിലൊരുവനാണ്ടിരപുലകുന്നൻ
അപ്പൂക്കണ്ണമ്മേരനീശൻ കാച്ചിലുകയുവിയ വെള്ളംപോലെ
... ... ഇത്യാദി.

ഒരു സമാധാനം.

കോണോത്ത കണിയമ്പ്രാന്റെ
പോലത്തപ്പുത്തികേട്ട്
എന്നോൺവമറിഞ്ഞപവിളല്ലേ
നെല്ലുപൂങ്കുതിയിതിനതിവ്വമാണോ......ഇത്യാദി.

ഫസ്റ്റ്

ഒരു ശ്ലോകം.

തെക്കേൻകൊച്ചി വടക്കെപ്പൂർവ
തെക്കേപ്പുറവും പൂട്ടിയെടുത്തു
വലിയമതിലും മീതെചാടി
പുന്നക്കായും തട്ടിപ്പൊട്ടി
പന്നാങ്കായും കൊതിമുടിച്ചു...... ഇത്യാദി.

ഒരു ചോദ്യം.

നമ്മുടെനീയാം—തമ്പുരാട്ടി
നീയെവിടെ—തമ്പുരാനേ...... ഇത്യാദി.

ചോദ്യത്തിന്റെ ചോദ്യം.

മണ്ണാക്കിനെന്തെന്ത്? മണ്ണാക്കിന് പുഴയല്ലയോ?
പുഴയെങ്കിൽ ചൂടില്ലയോ? ചൂടിന് കരയല്ലയോ?
കരയെങ്കിൽ കെട്ടില്ലയോ? കെട്ടിന് വീടല്ലയോ?
വീടെങ്കിൽ മേയില്ലയോ? മേയിന് പുല്ലല്ലയോ?
പുല്ലെങ്കിൽ ചുറയില്ലയോ? ചുറ്റിന് ചക്രമല്ലയോ?
ചക്രത്തിലെട്ടില്ലയോ? എട്ടിന് പാറയല്ലയോ?
പാറയെങ്കിലൊറയ്ക്കില്ലയോ? ഒറക്കിന് കടലല്ലയോ?
കടലെങ്കിൽ മീനില്ലയോ? മീനിന് വാളല്ലയോ?
വാളെങ്കിൽ വെട്ടില്ലയോ? വെട്ടിന് പാത്രമല്ലയോ?
പാത്രത്തിലെ കെട്ടില്ലയോ? കെട്ടിന് പന്നയല്ലയോ?...... ഇത്യാദി.

കഴിഞ്ഞ കാര്യം—

പോയതിന്റെയൊന്നു പോയത്തപൊറിതെ
പാരേല്ലാം വരച്ചു പറഞ്ഞിതി മോനേ
ഞാനേതൻരാമിയനും കൊട്ടയിൽ പോയ
അവിടെത്തുൻരാമിയനെ ചേർക്കൻതോട്ടേ
അവിടത്തെവെഴ്ഞരി അവിടെയില്ലാതെ

ഫണ്ട

അവിട്ടന്നെൻറളിയനെ തെരുതെരെട്ടുതെ

.. ..

ഇന്നാലെ നാരനാരി തെപ്പിനാം കണ്ടേ

ഇന്നാലെ നാരനാരി തെപ്പിനാം കണ്ടേ

പാളിപ്പൊപ്പുള്ള തണ്ടേക്കാടവിതെണ

പാളിപ്പൊപ്പുള്ള തണ്ടേക്കാടവിതെണ ......ഇത്യാദി.

കറവന്റെ കോലടി.

തന്നാനാതന നാനാതനനാ

തന്നാനാതന നാനേതനനാ

നാരായണാ തമ്പുരാനെ

കേട്ടല്ലം പിന്നാലെക്കടം

തകഴിയുന്നൊരു പച്ചിലയാണ്

ഭീതിയിലെന്നൊപ്പുതിരപ്പട

കുരുങ്ങുന്നിയ തത്തമ്മ

ഇക്കരെകൊട്ടി ഇക്കര കൊമ്പനാം

നാലിയെറന്ന മുട്ടിയന്

ഇടതന്നിന്റെ പൊന്നചെല്ലി

തെങ്ങുപ്പൂന്തിപ്പൂന്തെഴിതെ

(മട്ടമാറി.)

പകവാതമുഴിക്കിലാ പൊന്നിറങ്ങത്തില

എന്നെന്നും നിറമിട്ടെന്നതികൊള്ളും പകവാതെ

കരത്താമ്പൂ നിറമിട്ട നന്തികൊള്ളും പകവാതെ

അപ്പുറം പുറത്തെല്ലാം മുട്ടിലണന്നും

പിന്നെന്നും നിറമിട്ടു നന്തിക്കും പകവാതെ

മുല്ലപ്പൂനിറമിട്ട നന്തിക്കും പകവാതെ

അപ്പുറം പുറത്തെല്ലാം മുട്ടിലണന്നും

പിന്നെന്നും നിറമിട്ട നന്തിക്കും പകവാതെ

തെറ്റിപ്പൂനിറമിട്ട നന്തിക്കും പകവാതെ

അപ്പൂവും പൂങ്കതല്ലും കുളിലണയുമ്പം
പിണന്നു നിറമിട്ടു നരിക്കം പകവാനെ
ചുവരിപ്പു നിറമിട്ടു നരിക്കം പകവാനെ
അപ്പൂവും പൂങ്കതല്ലും കുളിലണയുമ്പം
പിണന്നുനിറമിട്ടു നരിക്കം പകവാനെ
അവിടാൻെറ വാളെടുത്തു തെയ്യിളപിടിച്ചിട്ടു
ഉടമ്പു പറിച്ചിട്ടു നരികളെല്ലാം പകവാനെ.

വേലൻപാട്ട്.

കലികാലത്തു ദാനം ചെയ്യുന്നവരെ മറവരെന്നു സഹദേവൻ പറയുന്നുണ്ട്. ഇതിഹാസങ്ങളേയും പുരാണങ്ങളേയും തൊട്ടും തൊടാതേയും വിട്ടും വിടാതേയും പ്രതിഫലം വാങ്ങി കൊടാതെങ്കിലും കേൾപ്പിക്കുന്നവരുടെ പിണിതീർക്കുന്ന വേലരെ നാം വിസ്മരിക്കാറുന്നതല്ല. പിണി തീർക്കാനായി അവർ എത്ര ങ്ങ് ഈവിധമാണ പാടുന്നത്.

നേരിയതെ പിണിയും വരികെ—ള്ളു
അഞ്ചാംതെ പിണിയാടെക്കിക......ഇങ്ങനെ തുടങ്ങിട്ട്
ഭാരതരോ മന്ത്രവും ചൊല്ലി—ട്ടു
ഒളിച്ചുവച്ചും പിണിയൊഴിക......എന്നവിവരിക്കുന്നു.

... ...

പൂവണിഞ്ഞ തിരുമുടിമേലും
തെളിഞ്ഞു പിണിതീർന്നൊഴിക
പൊൻനിറമാമണിനെറ്റിമേലും
തെളിഞ്ഞു പിണിതീർന്നൊഴിക
കണ്ണാടിക്കവിളിന്മേലും
തെളിഞ്ഞു പിണിതീർന്നൊഴിക
കയൽനികർത്തകണ്ണിന്മേലും
തെളിഞ്ഞു പിണിതീർന്നൊഴിക
എള്ളിൻപൂമൂക്കിന്മേലും
തെളിഞ്ഞു പിണിതീർന്നൊഴിക

മുത്തുവരിശപ്പള്ളിമേലും
തോലുഴിഞ്ഞു പിണ്ടിതിന്നാഴിക
ചെങ്ങന്നൂരി വാസ്സലർമേലും
തോലുഴിഞ്ഞു പിണ്ടിതിന്നാഴിക
നാരായണനാംകരിമേലും
തോലുഴിഞ്ഞു പിണ്ടിതിന്നാഴിക
... ... ഒടുവിൽ
ഉള്ളംകാൽ പുറവടിമേലും
തോലുഴിഞ്ഞു പിണ്ടിതിന്നാഴിക......

ഉണ്ണാറാ വിമ്മിടരണം.

മാവാരതം പാട്ട്.

കല്യാണാവസരത്താൽ നായന്മാരുടെ ഇടയിൽ കടന്നുകൂടിയ കൂട്ടവും കറിയും, കുടിപ്പകയും കൈച്ചതിയും, വഴക്കും വല്ലുവേലിയും എന്നുവേണ്ട എല്ലാംതന്നെ വ്യക്തമായി ഒരു കണ്ണാടിയിൽ എന്നപോലെ മാവാരതം പാട്ടിൽ പ്രതിഫലിച്ചു കാണുന്നു. ഇതോടുകൂടി നാട്ടുനടപ്പുകളും വേണ്ടപോലെ ഇതിൽ വിവരിച്ചിരിക്കുന്നു.

ശ്രീമഹാഭാരതം കിളിപ്പാട്ടിന്റെ കർത്താവായ തുഞ്ചത്ത് എഴുത്തച്ഛൻ തൊട്ടിലിൽ കിടന്നു കൈകാലു കുടഞ്ഞു കളിച്ച കാലത്തു മാവാരതംപാട്ട് തെക്കേ തിരുവിതാംകോട്ടെ മിനാരാത്രങ്ങളെ കോലാഹലമയങ്ങളാക്കിത്തീർത്തിരുന്നു. മലയാളത്തിൽ സർവ്വസമ്മതകാവ്യ മുൻപു നില്ക്കുന്ന മാവാരതത്തിനു മഹാഭാരതവുമായി കാര്യമായ അടുപ്പമുണ്ടെന്നു സംശയിക്കാൻ അവകാശമില്ല. എങ്കിലും അല്പമൊക്കെ ഇല്ലെന്നില്ല. പാണ്ഡവന്മാരുടെ വംശപാരമ്പര്യത്തിൽ ശരിയായ ജ്ഞാനമുള്ള വ്യാസമഹർഷിതന്നെ ഭീമസേനനെ രണ്ടാമത്തവനാക്കി തിരുവടയാളം വച്ചിട്ടുണ്ടെങ്കിലും മാവാരതം "അഞ്ചിലിളയതാക്കിയിരിക്കയാണ്".

മന്നാടിയാർ ഹാജരാക്കപ്പെട്ട ശിക്ഷാനിയമമില്ല് പരസ്യായി നടന്നുവന്ന കാലത്ത് അക്ഷരാഭ്യാസത്തിനുപോലും അവകാശമില്ലാതെ പിന്മാറിയിരുന്ന വർഗ്ഗക്കാർക്ക് ആര്യഭാഷയായ സംസ്കൃതം പഠിച്ച് ആ ഭാഷയിൽ എഴുതപ്പെട്ടിരിക്കുന്ന വ്യാസന്റെ ഭാരതം പാരായണംചെയ്തു പാണ്ഡവകൗരവന്മാരുടെ യഥാർത്ഥചരിത്രങ്ങൾ ഗ്രഹിക്കാൻ സാധിച്ചിരുന്നില്ല. എന്നാൽ പുരാണപുരുഷന്മാരെ സംബന്ധിച്ച കഥകൾ കേൾക്കയും പാടുകയും ചെയ്യുന്നോർക്ക് "സന്തതിവഴിച്ച വ

ന്നുകൂട്ടം, സമ്പത്തു മേൽക്കുമേൽ വന്നുചേരും" എന്നു പ്രമാണവുമുണ്ട്. ഇക്കാലത്തും നാടകമോ, ആട്ടക്കഥയോ, തുള്ളലോ, വഞ്ചിപ്പാട്ടോ, മററൊ എഴുതി കവികളിത്തട്ടിൽ കയറാൻ തരംനോക്കുന്ന പലരും രസസ്ഫൂർത്തിശൂന്യങ്ങളായ കല്പിതകഥകളും വിട്ടിട്ട് സുഗ്രീവന്റെയോ ബകാസുരന്റെയോ ആയുഃകെട്ടുകളിൽ വല്ലതും ബാക്കിയുണ്ടോ എന്നു നോക്കിവരുന്ന കഥ ഇതിനുമുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലൊ. ചുരുക്കം ചിലർക്കെങ്കിലും ഇതിനു വിപരീതമായി പ്രവൎത്തിക്കാനുണ്ടായ ധൈൎയ്യം മലയാളഭാഷയുടെ സുകൃതംകൊണ്ടായിട്ടുതന്നെ കരുതേണ്ടിയിരിക്കുന്നു.

മാവാരതം മലയാളഭൂമിയുടെ തെക്കെയററത്ത് ഏകച്ഛത്രാധിപത്യത്തോടുകൂടി വാണിരുന്ന അവസരത്തിൽ ഏറെ കാലമായി നിശ്ചേഷ്ടമായി കിടന്ന മലയാളഭാഷയ്ക്ക് ഒരു ചലനമുണ്ടായി. പഴം തിന്നു വിളറാറായ മാടം കാവല്ക്കാരൻ അയ്യിപ്പിള്ളയാശാന്റെയും തൊലിതിന്നു കേമനായ അനന്തന്റെയും ഇളകിയാട്ടങ്ങൾകൊണ്ട് മാവാരതം ലേശം കൂട്ടാക്കിയില്ല. എങ്കിലും അത് കണ്ണശ്ശന്റെ തിരുപ്പുറപ്പാടിൽ അല്പം അവരാന്നില്ലെന്നുമില്ല. പക്ഷെ കോലത്തുനാട്ടിലെ രാജാവിന്റെ ഭാൎയ്യയുടെ താരാട്ടുനിമിത്തം മധുരഗാനത്തിൽ തോററു സ്ഥാനം പോടിയ ചെറുശ്ശേരിനമ്പൂതിരി പകരം തീർത്തു മാവാരതത്തോടാണ്. അദ്ദേഹം ധാരാളം "കഷണമിട്ടിട്ടുള്ള എരിശ്ശേരി"യും കൊണ്ട് അരങ്ങിൽ ചാടിവീണു. ഭാഷയൊന്നു തിരിഞ്ഞു. പിറകേ കൊട്ടാരക്കര രാജാവും എത്തി. ഇദ്ദേഹത്തെ സാമൂതിരിപ്പാട് ഒന്നു പററിച്ചതാണ് ഒരു പുറപ്പാടിനു കാരണം. എന്തിന് ഇരുന്ന ചാക്കിൽ നാലും ആറും ആട്ടിയിട്ടുള്ള ഇട്ടിറാം, ചാക്യാരെ ശതകം ചൊല്ലിക്കാൻ പച്ചപ്പാളവച്ചു കെട്ടിത്തുള്ളിക്കളഞ്ഞ കണ്ടനാം, കരികലക്കിയ കുളത്തിൽ കളിച്ച

വാരരും, നമ്പൂരിയും, തമ്പുരാനും, തമ്പിയും, തമ്പാനും, എല്ലാം തിക്കിത്തിരക്കിക്കയറി. ഭാഷയ്ക്കു് അനാസ്പൃതമായുണ്ടായ ചലനം വർദ്ധിച്ചു ഭ്രമണം ചെയ്യാൻ തുടങ്ങി. ഈ ഭാഷാചക്രത്തിൽ പണ്ടേ പററിപ്പിടിച്ചിരുന്ന ഭാരതത്തിന്റെ ശക്തി ഭ്രമണവേഗം നിമിത്തം ക്ഷയിച്ചു പിടിവിടുവാൻ ആരംഭിച്ചു. ഇതിനിടയ്ക്കു തംബുരു, മൃദംഗം, വീണ, മുതലായ ഗീതോപകരണങ്ങൾ കൂട്ടംകൂട്ടമായി ആരവാരമോടെയും ആൎപ്പുകാവും കടന്നെത്തി. ഇവയുടെ വാഹകന്മാരായ പരമേശഭാഗവതന്മാരും, പാടിയും പറഞ്ഞുവന്നാടിയുംകൊണ്ടു കേരളത്തിൽ അങ്ങുമിങ്ങും സ്ഥലം പിടിച്ചു. ഭാരതത്തിന്റെ സ്തുതിപാഠകന്മാരായ ഉലക്കത്താളക്കാർ കണ്ണുമിഴിച്ചു. തുഞ്ചൻ, "വൈശമ്പായനൻ ജനമേജയനോടു മംഗിയിലറിയിച്ച ഭാരതം കഥ" ചൊല്ലാമെന്നും "ഭാരതം ചൊല്ലുന്നോൎക്കും ഭക്തരായ് കേൾക്കുന്നോൎക്കും പരമാമത ഗതിവരും" എന്നും തീൎച്ചപറഞ്ഞു് ആരംഭിച്ച ഭാരതം എഴുതിത്തീൎന്നതുമുതൽ അതു മലയാളത്തിലെങ്ങും പടൎന്നു പിടിക്കാൻ തുടങ്ങി. ഠേ ബാധങ്ങളൊക്കെ ആയപ്പോഴും മനുവിന്റെ പിന്നൽകോലും ഉൽപ്രാസിദ്ധ്യവർ കോഥം പറ്റുകെ പിറകോട്ടു കാലുവച്ചു. അവസരാനുസൃതമായ ഭാഷാജങ്ങളൊന്നും പലരിലും കടന്നുകൂടി. ഭാരതത്തിലെ "അലത്യമേട്ടും" "കണ്ണിരുന്നപ്പുകളും" മററും അല്പം അരോചകങ്ങളായും തീൎന്നു. തെക്കേ തിരുവിതാംകോട്ടു് ഒരു കാലത്തു സർവ്വാവകാശങ്ങളോടുകൂടിത്തകൎത്ത ഭാരതത്തിന്റെ മെജസ്സ് മേൽ പറയപ്പെട്ടപ്രകാരം മലയാളഭാഷാചക്രത്തിനുണ്ടായിട്ടുള്ള ഭ്രമണവും, ശ്രീമഹാഭാരതം കിളിപ്പാട്ടിന്റെ ആവിൎഭാവവും, ജനങ്ങൾക്കു സംഗീതത്തിൽ ക്രമേണയുണ്ടായ അഭിരുചിയും, മഹാഭാരതകഥയിലുള്ള വിശ്വാസവും, ഭാരതത്തെ ഒട്ടുമുക്കാലും അവലംബിച്ചിരുന്ന പ്രാകൃതപദവാക്യസംയോഗവും, നിമിത്തം ക്ഷയിച്ചിരിക്കണം. അഹോ! സകല ചരാചരങ്ങൾക്കും

പ്രകൃത്യാ സിദ്ധങ്ങളായ ഉത്തമസ്ഥിതിവിശേഷങ്ങളും ശ്രാപ്പൂന്നാ ഹിതങ്ങളായ സ്വാഭാസമൂഹങ്ങളെപ്പോലും കഴിച്ചു വിട്ടിട്ടില്ലാ. പ്രകൃതിവിലാസം അത്ഭുതം തന്നെ.

ഒരം പാട്ട് തിരുവിതാംകോടിന്റെ മറ്റുഭാഗങ്ങളിൽ നടപ്പുണ്ടായിരുന്നുവെന്ന് എനിക്കു തീർത്തു പറവാൻ നിവൃത്തിയില്ല. ഇതു മലയാളഭൂമിയുടെ ഏതു ഭാഗത്താണ ജനിച്ചിട്ടുള്ളതെന്നും യുക്തികൾകൊണ്ട് തെളിയിക്കാൻ തരം കാണുന്നില്ല. തെക്കെ തിരുവിതാംകോട്ടു നടപ്പുണ്ടായിരുന്ന ഭാഷാരീതിയുടെ സ്മാരകങ്ങളായി ഇടയ്ക്കിടെ കെട്ടി ഉയർത്തപ്പെട്ടിട്ടുള്ള ശിലാപട്ടസ്സങ്ങളും വിശദമായി പരിശോധിക്കുന്ന ഒരു ഗവേഷിതൻ ഭാഷാരത്നത്തിന തെക്കൻഭാഷയിൽ സ്ഥാനം കല്പിക്കാതെയിരിക്കയില്ല സംശയംതന്നെ. അങ്ങനെ കല്പിക്കുന്നപക്ഷം അതിനിപ്പോൾ മലയാളത്തിൽ ഉണ്ടെന്ന വിശ്വസിക്കപ്പെട്ടിരിക്കുന്ന ദീർഘമായ സർവ്വസ്വം വകവെച്ചുകൊടുക്കാവുന്നതല്ല. ഒരു ഭാഷയ്ക്കു പല കാരണങ്ങളാൽ പലപ്പോഴും ഉണ്ടാകുന്ന പരിഷ്കാരഭേദങ്ങളും ആ ഭാഷ പ്രചരിക്കുന്ന എല്ലാ സ്ഥലങ്ങളിലും ഒരേ സമയത്തുതന്നെ പ്രസരിക്കുമെന്ന വിചാരിക്കാവുന്നതല്ല. ഉദാഹരണമായി ഉത്തരകേരളത്തിലെ വടക്കൻപാട്ടിനുള്ള പുരാതനത്വവും, അതിന്റെ ഭാഷാരീതിയും, തെക്കെതിരുവിതാംകോട്ടു മലയാളത്തിന്റെ ക്രമേണയുള്ള ഭേദങ്ങളും, ആ ഭേദങ്ങൾകൊണ്ട് അങ്കിതങ്ങളായ കാലങ്ങളും, നോക്കുക. മലയാളത്തിൽ അച്ചടിച്ചുള്ള കവിപ്പാട്ടുകളെത്തന്നെ ചില മഹാന്മാർ ചേർത്തു വർത്തമാനപ്പത്രനിലങ്ങളിലിട്ടു കൊണ്ടുവരുന്നു ച്ചും ഭാഷാസംബന്ധമായി ശ്യമുള്ള പണ്ഡിതന്മാരാണങ്ങൾക്കൊരു കല്പങ്ങളാണാക്കിയും മറ്റും ഭാഷയെ പലവിധത്തിൽ ഇളക്കിമറിക്കുന്നതിന മുൻപേ തെക്കെ തിരുവിതാംകോട്ടു അതേ കാലത്ത് ഉത്തരകേരളത്തിലും ഉണ്ടായിട്ടുള്ള കൃതികൾ

എന്റെ ൧൦ം വാക്യത്തെ തെളിയിക്കാൻ ‘എ’ അക്കമായിട്ടുതന്നെ ഫയൽചെയ്യുന്നതിന്ന് എനിക്കു വേണ്ടുവോളം ധൈൎയ്യമുണ്ട്. “കദ്രുദേവിയുടെ മക്കളായ പാണ്ഡവന്മാർ” “എന്റെ പൊന്മകളെ വിനതയെന്നും” അതിനാൽ “അവരുടെ വെന്നാതം (വംശം) മുടിക്കണമെന്നും ഒത്തു്” “കാത്തുനാട്ടിലമ്മ കാന്തകാരി” പാണ്ഡവന്മാരെ വിനതന്നിന്ന ക്ഷണിച്ചതും; ‘കണ്ഠുമീമനെ വെഴമുട്ടിയതും’ കണ്ഠുമീമൻ ‘നാഗപുരത്തു നാഗകന്നിയെ മാലയിട്ടതും’ മറ്റുമാണ് മാവാരതം പാട്ടിന്റെ വിഷയീഭവിച്ച കഥയെന്ന് ഇവിടെ സൂചിപ്പിക്കേണ്ടിയിരിക്കുന്നു. “കദ്രുദേവിയുടേയും കാന്താരിയുടേയും പൊന്മകളുടെ ഉത്ഭവരഹസ്യങ്ങൾ മാവാരതകൎത്താവു് വെളിപ്പെടുത്തുന്നേയില്ല. ആ വിദ്വാൻ പാണ്ഡവന്മാരെ ഉദ്ദേശിച്ചോ, അതല്ല കൌരവന്മാരെ ഉദ്ദേശിച്ചോ, ഈ ദാക്ഷിണ്യം പ്രവൎത്തിച്ചതു് എന്നു വെളിവാകുന്നില്ല. കന്നാട്ടിലെയും കരുനാട്ടിലെയും റാണിമാരുടെ പരസ്പരബന്ധത്തെപ്പറ്റി തൃപ്തികരമായ ഒരു വിവരണം മാവാരതത്തിൽ കാണുന്നില്ല. പല കാരണങ്ങൾ കൊണ്ടും ഗ്രീസിലെ ‘ഇലിയഡ്’ എന്ന പ്രാചീനഗ്രന്ഥത്തോടുപമിക്കപ്പെടാവുന്ന ഭാരതത്തിൽ പാണ്ഡവകൌരവന്മാരുടെ പരസ്പരവൈരമാകുന്നു കഥാജീവനായി നില്ക്കുന്നതു്. മാവാരതത്തിൽ അടങ്ങിയ കഥയും ആ വൈരത്തെത്തന്നെയാണ് ആശ്രയിക്കുന്നതു്. അത്ര പ്രാധാന്യമുള്ള വൈരത്തിന്റെ കാരണം അതിൽ സൂചിപ്പിക്കുന്നപോലുമില്ല. പാണ്ഡവന്മാർ ഏകചക്രയിൽനിന്നു പാഞ്ചാലപുരത്തെയ്ക്കു പുറപ്പെടുന്നതിന്നു മുൻപുള്ള കഥകളിൽ ചില ഭാഗങ്ങളെ ഇടയ്ക്കിടെ സ്പർശിച്ചുകൊണ്ടുള്ള മാവാരതകഥയുടെ ഗതിയെന്നു പറയാം. കേവലം ഒരു ബാലനായ ‘കണ്ഠുമീമനെ’ക്കൊണ്ടു മാവാരതകൎത്താവു് എന്തെല്ലാം വലിയ കാൎയ്യങ്ങളാണു ചെയ്യിച്ചിരിക്കുന്നതെന്ന് ആൎക്കും അത്യത്ഭുതാവിഷ്ടമായ ആശയത്തോടുകൂടാതെ ആലോചിക്കാവു

ന്നതല്ല. പാണ്ഡവന്മാരിൽമററു നാലുപേരെയും തിരഞ്ഞെടുത്തോ' ഭാക്കാനോ അതല്ല, കയ്യൂമീമനെ മിടുമിടുക്കനാക്കാനോ അല്ലേ ഹാതെ അഞ്ചിലിലുയർത്താക്കിയതെന്ന ത്രുപമില്ല. ഏകചക്രാ വാസം കഴിഞ്ഞതാലുള്ള കഥാവശേഷത്തിൽ പാഞ്ചാലീസ്വയംവരം, ഖാണ്ഡവദാഹം, മുതലായവ പ്രധാനസംഭവങ്ങളാണെങ്കിലും അവ 'കയ്യൂമീമന്റെ' കീർത്തിയെസംബന്ധിച്ചവ ളല്ലാത്തതുകൊണ്ടായിരിക്കണം മാവാരതത്തിൽ സ്ഥാനംപിടിക്കാത്തത്. മഹാഭാരതത്തിലെ കണ്ടാമാന്തിക്കാരായ ശകുനിയേയും കർണ്ണനേയും മാവാരതത്തിൽ കാണുന്നേയില്ല. അവർക്ക് പകരം പാണ്ഡവരെ തരംനോക്കി തള്ളും പിഴപ്പിച്ചു തള്ളിയിട്ട് 'വെണ്ണവത്തം' മുടിക്കാൻ ആ കാന്താരിഅമ്മതമ്പുരാനേയാണ് മാവാരതക്കാരൻ ദോഷം കെട്ടി ആദ്യാവസാനക്കാരിയാക്കി അരങ്ങത്തിറക്കിയിരിക്കുന്നത്. അമ്മതമ്പുരാനാകട്ടെ ആദ്യത്തിൽ അശേഷം ദോഷക്കാരിയായി കാണപ്പെടുന്നമില്ല. ആ തമ്പുരാന്റെ കൃത്രിമക്കുടുക്കുകളിൽ പാണ്ഡവന്മാർ ഉൾപ്പെടാത്തത് 'കയ്യൂമീമന്റെ' സാമർത്ഥ്യം കൊണ്ടുതന്നെയാണ്. കാന്താരിയുടെ "പൊന്നരഞ്ഞാണം കടം പൊട്ടി വന്നവരാ"ണെന്നുള്ള വസ്തുത മാവാരതക്കാരൻ "ഹെർമിസ് രഹസ്യം" ആയിട്ടു വച്ചിരിക്കുന്നതുനിമിത്തമായിരിക്കാമോ "കടങ്ങന്മാരേയോ(കടത്തിൽനിന്നു ജനിച്ചവരേയോ) കടങ്ങരിച്ചുങ്ങളെയോ (കടജന്മാരുടെ അരിച്ചുങ്ങളെയോ) കുറിച്ചു മാവാരതത്തിൽ യാതൊന്നും പറഞ്ഞു കാണാത്തത്?

കാണുകയോ കേൾക്കുകയോ ചെയ്യുന്നതിനൊക്കെയും പരിഷ്കരിച്ച് അലങ്കോലപ്പെടുത്താൻ പോന്നതുള്ള നാഗരികരസികന്മാരായ വെട്ടുകിളികളുടെ ബാധ മാവാരതത്തിനുണ്ടായിട്ടില്ല. കോഴിക്കോടിനെ, കോഴിക്കൂടാക്കുന്നവരുടെ സംഖ്യയും അധികാരവും വർദ്ധിച്ചുവരുംമുമ്പുതന്നെ മാവാരതം നിർമ്മായിത

തുടർന്നൊരുകൂട്ടി ശബ്ദതാലം പ്രാപിച്ചപ്പോഴായതുകൊണ്ടോ അവർക്ക് അതംഗതന്നി മറ്റാരെയും ഒഴിച്ചുവിട്ടിട്ടോ; എഴുത്തുകൊണ്ടോ ഓലപ്പും അവരുടെ കൈ അതിൽ എത്താതിരുന്നതിനാൽ അതിന്റെ ശരിയായ രൂപം അറിയാൻ നമുക്ക് തരംകിട്ടി.

തെയ്തിന്നാതിയരെന്നതിന്നാതന്നാ
തിന്നത്തിരെയാതരെന്നാ തിന്നാതന്നാ
കുതിനാട്ടുമേനോള്ള കുതനാട്
കുതനാട്ടിലുംവാഴും പാണ്ഡവരമ്പ്
കരപ്പുറമെവൻ വരുംകാലം
എന്റെ പൊന്തമ്പുരാനാണോ
അവരുടെ കയ്യാലവട്ടം മൂടിപ്പതിന്
കേട്ടാലുമോ എന്റെ കുഞ്ഞുവരേക്ക്
നാമളുടെ നല്ല പിള്ളമാരെ
വേഷം ചമതിയിൽ കൊണ്ടുവരണം
അതുമൊഴി കേട്ടതൊരു കുഞ്ഞുവന്നതും
മതിലുതറിയും വഴിന്നതു
പിള്ളമാരിരിഷ്ടം തലമുടിയേന്ത
എകിടന്നാരു വിളിപ്പാൻ
പിള്ളമാരുമോടി വെളിയിൽവന്ന
കേട്ടാലുമോ എന്റെ പിള്ളമാരെ
അമ്മതമ്പുരാന്റെ കല്പനയാണ്
വേഷം ചമതിയിൽ ചെല്ലണമെന്ന്
അതുമൊഴി കേട്ടതൊരു പിള്ളമാരെല്ലാം
കാത്തി അരപ്പുകം കടിച്ചുതങ്ങി
തൂണും കവണികം പകർത്തു
നാരായം പിച്ചാത്തി കച്ചിമെട്ടും
എണ്ണില്ലാതെ തോല തിരഞ്ഞെടുത്തു
വാൺതുറിച്ചുള്ള വയംവരത്തി
വെറ്റിലത്തിങ്ങി വെള്ളക്കടയെടുത്തു

൧൮൭

പിള്ളമാരൊരുങ്ങി വഴിനടന്നു
ഒടിളതറിയും വഴിനടന്നു
കരുനാട്ടിലും ചെന്നങ്ങിറങ്ങവാറെ
അമ്മതമ്പുരാന്റെ തിരുമുമ്പിൽ
അടിതൊഴുതു മുടികുനിഞ്ഞു അനുകമ്പ വാങ്ങി
ആയാരവും ചെയ്തു നിലയുംനിന്നു
കേട്ടാലുമോ പൊന്നുതമ്പുരാനേ
ഞങ്ങളെ വരുത്തിയ കാരിയമെന്തു്
കേട്ടാലുമോ എന്റെ പിള്ളമാരേ
കരുനാട്ടിലും വാഴും പാണ്ഡ്യവരമ്പു്
കാവുറവുമവരു വളരുംകാലം
എന്റെ പൈതങ്ങൾക്കും വിനയാണെന്നു്
അവരുടെ വൈരവാതം മുടിപ്പതിന്നു്
കേട്ടാലുമോ എന്റെ പിള്ളമാരേ
കന്നിവിതറിയിന വരുത്തവേണം
അവരുടെ വൈരവാതം മുടിക്കവേണം
എനിക്കലെയിച്ചകേട്ടു പൈതങ്ങൾക്കന്നു്
കന്നിഞ്ഞിരുവെഴുത്തൊന്നാക്കവേണം
അതുമൊഴികേട്ടോരു പിള്ളമാരല്ലോ
എണ്ണില്ലാതെയോല തിരഞ്ഞെടുത്തു
വണ്ടുകുറിച്ചുള്ള വയമ്പെരുത്തി
ചുരിക്കയും മറു കറയും തീർത്തു
പള്ളിവായകണ്ടം പലതും വച്ചു
നീട്ടെഴുതിയതു കറയും തീർത്തു
അമ്മതമ്പുരാന്റെ കയ്യൊപ്പുകളെല്ലാം;
മാറിപ്പിടിച്ചുള്ള മുദ്രിയം ചാർത്തി
മറുപടി പിള്ളമാരുടെ കയ്യൊപ്പുകളെല്ലാം.
മടക്കിക്കെട്ടിയവർ മുന്നിരയിട്ടു്
മെല്ലീട്ടമോ എഴുതിക്കെട്ടിയുംകൊണ്ടു്
തങ്ങൾ മൂപ്പവനൊരാൾ വിളിച്ചു ;
പറഞ്ഞുമോ ചോറകൊടുത്തു പിന്നെ;

വഴിയിൽപ്പെരുവഴിന പണംകൊടുത്തു;

... ...

കേട്ടാലുമോ എൻെറ തുളുവാ കേട്ട്"
കന്നിത്തിരുവെഴുത്തു കൊണ്ടുമേ പോണം
കരുനാട്ടിലോ നീയ് ചെന്നുചെന്ന്
കരുമ്പിമാരൻെറകൈയ്യിൽ കൊടുക്കവേണം
എനിക്കാലത്യക്കൂട്ട കൂട്ടാനെന്ന്
നീയേ ചെന്നു പറയവേണം
ഉണ്ടിലെഴക്കയറി പള്ളുണം വേണ
കന്നിവിരുന്നിന വരികവേണം—എന്ന
കണ്ണിച്ചിവനരത്തോടെ കാണാണമെങ്കിൽ
ഏളുതിവതം വരുമോയെന്ന്
ഏളുവഴി നിങ്ങൾ വരുമോയെന്ന്
കേട്ടുകൊണ്ടു നീയും വരികവേണം
കേട്ടാലുമോ എൻെറ തുളുവാകേട്ട്
അങ്ങുമൊഴി കേട്ടതോരു തുളുവനല്ലോ
നീട്ടുകള്ളിലങ്ങു വാങ്ങിച്ചുംകൊണ്ടു
അടിതൊഴുതു മുടികുനിച്ചു അകമേവാങ്ങി
ആദരവുംചെയ്തു വഴിനടന്നു
ആനപ്പന്തി നല്ല കുതിരപ്പന്തി
ആകേലവും ചുററി വഴിനടന്നു
കേറി ഒന്നരണ്ടു മലകടന്നു
ഇറങ്ങി ഒന്നരണ്ടു പുനകടന്നു
കരുനാട്ടിലും ചെന്നങ്ങടുത്തവനോ
കോട്ടവാതലിൻെറയരികേപ്പററി
കോട്ടകാത്തുനിക്കിണ കാവൽക്കാരോ
എനിക്കങ്ങകത്തോട്ടു പോകയുംവേണം
നിന്നെ അകത്തോട്ടു വിടണമെങ്കി
അകത്തെ ഉത്തരവും വെളിയിൽ വരണം
അകത്തെ ഉത്തരവും വെളിയിൽ വന്നാൽ
നിന്നെ അകത്തോട്ടു വിട്ടിടാമെന്ന്"

അന്നേരമൊന്നു കോട്ടകാവല്ക്കാരൻ
അവനുമൊഴി ചൊല്ലകളുരചെയ്തു
കേളാലുമോ പൊന്നുതമ്പുരാനെ
മാവേലിതവഴിയിലൊരുവനല്ലോ
നമ്മെ കേട്ടുവാതലിനരികെയുണ്ടു്
അവനും അകത്തോട്ടു വരണമെന്നു്
കേളാലുമോകൂട്ടം കോട്ടകാവല്ക്കാരാ
അവനെ അകത്തോട്ടു വിട്ടുവിടെന്നു്
അമ്മൊഴി കേട്ടുടനെ കാവൽക്കാരൻ
അവനെ അകത്തോട്ടു വിട്ടുംകൊണ്ടു
അവനും ഓടിയങ്ങു അകത്തുചെന്നു
കാറൊടുമാനല്ല കളിത്തിണ്ണയിൽ
ഏഴു കളിച്ചുള്ള ഇരിക്കുന്നൊന്നു്
അന്നേരമൊന്നു തുള്ളിവന്നല്ലൊ
ചിലമ്പൊലിവാളല്ല തളികണിച്ചു
നീട്ടങ്ങളുരചെയ്തു അടിയറവച്ചു
അടിതൊഴുതു മുടികൾനിന്നു അകലെവാങ്ങി
വണങ്ങിപ്പിടിച്ചുള്ള നിലയുംനിന്നു.

മേലെഴുതപ്പെട്ട ഭാഗംകൊണ്ടു് എന്തെല്ലാം കാര്യങ്ങൾ നാം ഗ്രഹിക്കുന്നു. ഭൂപതിമാരായ രാജാക്കന്മാർ അന്യോന്യം സംഗതികളറിയിക്കുന്നതു ദൂതന്മാർമുഖേനയാകുന്നു. രാജാക്കന്മാരുടെ എഴുത്തിനു നീട്ടു് എന്നു പേരാണു്. ഓലയിലായിരുന്നു അന്നു നീട്ടെഴുതിയിരുന്നതു്. നീട്ടിൽ "പള്ളിവാചകങ്ങൾ" ഉണ്ടായിരിക്കും. എഴുതുന്നതു പിള്ളമാരാകുന്നു. എഴുതിത്തീർന്നാൽ മടക്കിക്കെട്ടി മുദ്രവെയ്ക്കണം. അതിനു മുൻപു തുല്യം ചാർത്തണം. മേൽവിലാസം എഴുതണം. ദൂതനു പണത്തിനു ചോറുകിട്ടും. അന്യരാജ്യത്തേയ്ക്കുള്ള യാത്രയിൽ ആനപ്പന്തി, കുതിരപ്പന്തി, മല, ജലാശയം, എന്നിവ കടക്കേണ്ടിവരും. രാജനിവാസസ്ഥാനത്തിൽ കോട്ടയുണ്ടു്. കോ

ട്ടുവാതൽ കാക്കേണ്ടതിന്ന് ആളുകളുണ്ട്. അകത്തു കടക്കാൻ അനുവാദം വേണം. കോട്ടയ്ക്കുള്ളിലാകുന്നു രാജാവിൻെറ കൊട്ടാരം. രാജാക്കന്മാർ വിനോദത്തിനായി ചൂതുകളിക്കാറുണ്ട്. “ദേവനം വിനോദനായ ദേവനിർമ്മിതം” എന്നാണല്ലോ മലയാളത്തിലെ മിൽട്ടനായ ഉണ്ണായിവാരിയർ പറഞ്ഞിരിക്കുന്നത്. രാജസന്നിധിയിൽ വല്ലതും അടിയറവയ്ക്കുന്നതിനു ചില നിബന്ധനകളുണ്ട്. തുടക്കയിൽ കൊടുത്തുകൂട. നിലത്തു വയ്ക്കുകയുമരുത്. വാഴയിലയിൽ വയ്ക്കണം. വാഴയിലയുടെ തളിരായിരിക്കണം. ഇത്യാദി പലതും പറയാനുണ്ട്. ഇവയെല്ലാം കുരുനാട്ടിലേയോ കുറുനാട്ടിലേയോ ഏർപ്പാടുകളാണെന്നു സംശയമേ വേണ്ട. മാവാരതകർത്താവിൻെറ സ്വന്തരാജ്യത്തിലേയോ അദ്ദേഹത്തിന് അടുത്തു പരിചയമുള്ള രാജ്യങ്ങളിലേയോ കാര്യങ്ങളായിരിക്കാം. ആരോ ഇതാരോ വർഷം മുൻപുള്ളവയുമായിരിക്കില്ല. മാവാരതം പാട്ട് എഴുതിയ കാലത്തോ അതിനു മുൻപു മാവാരതകർത്താവിനു പരിചയമുള്ള കാലത്തോ ഉണ്ടായിരുന്നവയായിരിക്കാനേ ന്യായമുള്ളു.

തെയ്തിന്നാനി തെന്നെ തിന്നാ തന്നാ
തിന്നത്തിനെനാ തന്നെ തിന്നാനാതന്നാ
... ...
... ...
കുരുനാട്ടുവാഴും കന്നകാരി
പൊന്മക്കളെയത്രയും കാണാനായന്ന്
കുന്നിന്നുമണി കൊതിച്ചീടിന
കുരുനാട്ടുവാഴും മുമ്പവന്
ആളുവിട്ടവനെ വരുത്തിച്ചൊല്ലി
കേളുകേളുമെൻെറ മുമ്പാ കേള്
കുരുനാട്ടുവാഴും കണ്ണുപിടിന
നീട്ടിനിന്നപോലെ കൊത്തുപിടിന
കുരുനാട്ടിലെപ്പം വരുമെന്നല്ലും

കേട്ടുകൊണ്ടിവിടെ വരികവേണം
മുത്തുവന്നാലവക്കും യാത്രികേട്ട്
ഭൂതനാട്ടിലല്ലൂ യാത്രിയായത്
ഭൂതനാട്ടിൽവന്ന കണ്ണ്യൂപീതമന്റെ
കണ്ണിൽ നിന്നുവാച്ച കൊട്ടുത്തുവെക്കം
പിന്നനാലകണ്ണിൽ മെടിച്ചുംകൊണ്ടു്
മനതിലാക്കിയെല്ലാക്കാരിയങ്ങളും
പറഞ്ഞു മുത്തവനെ യാത്രിയാക്കി
കണ്ണൂരവിയോടു പറഞ്ഞു പിന്നെ
"കേളും കേളുമമ്മേ മണിമാതാവേ
കാതനാട്ടിൽ ഞങ്ങളും പോണുരട്ടേ!"
"കേളും കേളുമന്റെ പൊന്നങ്ങളേ
എന്റെ രക്ഷികൾക്കും ചെയ്തുപോക."
"കേളും കേളുമന്റെ മണിമാതാവേ
മോകുവേണതെന്നും പറയരുതേ;
നല്ല വാക്കുകളേ പറയവേണം."
കേളും കേളുമന്റെ പൊന്നങ്ങളേ,
നിന്നവയറ്റിലെഴാം മാസത്തിൽ
നിന്നെക്കൊല്ലുവാനെന്നെങ്ങളിയവൻ
ചെയ്തുവെച്ചതാകവും കേട്ടോ മോനേ:—
മൂക്കൻനെയ്ത്തിലല്ലാ തുറക്കയും;
പന്നിൻ നെയ്ത്തിലത്ര പണിയരങ്ങളും;
അപ്പമൊക്കത്തുടൻ മെല്ലവെന്നും .
പിച്ചു പൂവങ്കോഴിക്കറിത്തു വെക്കം
കൊത്തിത്തിന്ന കോഴി ചത്തുപോയല്ലോ;
കണ്ടുചുവപ്പു പിച്ചുങ്ങേറിത്തുപിന്നെ
കരിമ്പൂച്ചയും വീണു വിനാടിത്തു.
പൂമിതന്നിൽ മന്തിയിട്ടുതാൻ മോനേ
പൂമിയെടാതന്നെ വെടിച്ചുകീറി.
ഞാനോ പണിയാരം തിന്നേയില്ല
ഇങ്ങനെയോചെയ്തു മണിമാതാവേ

൫വ്യം

കാണ്മാൻ നിങ്ങളിപ്പാറം പോകയുംവേണ്ട
കേളുംകേളുമെൻറ മണിമാതാവേ
അത്യുപേതത്തെങ്ങാം പോയാലല്ലോ
ആരുപേതത്തെങ്ങാം വരുമേയമ്മേ
എന്നുചൊല്ലിയവർ യാത്രയായ്"
അമ്മയ്ക്കുതീരാത്ത വേദനം തീർപ്പാൻ
പിറ്റേന്നിവരെത്തിപ്പെണ്ണുപോരുമായ്"
പണ്ടങ്ങളായി വന്നവർവീട്ടിൽ
പിള്ളതരണമമ്മേ തവമകനെന്നും
എന്റെ മക്കളുമ്പും കാരനാട്ടിലു"
കന്നിവിളയുണ്ണാൻ പോരേണ്ടതായി
പാലമലപുറത്തു ചെന്നാലല്ലോ
തേച്ചുകുളികിട്ടും പാല്പണം കിട്ടും
തലയോടനെണ്ണപ്പണം തേച്ചിടാൻകിട്ടും
കേളും കേളുമമ്മേ മണിമാതാവേ
എന്നാൽ ഞങ്ങളാംകഴിപ്പാറം പാല്പണംവേണം
കാര്യമതറിയാമല്ലോ നേരത്തന്നെ
അത്യുപേക്ഷമവർ പാല്പണംനാംകി
അത്യുപോതാവരുമ്പുണ്ണാനാം
കാര്യപീഡനമുണ്ടുതലകാരു
അമ്മയ്ക്കുകൾതന്നെ മനതിലായി
കേളുംകേളുമെൻറ മകനെ പീമ
ഇതമതിരി നിങ്ങളാം പോയാലല്ലോ
മുള്ളുകൊണ്ടുപോലും മുറികയില്ല
എന്നാൽ നിങ്ങളാം പോയിവരികതന്നെ
അമ്മ യതു"രചൊല്ലിയയച്ചുവരെ
കാരനാട്ടിലേയ്ക്കു യാത്രയായ്"
കേളുംകേളുമെൻറ ചേട്ടന്മാരെ
കാരനാട്ടിൽപോയി വരുമ്പോളും
മുൻപേ നടപ്പാനും മുപ്പെനിക്ക"
മുൻപേ ഇരിപ്പാനും മുപ്പെനിക്ക"

മുൻപേ ഉസ്താദവനം കുറപ്പെന്നിക്ക്
എന്നു പറഞ്ഞവർ നടക്കുന്നേരം
കള്ളും കറുപ്പും മാറിയവും കണ്ടാ
വേണ്ടുവോളമുള്ളിൽ കൊടുത്തുംകൊണ്ട്
മത്തകരിയാനെ നിറുത്തിട്ടുണ്ട്
മത്തകരിതന്റെ നിലയുംകണ്ട്
ആനയെ വിലക്കെടാ ആനക്കാരാ
എന്തൊല്ലുമോ ആന കേക്കുന്നില്ല
നിന്തൊല്ലുമോ ആന കേട്ടുകഴിയുന്നതില്
എന്തൊല്ലുമോ ആന കേക്കമല്ലടാ
ഏറ്റം കോപത്തോടെ പീരനപ്പം
കൈതയാൽ കോരിയവനെറിഞ്ഞുതാൾ
അത്ഭുതപ്പെട്ടവർ നടന്നവഴിക്ക്
പൂട്ടപ്പുരകണ്ടു കിണറുകണ്ടു
വഴിയമ്പലംകണ്ടു വാഴിക്കളുംകണ്ടു
ഇടത്തോട്ടന്നു പീരൻ കേതകണ്ടപ്പോൾ
അമ്പലത്തിൽവെച്ചു തന്നൊരുനേരം
അമ്പലവും താഴെത്തുടങ്ങി വീണു
അങ്ങനൊരുകാലം നടന്നപ്പോള്
തോരയൊരു നദി കണ്ടുടൻ പീരൻ
ചിത്തിരമായിട്ടതിൽ പാലവുംകണ്ടു
പാലത്തിലെ വന്നപ്പുണികളുംകണ്ടു
പീരനൊന്നു പുഞ്ചിരിക്കൊണ്ടു
കേട്ടുംകേട്ടുമെന്റെ ചെങ്ങാതരെ
നിങ്ങളും നാട്ടപ്പോരുമിവിടെനില്ലു
പാലത്തിലൊന്നും കേറിനോക്കട്ടെ
പാലത്തിലപ്പീരൻ കേറിയനേരം
തണ്ടോട്ടുള്ള ചുരുളുംതെററി
നട്ടപ്പാലത്തിലുള്ള പൊരിപ്പുംതെററി
പീരനാമൊന്നാററിൽ മറിഞ്ഞുവീണു
അത്ഭുതപ്പെട്ടു ഞങ്ങളും വന്നെടത്തെല്ലാ

തള്ളക്കിളിവീണ ചിറകൊടിഞ്ഞു
ചേകോൻ നാദമന്നു കേട്ടവൻതന്നെ
വന്നപ്പാലവുംകൊണ്ടു കാര്യക്കേറി
അവിടെനിന്നടനെ തന്നയുടനെത്തിന്നു
കാതിനാട്ടുവാഴും കനകകാരിയൻ
തിരുമുറ്റത്തുവീണ തലൻപാലം
കേളുംകേളൂമെന്റെ പൊന്നാങ്ങളെ
പിന്നെ വരുന്നൊരു വാര്യക്കണം
പൊന്നൻ വരുന്നൊരു വാര്യക്കണം
ചൊല്ലിനാൾ വായിലിട്ടുന്നുൻപേ
പുന്നവെയ്യുവെന്ന കിരീടം പൂകിട്ടു
അമ്മേപെങ്ങന്മാരു തട്ടമിട്ടു
പിന്നെച്ചൊന്നാൻ തള്ളക്കിളി
അയ്യോപാലെ നാരായണനമ്മളെയൊന്നു്
അങ്ങുമില്ലയോതന്റെ നിവൃത്തിയില്ലൊന്നു്
കേളുംകേളുമമ്മേ തമ്പുരാനേ
ആരുമൊരു പൂതനായ വമ്പനായാണ്
കേളുംകേളൂമെന്റെ പൊന്നാങ്ങളെ
പള്ളിപ്പിള്ളർ ചെയ്തു വമ്പനായാണ്
നാരായണനമ്മളെല്ലാമെടുത്തെത്തിന്നു്
പിന്നവൻതന്നെയിരുന്നവിടെ
ചേട്ടന്മാരൊക്കെയിരുന്നവിടെ
നാകംപോലെവന്നായവർ നാലും
കുപ്പിപാലകർ കൊടുത്തുടനെ
പിന്നവൻതന്നെയെടുത്തുംകൊണ്ടു
കരിമ്പുള്ളിപ്പു പിച്ചിത്തിട്ടുന്നേരം
പൂച്ചപ്പല്ലുടനെ തടത്തിൽവീണു
കന്നാരപ്പൂമാല പിച്ചിത്തിട്ടുന്ന നേരം
നാലും ചാത്തുണ്ണിന്നടത്തിൽവീണു
പൂവൻകോഴിക്കെത്തിട്ടുന്ന നേരം
കോഴിമുട്ടടനെ വീണുടിഞ്ഞു

ഫവ്വന

കാപ്പികുടിച്ചുള്ളം മതിയായമെ
കൈകളുമടക്കിയവർ കല്യക്കഴിഞ്ഞു
അന്നപോചനങ്ങളുണ്ണുവാനായ്
എണ്ണതേച്ചവരും കുളിച്ചുവരാം
എന്നുചൊല്ലിയവരുണ്ണ കൊണ്ടു
പൊന്മകുടംകൊണ്ടു കൊണ്ടുവന്ന
എണ്ണതൊട്ടേകന പൂമിതെവിക്ക
നാലുമുള്ളി തൊട്ടതറിച്ചവനോം
പൂതി ചന്ദാപിറം വെടിച്ചുകീറി
ആകയണ്ണു തൊട്ടതറിച്ചപ്പോഴ്
കണ്ടനിടിവെട്ടി മുഴങ്ങിയല്ലോ
എണ്ണതെച്ചതെല്ലാം മതിയായമെ
എന്നു പറഞ്ഞവർ കുളിപ്പാനായി
കുളക്കടവിലങ്ങു ചെന്നപ്പോഴ്
ഇരുവശമങ്ങുമായങ്ങുചെപ്പുണ്ണതും
കുളക്കടവിലങ്ങു നിപ്പുളംകണ്ടു
കേളുകേളുമെന്റെ തോഴിമാരെ
നിങ്ങളെന്തിവിടെ വന്നുകളിപ്പോരം
കേളുകേളുമെന്റെ രാജാക്കളെ
ആളിനെ പിടിക്കുന്ന മുതലയുണ്ട്
തല്ലിക്കൊല്ലുവരനായുണ്ണും ഞങ്ങളും
പൊന്നുംപൊന്നുമെന്റെ തോഴിമാരെ
കോരിവീഴി ഞങ്ങളും കുളിച്ചുകൊള്ളാം
കുളികഴിഞ്ഞുടനവർ വീട്ടിൽവന്നു
കേളുകേളുമെന്റെ പൊന്മക്കളെ
അന്നപോചനങ്ങളുണ്ണണമെന്ന്
മുൻപിൽതൊട്ടുതാത അന്നമെല്ലാം
കന്നുപൂച്ചക്കു നൽകിയിട്ടുവല്ലോ
പിന്നെവാരിയോര അന്നമെല്ലാം
പൂർവർക്കുകാഴ്ചക്ക നൽകിയിട്ടുവല്ലോ
മുന്നാമതുവാരിയ അന്നമെല്ലാം

കുന്നത്തൂരമ്മോ നമ്പ്യാരിട്ടവരല്ലോ
കോളുതണ്ണാല ചുററിയയാടിക്കൊണ്ടു്
പൂന്തംവീണങ്ങുന്നേരം പിന്നാരുടിത്തേ
അന്നപ്പോചകനാരം മതിയായമമ
കൈകമടക്കിയവരെഴിച്ചുവെക്കം
കൈകയും വായുമെല്ലാം കലുക്കഴിഞ്ഞു
വെററിലപാക്കതിന്ന സുഖിച്ചിരുന്ന
അന്നേരത്തേഴുതു പലകാരാരേം
പൊന്നക്കർക്കുമെല്ലു കൊട്ടുള്ളകൊണ്ടു
കേളുംകേളുമെന്റെ പൊന്നക്കരെ
പള്ളിയറ തണിന്തരെന്ന മോതന
ചെട്ടുനാതനാലുമൊന്നിൽ പോരെ
കമ്പുപിച്ചനൊന്നിൽ തനിയ പോരെ
പള്ളിയുറക്കമെഴുന്നതിനായി
പള്ളിമെത്തതന്നിൽ കിടക്കുന്നേരം
കുന്നതെടപാട്ടു ചെന്നവെക്കം
പിന്നിൽ കിടക്കുന്ന പള്ളിയറതൻ
വാളു കയ്യിലേന്തി ചെന്ന പറയുന്നല്ലോ
പൊന്നുതടിയാ തീയുറത്തോടു്
ആനതടിയാ തീയുറത്തോടു്
നിനക്കയതല്ല ചെട്ടിമാരെ
ഇപ്പോൾതന്നെ കൊലകൊന്നപോരം
ഇരററപ്പലിയല്ലോ ചമയുന്നോടു്

... ...

... ...

പൂമാലയോ വന്നതെണീമാരല്ലോ
അഞ്ചുപേരവർകളും ചമയുന്നോടു്
നിങ്ങളഞ്ചുപേരേയും കൊല്ലുവാനായ്
എന്ന പറഞ്ഞവരും പോയിവെക്കം
ചൊല്ലിയവാക്ക നേരെ കേക്കുംമുമ്പേ
പൂമാലയോവന്നാതെണീയല്ലോ്

പള്ളിയറ തട്ടിവിളിക്കുന്നൊന്ന്
കേൾക്കക്കേൾക്കമെൻറ നാഥാക്കളെ
പള്ളിയറ തട്ടിത്തുറക്കണമേ
പാതിരാവുവന്നു പള്ളിയറയിൽ
ആരുവിളിക്കുന്നതെന്നുകേട്ട്
കേൾക്കക്കേൾക്കമെൻറ നാഥാക്കളെ
പൂമാലയായവന്നതോഴിയാണ്
തങ്ങളുടെ നാട്ടിൽ വഴക്കമാണ്
... ...
... ...
അന്നേരമോതുന്നു കന്യപീഠൻ
പള്ളിയറ തട്ടിത്തുറന്നവർക്കും
കൈകൂപ്പനാലോ ഒന്നായിരിപ്പതാണ്
കൈവിളക്കുമോ ഒന്നായിരിപ്പുണ്ട്
പള്ളിമെത്തയതിൽ മുട്ടുകാരായി
ഓടിയടുക്കുന്നു പൂമാലത്തോഴി
അന്നേരമോ കന്യപീഠനുംചൊല്ലി
ചോദനകളുടെ നോക്കവാൻപെണ്ണ്
അന്നേരത്തുമോ ചൊല്ലുന്നതോഴി ഗുരു
ഓടിയടുക്കുന്നു പള്ളിയറയിൽ
അപ്പനാണെ തോഴി മുട്ടുകരുതെ
അമ്മയാണെ തോഴിമുട്ടുകരുതെ
എൻറ പള്ളിയറ മുട്ടുകണമെങ്കിൽ
കെട്ടിയതലമുടി അഴിക്കവേണം
കെട്ടിയ തലമുടി അഴിച്ചാലല്ലൊ
മുല്ലപ്പൂക്കളെല്ലാം ചിതറിപ്പോകും
മുല്ലപ്പൂക്കളെല്ലാം ചിതറിപ്പോയാൽ
കട്ടിലില കെട്ടിത്തരുവാൻതോഴി
കെട്ടിയതലമുടി പിടിച്ചഴിച്ചു
അതുരക്കം നല്ലതവക്കത്തി
കുട്ടപഴിപ്പിച്ചു പാകംചെയ്തു

കത്തി കിലുകിലാ വീണവല്ലോ
പീമനമോ ഓടിയെടുത്തുകത്തി
വേറങ്ങൊരുപാരകെ ചാത്തംവച്ചു
ഓടിയടുക്കണം പള്ളിയറയിൽ
അച്ഛനാരാണോതോഴി മുട്ടുകതാതെ
അമ്മയാണോതോഴി മുട്ടുകതാതെ

... ...

പീമനടൻതന്നെ പൂമലയെ
കല്ലുരുണ്ടതന്നിൽ കനിച്ചുകെട്ടി
പള്ളിയറ തട്ടിപ്പൂട്ടിയുംകൊണ്ട്
ചേട്ടനാരെക്കലകൊന്നപോലെന്ന
വേതനയോടങ്ങു ചെന്നതുമാറം
കേട്ടുംകേട്ടുമെൻറ ചേട്ടമാരെ
പള്ളിയറതട്ടിത്തുറപ്പിൻവേഗം
പാതിരാവിൽവന്ന നിന്നുംകൊണ്ട്
പള്ളിയറതട്ടി വിളിച്ചുതാതെ
പള്ളിയറ തട്ടിത്തുറക്കതോഴി
അച്ഛചേട്ടൻ ചെല്ലത്തോഴിമാര്
പള്ളിയറ തട്ടിത്തുറന്നവരും
കൊക്കതടവിയോ ഉറക്കന്നു്?
കരല്യതടവിയോ ഉറക്കന്നു്?
കൈകൊടം തടവിയോ ഉറക്കന്നു്?
മെയ്കൊടം തടവിയോ ഉറക്കന്നു്?
താലോലമോരചൊല്ലി ഉറക്കന്നു്?
കേട്ടുംകേട്ടുമെൻറ തോഴിമാരെ
എന്നുകളിനിങ്ങൾക്കറിയാമെന്ന്
കേട്ടുംകേട്ടുമെൻറ പീമനായോരു
അമ്മാനയോരതിട്ടും വയതുണ്ടല്ലോ
അമ്മാനയുമാടിപ്പാടിയാലല്ലോ
അമ്മാനവും തന്നങ്ങയക്കുന്നോണ്ട്
അമ്മാനയോ ആടിക്കളിച്ചുകൂടി

കൈകൈകൊണ്ടടിയവർ കണ്ണുകൊണ്ടടി
അമ്മാനയങ്ങളും മതിയായ്തോഴി
അമ്മാനായിച്ചിപ്പം തന്നയല്ലോമേ
പൂമാലപ്പിരിച്ചുങ്കരവിവച്ച്
പീമന്റിരത്താൽ വിറച്ചുംകൊണ്ട്
തോഴിമാരു നാലും കൊതിയൂടന്ന
വെട്ടിമരക്കിയാടിയന്നാചാര
ചെമ്പുകിടാരത്തിൽ നിറഞ്ഞൊഴുകി
ഓവുവഴിതന്നിൽ ചെന്നടന്തന്റെ
പുണ്ണമുള്ളതെല്ലാം തീരുവാനായി
ഓവുതന്നിൽ മുങ്ങിക്കുളിച്ചുടനെ
കാവനാട്ടിലെത്ത കാന്തകാരി
പള്ളിയറതട്ടി വിളിച്ചുചൊല്ലി
കേട്ടുകേട്ടും ചെല്ലത്തോഴിമാരെ
പള്ളിയറതട്ടിത്തുറപ്പിൻവേഗം
മന്നരാടിപ്പെണ്ണു മയക്കമോടീ?
മയമന്തിനെന്റെ പിടിമരതോഴീ!
പള്ളിയറതന്നെ തുറക്കാമതാരി
പാരമ്പരയെന്നൊന്ന അല്ലുമയെടി!
മന്ദംവെളമ്പെണ്ണു മയക്കമോടെ
ഇട്ടങ്ങുവന്നാം തിരിയെടുവന്ന
പുത്തനാവിതരാം തരുവാൻതോഴീ
കുന്നാടിക്കം തരുവാൻതോഴീ
കാരനാട്ടുചാതി തരുവാൻതോഴീ
കസ്തൂരിവിടൻ പല്ലുതരുവാൻ
വാക്കുകേട്ടുപീമന്റിയംകൊണ്ടു
പള്ളിയറവാതിൽ തുറന്നപീമൻ
കിണ്ണിപ്പാലകണ്ണുതട്ടിപ്പീമൻ
കേട്ടുകേട്ടുമെന്റെ ചെമ്പാലമെ
പെൺകലയായാപാപീ ചെയ്യുതുമിപ്പം
എന്നൊക്കുടനെ ഞാൻ കൊല്ലുമെടുക്കും

കിണ്ണിപോലെ പൊണ്ണൻ കണ്ണുരുട്ടി
ഇടിവെട്ടീടുംപോലെ ചുവടുംവച്ച്
മുട്ടയോട്ടോടിവെക്കമടുക്കുന്നേരം
അപ്പംമൂത്തചേട്ടൻ പറഞ്ഞുവെക്കം
പൊറമ്മരയെയാണ്ടെ മുട്ടകിട്ടാല്ലം
പെറുമ്മരെ ചെന്നു മുട്ടകയാതെ
ചേട്ടൻ പറഞ്ഞൊരു മൊഴിയെ കേട്ട്
വെക്കംകഴുപീടൻ പിറകേറി
കുതനാട്ടിലെല്ലാം തിരിച്ചുതല്ലോ
പൂമലയുമവർ പിറകേറി
കുതനാട്ടിലെത്തി കണ്യദേവിയെ
വീണുവണങ്ങിനാരവരപ്പോഴം

ഗർഭിണിയായിരുന്ന കന്തിദേവിക്ക് ഏഴാംമാസത്തിൽ ഗാന്ധാരി പലഹാരം കൊണ്ടുവന്നു കൊടുക്കുന്നു. ഇതു് ഇന്നും മലയാളരാജ്യത്തിൽ പല ഭാഗങ്ങളിലും നടന്നുവരുന്ന ഒരു കാര്യമാണ്. വിഷം ചേർത്ത പലഹാരം ഗർഭസ്ഥനായ ബാലനെ കൊല്ലുവാനായിട്ടാകുന്നു കൊടുത്തതെന്നു കന്തിദേവി കരുതുന്നു. ഇതു് ആ ദേവിയുടേയോ അതല്ല മാവാരതകർത്താവിന്റേയോ ദുർഭാഗതിയായി ഗണിക്കണമെന്നു വായനക്കാർ തീർച്ചയാക്കട്ടെ. ഉത്തരഇന്ത്യയിലുള്ള പല സ്ഥലങ്ങളിലും ഗർഭിണികൾക്കു മൃഷ്ടം അടയുമാണ് "വ്യാക്രണെ്" ആയി കൊടുത്തു പോരുന്നതെന്നു മാവാരതം സാക്ഷിപ്പെടുത്തുന്നു. പലഹാരത്തിന്റെ ഗുണദോഷപരിശോധനത്തിനെങ്കിലും മാവാരതക്കാരൻ സാധാരണ ഗൃഹങ്ങളിൽ എന്നപോലെ കന്തിദേവിയുടെ കൊട്ടാരത്തിലും കോഴി, പട്ടി, പൂച്ച എന്നിവയെ സൃഷ്ടിക്കുന്നു. പാണ്ഡവന്മാർ "അമ്മയ്ക്കുതിരാ വെതിനം തീപ്പാൻ" പണ്ടാരങ്ങളായിട്ടാണ് പ്രത്യക്ഷീഭവിക്കുന്നതു്. യാചകവൃത്തിതന്നെ കാലക്ഷേപമാർഗ്ഗമായി പ്രയത്നലേശം കൂടാതെ നാട്ടിൽ ദാരിദ്ര്യം വർദ്ധിപ്പിക്കുന്ന ഈ വകക്കാർ ഇപ്പോഴ

ഇതുപോലെ മുമ്പും മലയാളനാട്ടിൽ ധാരാളം ഉണ്ടായിരുന്നിരിക്കണം. ഇന്ത്യയിൽ ഓരോ തൊഴിലിനും ഓരോ ജാതിക്കാരെത്തന്നെ സൃഷ്ടിച്ചു കല്പിച്ചിരിക്കുന്നതുപോലെയാണ് എല്ലാ ജാതിയും തൊഴിലും തമ്മിൽ ചേർന്നുകിടക്കുന്നത്". ആ ശാരിയുടെ ഉള്ളിൽ ആദ്യൻ നമ്പൂതിരിക്കുമാരനെങ്കിൽ ആ പരിശുദ്ധപുരുഷന് ആ കല്പം നിലനില്ക്കുന്ന ആരൈശ്വര്യം ഉണ്ടാകുന്നു. അതിന്റെ പ്രതിനിധിയായി ഉത്തരധ്രുവാദം ഉത്തനായാദാം ചേർന്ന ശർക്കരനമൂലം കടിച്ചുവാറിക്കണം. ഇതാണ് വിധി. എന്താ ചെയ്ക! നിന്ദ്യങ്ങളായ കൃത്യങ്ങൾക്കും ഓരോ ജാതിക്കാരെത്തന്നെ ഈശ്വരൻ സൃഷ്ടിച്ചിരിക്കുന്നപോലെ! പണ്ടാരങ്ങൾ എന്നു പറഞ്ഞാൽ അവരുടെ വൃത്തി ഇരക്കയാണെന്നു വെളിവാകുന്നതുപോലെ മണ്ണാന്മാർ എന്ന പേരു കേൾക്കുമ്പോഴും അവർക്ക് മോഷണമെന്ന തൊഴിൽ ഈശ്വരൻ തന്നെ കല്പിച്ചിരിക്കുന്നതായി തോന്നിപ്പോകുന്നു. ഇതുപോലെതന്നെ ദേവദാസികളുടെ കാര്യവും. പൂർവ്വത്തിൽ നിന്ന് അല്പം വ്യതിചലിച്ച് ഇത്രയും പറയേണ്ടിവന്നുവെന്നേയുള്ളൂ.

പണ്ടാരങ്ങൾ പാണ്ഡവന്മാരെന്നറിഞ്ഞുതുടങ്ങുന്നു "ഇതുമാതിരി നിങ്ങൾ പോയാലുമല്ലൂ, മുള്ളുകൊണ്ടുപോലും മുറികയില്ല" എന്ന് നമ്പൂതിരിപ്പുത്രന്മാരുടെ വൈഭവത്തെ അഭിനന്ദിച്ചുകൊണ്ടിരിക്കുന്നു. ഈ വൈഭവം എന്താണെന്നു വിശദമാകുന്നില്ല. ചന്ദ്രനാട്ടത്തിലെ രാജകുമാരന്മാരെ മാതാമഹന്മാരൻ ആറും തോടും കാടും മലയും കടന്നു അവശരാക്കി കരനാട്ടിൽ കൊണ്ടുവന്നാക്കണം. തിരുവനന്തപുരംമുതൽ കറുപ്പടനോളം ജലമാർഗ്ഗമായി സഞ്ചാരസൌകര്യം ഉണ്ടായതു മാർത്താണ്ഡം എഴുതിയതിൽ പിന്നീടാണെങ്കിലും സാധാരണ ജനങ്ങളേക്കാളും എത്രയോ സുഖമായി യാത്രചെയ്യാൻ സൌകര്യമുള്ള രാജകുമാരന്മാർക്ക് ഇതിലും മെച്ചമായവിധത്തിൽ കരനാട്ടിൽ എ

തരമായിരുന്നു. കുന്നാട്ടിൽ എത്തിയവരുടനെ അവർക്കു നൂറിക്കാൻ തക്കതായ ലഭിക്കുന്നതു്. ചാതകസോദരായ തൃക്കണ്ണുമോ കൊടുക്കാത്തതിനാൽ മാധവ്യതക്കാരനെ കുറ്റപ്പെടുത്തിയേ തീരൂവെന്നില്ല. തടുക്കകളുടെ അടിയിൽ നാരായങ്ങൾ നാട്ടിയിരുന്നാലത്രേ. അതു "പള്ളിപ്പിള്ളയുടെ" തെറ്റാണെന്നോ ഗന്ധാരി സമാധാനം പറയുന്നുണ്ടു്. അതുമല്ല നിളയുള ഒരു ഇരുമ്പുകുടന്ന കൊണ്ടു് തെങ്ങോലികളിടയിൽ ഒരു പനയിലുള്ള ഓല മുഴുവൻ വരച്ചുതീരുന്ന വലിയ കാരണവന്മാർ ഇന്നും അങ്ങുമിങ്ങുമുണ്ടു്. ഇവർ അനന്തിരവരായിന്ന കാലത്തു് ഓലപ്രയോഗം എത്രമാത്രം പ്രചരിച്ചിരുന്നുവെന്നു് ഇപ്പോഴും അവർ കടലാസിനെ ശപിക്കുന്നതിൽ നിന്നു തന്നെ ഒരുവിധം അനുമാനിക്കാം. ആ സ്ഥിതിക്കു മഹാഭാരതനിർമ്മിതികാലത്തെ കഥ പറയാനില്ലല്ലോ. പള്ളിപ്പിള്ളയും കുന്നാട്ടിൽ ഒട്ടും കുറവില്ല. "തെങ്ങോലയ്ക്കു പഞ്ഞമല്ലോ ഇവിടെയെന്നതു്" എന്നത്രേ ഭാരതീയരുടെ ഘോഷണമെന്നു്. ഒന്നു കുറച്ചിട്ടെങ്കിലും തെങ്ങോലയ്ക്കു പഞ്ഞമില്ലാത്ത കണക്കിൽ ചെന്നുവല്ലോ എന്നു സമാധാനിക്കാം. ചില പ്രത്യേക ശാലകളിൽ നിന്നു തപ്പി അയയ്ക്കുന്ന കാപ്പിപുസ്തകങ്ങളും എഴുതികളെല്ലാണമെന്നു് സംഖ്യവർ പുറപ്പെടുവിക്കാൻ ഉദ്ദേശിച്ചിരുന്നതാ ഒന്ന വിദ്യാഭ്യാസമില്ലാതെ [illegible] നാട്ടിലില്ലായിരുന്നു. ഈ കാര്യം ശിഷ്യന്മാരുടെ കൈയിൽ ഉതകത്തക്കവിധം പകരം നാരായങ്ങളും കൊടുത്ത നാട്ടാശാന്മാരെയും കുറ്റം പറയാനില്ല. തടുക്കിൽ ഇതന്നുതന്നെ പണ്ഡിതന്മാർക്ക് കാപ്പിയും പലഹാരവും ലഭിക്കുന്നു. ബോധവും ഉത്സാഹവും അന്നു കുന്നാട്ടിലോ മലയാളത്തിലോ കടന്നുകൂടിയിട്ടില്ലെങ്കിലും കാപ്പി സ്ഥലം പിടിച്ചുകഴിഞ്ഞിരിക്കുന്നു. പണ്ഡിതന്മാർ കൊടുത്ത എണ്ണയിൽ നാലുതുള്ളി നിലത്തു പതിച്ചപ്പോൾ "പൃഥ്വി ചരാചരം വെടിച്ചു കീറുകയും അതുകാരണത്തു തെറിച്ചപ്പോൾ" "ചടപടാ" ഇടിവെ

ട്ടുകയും ഉണ്ടായിപോൽ. നാലുതുള്ളി എണ്ണകൊണ്ടു ശബ്ദവും ഇടിയും മിന്നലും മററും വരുത്താൻ തക്ക ശക്തിയുള്ള എണ്ണ സാധനമാണ് അതിൽ ചേർത്തിരുന്നതെന്നറിയാൻ ചിലർക്ക ആഗ്രഹമുണ്ടാകാം. പക്ഷേ സൂത്രശാലിനിയായ ഗാന്ധാരി അതു മാവാരതക്കാരന് ഉപദേശിച്ചുകൊടുത്തിട്ടില്ലെന്ന വിചാരിച്ചു സമാധാനപ്പെടാനേ നമുക്ക തൽക്കാലം നിവൃത്തിയുള്ളൂ. ഗാന്ധാരിയുടെ ഗൂഢാലോചനയെക്കുറിച്ചു ഭീമനെ അറിയിക്കുന്നതു കണ്ണന്റെ ഭാര്യയാണെന്നു കാണുന്നു. കണ്ണനെ മാവാരതത്തിൽ കാണുന്നേയില്ലെങ്കിലും ആ വിദ്വാന്റെ ഭാര്യ അവിടെ കടന്നെത്തിയതു ആ ഗൂഢാലോചനയെ വെളിപ്പെടുത്താൻ വേറാരും ആ രാജധാനിയിൽ ഇല്ലാത്തതുകൊണ്ടായിരിക്കണം. ഭീമന്റെ ശയനസ്ഥലത്തു കടന്നുചെന്ന വായ്പൂടി അവളുടെ ആഗമനത്തിന് അടിസ്ഥാനമായി ചൂണ്ടിക്കാണിക്കുന്നതു ഒരു നാട്ടാചാരത്തെയാണ്. പാണ്ഡവരെ അറുത്തുകൊല്ലാൻ കത്തികളും അടിച്ചുകൊല്ലാൻ ഉലക്കകളും കൊണ്ടു പുറപ്പെട്ടതു സ്ത്രീകളായിരുന്നുവെന്നു കാണുന്നു. അബലകളെത്തന്നെ ഈ വേഷങ്ങളെല്ലാം കെട്ടിവിടാൻ മാവാരതക്കാരൻ ഓർത്തതു തന്റെ വർഗ്ഗക്കാരായ പുരുഷന്മാരെ അപകടകാരും അധാർമ്മികന്മാരും ആക്കരുതെന്നുദ്ദേശിച്ചോ, പെൺമലയാളം എന്ന വിദേശിയുടെ റിമാർക്കിന് പാത്രീഭവിച്ചിട്ടുള്ള മലയാളക്കരയിലാണ് മാവാരതം അവതരിച്ചതെന്ന പരോക്ഷമായി കാണിക്കാനോ അല്ലയോ?

വിരുന്നുണ്ണുക (വിരന്നുണ്ണുക) എന്നതിനു തെക്കേ തിരുവിതാംകോട്ടിൽ മലയാളത്തിന്റെ മററു ഭാഗങ്ങളിലേക്കാൾ പ്രാധാന്യമുണ്ടെന്നാണ് അറിവ്. ചാർച്ചക്കാരും വേഴ്ച്ചക്കാരും തമ്മിൽ കൂട്ടുകൂടെ കാണിച്ചുപോരാറുള്ള ഉപചാരങ്ങളിൽ ഒന്ന് വിരുന്നുണ്ണുകയാണത്രേ. തെക്കേത്തിരുവിതാംകോട്ടു നിവാസികളിൽ ചില വർഗ്ഗക്കാരുടെ സാമൂഹികാചാരങ്ങളിൽ തന്നെയും

ഈ കൃത്യംഉൾപ്പെടുന്നു. ഒരു പ്രത്യേക ജാതിക്കാരുടെയിടയിൽ വിവാഹംകഴിഞ്ഞാൽ അടുത്ത ആടിമാസത്തിൽ “വിത്തുണ്ണുക” അത്യാവശ്യംതന്നെ. ഇതുമുഖ്യമായതുകൊണ്ടാണ് പാണ്ഡവകഥയുടെ പ്രാരംഭമായി മഹാഭാരതകർത്താവു് ഘടിപ്പിച്ചിരിക്കുന്നതു്. മഹാഭാരതകഥകളിൽ ആദ്യത്തേതു “വിത്തുണ്ണേടം” തന്നെയാണെങ്കിലതിലേയ്ക്കു ചില ലക്ഷ്യങ്ങൾ ഇല്ലാതില്ല. അങ്ങിനെയും ചിന്തിച്ചിരിക്കുന്നോ പാട്ടുകളെ കൂട്ടിച്ചേർത്തു് യഥാക്രമം ഘടിപ്പിക്കുന്നതിനു ചില ലക്ഷ്യങ്ങൾകൊണ്ടല്ലാതെ നിവൃത്തിയില്ലല്ലോ. “വിത്തുണ്ണേടം” എന്ന ഭാഗത്തിന്റെ പ്രാരംഭം ഈ വിധമാകുന്നു.

കുന്നനാട്ടിലമ്മ കുന്തകരി,
കുന്നനാട്ടിലമ്മ കഞ്ഞുതേവി
കഞ്ഞുതേവിപെററ മക്കളെല്ലാം
അഞ്ചുകുടിവാഴു പാണ്ഡവന്മാർ
കുന്തകരിപെററ മക്കളെല്ലാം
തൊണ്ണൂററൊൻപതല്ലോ ദുരിയോധനന്മാർ.

ഇവയും മററു കഥകളുടെ പ്രാരംഭഘട്ടങ്ങളും നോക്കുന്നതായാൽ മഹാഭാരതത്തിൽ “വിത്തുണ്ണേടം” എന്ന ഭാഗത്തിനു കല്പിക്കാവുന്ന സ്ഥാനം വിശദീകരിക്കും.

മഹാഭാരതകർത്താവു ഗണപതിയുടെ തുമ്പിക്കൈയേയോ സരസ്വതിയുടെ വീണക്കമ്പിയേയോ ഇന്ദ്രനാഥന്റെ കുപ്പായത്തെയോ വന്ദിക്കുന്നില്ല. വിഷ്ണുവിന്റെ പാപ്പാസോ, ശിവന്റെ നോട്ടബുക്കോ, ബ്രഹ്മാവിന്റെ സോപ്പുപെട്ടിയോ, മഹാഭാരതം നിർമ്മിക്കുന്ന സമയത്തു് അയാളുടെ മനസ്സിൽ കടന്നുകൂടുന്നതായി ലക്ഷ്യമില്ല. “വിജയന്റെ വലങ്കൈയിനെ” എങ്കിലും അയാൾക്കു് ഒന്നു തൊഴുതുകൂടാമായിരുന്നു. അതും ആ വിചാരൻ ചെയ്യുന്നില്ല. പഴയ മാമൂലോ, പുതിയ പരിഷ്കാരമോ അനുസരിച്ചു് സ്തുതിരൂപമായി യാതൊന്നുംതന്നെ

എഴുതുന്നില്ല. മാവാരത കഥകളും നടന്ന കുരുനാട്ടിലേയോ കുരുനാട്ടിലേയോ ഒരു വിവരവും ആദിയിൽ കാണിക്കുന്നില്ല. "കാന്താരി" (ഗാന്ധാരി)യുടേയും "കുന്ദുതേവി" (കുന്തീദേവി)യുടേയും പുത്രന്മാർ ജനിക്കുംമുമ്പ് കുരുനാട്ടിലേയും കുറനാട്ടിലേയും അവസ്ഥ എന്താണെന്നാണറിയാൻ ആഗ്രഹിക്കുന്നവരെ തൃപ്താഗ്രഹികളായിട്ടാണ് മാവാരതക്കാരൻ ഗണിക്കുന്നത്. മഹാഭാരതത്തിൽ ചന്ദ്രവംശത്തിലെ ചില പ്രധാന രാജാക്കന്മാരുടെ കഥകളും പറഞ്ഞതിനാൽ പാണ്ഡവോല്പത്തി, വിദ്യാഭ്യാസം, വാരണാവതഗമനം, ജതുഗൃഹദഹനം, പാഞ്ചാലീസ്വയംവരം, സുഭദ്രാഹരണം, ഖാണ്ഡവദാഹം, ദിഗ്ജയം, രാജസൂയം, ദ്യൂതം, വനപ്രസ്ഥാനം, അജ്ഞാതവാസം, കൃഷ്ണദൂത്യം, യുദ്ധം, ഇങ്ങനെ പാണ്ഡവരെ സംബന്ധിച്ച പ്രധാനസംഗതികൾ വിവരിക്കുന്നു. എന്നാൽ മാവാരതക്കാരൻ "കുന്ദുതേവി പെറ്റാഴികളെ" ആദ്യമായി "കാന്താരി അമ്മതമ്പുരാന്റെ" പാപ്പിനേരിയിൽ ഒട്ടിക്കൊണ്ടുപോയി ഊണു കഴിപ്പിക്കാൻ വട്ടംകൂട്ടിയതുപോലെതന്നെയാകുന്നു അനന്തര സംഭവങ്ങളുടെ ഗൗരവലാഘവങ്ങളെ കാണുന്നതും, അവയെ തരംതിരിച്ച് ഓരോ സ്ഥാനങ്ങളിൽ ചേർത്തുവച്ചു മുറുകി മിനുസപ്പെടുത്തിയിരിക്കുന്നതും. "വിരുത്തുണ്ട്" കഥയുടെ സംക്ഷേപം ഇവ്വിധമാണ്.

കുരുനാടെന്നും കുറനാടെന്നും രണ്ടു രാജ്യങ്ങൾ. കുരുനാട്ടിലെ റാണി കാന്താരി. കുറനാട്ടിലെ റാണി കുന്ദുതേവി. കുന്ദുതേവിക്ക് അഞ്ചുമക്കൾ. അവർ പാണ്ഡവന്മാർ. കാന്താരിക്കു തൊണ്ണൂറൊൻപതു പുത്രന്മാർ. അവർ "തുരിയോതനന്മാർ" കാന്താരിക്കു കുന്ദുതേവിയുടെ മക്കളെ കാണാൻ ആഗ്രഹം ജനിക്കുന്നു. ഈ വിവരം കുറനാട്ടിലറിയിക്കാൻ ഒരു ദൂതനെ അയയ്ക്കുന്നു. ദൂതൻ കുറനാട്ടിലെത്തി "കുന്ദുപീമന്റെ" പക്കൽ

നീട്ടുകൊടുക്കുന്നു. കണ്ണപ്പീമൻ ഉടനെ യാത്രയാകുന്നു. അനന്തരം കരുനാട്ടിൽ പോകാൻ അമ്മയോട് അനുമതി ചോദിക്കുന്നു. അമ്മ വിരോധം പറയുകയും ആ റാണി ഗർഭിണിയായിരുന്ന കാലത്ത് കാന്താരി കാണിച്ച കുടിലതകളെ വിവരിക്കയും ചെയ്യുന്നു. കണ്ണപ്പീമൻ അമ്മയുടെ സമ്മതം ഒരുവിധം വാങ്ങീട്ട് ചേട്ടന്മാരേയും കൊണ്ട് കരുനാട്ടിലേയ്ക്കു തിരിക്കുന്നു. പിറ്റേദിവസം ഈ കുമാരന്മാർ വേഷപ്രച്ഛന്നരായി മന്ത്രവിന്റെ മുൻപാകെ വന്നു ആഹാരം അർത്ഥിക്കുന്നു. പുത്രന്മാരെ പിരിഞ്ഞു വ്യസനാക്രാന്തയായ ആ രാജ്ഞി ആദ്യം ആ അർത്ഥനയെ സ്വീകരിക്കുന്നില്ല. അനന്തരം ആഹാരം കൊടുക്കുന്നു. "പീമൻ" ഉണ്ണുന്നതുകണ്ട് വസ്തുതയറിഞ്ഞ്, ആനന്ദിച്ച് അനുഗ്രഹിച്ച് അയയ്ക്കുന്നു. തിരിച്ചു വരുന്നതുവരെ ചില കാര്യങ്ങളിൽ താവഴി പ്രത്യേകാവകാശം വേണമെന്നു കണ്ണപ്പീമൻ ചേട്ടന്മാരെ അറിയിച്ചിട്ടു യാത്രതുടരുന്നു. പാണ്ഡവരെ അപായപ്പെടുത്താൻ കാന്താരി വഴിയിൽ തയ്യാറാക്കിയിരുന്ന സൂത്രങ്ങളിൽ ഓരോന്നു കണ്ടുതുടങ്ങുന്നു. ആദ്യം ലഹരിസാധനങ്ങളാം കൊടുത്തു മയക്കിനിറുത്തിയിരുന്ന ഒരു മദയാനയെ കാണുന്നു. അതിനെ വഴിയിൽ നിന്നു മാറ്റാൻ കണ്ണപ്പീമൻ ആനക്കാരനോടാവശ്യപ്പെടുന്നു. അയാൾ അനുസരിക്കുന്നില്ല. പീമനാകട്ടെ ഗദകൊണ്ട് ആനയെ കോരിയെടുത്തു കളയുന്നു. ആന ചത്തുപോകയും പാണ്ഡവന്മാർ യാത്ര തുടരുകയും ചെയ്യുന്നു. കുറെ കഴിഞ്ഞപ്പോൾ വഴിയമ്പലം, വഴിക്കിണറ്, ഊട്ടുപുര എന്നിവ കാണുന്നു. പീമന്റെ ഗദാസ്പർശത്താൽ അമ്പലം തകരുന്നു. പിന്നീട്ടു പീമൻ പാലത്തിൽ കയറുകയും അതു് ചുട്ടപറിഞ്ഞു ആററിൽ വീഴുകയും ചെയ്യുന്നു. പീമൻ ആ പാലത്തെ കാന്താരിയുടെ കൊട്ടാരവാതുക്കലേയ്ക്കെറിയുകയും അതുചെന്നു വീണത് പാമരന്റെ ആഗമനലക്ഷ്യമായി കാന്താരി കരുതുകയും ചെയ്യുന്നു. അന

ത്താം കയറ്റാട്ടിലെ അതിഥികൾ അവിടെ എത്തുന്നു. അവൎക്ക് ഇരിക്കാൻ കൊടുത്ത തടുക്കുകളിട്ടുകളി അവരുടെ കീഴിൽ പതിച്ചിരുന്ന മന്ത്രപ്രയോഗങ്ങളെ പീറ്റർ വെളിപ്പെടുത്തുന്നു. കാന്താരി ദുർബലമായ സമാധാനം പറയുന്നു. പിന്നീട് പാണ്ടവർക്ക് കാപ്പിയും പലഹാരവും കൊടുക്കുകയും വിഷം ചേൎത്തിരുന്ന ആ സാധനങ്ങളെ പരിശോധിച്ചറിഞ്ഞ് പീറ്റർ ഉപേക്ഷിക്കയും ചെയ്യുന്നു. അനന്തരം അവരെ അത്ത്യുഗസ്ഥാനത്തിനായി കാന്താരി ക്ഷണിക്കുന്നു. എന്നിട്ടും പരിശോധിച്ചു കളഞ്ഞിട്ട് അവർ കളിക്കാൻ പോകുന്നു. കളത്തിൽ ചില സ്ത്രീകളും ഉലക്കകളും മറ്റും നിറുത്തിയിരിക്കുന്നതു കണ്ടു പീറ്റർ കാരണം ചോദിക്കുന്നു. കളത്തിലുള്ള ശത്രുക്കളെ അടിച്ചു കൊല്ലാനാണെന്ന് അവർ മറുപടി പറയുന്നു. പാണ്ഡവന്മാർ മുമ്പോട്ട കളിച്ചുപോകുന്നു. പിന്നീട് അവർ ഭക്ഷണത്തിനിരിക്കുന്നു. ആഹാരസാധനങ്ങളിൽ വിഷം കലർന്നിട്ടുണ്ടെന്നറിഞ്ഞ് ഉണ്ണുന്നതിന് പലഹാരങ്ങൾ തിന്നശേഷം വെറ്റിലയും പാക്കും ചേർത്ത് ഒന്നു മുറുക്കുന്നു. അനന്തരം പീറ്ററെ ഒരു മുറിയിലും ചേട്ടന്മാരിൽ ഓരോരുത്തരേയും ഓരോ മുറികളിലുമായി നിദ്രയ്ക്കയയ്ക്കുന്നു. അവരെ കൊല്ലാൻ ചില ഒരുക്കങ്ങൾ നടന്നുവരുന്നതായി കള്ളന്റെ ഭാര്യ പീറ്ററോട് പറയുന്നു. അല്പം കഴിഞ്ഞതിനുശേഷം പീറ്ററിന്റെ പാർപ്പിടത്തിന്റെ വാതുക്കൽ ഒരു സ്ത്രീ വന്നു വിളിക്കുന്നു. ആരു വിളിക്കുന്നുവെന്നു പീറ്റർ ചോദിച്ചതിനു സമാധാനമായി പൂമലത്തെന്നു പേരുള്ള തോഴിയാണെന്നും കുഞ്ഞുങ്ങൾക്കു കൂട്ടിനായി വന്നിരിക്കയാണെന്നും പറയുന്നു. തദനന്തരം അവർ തമ്മിൽ ചിലവാഗ്വാദങ്ങളുണ്ടാകയും അവളുടെ തലമുടിയുടെ ഇടയിൽ ഒളിച്ചുവച്ചിരുന്ന “ആയുധക്കാം നല്ലവാക്കത്തികളും” മറ്റും കണ്ടുപിടിക്കപ്പെടുകയും പീറ്റർ അവളെ കൽത്തൂണിൽ ബന്ധിച്ചശേഷം ചേട്ടന്മാരുടെ മുറികളിലേക്കു പോകയും ചെയ്യുന്നു. അവിടെ

അവരെ നിഗ്രഹിക്കാൻ ചില സ്ത്രീകളെ ഒരുക്കുന്നതുകണ്ട് അവരുമായി ചില സംഭാഷണങ്ങളുണ്ടാകുന്നു. അജ്ഞാതവാസത്തെ മുതലായ ചില രംഗങ്ങൾ അവിടെ നടക്കുകയും ഒടുവിൽ ഭീമൻ ആ സ്ത്രീകളെ വധിക്കുകയും ചെയ്യുന്നു. ഒടുവിൽ കൂടി വരുന്ന രക്തധാര കണ്ടിട്ട് പാണ്ഡവന്മാർ കൊല്ലപ്പെട്ടുവെന്നു കാന്താരി കരുതി ആ ശോണിതപ്രവാഹത്തിൽ മുഴുകി ആർത്തുല്ലസിക്കുന്നു. നേരം പുലർന്നിട്ടും റാണി ഉറക്കത്തിനാൽ പാണ്ഡവരെ കൊല്ലാൻ നിയോഗിതകളായ വാരവിലാസിനികളെ കാന്താരി വിളിക്കയും അവർക്കു കൊടുക്കാൻ നിശ്ചയിച്ചിരിക്കുന്ന സമ്മാനങ്ങളുടെ വിവരം പ്രസിദ്ധീകരിക്കയും ചെയ്യുന്നു. കള്ളഭീമൻ ഈ ഘോഷങ്ങളും കേട്ടു വാതിൽ തുറക്കുന്നു. കാന്താരി ആശ്ചര്യത്തോടും ആ സംഭ്രമത്തോടുംകൂടി കള്ളഭീമന്റെ കൃത്യകൃത്യത്തെ നിന്ദിക്കുന്നു. കോപാന്ധനായ ഭീമൻ മുൻപോട്ടടുക്കുന്നു. മൂത്തവട്ടൻ തടുക്കുന്നു. ഭീമൻ പിന്മാറി പെട്ടന്നവരെയും പൂമാലയെയുംകൊണ്ടു കരനാട്ടിലെത്തി കഴുതവിലയ്ക്കു വാങ്ങുന്നു.

നാഗകന്നിയെ മാലയിടുന്നു.

നാഗപുരം വാഴും നാഗകന്നി
അവളും ചിറയാളായിരിക്കുന്നല്ലോ
... ...
താമരമാലകന്നി പുറന്നുകൊണ്ട്
നാഗപുരംനാട്ടു കൂടിക്കണ്ടപോയി
എന്റെ ഗൗരത്തിലെ തോഴിമാരെല്ലാം
മാലയിട്ടുകൊടുക്കില്ലെന്നുതന്ന്
ഒന്നുംതന്നും ബാലരെപ്പെറ്റൊട്ടപ്പെട്ടെന്നു
എനിക്കോ ഒരു മാല വിതിയുമില്ല
എനിക്കൊ ഒരുമാല മതിയുമില്ല
എന്റെതലയിലെയെഴുത്താണല്ലോ
... ...

വെള്ളിയാഴ്ച വെള്ളിവാളുമായി
മുല്ലത്തടമൊന്നൊരുക്കുന്നു കന്നി
ചെല്ലച്ചെറുനാഴിയഴകാൽ വച്ചു
ചെങ്കദളിയെന്ന വച്ചുടൻ കന്നി
കണ്ണിവെററവച്ചടക്കും വച്ചു
അല്ലിമുല്ലനട്ടു ചെമ്പകം നട്ടു
വാടാതുളസി നട്ടു തെച്ചിയും നട്ടു
അല്ലിമുല്ലയോടു സത്യവും ചെയ്തു
ആദിത്യനെ നോക്കി സത്യവും ചെയ്തു
എനിക്കൊരു മാല വിധിവരുമ്പോൾ
അല്ലിമുല്ലപ്പൂത്തു ചിതറീടേണം
നാഗപുരത്തേക്കു പോരുമെൻ കന്നി
ആവണനാളുതിര കോരിയാൽകന്നി
ഏഴാംനാളിൽ തിര കൊരുവാനായി
ചെപ്പുകുടപ്പനയെടുത്തുംകൊണ്ടു
ചെമ്പുകയപ്പൂമ്മയെടുത്തുംകൊണ്ടു
വെള്ളവെള്ളിക്കൊടിയേററിയപ്പം
അല്ലിമുല്ലപ്പൂത്തു മണവും വീശി
മുല്ലത്തടത്തിലെ ചെണ്ടടർകന്നി
മുല്ലയെത്തപിടിച്ചു കരഞ്ഞുകന്നി
നേരമില്ലയോമുല്ലേ നെറിയുമില്ലേ!
നേരമില്ലയോമുല്ലേ നീതിയുമില്ലേ!
എന്റെതറത്തിലെ തോഴിമാരെല്ലാം
കല്ലാലകമേനി നടക്കുന്നല്ലോ

... ...

നാഗപുരത്തോടിവന്നുടൻകന്നി
പൊന്നിൻകിളിക്കൂടു തുറന്നു വിട്ടു
ചെല്ലക്കിളിതന്നെപ്പാർത്തീകന്നി
വാണാളുണ്ണിയെന്ന കിളിപറഞ്ഞു
വളർത്തിയ കൈകൊണ്ടെന്നെ അടിച്ചോളേടോ
നീലക്കരിവണ്ടും കരഞ്ഞീടപ്പാരം

കൊക്കവയലരികം തോടിറമ്പിൽ
പാറിയിരുന്നവർ കരയുന്നല്ലോ
കയ്യും കനിയും തിന്നാറുമില്ല
കൂട്ടത്തിലൊന്നോരും കൂടിയാലല്ലോ
കൂട്ടുകിളി കൊത്തിക്കൊല്ലുകയാണല്ലോ
എഴുവഴിയിനിപ്പോയിരുമെല്ലാം
പൂമപ്പുറത്തൊന്നും പറന്നാലല്ലോ
മാനംമുതൽ തള്ളിക്കൊല്ലുകയുമില്ല
ആകാശത്തു നോക്കിപ്പറന്നാലല്ലോ
ആലത്തിപ്പൂൻ കതിർത്തട്ടിയെരിഞ്ഞു...
അവിടന്നിന്ന് പക്ഷി പറന്നടത്തെ
വാഴത്തെങ്ങുംകൊമ്പിലിരിപ്പിതന്ന്
അവിടന്നിന്ന് തട്ടിപ്പറന്നടത്തെ
വട്ടയമരത്തിലിരിപ്പിതന്ന്
അവിടന്നിന്ന് തട്ടിപ്പറന്നടത്തെ
ഏഴാംകടലിന്റെയും അക്കരത്തിൽ
ചെമ്പകമരത്തിലിരിപ്പിതന്ന്
വെള്ളച്ചെല്ലുകിളി നോക്കിയന്നേരം
പാറനം ജീവനാൽ വന്നിനം കണ്ടു
വാഴിപിടിച്ചുണർന്നിരുന്ന നേരം
കുഞ്ഞുകെട്ടുതമ്മിൽ പറഞ്ഞന്നേരം
വഴിപക്ഷിക്കൂട്ടത്തെ പുളുമെയ്യാണ്

... ...

നീലക്കരിവാണ്ടു കൊമ്പരിവാനു
വാഴിച്ചൂന്നാളിൽ വിടവുണ്ടാക്കി
വാണാലെല്ലത്തിരുന്ന കിളികളു്
വഴിപക്ഷിക്കൂട്ടത്തെ കണ്ടുനോക്കി

... ...

പാറപ്പിണ്ണമൊന്ന് കിളിപ്പുരമേന്ന്
കൊടുകം കൊണ്ടു തന്നും കൊണ്ടുവരണ്ടു്
തങ്കനിറം വാളുമൂരിയുമൊന്നു്

തെങ്ങോലമുറി തന്നെ ചിരിപ്പുരതൊരു
വാഴയോലിളക്കുന്നതെന്തിരുന്നാണു
പൊന്നോണം വരുമെന്നു ഉണ്ടിരുന്നാണ്.

... ...

പൊന്നോണം വരുമല്ലോ കിളിപ്പെണ്ണേ
ചിറകുകൾവിൽവച്ചു തന്നുടനെ
ഏഴാംകടലിനക്കര ഉയരെടലിനൽ,
കരിച്ചിൻകരെന്നൂറ്റുന്നുകൊണ്ടുടൻവന്നു
വാഴയിലപ്പുറക് കിളിപ്പെണ്ണ
വല്ലവർക്കാരവിടെപ്പിന്ന
അവിടെനിന്നു തട്ടിപ്പറന്നുടനെ
വടക്കേക്കൊമ്പിലിരിപ്പിതന്ന
അവിടെനിന്നു തട്ടിപ്പറന്നുടനെ
തെരുവീഥിയിൽ വന്നങ്ങിരിപ്പിതന്നു
അന്നേപ്പുലർകാലേ നാരീകന്നി
മുറ്റമടിച്ചുകണ്ടിരിക്കുമ്പോൾ
വാഴക്കുഞ്ഞിലയെന്ന കിളിയെക്കണ്ടു
തെന്നൽ വരുത്തിയൊരു കിളിയോടുചൊല്ലി.

... ...

ചൊല്ലുന്നോരം പക്ഷിപ്പറന്നുവന്നു
കന്നിവലംകൈയിൽ പാറിയന്നേരം
ചുറ്റും ചിറകുമൊതുക്കിയപ്പോൾ
പൊന്നോണംവരുമല്ലോ താഴയിൽവീണു
ഒ ... വരുമല്ലോയെന്നുകന്നി
വന്നതിനാലെല്ലാമറിയുന്നു കന്നി
വാഴക്കുഞ്ഞിലയെന്ന കിളിമകളെ
പൊന്നോണംപൂത്തിലയിട്ടുവെച്ചു
പാലും പഴങ്ങളും കൊടുത്തുകന്നി
പാലും പഴംകൂട്ടിയൂട്ടിവെച്ചു
പൊന്നോണംവരുമല്ലോയെന്നുചൊന്നു
അച്ഛനെൻറയടുത്തോട്ടുപോന്നുടൻകന്നി

... ...

ഇപ്പുറംവന്നാലൊരു പുത്തൂര തരണം
എനിക്കായിട്ടുതന്നെ തരണമപ്പാ
ഇപ്പുറംവന്നാലൊരു പുത്തൂര തരണം
എനിക്കുപ്പൂശിപ്പിടിപ്പിച്ചിട്ടു തരണമപ്പാ

... ...

കേട്ടുകേട്ടുമെന്റെ നാഗകന്നി
എന്റെ ശേഷമൊരു നല്ലപൈതലൊണ്ട്
അവരിലൊരുത്തനെ മാലയുമിട്ടു
നാഗപുരത്തുനിന്നിവിടന്നേക്കാം

... ...

വേണ്ടാവേണ്ടവേണ്ടാ എന്നുടെയപ്പാ

... ...

എല്ലാവരുംകൂടി കടലിൽപ്പോയി
അല്ലും അന്നാമ്മുരുളിപ്പിടിച്ചുന്നിട്ടും
കല്ലുപോലെ വഞ്ചി കിടപ്പതൊണ്ട്

... ...

കേൾക്കേട്ടുമെന്റെ പൊന്മകളെ
വഞ്ചിപിടിക്കവാനെനിക്കുമോളെ
പൊന്നുവരത്തില്ലാ നാടുക്കമോളെ

... ...

നാഗപുരംവാഴും നാഗകന്നി
എനിക്കായിട്ടുവന്ന മുതലാണെങ്കിൽ
പാതിപറക്കുംപോൾ വരണമല്ലോ

... ...

കന്നിമാതിരണ്ടും ചൊല്ലിയുംകൊണ്ട്
കന്നിപ്പുഴക്കരയൊന്നൊഴുകിവിട്ടു
വേഗംവഞ്ചിവന്നു കരയ്ക്കടുത്തു
വഞ്ചിതുറന്നവർ നോക്കിയപ്പം
പാരാപിണമൊന്നു കിടപ്പുണ്ട്
വെങ്കലംകൊണ്ടു തന്നും ചെരുവുമൊണ്ട്
അഞ്ചാറ് വാളുമുറവുമൊണ്ട്
തെങ്ങാളുറി തണ്ടണ്ടിപ്പുറിയൊണ്ട്

വടവാവിളക്കെന്നതെറിയുന്നോള്

... ...

വെള്ളം കോരിയങ്ങളറിഞ്ഞു കന്നി

... ... വിഷമിറക്കി

പെരുവിരലിൽകെട്ടി നിറുത്തിയല്ലൊ

ആയിരംനാഴി തെരയരി .. ...

... ...

വെള്ളത്താകമൊക്കെ യടക്കിയല്ലൊ

താകത്തിനക്കരി തപ്പാനായി

ഇല്ലത്തെന്തിനായി തൊററിയെന്ന

... ...

എന്നെ മയക്കിട്ടിങ്ങിരിക്കമ്പോഴ്

നാകത്തിരക്കരി തരുന്നുണ്ടല്ലൊ

... ...

നാനാപുരങ്ങൾ വാണിരിക്കമ്പോൾ

കന്നിനക്കര കരയു പിറന്നു പിന്ന

... ...

കാലം കുറയത്രു കഴിഞ്ഞുപിന്നെ

ആറരികുറയ്ക്കുഞ്ഞിരിക്കമ്പോഴ്

പല്ലുതെല്ലുകൊണ്ടെത്തിരിക്കമ്പോഴ്

... ...

കേൾക്ക* കേൾക്കയെന്റെ പൊൻകണവാ

ചന്ദനവും നല്ല കുങ്കുമവുമായ്

വെന്തു മണമിതാ വരുന്നുണ്ടല്ലൊ

അപ്പുറം കുഞ്ഞുപീതമം പിടഞ്ഞുണർന്നു

എന്റെ കൊട്ടാരങ്ങളാണു കേട്ടോ

എന്റെ അമ്മയെയും ചേട്ടന്മാരെയും

കണ്ണീച്ചിവനത്തെയെ കണ്ടാനമെങ്കിൽ

ഇപ്പോതന്നെയങ്ങു പോകണമല്ലൊ

പോകാനായിപ്പിന്നെ ഇറങ്ങുമ്പോഴ്

പോകാൻപാടില്ലെന്നു തടുത്തുകന്നി

നെ മറന്നു നീ പോകയാണെങ്കിൽ

ഞാനന്നാ വൈഴംകേററി മരിപ്പിച്ചിട്ടും
വൈഴവെവിടെയെന്നു പീമനന്നുകേട്ടു
പെരുവിരലിലെന്നു കന്നിയും ചൊല്ലി
വെക്കംതെരതെരെയൊന്നടിച്ചു പീമൻ
പെരുവിരലിനെ തല്ലിക്കളഞ്ഞു പീമൻ
പോകാനായിപ്പീമൻ ഇടങ്ങുമ്പോഴ്
മാനെവിട്ടു കന്നി തെണ്ണുവല്ലോ
കേട്ടും കെട്ടുമെൻറതപ്പുനാരെ
ഞാനും കൂടിയിന്നു വരുന്നുണ്ടല്ലോ
അല്ലെങ്കിൽ ചുണപാതി തരികവേണം
അപ്പം കഞ്ചുപീമൻ മകനായിട്ട്
മൂന്നരയണൊരുവൻ വെലംകൊണ്ടു
കഞ്ചുപീമനുടെ യാത്രയായ്
അഞ്ചുതലയുള്ള നാഗമൊന്നു
കഞ്ചുപീമൻതൻറ വഴിമുടക്കാൻ
വന്നു വഴിതന്നിൽ കിടന്നു പാടെ
അങ്ങോട്ടുനീങ്ങെന്നു പോകണമെന്നു
അങ്ങോട്ടേയ്ക്കു പോകവേണമെങ്കിൽ
തലയാറാമെണ്ണിയാ പോയിക്കൊൾക
തലയാറാമെണ്ണീമൻ തടഞ്ഞാനിട്ടും
കട്ടമാലയായ്ക്കണ്ടു കടഞ്ഞിടിപീമൻ

... ...

വാലറാമായ്നോക്കി പോയിക്കൊൾക

... ...

കരുതകാനെട്ടുത്തന്നാക്കളിക പീമ
കഞ്ചുപീമൻ കോപം കൊണ്ടുരവാക്കം
തകുതകമെന്റെട്ടതിട്ടാനടിച്ചിട്ടു
നീയാരെന്നു ചോദിച്ചുടനെ പീമൻ
നീയാരെന്നു ചോദിച്ചുടനന്നാകം
അഞ്ചുപേരിലുള്ള പാണ്ഡവന്മാരിൽ
അഞ്ചിലിളയവനാം കഞ്ചുപീമൻ

... ...

തിൻറയുള്ളന്നോന്ന കതിർക്കുലകൾ
അപ്പോൾ വന്നുചേർന്നിപ്പടനെ പിന്നെ
ഏഴണയോ നല്ല വെയിലത്തുനിന്നു
കൊറിയെടുത്തുണക്കിയിട്ട് പിന്നെ
കുന്നോളമാകി നടന്നുവാണം
ഇരറ്റിൻറനല്ല പാഴ്ക്കുല്ല്
തിൽക്കും പനച്ചുറ്റി പുഴുങ്ങി
വെള്ളത്തിലൂറ്റിക്കിയെടുത്തു കൊണ്ടു
തിണ്ണയിലിങ്ങു നടക്കപ്പോഴ്

... ...

ചെപ്പം കരുമന്റെ മണിയോദേ
പിന്നെ കൂവുമോ തലക്കമന്നു
അപ്പുറത്തെപ്പുറന്നു മണിയമരു
ചെട്ടരുടേ എന്റെ പതക്കമു
തെല്ലും വിഷമങ്ങളെച്ചു പിന്നെ
ഇന്നിയമ്മേ എന്റെ ചെയ്തതെല്ലു
റിണ്ടപ്പുവച്ചു പിന്നെന്റ്
വായിച്ചു മരിച്ചുതരുന്നു പിന്നെ
ഇന്നിയമ്മോ എന്റെ കാര്യമെല്ലാ
മരിച്ചു വഞ്ചിയിൽ വച്ചു കടലുതന്നിൽ
ഒഴുക്കിയതാരു അങ്ങതു പിന്നെ
ഇന്നിയാരമ്മേ [illegible]

... ...

അപ്പൂട്ടിയുടെ [illegible]
മണിമുടിയിട്ടു തിക്കന്നും
വന്നുവീഴുന്ന തിയിൽ പാടിക്കളെല്ലാം
[illegible] തെളിയുന്നു പുതിയികൾ
അപ്പോം തിരിച്ചു [illegible] പിന്നെ
ഓരോ പിന്നെപ്പുറം [illegible]
ചെട്ടമാരെല്ലാം വന്നതിരിന്നു
മാടവത്തിൽ [illegible] കിടയാരെ

നനകിഴങ്ങും നല്ല കിഴങ്ങുംതിന്നു
അവിടെക്കണ്ടതെവിടും മക്കളും പാർത്തു.

കാന്താരിഅമ്മതമ്പുരാന് "ആപത്ത്യകെട്ട കട്ടതാണെന്നും" മററും വിചാരിച്ചിരുന്ന നിരവെഴുത്തു വായിച്ചിട്ട് ആ അമ്മതമ്പുരാനെ "കണ്ണിച്ചീവനത്തോടെ" കാണാൻ പുറപ്പെട്ട കണ്ടപ്പീമ്മാൻ പേട്ടനായും തിരിച്ചു കരനാട്ടിലെത്തുന്നു. പൂമാലയും അവരുടെ പിറകെ കൂട്ടുന്നുണ്ട്. അങ്ങിനെ നാലഞ്ചുദിവസം കഴിയുന്നു. ഹതാശയായ കാന്താരിഅമ്മ തമ്പുരാൻ ഇതിനിടയിൽ എന്തെല്ലാം കാട്ടിക്കൂട്ടിയിരിക്കണമെന്ന രൂപമില്ല. കരനാട്ടിലെ കാര്യങ്ങളെക്കുറിച്ചും ഒരു വിവരവുമില്ല. "ഉദ്ദരിതള്ളിപ്പുതിനാടിപ്പുതിവരമെ" ഇത്യാദി നിദേശങ്ങൾ കൊണ്ട് വീട്ടുകാര്യങ്ങൾ—അല്ല—കൊട്ടാരകാര്യങ്ങൾ സ്വാമാകിയ ഭാവണമെന്നപ്പോലെ കണ്ടപ്പീമാൻ പൂമാലയെ വല്ലപ്പില്ലാ ജോലികൾക്കായി ചുമതലപ്പെടുത്തിയോ അതല്ല "അരുതാപേതങ്ങൾ പോയാലെല്ലാ, ആരുപേതങ്ങൾ വരമെന്നമേ" എന്ന ശപഥത്തെ നിറവേററിയതിന്റെ ശേഷം ആ വാരവിലാസിനിയെ തിരിയെ കരനാട്ടിലേക്കയച്ചോ, അതുമല്ല കാന്താരിഅമ്മതമ്പുരാന്റെ അട്ടകളയിലോ മററോ വളർന്നിരുന്ന പാചകവൃത്തി പരിചയിപ്പിച്ചയച്ചു അവളെ കണ്ടുതാവിയുടെ അട്ടകളയിലേയ്ക്കുതന്നെ പ്രമോഷൻചെയ്തു നിയമിച്ചോ എന്നുള്ള വിവരങ്ങളറിയാൻ ആഗ്രഹിക്കുന്നവർ പാഴൂർ കണിയാന്റെ പടിപ്പുരയിലേയ്ക്കുതന്നെ പോകേണ്ടിയിരിക്കുന്നു. "എനിക്കൊന്നില്ല രാമ! നീയിനിക്കൊന്നായ് ഭവിക്കവേണം ഗജേന്ദ്രസ്യന്ദരാനന" ഇത്യാദി ശ്രീരാമനോട്ട കരഞ്ഞുകേറി കഥപറഞ്ഞുതുടങ്ങിയ ശൂർപ്പണഖയെപ്പോലെ വല്ല പൊടിക്കൈകളും കാണിക്കാൻ പൂമാല സന്നദ്ധയായോ എന്നും അറിയുന്നില്ല. എന്തായാലും പാണ്ഡവരുടെ "വനവാസം മുടിപ്പാൻ" കാന്താരിഅമ്മതമ്പുരാൻ ഏ

പ്പെടുത്തിയ പാർല്ലമെൻറ് ഉദാസീനമായി കഴിഞ്ഞുകൂടുന്നില്ല. പല കാൎയ്യങ്ങളും അവിടെ കടന്നു വീഴുകയും അവ പല രൂപാന്തരങ്ങളോടുകൂടി വെളിയിലിറങ്ങി കരനാട്ടിലെത്തി കണ്വപീമൻറെ നേരെ കയറുകയും ചെയ്യുന്നു. അവകൊണ്ടുണ്ടാകാവുന്ന അപകടങ്ങളെ കണ്വപീമൻറെ സാമൎത്ഥ്യം ഭഞ്ജനം ചെയ്യുന്നു. കണ്വപീമനെ കുടുക്കാൻ കാന്താരിയിട്ട അനേക വഴികളും പൊളിയുന്നു. ഇതുകൊണ്ടൊന്നും ഒരു അത്ഭുതത്തിന് അവകാശമില്ല. പണ്ട് രാജസ്ത്രീപുരുഷന്മാർ അവരുടെ അഹിതപക്ഷക്കാരെ ധ്വംസിക്കാൻ വല്ല യന്ത്രങ്ങളോ തന്ത്രങ്ങളോ സൃഷ്ടിക്കുന്നപക്ഷം അവരുടെ രഹസ്യം അറിഞ്ഞിരുന്നാൽ തന്നെയും ആ പക്ഷക്കാർ അവശ്യാധീനമായി ജീവനെ നശിപ്പിക്കാൻ സന്നദ്ധരാവുക പതിവായിരുന്നപ്പോൾ. ഈ പതിവിനെ അനാദരിക്കുന്നത് അപമാനകരമായും കരുതിയിരുന്നു. ഈ വഴിപ്പാട് കാന്താരിയമ്മ യാതൊന്നും മറന്നുകളഞ്ഞതില്ല. കരനാട്ടിലെ കൌശലക്കാരിയായ കാന്താരിയുടെ ശില്പകലാചാതുൎയ്യത്തിന്റെ ഫലമായി ഒരു ഓടക്കുഴൽ ഉണ്ടാക്കപ്പെടുന്നു. ഈ കുഴലിനകത്തു ഒരു സൎപ്പത്തിനെ ഒളിച്ചു കറ തീൎത്തു കരനാട്ടിലേക്കയക്കുന്നു. ഓടക്കുഴൽ കണ്ട മാത്രയിൽ കണ്വദേവിയും മക്കളും അതിന്റെ രഹസ്യം ഗ്രഹിക്കുന്നു. എന്നാൽതന്നെയെന്തോ? കുഴൽ തിരിച്ചയയ്ക്കാമോ? ഇവർ ഉൽകൃഷ്ടരാജവംശത്തിലുള്ളവരല്ലേ? അതിനെ ഉപയോഗിക്കാതിരിക്കാമോ? മാനക്ഷയമല്ലേ? രാജധൎമ്മഭ്രംശത്തിൽ ഭേദം ജീവനാശം തന്നെയെന്നു കണ്വദേവിയും കുഞ്ഞുങ്ങളും കരുതി. കണ്വപീമൻറെ ജീവിതദശയുടെ അന്ത്യഘട്ടം ആസന്നമായതിനെയോർത്തു കരനാട്ടു മുഴുവൻ മുറവിളിയായി. കണ്വദേവി മാറത്തടിച്ചും തൊഴിച്ചും കണ്ണീർപൊഴിച്ചും വാവിട്ടലച്ചും നിലത്തുപതിച്ചും ഉരുണ്ടും പിരണ്ടും മോഹാലസ്യപ്പെട്ടും ഒന്നുരണ്ടുനാളും കഴിച്ചു. ഫലമെന്ത്? കണ്വപീമൻ ഓടക്കുഴലൂതാൻ

തയാറായി. കാലധർമ്മം പ്രാപിച്ചാലുള്ള ക്രിയകൾക്കു വേണ്ടതെല്ലാം ഒരുക്കങ്ങളായി. നാട്ടുമുഴുവൻ രോദനപ്രതിദ്ധ്വനികൊണ്ടു മുഴങ്ങുന്നതിനിടയിൽ ആ കൊച്ചുതമ്പുരാൻ ഓടക്കുഴലൂതി. ഹാ! കഷ്ടം! ആ മന്ത്രാക്ഷരങ്ങൾ കഴുത്തിലിൽ വിടരുന്ന തളർന്ന കണ്ഠത്തോടെ ഉരുവിട്ടിരുന്ന ഘോരസർപ്പം അദ്ദേഹത്തിന്റെ അധരപുടത്തിൽ കൊത്തി. ദുഃഖാർത്തരായ്, കണ്ണുപിതൻ മരിക്കുമ്പോൾ നിശ്ചേഷ്ടിതരായിരുന്ന മഹാജനങ്ങളുടെ മുമ്പിൽവെച്ച് ഈ ലോകത്തോടു യാത്രപറഞ്ഞു. പിന്നീടുണ്ടായ കോലാഹലം വിവരിക്കേണ്ടതെങ്ങനെ? മൃതശരീരത്തെ കളിപ്പിച്ചു ശുഭ്രവസ്ത്രങ്ങൾ, ഗന്ധചന്ദനാദിലേപനങ്ങൾ, സുഗന്ധദ്രവ്യങ്ങൾ എന്നിവകൊണ്ടലങ്കരിച്ച് ഒരു ശവമഞ്ചത്തിനകത്തു കിടത്തി കാല്ക്കലും തലയ്ക്കലും വിളക്കുകളും കത്തിച്ചുവെച്ച് ഈ ദുഃഖവൃത്താന്തത്തിന്റെ വിവരങ്ങളടങ്ങിയ ഒരു കുറിപ്പും നിക്ഷേപിച്ച് ആ ശവമഞ്ചത്തെ പൂട്ടി, നാലുപേർ ചേർന്നു കെട്ടിത്തൂക്കിയതിന്റെ ശേഷം അതിനെ കടലിൽ ഒഴുക്കി. ആ ശവമഞ്ചം കാറ്റിന്റെ ഗതിയനുസരിച്ചു മന്ദമായൊഴുകിപ്പോയി. ഈ ഘട്ടത്തിലാണ് മഹാഭാരതത്തിലെ "നാഗകന്യകയുടെ മാലയിട്ടടം" ആരംഭിക്കുന്നത്. കഥ ഈ വിധമാകുന്നു.

ശാപഗ്രഹീതയായ നാഗപുരത്തിലെ നാഗകന്യക സോദരിമാരുമൊത്ത് കാന്തന്മാരോടു ചേർന്നു സുഖിക്കുന്നതിനെയോർത്തു വ്യസനാവിഷ്ടയായി മുല്ല, ചെമ്പകം മുതലായവ നട്ട് താൻ മർത്ത്യയാകുന്ന കാലത്തു മാത്രമേ അവ പൂക്കാവു എന്നു സത്യം ചെയ്ത് അവയെ നനയ്ക്കുന്നു. ഇങ്ങനെ ആറുദിവസം കഴിഞ്ഞു ഏഴാംദിവസം നനയ്ക്കുന്നതിനാരംഭിച്ചപ്പോൾ സുഗന്ധമേറ്റ് ആ കന്യക ആശ്ചര്യചകിതയായി. സത്യഭംഗം നിമിത്തം കോപാധീനയായ അവൾ വളർത്തിയിരുന്ന

കിളിയേയും വണ്ടിനേയും തുറന്നുവിട്ടു. അവ രണ്ടും ഭയമില്ലാതെ പറന്നു തിരിയുമ്പോൾ ഒരു വഞ്ചി സമുദ്രത്തിൽക്കൂടി വരുന്നതുകണ്ട് വണ്ടിന്റെ സഹായത്താൽ കിളി വഞ്ചിക്കകത്തു കടന്ന് അതിൽ നിക്ഷേപിച്ചിരുന്ന കുറിപ്പ് എടുത്തുംകൊണ്ടു നാഗപുരത്തു പറന്നെത്തി. അതു നാഗകന്യകയുടെ മുൻപിലിട്ടു. ആ കന്യക നോക്കി വിവരമറിഞ്ഞു് വഞ്ചി പിടിച്ച് അതിനകത്തു വിഷാവേശം കൊണ്ടു മരിച്ചതുപോലെ കിടന്നിരുന്ന ഭീമന്റെ ദേഹത്തെ പുറമേ എടുത്തു് വിഷബാധയകററി. അനന്തരം ആ രാജന്യവരനോടു ചേർന്ന് ആ ഭാഗ്യവതി കുറേനാൾ സുഖമായിരുന്നു. പിന്നീട് അവർക്കൊരു പുത്രനുണ്ടായി. അങ്ങനെയിരിക്കെ ഒരു പ്രഭാതത്തിൽ ചന്ദനമരത്തിൽ തീ കത്തിയാലുണ്ടാകുന്ന സൌരഭ്യമേററ് ഭീമൻ തന്റെ പൂർവകഥയേയും നിലയനത്തെയും സ്മരിച്ചു. നാഗപുരത്തുനിന്നു പോകാൻ ഭാവിച്ച അദ്ദേഹത്തെ പ്രിയതമ തടുത്തു. അതു ഗണിക്കാതെ അദ്ദേഹം വീണ്ടും യാത്രയായി. അനന്തരം പുത്രൻ തടുത്തു. ആ ബാലനെ ഒരുവിധം സമാധാനപ്പെടുത്തി തിരിച്ചു. മാർഗ്ഗമദ്ധ്യേ സംഭവിച്ച ചില വിഘ്നങ്ങളെ പരിഹരിച്ചിട്ട് അമ്മയുടേയും സോദരന്മാരുടേയും സമീപത്തിൽ ചെന്നുചേരുകയും കാന്താരിയമ്മതമ്പുരാന്റെ കുത്തകേട്ടെന്നിമിത്തം കുന്നാട്ടിലെ കൊട്ടാരത്തിൽ പിടിച്ച തീയടിച്ചുകെടുത്തി സുഖമായിരിക്കയും ചെയ്തു.

ഈ കഥ നാഗപുരത്തു നടന്നതായിട്ടാണ് കാണുന്നതു്. മത്സ്യസംസ്ഥാനങ്ങളിൽ ഉൾപ്പെട്ട നാഗപുരം മഹാഭാരതകഥാകാലത്തു് ഇൻഡോസിതിയന്മാരെന്ന നാഗന്മാരാൽ അധിവസിക്കപ്പെട്ടിരുന്നുവെന്നും ആ സമുദായത്തിലെ ഒരു കന്യക ഭീമന്റെ പ്രണയിനിയായി ഭവിച്ചുവെന്നും വിചാരിക്കുന്നവരും ചിലരുണ്ടായിരിക്കാം. ഊട്ടും പാട്ടും കൊണ്ടു സർപ്പങ്ങളെയും

അവയുടെ പ്രതിരൂപങ്ങളെയും പൂജിച്ചുപോരുന്ന സാക്ഷാൽ നാഗപുരമായ മലയാളഭൂമിയിൽ ഈ കഥ നടന്നുവെന്നു കരുതുന്നവരേയും ഇടയ്ക്കിടെ കണ്ടേയ്ക്കാം. പക്ഷെ സർപ്പങ്ങളും പ്രജകളും സർപ്പരാജൻ മണ്ണകത്താവും ആയ ഒരു നാട്ടിൽ ഈ കഥ നടന്നതായിട്ടോ ഒരു പാമ്പിൻകുഞ്ഞിനെ ഭീമൻ ഭാര്യയാക്കിയതായിട്ടോ വ്യാഖ്യാനിക്കുന്നവരോടു സമാധാനം പറയേണ്ടതു് എന്താണ്? മദ്ധ്യേന്ത്യയിലെ അമരാവതി പട്ടണത്തിൽ മിസ്റ്റർ ശങ്കരൻനായരുടെ ആദ്ധ്യക്ഷത്തിൽക്കൂടിയ കോൺഗ്രസ്സിനെപ്പററി മേൽപ്പറയപ്പെട്ട വിദ്വാന്മാരുടെ പിൻഗാമികൾ ഒരുകാലത്തു വിവരിക്കയാണെങ്കിൽ കോൺഗ്രസ്സ് യോഗം ഇന്ദ്രനഗരിയായ സാക്ഷാൽ അമരാവതിയിൽ കൂടിയിട്ടുണ്ടെന്നും അന്നു ശങ്കരൻ എന്ന തിരുനാമമുള്ള ത്രിപുരമേശ്വരനാണ് ആദ്ധ്യക്ഷ്യം വഹിച്ചതെന്നും, നായർ എന്നതു-നായകർ-നായകൻ-അതായതു്-സാക്ഷാൽ ലോകനായകൻ തന്നെയാണെന്നും വ്യാഖ്യാനിക്കില്ലെന്ന് എങ്ങനെ തീർത്തുപറയാം? എന്നാൽ മഹാഭാരതത്തെപ്പററി പറയുമ്പോൾ ഈ ആലാമാലകൾ ഒന്നും ഒത്തിട്ടു കാര്യമേയില്ല. ഡങ്കൻ സായ്പിന്റെ ഇൻഡ്യാഭൂമിശാസ്ത്രമോ സിങ്ങ് ഉയർധാരയുടെ ഇൻഡ്യാചരിത്രമോ മഹാഭാരതകാരൻ സ്വപ്നത്തിൽപോലും സ്മരിച്ചുകാണുകയില്ല. ദുര്യോധനൻ ഭീമനു വിഷം കൊടുക്കയും അനന്തരം അദ്ദേഹത്തെ കെട്ടി ഗംഗയിൽ ഇടുകയും ചെയ്തുവെന്നും അദ്ദേഹം ഒഴുകി നാഗപുരത്തു് എത്തിയെന്നും അവിടെവെച്ചു് ഉരഗദംശനത്താലുള്ള വിഷമേററു് മുൻവിഷം നശിച്ചുവെന്നും അർജ്ജുനൻ തീർത്ഥസ്നാനത്തിനായി പോയ അവസരത്തിൽ അദ്ദേഹം ഉലൂപിയെന്നൊരു നാഗസ്ത്രീയെ പ്രിയതമയായി സ്വീകരിച്ചുവെന്നും ആ വധുവിൽ അദ്ദേഹത്തിനു് ഇരാവാൻ എന്നൊരു പുത്രനുണ്ടായി എന്നും കൽഹാരപുഷ്പാഹരണത്തിനായി ഭീമൻ പോകുമ്പോൾ ഹനുമാൻ ഒരു മരച്ചോട്ടിൽ കിഴവനാ

യി വഴിയിൽ കിടന്നാരെന്നും അവർ തങ്ങളിൽ കുറെ വാഗ്വാദങ്ങളും മറ്റും ഉണ്ടായശേഷം കഥാനായകനെന്നു് ഇരാവതം പിടിഞ്ഞുവെന്നും മറ്റും ഭാരതം കഥയിൽ നിന്ന് മാവാരതക്കാരൻ കേട്ടിരിക്കാം. ഇതൊക്കെ അവരാം കൂട്ടിച്ചേർത്തപ്പോഴും "അമ്പിളിമുഖിയാൾ" ആയ "കമ്പുപിടിമകൻ" "വിഴമെറച്ചു" വഴിയിൽ നാഗപുരത്തേയ്ക്കു വഴികാട്ടിയതായും അനന്തരം നാഗകന്യകയെ ആ വില്ലാളി മാലയിട്ടതായും കുറെനാൾ കഴിഞ്ഞു കന്നാട്ടിലേയ്ക്കു യാത്രതിരിച്ചു "കമ്പുപിടിമകനെ." വഴിപാടായി വന്ന തക്ഷകനും "കെടുതകൊടുത്തതെന്നെ എടുക്കപ്പിമാ" എന്ന് അപേക്ഷിക്കയും ചെയ്തതായും പിന്നീട് അവർ അന്യോന്യം അറിഞ്ഞു പിരിഞ്ഞതായും മറ്റും വിവരിക്കുന്ന ഒരു കഥയുണ്ടായിരിക്കണമെന്നേയുള്ളു.

ഇനി പാട്ടിനെയൊന്നു പരിശോധിക്കാം. ആദ്യമായി നാഗപുരമാണു വായനക്കാർക്കു പരിചയപ്പെടുന്നതു്. എന്നാൽ നാഗപുരം എന്ന പേരല്ലാതെ അതിനെ സംബന്ധിച്ചു യാതൊന്നും വെളിപ്പെടുത്തുന്നതായി കാണുന്നില്ല. ബ്രിട്ടീഷ്മലബാറിലെ ഭാരതപ്പുഴയ്ക്കപ്പുറം മാത്രമില്ലെന്നു വാശിപിടിച്ചു വാദിച്ച നമ്പൂരിയുടെ കൂട്ടുകാരനല്ല മാവാരതകർത്താവെന്നു തീർച്ച തന്നെ. പക്ഷേ തിരുവനന്തപുരത്തെ കോട്ടയ്ക്കകത്തോ സാമൂതിരിയുടെ കൊട്ടാരത്തിന്റെയോ തൃശ്ശിവപേരൂർ വടക്കുന്നാഥക്ഷേത്രത്തിന്റെയോ പകർപ്പുകളെഴുതി നാഗപുരത്തു സ്ഥാപിക്കാൻ തോന്നാത്ത ആ വിദ്വാൻ അരസികനാണെന്നു ചിലർ പറഞ്ഞേയ്ക്കാം.

അവിടെ പ്രാകാരകവാടങ്ങളും കേളീസൗധങ്ങളും നാടകശാലകളും സഞ്ചാരവീഥികളും ഉള്ളതായി മാവാരതക്കാരൻ രേഖപ്പെടുത്തിയിട്ടില്ലെന്നുള്ള ഏകകാരണത്തിന്മേൽ നാഗപുരത്തെ തരംതാഴ്ത്തുന്നതു് അന്യായമായിരിക്കും. മാവാരത

കർത്താവ് നാഗപുരത്തു പ്രവേശിച്ച് അവിവാഹിതയായ രാജപുത്രിയെത്തന്നെ പിടിച്ചു വായനക്കാരുടെ മുമ്പിൽ തള്ളുന്നു. താൻ താരുണ്യദശയെ പ്രാപിച്ചിട്ടും പരിഗ്രഹീതയായിട്ടില്ലല്ലോ എന്നു ചിന്തിച്ചു വിലപിച്ചുകൊണ്ടാണ് ആ രാജന്യവിലാസിനിയുടെ പുറപ്പാട്. സംഭാഷണങ്ങളിൽ അവൾ മറ്റു പ്രകാരത്തിലുള്ള അനൗചിത്യവും ഇടയ്ക്കിടെ പ്രകടിപ്പിക്കുന്നുണ്ട്. പ്രായോചിതമായ ഭർത്തൃസമ്മേളനമുണ്ടാകാത്തതിനാൽ താൻ നിർഭാഗ്യവതിയാണെന്നും തന്റെ ജന്മം നാഗപുരത്തിനു കളങ്കമാണെന്നും അവൾ സ്വയമേവ തീർച്ചയാക്കിക്കൊണ്ട് വലയിൽ കഴുത്തിനെ കുരുക്കുവാൻ ഒരുങ്ങുന്നു. സന്താപങ്ങളിൽ സമാധാനപ്പെടാൻ കണ്ടുപിടിക്കപ്പെട്ടിട്ടുള്ള ഒരു തലയിലെഴുത്തുവിദ്യ എത്രയെത്ര പെരുപ്പക്കാരെ ഇപ്പോഴും അലസന്മാരാക്കിപ്പോരുന്നുണ്ട്! ഈവിധം പലതരത്തേയും അഭിവൃദ്ധിമാർഗ്ഗങ്ങളെ പ്രതിബന്ധിക്കുന്ന ഒരു സമ്പ്രദായം ഇത്ര ദീർഘകാലമായി ഇവിടെ നിലനില്ക്കത്തക്കവണ്ണം ഊന്നിപ്പിടിക്കാൻ കാരണം ബുദ്ധിശൂന്യതയാണ്. ഒരു തലയിലെഴുത്തു നാഗകന്യകയെ ഉൽകലികയാക്കാഞ്ഞത് നാഗപുരത്തു ബാല്യവിവാഹം നിർബ്ബന്ധിതമല്ലാതിരുന്നതിനാലായിരിക്കണമല്ലോ. പുരാണകാലങ്ങളിൽ ഒന്നും ഭാരതവർഷത്തിൽ ബാല്യവിവാഹം നടപ്പില്ലായിരുന്നുവെന്നു സീതാ, ദമയന്തി, ശകുന്തള, ദ്രൌപദി മുതലായ വിശിഷ്ടസ്ത്രീകളുടെ ചരിത്രങ്ങൾ തെളിയിക്കുന്നുണ്ട്. എന്നാൽ അനന്തരകാലങ്ങളിൽ അന്യമതസ്ഥന്മാരുണ്ടാക്കിക്കൊണ്ടിരുന്ന യുദ്ധങ്ങളും ജീവനാശങ്ങളും ഹേതുവാക്കൊണ്ട് രാജ്യം അലങ്കോലപ്പെടുകയും സ്ത്രീകൾക്കു നിവൃത്തിയുള്ളേടത്തോളം രക്ഷാകർത്താക്കന്മാരെ കാലേക്കൂട്ടി സമ്പാദിച്ചുവയ്ക്കുന്നതിനുള്ള ഒരു വിദ്യ അംഗീകൃതയാകയും ചെയ്തിരിക്കുന്നതിനാലുള്ള പരാധീനപക്ഷത്തിൽ ചില ന്യായങ്ങളില്ലെന്നില്ല. എന്നാൽ കേരളത്തിലെ പുരാതനനാട

പടികളറിയാൻ ശാകുന്തളത്തെ മനോജ്ഞമായുപയോഗിക്കുന്ന
പക്ഷം ബാല്യവിവാഹത്തിന്റെ ഉത്ഭവത്തെ പറ്റിയുള്ള സ
ന്ദിഗ്ദ്ധപക്ഷങ്ങളെ സ്മരിച്ചിട്ടുപോലും ആവശ്യമില്ല. എ
ന്തെന്നാൽ കേരളീയസമുദായങ്ങളിൽ ദാമ്പത്യബന്ധത്തി
ന്റെ പ്രധാനാംഗമായ വിവാഹം സ്ത്രീയുടെ ബാല്യദശയിൽ
തന്നെ നടത്തണമെന്ന് ഒന്നും നിർബ്ബന്ധമില്ലല്ലൊ. ഇതി
നനുരൂപമായ ഒരു നിർബ്ബന്ധം ഇവിടെ ഉണ്ടായിരുന്നതായി വിശ്വ
സിക്കത്തക്ക ലക്ഷ്യങ്ങളുമില്ല. എന്തായാലും ഇതു നാഗപുര
ത്തിലും നടപ്പില്ലായിരുന്നുവെന്നുള്ളതിലേയ്ക്ക് ശാകുന്തളത്താ
വ് ഒന്നാംതരംസാക്ഷിയായി നില്ക്കുന്നു. ഒരു അന്യഗൃഹത്തിലി
ന്ന രാജകന്യകയ്ക്കു പൂച്ചെടികൾ നട്ടു നനയ്ക്കുന്നതിനും ത
നിക്കു ഭർത്തൃസമാഗമമുണ്ടാകുന്നകാലത്ത് അവ പൂക്കട്ടെയെ
ന്നു സങ്കല്പംചെയ്തിട്ടു അതുവരെ കാത്തിരിക്കാനും അവസരം
ലഭിച്ചു. പുരാണകഥാനായികകളിൽ ചിലരും ഭർത്തൃഗൃഹങ്ങളി
ലേക്കുമുൻപേ പൂച്ചെടികൾ നട്ടുവളർത്തിയിരുന്നതായി കാണുന്നു.
കണ്വൻ "മുല്ലപ്പൂപോലെ സുകുമാരശരീരയായ" ശകുന്തളയെ
ആശ്രമവൃക്ഷങ്ങളെ നനയ്ക്കുന്നതിനാണ് നിയോഗിച്ചിരുന്ന
ത്. ഈ നിയോഗംകൊണ്ടും നിസർഗ്ഗസുന്ദരമായ അവളുടെ
വപുസ്സിനെ തപസ്സിന് അനുരൂപമാക്കിയതുകൊണ്ടും മററു
മാണല്ലൊ "ഇന്ദീവരത്തിന്റെ പത്രദളത്തിനാൽ, ഖണ്ഡനം
സമിത്തിനെ വെട്ടാനൊരുങ്ങുന്നീയും" എന്നു ദുഷ്ഷന്തൻ തീർച്ച
പ്പെടുത്തിയത്. എന്നാൽ നാഗകന്യകയ്ക്കു മാതാപിതാക്കന്മാർ
ഈ ജോലി കൊടുത്തത് അവൾ വ്യായാമസക്തയാകയാലോ
അതല്ല വിവാഹിതയാകുന്നതുവരെ ലഘുവും ആനന്ദകരവും
ആയ ഒരു ജോലിയിൽ ഏർപ്പെട്ടിരിക്കട്ടെ എന്നുവെച്ചോ അതു
മല്ല അലസത രാജസ്ത്രീകൾക്കുപോലും അനുചിതമാണെന്നു
കാണിച്ച് ലോകത്തെ ഒരു പാഠംപഠിപ്പിക്കാനോ എന്നു തീർത്തു
പറയാൻ നിവൃത്തിയില്ല. ഈ സന്തോഷപ്രദമായ ഉദ്യോഗത്തി

ന്റെ പ്രാരംഭക്രിയ നടന്നതു് ഒരു വെള്ളിയാഴ്ചദിവസം പ്രഭാതത്തിലാണെന്നു കാണുന്നു. ഇങ്ങനെയുള്ള അവസരങ്ങളെ സന്ദർഭങ്ങളായി ഗണിക്കപ്പെടുന്നതെന്താണെന്നല്ലൊ ഇതിൽനിന്നു് അന്വേഷിക്കേണ്ടതു്. പ്രഭാതത്തെ വെള്ളിവെളുക്കുന്ന സമയമായി പറയപ്പെട്ടിരിക്കുന്നു. വെള്ളി, രാത്രിയുടെ ആദ്യയാമത്തിലൊ അന്ത്യയാമത്തിലൊ വ്യോമത്തിൽ ഒരു ശോഭയനായി കാണപ്പെടുന്ന ശുക്രൻതന്നെയാണു്. സൂര്യമണ്ഡലത്തോടു സമീപിക്കുമ്പോൾ സൂര്യതേജസ്സുകൊണ്ടു വാനത്തിലെ മറു തേജഃപുഞ്ജങ്ങളെല്ലാം വിളറിപ്പോകുന്നതു സാധാരണമാകുന്നു. ഈ ലക്ഷ്യംകൊണ്ടത്രെ മാവാരതകർത്താവു പ്രഭാതത്തെ സൂചിപ്പിക്കുന്നതു്. മംഗളകർമ്മങ്ങൾക്കു് ആരംഭിക്കുമ്പോൾ കേരളത്തിൽ പതിവുള്ള "വെളുക്കും നിറനാഴിയും വയ്ക്കുക" എന്ന ഏർപ്പാടു് ഈ നാടകത്തിലും മാവാരതകാരൻ നടപ്പാക്കിയിരിക്കുന്നു. നാഴി, നാടകത്തിലെ ഒരു പാത്രമായിട്ടുതന്നെയാണിരിക്കുന്നതു് മാവാരതകർത്താവു നിശ്ചയിച്ചിരിക്കുന്നതു്. വെളുക്കും, അതായതു് വെളുത്ത തിരികൾ ഒരു ശുഭകർമ്മത്തിനു് ഉപയോഗപ്പെട്ടുവല്ലൊ. ഈ ചടങ്ങുകളെല്ലാം "എനിക്കൊരു മല വിതിച്ചപ്പോൾ, അല്ലിമല്ലിപ്പൂത്തുമിന്നീടേണം" എന്ന സത്യചൊല്ലായിരുന്നു. വെറും അചേതനങ്ങളായ പദാർത്ഥങ്ങൾപോലും സത്യത്തെ അനുസരിക്കണമെന്നുള്ള ആഗ്രഹവും അനുസരിക്കുമെന്നുള്ള വിശ്വാസവും വിശേഷമായിരിക്കുന്നു. ശുചീന്ദ്രം ക്ഷേത്രസന്നിധിയിൽവെച്ചു്, തിളച്ച നെയ്യിൽ കൈ മുക്കുന്ന സമ്പ്രദായവും മറ്റും ഒരു വിശ്വാസത്തിന്റെ ഫലങ്ങളായിരിക്കുന്നതാണെന്നു് ന്യായമുള്ളതു്. എന്നാൽ സത്യനിഷ്ഠയ്ക്കു് ആദിമകാലങ്ങളിലുണ്ടായിരുന്ന ബലം ക്രമേണ കുറഞ്ഞു് ഇപ്പോൾ വല്ലാത്ത ഒരു പതനത്തിലായിട്ടുണ്ടെന്നു് ഒരാൾ പറയുന്നതായാൽ അയാളെ പോരിനു വിളിക്കാൻ പലരുമുണ്ടായിരിക്കാം. ഇക്കാ

ളുള്ള് ഗവണ്മെന്റിന്റെ ശക്തിയേറിയ നിയമങ്ങളനുസരിച്ച് എഴുതി രജിസ്റ്റാക്കപ്പെടുന്ന പ്രമാണങ്ങളും, പണ്ട് ഒരു ക്ഷേത്രസന്നിധിയിൽവെച്ച് കുറിച്ചു വാങ്ങുകയായിരുന്നു പതിവ്. ഈശ്വരനെ സാക്ഷിയാക്കി ചെയ്യുന്ന സത്യത്തിന് അന്ന് അത്രമാത്രം ബലമുണ്ടായിരുന്നു. ഈവിധം കുറിക്കുന്ന ഇതിനെ വളരെ നാളുകൊണ്ടു മാറിവന്ന ഒരു ഏർപ്പാടായിരുന്നു. അതിനുമുമ്പേ ഇത് ഈശ്വരനെ സാക്ഷിയാക്കിട്ട് വാമൂലം നടത്തുക മാത്രമേ ഉണ്ടായിരുന്നുള്ളു. ഇപ്പോഴും അതെല്ലാം പോയിട്ടു രജിസ്റ്റർ ചെയ്യുന്നതാണെപ്പോലും നിഷേധിക്കുന്ന കാലമായിരിക്കുന്നു. ഹാ! എന്തു ഭേദം. മനുഷ്യർ നാഗരികസോപാനങ്ങളിൽകൂടി മുന്നോട്ടു പോകുന്തോറും അവർക്ക് സത്യനിഷ്ഠയിൽ പ്രതിപത്തി കുറഞ്ഞുകാണപ്പെടുന്നതെന്നുള്ളതിലേയ്ക്ക് അനുകൂലമായി എത്ര ഉദാഹരണങ്ങൾ പറയപ്പെടാമോ അതിലധികമോ അതിലും കൂടുതലായോ ലക്ഷ്യങ്ങൾ അതിന് പ്രതികൂലമായുണ്ടായിരിക്കാം. പക്ഷേ തിരുവിതാംകോട്ടു മഹാരണ്യനിവാസികളായ അപരിഷ്കൃതമനുഷ്യർ അവരുടെ സമുദായക്ഷേമത്തിനായി കല്പിക്കപ്പെട്ടിട്ടുള്ള ഏർപ്പാടുകളെ സംബന്ധിച്ചു കാണിച്ചുപോരുന്ന സത്യം, അനുസരണശീലം മുതലായ സദ്ഗുണങ്ങളും പരിഷ്കൃതമായ ഏതു സമുദായത്തിനും അനുകരണീയങ്ങളായിരിക്കുന്നു.

നാഗപുരത്തിലെ നാഗകന്യകയാകട്ടെ തനിക്കു വരവാമുണ്ടാകുന്ന കാലത്ത് മുല്ല പൂക്കട്ടെ എന്നു സത്യം ചെയ്തിട്ട് ആറു ദിവസം അതിനു വെള്ളം കോരുകയും ഏഴാം ദിവസം പതിവുപോലെ "ചെപ്പുകുടപ്പാന എടുത്തുംകൊണ്ട്", ചെമ്പു കയർപ്പാള എടുത്തുംകൊണ്ട്, വട്ടമൊളികൊടി ഏറങ്ങിയപ്പോ" മുല്ല പൂത്തു മണം വീശുകയും ചെയ്യുന്നു. ഉത്തരക്ഷണത്തിൽ ആ രാജകുമാരി പൊട്ടിക്കരഞ്ഞുകൊണ്ട് മുല്ലത്തറത്തിനരികെ

എത്തി അവിടെ മറിഞ്ഞുവീഴുന്നു. "നേരമില്ലയോമല്ലേ സ്വാതന്ത്ര്യമില്ലയോ, നേരമില്ലയോമല്ലേ നീതിയുമില്ലയോ" എന്നു ചോദിക്കയാണ് ചെയ്യുന്നത്. ഇത്രയുംകൊണ്ടു സമാധാനപ്പെട്ടോ? ഇല്ല. നേരെ കൊട്ടാരത്തിലേയ്ക്ക് കേറി വളരെ വാത്സല്യത്തോടെ കൂട്ടുകളിൽ അടച്ചു വളർത്തിയിരുന്ന കിളികളേയും പക്ഷികളേയും തുറന്നുവിട്ടു.

അങ്ങാടിയിൽ തോററതിന് അമ്മയോടാണ് പകവീട്ടുക. ഇങ്ങനെ വ്യസനമുണ്ടാകുമ്പോൾ പ്രിയതരങ്ങളായ വസ്തുക്കളിൽ താല്ക്കാലികമായിട്ടെങ്കിലും വെറുപ്പു തോന്നുന്ന മനുഷ്യസ്വഭാവം ഇതരജീവികൾക്കു ഗ്രഹിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിൽ അതിനു കാരണം അവയുടെ വിശേഷബുദ്ധിയില്ലായ്മതന്നെയാകുന്നു. രാജകുമാരിയുടെ മേൽ സ്ഥാപിക്കപ്പെട്ട പ്രവൃത്തിയെ കണ്ടുമുട്ട ഛേദിക്കാഞ്ഞതിനാൽ കിളികളെ പ്പ്രകളുടച്ചു കൊച്ചുശകലിന്റെ സ്വാതന്ത്ര്യത്തോടുപമിക്കാൻ ഒരിക്കലും തരമില്ല. ഭാവിഭാഗ്യത്തെ സംബന്ധിച്ചുണ്ടായിരുന്ന പ്രതീക്ഷ പാടെ വെട്ടിമറിക്കപ്പെട്ട അവസരത്തിൽ ഇത്രയൊക്കെ പ്രവർത്തിച്ചുപോയ രാജകുമാരിയെ കുററപ്പെടുത്തുന്നതിനു പകരം ആ സാധുവിനോടു കൂടി അനുശോചിക്കയാണല്ലോ വേണ്ടത്. ഭാവനാപടുവിന് ഇതു സമ്മതിക്കാൻ തരമില്ല. ആ വിദ്വാൻ രാജകുമാരിക്ക് ഒരു കിളിയെ മാത്രം സമ്പാദിച്ചു കൊടുത്തിരുന്നുവെന്നു വരികിൽ അതു തനിയെ കിടന്നു കഷ്ടപ്പെട്ടുമായിരുന്നു. അത്ര ഭൂഷണമല്ലാത്ത ഒരെണ്ണം തന്നെ നകാണിക്കാനായിട്ടോ അത്ര കഥയുടെ അനന്തരഫലത്തിൽ കിളിയെ സമ്പാദിക്കാൻ ഭാവനയും ഇതു കൂടി ഉണ്ടാക്കിക്കണമെന്നു കണ്ടിട്ടോ ഒരു വണ്ടിയും കൂടി രാജകുമാരിയുടെ കൊട്ടാരത്തിൽ പ്രവേശനം ലഭിച്ചിരിക്കുന്നതെന്നു തീർച്ചയില്ല. ജീവികൾക്ക് ആഹാരം കൊടുത്തു സംരക്ഷിക്കുന്നതു സൽകൃത്യ

മാണെങ്കിലും സ്വാതന്ത്ര്യത്തോടെ പറന്നുതിരിയുന്ന കുരുവി നെ ബന്ധിച്ച് അതിന്റെ സൈ്വരത ഇല്ലാതാക്കിയ അവസരത്തിൽ കേവലം വിനോദത്തിനെന്നല്ലാതെ അന്യായമായ യാതൊന്നിനെയും ആ കുമാരി ഉദ്ദേശിച്ചിരുന്നിരിക്കയില്ല. കിളിയെ ഗൃഹത്തിൽ വളർത്തുക പതിവുണ്ട്. എന്നാൽ വണ്ടുകളെ അപ്രകാരം ചെയ്യാറില്ല. ലോലങ്ങളായ ഇളംപുഷ്പങ്ങളിൽ പാറിപ്പിടിച്ചു കയറി അവയെ സദാ തിരിച്ചുകൊണ്ടിരിക്കുന്ന ശീമവല്ലികൾ രാജകന്യകയുടെ കൊട്ടാരത്തിന് എത്ര അലങ്കാരങ്ങളായിരിക്കുമായിരുന്നു! ആ രാജവധുവിന് എത്ര വിനോദകരങ്ങളുമായിരുന്നു! ഇതൊക്കെ ലേശം ചിന്തിക്കാതെ ഒരു വണ്ടിനെപ്പിടിച്ചു വളർത്താൻ ആ കുമാരിക്കു തോന്നിയത് എന്തുകൊണ്ടായിരിക്കാം? ശരി, ശീമവല്ലികളെ വളർത്താനുള്ള ശീമപ്പൂന്തോട്ടം നാട്ടുചുറ്റു ആ കാലത്തുണ്ടായിട്ടില്ലെന്നു വിചാരിച്ചു സമാധാനപ്പെടാം. ശീമത്തരങ്ങൾ പൗരസ്ത്യരാജ്യങ്ങളിൽ കടന്നുകൂടിയിട്ട് ഒരു മൂന്നൂറു വർഷത്തിലധികമായിട്ടില്ലെന്ന ചരിത്രത്തെ കാണിക്കുന്നുണ്ടല്ലോ. വണ്ടും കിളിയും മനുഷ്യരോട് സംഭാഷിക്കുന്ന ഒരുകാലത്തു ശീമയിലെ തരങ്ങൾ ഇവിടെ പ്രചരിച്ചിരിക്കാനിടയില്ല. ഈ ശീമത്തരങ്ങൾ പല വേഷപ്പകർച്ചകളോടുകൂടി "സ്വദേശി"വാശിയിലും "സ്വരാജ്"വഴക്കിലും കടന്നു പല കലാപങ്ങൾക്കും കാരണമായി തീർന്നിരിക്കുന്ന കഥ ആരറിയാത്തതു! അതങ്ങനെ. എന്നാൽ വല്ല വിധത്തിലും കൂട്ടകതകുതുറിച്ചു വെളിയിൽ ചാടുന്ന വിദ്യ നാഗകന്യകയുടെ കിളിക്കും വണ്ടിനും ഇല്ലായിരുന്നു. പ്രത്യുത അവ "ദൈവവശത്തിനില്ലം തേപ്പുളിതന്നിൽ" പാറിയിരുന്ന കരയുകയും അനന്തരം നിവൃത്തിയില്ലാത്തതിനാൽ പലേടങ്ങളിലും പറന്നുതിരിഞ്ഞു ഒടുവിൽ ഏഴാംകടലിന്റെ ഉൾക്കരയിൽതന്നിൽ എത്തുകയുമാണ് ചെയ്യുന്നതു. ഉൾനാടുകളിലെ മുത്തശ്ശിമാരെ

ടെ പഴങ്കഥകളിൽ പതിവായി പ്രത്യക്ഷപ്പെടുന്ന ഏഴാംകടലും അതിൽ ഒരാംകടലും അതിനകത്ത് ഒരു ചെന്താമരയും മാവാരതത്തിലും കടന്നുകൂടുന്നുണ്ട്. മാവാരതക്കാരൻ ഏഴാംകടലെന്നു സങ്കല്പിക്കുന്നത് ഒരു കടലിന്റെ ഉള്ളിലുള്ള വേറെ ഒരു കടലെന്നല്ലാതെ ഇപ്പോഴത്തെ ഭൂമിശാസ്ത്രവിദ്യാർത്ഥികളുടെ "ഭൂഗോളം കരയാൽ ചുറ്റപ്പെട്ട വിസ്തൃതമായ സമുദ്രാംശ"മായിരിക്കുകയില്ല. മാവാരതക്കാരന്റെ ഏഴാംകടലിൽ ചെന്താമര വിലസുന്ന കിളി ഒരു വഞ്ചിയൊഴുകി പറന്നതു കണ്ടു പറന്നെത്തി അതിനെ പിടിച്ചു നിറുത്തിയിരിക്കുന്നു. ആ വഞ്ചിയോ "അത്യുഗ്രമുടിയിച്ച പാണ്ഡവന്മാരിൽ, അഞ്ചിലിളയവനാം" പരിതകാരനാം ആയ "കാതരപിമനെ" വഹിച്ചുകൊണ്ടു വന്നതാണ്. മടന്തായ ആ വഞ്ചിയുടെ ഗതിയെ തടഞ്ഞ പക്ഷി "പദാതിഗജാശ്വരഥാദിസൈന്യത്തോടും ഒരു പത്രവാനായുധമുള്ള കല്പരാജനെപ്പോലെ ബന്ധനവും ത്തോടതിക്രൂരനായുഗ്രമെന്ന്" അപ്പിഴും പതനരക്ഷപ്യായമുറയുകയും ആർത്തികളുമാകയും" ചെയ്യുംവിധത്തിൽ യുദ്ധം തുടങ്ങിയ ഗരുഡരാജനായ ജടായുവോ "കോടിദിവാകരസംവർത്തകാഗ്നികളാൽ തേടിടുന്ന ദീപ്തികലർന്ന ചണ്ഡമുണ്ഡോജ്ജ്വലവിഗ്രഹമോടു" ആഖണ്ഡലൻതൻ പുരംപുക്ക വജ്രവും ശക്തിയും ദണ്ഡവും ഖഡ്ഗവും ശാർങ്ഗവും ബ്രഹ്മാസ്ത്രമാദിയാമസ്ത്രസമൂഹവും ചെമ്മെ വൃഥാഫലമെന്നാക്കി" ചതയുമാറ് ദേവന്മാരോടു യുദ്ധം ചെയ്ത ഗരുഡനോ അല്ല. നാഗകന്യകയുടെ അന്തഃപുരത്തിന്റെ ഒരു കോണിൽ തൂക്കിയിരുന്ന ഒരു സ്വർണ്ണക്കൂട്ടിനകത്ത് അടച്ചു സൂക്ഷിച്ചിരുന്ന "ചെല്ലക്കിളി"യാണത്രെ. ഈ കിളിയെക്കൊണ്ടു മാവാരതക്കാരൻ കാണിച്ചിട്ടുള്ള ഇന്ദ്രജാലജാലം രസകരങ്ങളാകുന്നു. വഞ്ചിയിൽ ഉണ്ടാക്കപ്പെട്ട ദ്വാരം അടയ്ക്കാൻ ഏഴാംകടലിൽ മുങ്ങി അധോഭാഗത്തുനിന്നു മണ്ണെടുത്തുകൊണ്ടുവന്നതും ഈ കിളിത

ന്നു. ഇക്കാലത്താണെങ്കിൽ മാവാരത്തക്കാരൻ തുത്തുക്കുടിക്കു സമീപം സമുദ്രത്തിൽ മുങ്ങി മുത്തുച്ചിപ്പികൾ വാരുന്നതിനു കിളിമരയും ബോംബെ ഹൈക്കോടതിയിൽ ഹാജരായി രാജദ്രോഹകേസിൽ ബാലഗംഗാധരതിലകന്റെ ഭാഗം വ്യവഹരിക്കുന്നതിനു വക്കീലിനേയും ചുമതലപ്പെടുത്തുമായിരുന്നു. മാവാരത്തക്കാരന്റെ കൈയിൽ കിട്ടുന്ന ഏതു വസ്തുവിനെക്കൊണ്ടും ഏതും ചെയ്യിക്കാൻ അദ്ദേഹത്തിനു യാതൊരു പ്രയാസവുമുള്ളതായി കാണപ്പെടുന്നില്ല.

നാഗകന്യക വഞ്ചിയുടെ വരവിനെപ്പറ്റി സകല വിവരവും ഗ്രഹിച്ചശേഷം അച്ഛനോട് "ഇപ്പോൾ വന്നതൊരു പുത്തൂരുതന്നെ എനിക്കായ് പിടിച്ചു തരണം അച്ഛാ" എന്നപേക്ഷിക്കുന്നു "പുത്തൂരു" എന്നാൽ "പുതിയ ഉരു" എന്നർത്ഥമാകിലെന്തുള്ളൂ എന്നത്രേ മാവാരത്തക്കാരൻ വിശ്വസിച്ചിരിക്കുന്നത്. ആ ദേശത്തിൽ തെക്ക് ഉരു വന്നിട്ടുള്ളത് അപൂർവമായിട്ടല്ലായിരുന്നുവെന്ന് ഈ ഭാഗം സൂചിപ്പിക്കുന്നു. തനിക്കുതന്നെ പിടിക്കാവുന്ന വഞ്ചിയുടെ ആഗമനത്തെപ്പറ്റി അച്ഛനെ അറിയിച്ചത് അന്യരാജ്യങ്ങളിൽനിന്നുവരുന്ന കപ്പൽ, ഉരു മുതലായവയ്ക്ക് രാജാക്കളിൽ ചിലത് അവകാശികളായുണ്ടായിരുന്നതുകൊണ്ടോ അച്ഛന്റെ അനുമതികൂടാതെ യാതൊന്നും പ്രവർത്തിക്കാൻ രാജകന്യകയ്ക്ക് സ്വാതന്ത്ര്യമില്ലാതിരുന്നതിനാലോ ഏതുകൊണ്ടെങ്കിലുമായിരിക്കാം ഉരുടെ. വഞ്ചിപിടിച്ചു കൊടുക്കണമെന്ന കന്യകയുടെ അപേക്ഷപ്രകാരം "എന്റെ ശേഷക്കാരെ നാലുപേരെക്കൊണ്ട്", അവരിലൊരുത്തനെ മാലയുമിട്ട്, നാഗപുത്രനിരിക്കുകൊൾക, എന്നു രാജാവു കല്പിക്കുകയും "വേണ്ടാവേണ്ടാ വേണ്ടാഎന്നച്ഛച്ഛാ" എന്നു കന്യക മറുപടി അറിയിക്കുകയുംചെയ്യുന്നു. മക്കത്തായം അനുസരിക്കുന്ന സമുദായങ്ങളിൽ, സ്ത്രീ അന്യകുടുംബത്തി

ലെ അംഗം മാത്രമാകുന്നു. നാഗപുരത്തിലെ കുമാരി വിവാഹിതയാകുമ്പോൾ അന്യരാജ്യത്തിലെ ഒരു രാജകുടുംബാംഗമാകണമെന്നല്ലോ ന്യായം. പക്ഷേ ശേഷക്കാരിലൊരാളെ മാലയിട്ടു നാഗപുരത്തുതന്നെ ഇരിക്കാൻ കല്പിക്കുന്നതുകൊണ്ട് നാഗപുരരാജാവ്, തിരുവിതാംകോട്ടയോ കൊച്ചിയിലെയോ കോഴിക്കോട്ടെയോ രാജവംശത്തിന്റെ അനുകരണക്രമം തന്നെ സ്വീകരിച്ചുകൊള്ളണമെന്ന സമുദായാചാരത്തെക്കൊണ്ടു നിർബന്ധമില്ല എന്ന വ്യാഖ്യാനം സംശയിച്ചേയ്ക്കാം. ഹാ! എത്ര സൂക്ഷ്മമായ കല്പന. പുത്രിയെ ശേഷക്കാരിലൊരുവന്റെ തലയിൽ കെട്ടിവച്ചു "ദൈവപ്രയോഗിക്കണ്ട" സാമ്രാജ്യസുഖൈശ്വര്യങ്ങളും തന്റെ പുത്രിയുമെല്ലാം അനന്തിരവന്നാക്കി കൃതകൃത്യനാകാൻ രാജാവുദ്ദേശിച്ചതെന്ന ത്രമില്ല. ഏതായാലും കുമാരി അതു വിസമ്മതിക്കയാണല്ലോ ചെയ്യുന്നതു്. മകളുടെ അപേക്ഷപ്രകാരം രാജാവു കടൽക്കരയിൽ ചെന്ന് "വെള്ളമൊഴുകുന്നുണ്ടെന്നിട്ടും കല്ലുപോലെ വരികിടപ്പതെന്ത്" എന്ന മന്ത്രം ചൊല്ലുന്നു. ഇതു പ്രയാസപ്പെട്ട കാര്യം സാധിക്കാനായി കന്യക ഒരു പഴുത്ത നാരങ്ങായെ മന്ത്രം ജപിച്ചു വെള്ളത്തിൽ ഒഴുക്കിയതേയുള്ളു. പുരാതനകഥകളിൽ നായകന്മാരോ നായികമാരോ അപകടങ്ങളിൽ ഉൾപ്പെടുമ്പോൾ അവരെ രക്ഷപ്പെടുത്താൻ ദേവേന്ദ്രനോ ബ്രഹ്മാവോ ചാടിവീഴുന്നതു സാധാരണമാകുന്നു. എന്നാൽ ഇടനാടുകളിലുള്ള പഴങ്കഥകളിൽ ദേവേന്ദ്രന്റെയും ബ്രഹ്മാവിന്റെയും സ്ഥാനങ്ങളെ മന്ത്രങ്ങൾ പിടിച്ചുകളഞ്ഞതായിട്ടാണ് കാണപ്പെടുന്നതു്. മലയാളത്തിൽ മന്ത്രവാദങ്ങളുടെ പ്രവേശനം നടപ്പെട്ടതു് ഏതുകാലത്തായിരുന്നാലും വളരെ അകലെ കിടക്കുന്ന ഒരു കാലത്തിനിപ്പുറമാണ് മന്ത്രം നിർമ്മിക്കപ്പെട്ടതെന്നു ഞാൻ അഭിപ്രായപ്പെടുമ്പോൾ ഗ്രന്ഥങ്ങളെ പരിശോധിച്ച് അവ നിർമ്മിക്കപ്പെട്ട കാലങ്ങൾ

നിസ്സാരവിഷയം ഈ ഗ്രന്ഥകാരന്റെ വൈഭവം വായനക്കാരെ ചിരിപ്പിക്കാതിരിക്കയില്ല. വിഷബാധയിൽ നിന്നു വിമുക്തനായ കഞ്ചുകിയെ നാഗങ്ങൾ മാപ്പാക്കിയതു നാഗകന്യകയെ മാലയിടുവിക്കുന്നു. എങ്കിലും "നിന്നെപ്പോലെ [illegible] ന്നി, നിങ്ങളോടു സമ്മതം ഇല്ലാ" എന്നു, അതുകൊണ്ടു "ഞാനുങ്ങളെ കടിക്കാതിരുന്നതു [illegible]" എന്നും മറ്റും കഞ്ചുകിയെ നാഗങ്ങൾ പരിഹസിപ്പാൻ നാഗകന്യകയെ തൊടുക കയും [illegible] കന്യകയെ കൊണ്ടു "പട്ടിയെന്നാണിന്നാ ശയം തോന്നുന്നു, മതി! കടിക്കാ കണ്ടിട്ടില്ലാത്തതു്, പോ യിരുന്നാലും [illegible] കെട്ട്, ഞാൻ നിങ്ങളെ ഉപദ്രവി പ്പിച്ചിട്ടുണ്ടോ" എന്നോ മറ്റോ കുട്ടികളുടേതു് കൊഞ്ചലിനെ യും [illegible] ഈ വിഷയങ്ങൾ നല്ല നാടകത്തിലെ സന്ദർഭങ്ങളിലൊക്കെ അതുമാത്രം കവി പ്ര വർത്തിച്ചിട്ടുണ്ട്.

"നാഗപ്പെണ്ണു വന്നിരിക്കയാണു, കന്നിയെക്കണ്ടു [illegible]" എന്ന ചുരുക്കത്തിൽ പറഞ്ഞുതീർക്കു ന്നതു് എത്ര രസമായി [illegible] കണ്ടുകൊണ്ടിരിക്കു ന്ന [illegible] ഇവർ കൊടിക്കൂറകളും [illegible] ക ലശങ്ങളും [illegible] കൊണ്ടുവരുന്നതും [illegible] ടുകാർ [illegible] "ചിലർ [illegible]! [illegible] എന്നും [illegible] ച്ച എഴുന്നള്ളുന്ന നാഗപ്പെണ്ണിന്റെ [illegible] താമസിച്ചു എന്നതിനെ [illegible] ആനകളി [illegible] എന്നുള്ള [illegible] കവിതയു് എന്നു ശങ്കിക്കേണ്ടിയിരിക്കുന്നു. [illegible]കൊണ്ടു് ഒരു വ ക [illegible] മലയാളം [illegible] വരുത്തി വെച്ചിട്ടുണ്ടു്. "കന്നിക്കു ഒരു കുഞ്ഞു പിറന്നതു മുതൽ ആ കു ഞ്ഞു് അച്ഛനെ തട്ടുന്ന നിലയാകുന്നതുവരെയുള്ള കഥ ര

ണ്ടുവരികകൊണ്ടു കഴിഞ്ഞുകൂടുന്നു. ഈ ഘട്ടത്തിൽ നമ്മുടെ മഹാഭാരതകാരന്റെ നായകന്മാർ മഹാഭാരതത്തെ ഒന്നു സ്മരിക്കയായി, അജ്ഞാതവാസകാലത്തു വിരാടനഗരത്തിൽ സംഭവിച്ച ഉപാഖ്യാനത്തെ ഫലം മാത്രമല്ലാതെ ഒന്നു സൂചിപ്പിക്കാനെങ്കിലും ആ വിദ്വാന് ഉദ്ദേശിക്കുന്നു. ഭീമസേനൻ വിഷമോദകം കാലകൂടത്തെ പ്രാപിച്ചുപോയതായി കഥയിലും കണ്ടുകളും വിശ്വസിച്ചിരിക്കെ അവർ അദ്ദേഹത്തെ തുക്കിയിട്ട് അന്വേഷണം നടത്താതിരുന്നത് ഒരു ന്യായമായി കരുതാനില്ലല്ലോ. ഉത്തരനാം ഒരു രാജകുമാരൻ സജീവനായി, ഒരു രാജകുമാരിയുടെ വരനായി, ഒരു ബാലന്റെ അച്ഛനായി, ഒരു മുണ്ടൊന്നാം കഴിഞ്ഞിട്ടും ഈ വൃത്താന്തമൊന്നും കേൾക്കാനിടവന്നില്ല. ഇതുപോലെയുള്ള നാട്ടിൽ ചന്ദ്രമനാം ഭ്രമിച്ചുനിന്ന സൌന്ദര്യത്തിന്റെ നാലുപാടുമുള്ള നീതിയിലെത്തിയിരുന്ന രാജകുമാരിയുടെ നാനാഭാഗ്യപ്രവേശനം ഒരുമിക്കുന്നു. ഈ വിവരം കവികുലത്തിലേന്ന അറിയിച്ചുകൂടനെ അദ്ദേഹം "പിടഞ്ഞുണരുക"യത്രെ പ്രയോഗങ്ങൾ കണ്ടാൽ തോന്നുക, കാളിദാസന്മാരുടെ ഭാവം എത്ര വിശേഷമായിരിക്കുന്നു! മഹാഭാരതകാരൻ അലങ്കാരികനല്ലെന്നാരാണു പറയാം! ദുഷ്ഷന്തന്റെ രഥം പായുന്നതുകണ്ട് ഒരുത്തനാളുമകിൽ തിരിച്ചുവരുമ്പോൾ പിറകിലേക്കുനോക്കിയും ശരീരമെനക്കുന്ന നായ് പൂർവ്വകായഗാത്രങ്ങളും പുറകിലുള്ളവരും വിസ്മിതരാനുമായി പലതിലേക്കുവെ ധാവനം ചെയ്തു മാനിനെയും കടിഞ്ഞാൻവിട്ടുകൂടനെ കഴുത്തറവുമിട്ടി ഉഷ്ണങ്ങളും ചവിക്കാതെയും മെല്ലികരും ശ്രമിച്ചുനിൽക്കയോ അത്ഭുതമായിങ്ങളായ ദൃശ്യങ്ങളെങ്കിലും അവയാൽ അലങ്കൃതങ്ങളായി ശ്രവ്യങ്ങൾ ഉച്ചരിച്ചിട്ടുള്ള ലോകങ്ങളെയും ഉണ്ണിച്ചിരിക്കുന്ന സംഭോഗങ്ങളുടെ സാക്ഷാത് ഭോഗ്യ ഗ്രഹ്രായ കാളിദാസനും മഹാഭാരതകാരനും തമ്മിൽ "എന്തൊന്തരം ഹന്തഹന്ത!" എന്നല്ലാതെന്തുപറയാം!

“എന്റെ അമ്മയേയും ജ്യേഷ്ഠന്മാരേയും കണ്ടിട്ടുവരാ ത്തെന്നെ കാണുന്നതാകിൽ ഇപ്പം തന്നെ ഞാനും പോകുന്നുണ്ടല്ലോ” എന്നു നിശ്ചയിച്ചുകൊണ്ട് ഭീമനും ഭക്ഷിച്ചതിന്നുശേഷം കൃത നാട്ടിലേക്കായി യാത്രയെല്ലാം കഴിഞ്ഞ് കണ്ടുപിടിച്ചു ആ രണ്ടു രാജ്യങ്ങളും തമ്മിലുള്ള അകലത്തെപ്പറ്റി യാതൊന്നും ചിന്തി ക്കാൻ ഇടകൊടുക്കാത്തതു് മഹാഭാരതകാരൻ കഥാഗതിയേ യും മറ്റുള്ളവയും കുറിച്ചുള്ള അതിസൂക്ഷ്മം കൊണ്ടായിരുന്നാലും റയിൽവേയുടെ പ്രാരംഭപ്രവർത്തകനായ ജോർജ്ജ് സ്റ്റീഫൻസ ന്റെ ജീവിതകാലത്തെ ഓർക്കുമ്പോൾ അറുപതുനാഴികയു കളുമുള്ള ഒരു സ്ഥലത്തേക്കു് ഒരു അത്യാവശ്യം പ്രമാണിച്ചു തനിയെ പോകേണ്ടിയിരിക്കുന്നവനും അതിനാൽ തന്നെ ക്ഷ യിക്കപ്പെട്ടു ഉടനെ ആ സ്ഥലത്തുമെത്താം ശരിയായ ഹെ ലികോപ്റ്ററാണെന്നും മറ്റും കവിതാപ്രാപ്തിയിൽ നാമമാ യി ബോധിപ്പിച്ച കരങ്ങൂർ പൊന്നിലെന്തോ ഒരു കൂട്ടുകാരനെ സൃഷ്ടിക്കയല്ലേ മഹാഭാരതകർത്താവു ചെയ്തതെന്നു ഞാൻ സംശ യിക്കുന്നു.

അമ്മയുടെ ജീവനെ രക്ഷിക്കാനായി പുറപ്പെട്ട പുത്ര നെ നാഗരാജകുമാരി തടുക്കുന്നേടത്ത്. മനുഷ്യരുടെ സ്വാ തന്ത്ര്യപ്രതിപത്തിക്കു് ഇതിലധികം ശ്രേഷ്ഠമായ ഉദാഹരണം ആവശ്യമുണ്ടോ? ഒരു ഘട്ടത്തിൽ കചനും ദേവയാനിയും ത മ്മിലുണ്ടായതുപോലെ ഒരു ചില്ലറ കലഹം ഭീമനും രാജകുമാരി യും തമ്മിൽ നടത്തുന്നു. ഒടുവിൽ നിവൃത്തിയില്ലാതെ കണ്ട് “മകനെവിട്ടു കന്നി തടുത്തുവല്ലോ” എന്നാണ് മഹാഭാരതം പ റയുന്നതു്. ഭീമസേനൻ തന്റെ പകുതിബലം പുത്രനു് കൊ ടുത്തുവത്രെ. ദ്രവ്യങ്ങളായ സാധനങ്ങളെപ്പോലെ ബലം മുത ലായ ഗുണങ്ങളും കൈമാറ്റം ചെയ്യപ്പെടാവുന്നതാണെന്നു് ഇ തു മഹാഭാരതകാരൻ നമ്മെ പഠിപ്പിച്ചിരിക്കുന്നു. ശാസ്ത്രവി ജ്ഞാനം അങ്ങോട്ടിപ്പോഴും കണ്ടുപിടിക്കപ്പെടാത്ത ഈ കാലത്തു തന്നെയും ധ

നവും ശ്രേഷ്ഠ്യവും വരിച്ചു ചെന്നിരുന്നാൽ അത്യുന്നതിതം ഉണ്ടാകാവുന്ന ഉപദ്രവങ്ങൾ വർണ്ണനീയങ്ങളല്ല. ആ സ്ഥിതിക്ക് അക്കാലത്തെ കഥ എന്തായിരുന്നിരിക്കാം. രാജകുമാരിയുടെ സംഭ്രമചാപലങ്ങളും ഭീമന്റെ ഭോഷത്തകൃത്യങ്ങളും നോക്കിയതിൽ അദ്ദേഹം നായകപുത്രനെ നിശ്ശേഷം ഉപേക്ഷിച്ചുപോകയാണ് ചെയ്തതെന്ന നിശ്ചയിക്കാം. സകല സദ്ഗുണസമ്പന്നയായ ഒരു രാജകുമാരി; നേരെ മറിച്ചു ദുർഗ്ഗുണ പൂർണ്ണനായ ഒരു രാജകുമാരൻ; രാജസമ്മതമായ വൃദ്ധവിവാഹം; ദമ്പതിമാരുടെ പ്രേമഭാജനമായി ഒരു പുത്രന്റെ ജനനം; ആ പുത്രന്റെ മേൽ അച്ഛനുണ്ടായിരിക്കേണ്ട ചുമതല; “പാരതന്ത്ര്യമർഹതി കന്യകാജനം”എന്നുള്ള പവിത്രമതം; ഇവയെല്ലാം ഒരു കാലത്തിൽ നോക്കുമ്പോൾ ഭീമസേനന്റെ ഒരു നിരാകരണം സ്വാതന്ത്ര്യത്തെപ്പററി എന്താണ് തോന്നുക ? സൂക്ഷ്മാലോചനചെയ്യുന്നതായാൽ ഈ വിഷയത്തിൽ ഭീമസേനനെയും ദോഷക്കാരെന്നും കുററപ്പെടുത്താനില്ല. ഭീമസേനൻ അദ്ദേഹത്തിന്റെ സമ്മതത്തോടെ ഗോപാലകന്റെ കവിതാബന്ധത്തിൽ ഉൾപ്പെട്ടിരിക്കയില്ലല്ലൊ. എന്നാൽ ഗോപലകനെന്നോ അവന്റെ ചുററും കാണപ്പെട്ട കാര്യങ്ങളെ കുറിച്ചുള്ളതു കഞ്ചുകിമന്ത്രിയും കഞ്ചുകിവിദൂഷകനും മററും തലയിൽ കയററിവെച്ചുവെന്നേയുള്ളു. മേല്പറയപ്പെട്ട സ്വാതന്ത്ര്യത്തെ ഏതേതു സമുദായങ്ങളാണോ അഭ്യാസികളാക്കിയതു! ആരാധിച്ചുവരുന്ന ആ സമുദായങ്ങൾ മററെല്ലാം ഗുണങ്ങളോടുകൂടിയവയായിരുന്നാലും ഇതരസമുദായങ്ങൾക്ക് അപഹാസ്യങ്ങളാണെന്ന പറയുന്നതിൽ ഇവിടെ അശേഷം സങ്കോചമില്ല. അനർത്ഥകാരണമായ ഈ സ്വാതന്ത്ര്യത്തെ നിശ്ശേഷം നശിപ്പിക്കേണ്ടതിനാകുന്നു സമുദായശ്രേയസ്പ്രസക്തന്മാർ ശ്രമിക്കേണ്ടതു്. ഈ ശ്രമത്താൽ അങ്കിതമാകാനുള്ള കാലം ഏതായിരിക്കാം!”

ഭീമസേനനെയുംകൂട്ടി വായുമണ്ഡലമാർഗ്ഗം ഒരു നാഗമണ്ഡ ന്നു തുടങ്ങുന്നു. ഇവർ തമ്മിൽ ചില വാഗ്വാദങ്ങളും മററും നടത്തിയശേഷം അന്യോന്യം വിവരമറിയിക്കുന്നു. ഒരു ഘട്ടത്തിൽ ഒരു കച്ചവടം നടക്കുന്നുണ്ട്. കച്ചവടമെന്നു പറയാൻ പാടില്ലല്ലോ. ഒരു കൈമാററമെന്നായിരുന്നാൽ ശരി; പുത്രന് ഇഷ്ടദാനം ചെയ്യുന്നതാണ്. വായു ഭീമസേനന് ഏഴ് ആനയുടെ ബലം കൊടുത്തുവെന്നാണ് ഞാൻ ഇവിടെ പറയേണ്ടിയിരിക്കുന്നതു്. പിന്നീട് കത്യപീമൻ കരിയാനപ്പുഴ തെടുത്തുംകൊണ്ടായിരുന്നു യാത്ര. സ്വിഫ്ററ് എന്ന ആംഗലേയകാരന്റെ "ലില്ലിപ്പുട്ടിലേയും ബ്രോബ്ഡിങ്ങ്നാഗിലേയും" മനുഷ്യർ നമ്മെ അത്ഭുതപരതന്ത്രരാക്കിയിരുന്നാലും അവരുടേയും അവരുടെ രാജ്യത്തിലുണ്ടാകുന്ന തരുലതാദികളുടേയും പരിമാണൌചിത്യം നമ്മെ അശേഷം വിസ്മയിപ്പിക്കുന്നതല്ല. എന്നാൽ ഗ്രന്ഥകാരൻ ഈ വിഷയത്തിൽ സ്വിഫ്ററിന്റെ സീമയേയും അതിലംഘിച്ചിരിക്കുന്നതായിട്ടാണ് കാണുന്നതു്.

"കത്യപീമൻ" കരനാട്ടിലെത്തി തിരിച്ചുകെട്ടതതിൽ പിന്നീട് അവരെ "ഘോരവനത്തിനുള്ളിൽ" ആക്കിയത്രെ. മഹാഭാരതകഥയിൽ ഉൾപ്പെടുന്ന പാണ്ഡവന്മാരുടെ ബിലപ്രവേശനമാണല്ലോ ഇതു്. അവിടെനിന്ന് ഹിഡുംബവനത്തിലേയ്ക്കായിരുന്നു അവരുടെ യാത്ര. വനത്തിൽ അവർ "നനകിഴങ്ങും നല്ലകിഴങ്ങും തിന്നു പാർത്തുപോൽ" "അർജ്ജുനനാപരാധംപോക്കുവാൻ തീർത്ഥങ്ങളിൽ, മജ്ജനംചെയ്തു സഞ്ചരിച്ച കാലത്തു് ഉലൂപിയെന്നൊരു നാഗവനിതയിൽ അദ്ദേഹത്തിന്നു് ഒരു പുത്രനുണ്ടായതായി മഹാഭാരതം പറയുന്നു. എന്നാൽ "കത്യപീമന്റെ" വീര്യപരാക്രമങ്ങളെ മാത്രം വർണ്ണിക്കുന്ന മഭാരതം നാഗകന്യകയുമായുള്ള വേഴ്ച്ച കത്യപീമനുതന്നെ

കൊടുത്തു. പക്ഷെ കാലത്തിനും അല്പം വ്യത്യാസംവരുത്തി. അൎജ്ജുനന്റെ തീർത്ഥാടനം പാഞ്ചാലീസ്വയംവരാനന്തരമായിരുന്നു. എന്നാൽ കഞ്ചുപിമൻ ഇതുകാൎയ്യം അതിനുമുൻപേ നടത്തി. ഭാരതകാരൻ ഇതിൽ ഒരു മുൻകരുതൽ ചെയ്തിരിക്കുന്നു. വാരണാവതത്തിൽ വസിച്ച കാലത്തു പാണ്ഡവരെ സംബന്ധിച്ച് പ്രത്യേകം പറയപ്പെടത്തക്കതായ വിശേഷങ്ങളൊന്നും ഉണ്ടായിട്ടില്ലല്ലൊ എന്നു വിചാരിച്ച് ഈയവസരം കഞ്ചുപീമനു നാഗപുരവാസത്തിനായി വിട്ടുകൊടുത്തു. ലക്ഷാഗൃഹദഹനത്തിൽ അമ്മയും സഹോദരന്മാരും ഉണ്ടാകുമായിരുന്ന അപകടത്തിൽനിന്നു അവരെ രക്ഷിച്ച് മയനിൎമ്മിതമായ ബിലത്തിൽ പ്രവേശിപ്പിക്കാൻ കഞ്ചുപിമൻ വഴിനടത്തുകയും ചെയ്തല്ലൊ. പക്ഷെ അവരെല്ലാം കൊള്ളിവയ്ക്കുന്നായി ദുൎയ്യോധനൻ ഇതിനുതള്ളിയയച്ച പുരോചനന്റെ വധവും, അയാളും "വണ്ണൻവാഴക്കുന്നക്കാളുന്നോനും, പൊണ്ണത്തടിയൻ ഭീമനും" തമ്മിലുണ്ടായ നേരമ്പോക്കുകളും മററും സരസമായി വൎണ്ണിച്ചിരിക്കുന്നു. കുഞ്ചൻനമ്പ്യാരെ ഈ വിഷയത്തിൽ സാക്ഷിയായി വിളിക്കയാണെങ്കിൽ ഭാരതകാരന്റെ മൊഴിപ്രമാണത്തിനു ദൌർബല്യം സംഭവിച്ചുപോകയില്ല എന്നു ഞാൻ സംശയിക്കുന്നു. എന്നാൽ കാലഗണനനിയമപ്രകാരം നമ്പ്യാരുടെ കാലത്തിനുമുൻപേ ഉറച്ചുപോയ തന്റെ പ്രമാണത്തെ ആക്ഷേപിക്കാൻ ആൎക്കും അധികാരമില്ലെന്ന് ഭാരതകാരൻ വാദിക്കുമായിരിക്കാം. "പട്ടങ്ങളെല്ലാം ബലവാന്മാരുടെ ഇഷ്ടത്തിനാക ഉണ്ടാകയും അഴിക്കയും ആവലാമോ" എന്നുള്ള മാർത്താണ്ഡവൎമ്മയിലെ സുന്ദരയ്യന്റെ അഭിപ്രായം ശരിയാണെന്നു വരുന്നപക്ഷം ഭാരതകാരന്റെ വാദത്തിനു എത്രത്തോളം ബലമുണ്ടായിരിക്കുമെന്നു ഞാനറിയുന്നില്ല.

കൽഹാരപുഷ്പാഹരണത്തിനായി "പെണ്ണിന്റെ മൊഴി കേട്ടു പാടിപ്പുറപ്പെട്ട" ഭീമസേനനെ ഹനുമാൻ പ്രച്ഛന്നരൂപനായി വന്നു തടുത്തുവെന്നു മഹാഭാരതം പറയുന്നു. നാഗപുരത്തുനിന്നു വരുന്ന കണ്ടുപീമനെ വാഴ വേഷം മറിവന്നു തടുത്തതായി മാവാരതം പറയുന്നു. പക്ഷേ മഹാഭാരതത്തിലെ ഭീമസേനനെ തടുത്തതു "കാഞ്ഞിരക്കൊമ്പും തിന്നു മരങ്ങളിൽ പാഞ്ഞു നടക്കുന്ന" ഒരു മരഞ്ചാടിയും, മാവാരതത്തിലെ കണ്ടുപീമനെ തടുത്തതു അത്ഭുതമായുള്ള ഒരു നാഗവും ആണ്. രണ്ടും വഴിമദ്ധ്യേ വെച്ചുതന്നെ.

നിഴൽക്കുത്തിലെപടം.

കണ്ടുപീമൻ തിരിച്ചുചെന്നതിനു ശേഷം അമ്മയെയും സഹോദരന്മാരെയും സമാശ്വസിപ്പിച്ചു് അവരെയും കൂട്ടിക്കൊണ്ടു വനത്തിലേയ്ക്കുപോകുന്നു. അവിടെ എത്തി പൂർവ്വപരിചിതയായ ഒരു കുറത്തിയെ അന്വേഷിച്ചു കണ്ടുപിടിക്കുന്നു. അവരും "തമ്പിരാക്കന്മാർക്കു നല്ല കിഴങ്ങുകളും" കൊടുക്കുന്നു. അവർ അതുകൊണ്ടുപജീവിക്കുന്നു. കുറത്തിമാടത്തിൽ എത്തിയുടൻ അവളോടു നല്ല കിഴങ്ങുകളെവിടെയെന്നു കുറവൻ ചോദിക്കുന്നു. "നല്ല കിഴങ്ങുകളില്ലല്ലോ" എന്നവളും ഉത്തരം പറയുന്നു. അവൻ അതു വിശ്വസിക്കാതെ കാട്ടിൽപ്പോയി പാണ്ഡവന്മാർ അവിടെയുള്ള വിവരം കണ്ടറിയുകയും അതു ദുര്യോധനനെ അറിയിക്കുകയും ചെയ്യുന്നു. ദുര്യോധനൻ അതു വാസ്തവമെന്നു വിശ്വസിക്കാതെ കുറവനെ കൊട്ടാരത്തിലാക്കുന്നു. അസ്ഥാനത്തിൽ നാരദൻ കടന്നുവന്നു് കുറവൻ ഉണർത്തിച്ചതു സത്യമാണെന്നു പറയുകയും അങ്ങനെ അവനെ രക്ഷിക്കയും ചെയ്യുന്നു. പാണ്ഡവന്മാർ മരിച്ചിട്ടില്ലെന്നറിഞ്ഞപ്പോൾ ഇനി നിഴൽക്കുത്തിയിടണം എന്നു കുറവനോടു ദുര്യോധനൻ ആജ്ഞാപിക്കുന്നു. അതിനുള്ള ഒരുക്കങ്ങൾ എന്തെല്ലാമാണെന്നു കു

വൻ പറയുന്നു. കിട്ടാത്ത സാധനങ്ങളാവശ്യപ്പെട്ട കറവനെ വെട്ടാൻ ദുര്യോധനൻ ഭാവിക്കുന്നു. കറവൻ വേറെ ചില സാധനങ്ങളും കൊണ്ട് കാര്യം സാധിച്ചുകൊള്ളാമെന്നു സമ്മതിക്കയും അങ്ങനെ നിഴൽക്കുത്തുക്രിയനടത്തി പാണ്ഡവരെ മോഹിപ്പിച്ചശേഷം സമ്മാനങ്ങളും വാങ്ങിക്കൊണ്ട് അവന്റെ വസതിയിലേയ്ക്കു പോകയും ചെയ്യുന്നു. കറത്തി ചില ലക്ഷ്യങ്ങൾകൊണ്ട് വിവരം ഗ്രഹിച്ചതിൽ കറവൻ രഹസ്യം പറഞ്ഞതുകൊണ്ട് അവരും കാട്ടിലേയ്ക്കു യാത്രയാകുന്നു. മകൻ അവരെ തടയുന്നു. മകനെ കീറി മുറിച്ചശേഷം അവരും വനത്തിലെത്തി ശരിയായ പ്രതിക്രിയ ചെയ്തു പാണ്ഡവരെ രക്ഷിക്കുന്നു.

ഇതാണ് നിഴൽക്കുത്തുകഥ. നിഴൽകുത്താനുള്ള ഒരുക്കങ്ങളും ക്രിയകളും മററും വിസ്തരിച്ചു ചില പാട്ടുകളിൽ കാണപ്പെടുന്നുണ്ട്. താഴെ ചേർക്കുന്ന പാട്ട് ഒരു ഭാഗം സംക്ഷേപം മാത്രമേയാകുന്നുള്ളു.

... ...

ഒക്കുമുടനവർ വനം പുകിന്നു
നമുക്കു നല്ല കറത്തിതന്നെ
തൊണ്ടുപിടിച്ചുള്ള കുട്ടിയല്ലോ
നല്ലകിഴങ്ങുകൾ കറത്തിയപ്പോൾ
പാണവേർകൊണ്ടു കെട്ടുന്നുടനെ
അക്കരത്തിലേക്കും തിരിച്ചുപോയി
മരത്തിലോ ചെന്നു കേറിയെന്നാൽ
കറവൻ കോപിച്ചിട്ടുടനെ കേട്ടു
നല്ലകിഴങ്ങുകളെവിടെയെന്നു
ചോദിച്ചപ്പോളവരും പറഞ്ഞുമെല്ലെ
നല്ല കിഴങ്ങുകളില്ല കുഴ
കള്ളമെന്നോർച്ചു കറവനപ്പോൾ

കാടിറങ്ങിയവൻ വനത്തിൽപ്പുക്ക
പണ്ടപണ്ടവന്മാർ മരിച്ചില്ലെന്ന്
അറിഞ്ഞുകുറവനും നടന്നവെക്കം
നൂറപൊന്നുള്ളതിൽ മൂന്നാകുന്ന
ഉറിയതന്നോടെയറിയിക്കുന്നു
പണ്ടപണ്ടവന്മാർ മരിച്ചിട്ടില്ല
വനത്തിലുണ്ടവർക്കും സുഖിക്കുന്നുണ്ട്
കാകനികളും തിന്നു നടക്കുന്നുണ്ട്
കള്ളമെന്നറ്റു ഉറിയതമ്പുരാനും
വെട്ടിനക്കണ്ണരിവനായിപ്പോം

... .

അപ്പോഴും നാരതനും പറഞ്ഞു മന്ന
പണ്ടുംകുറവന്മാർ പെരമാഴിക്കല്ലോ
ഇപ്പോഴുംപ്പോരത്തതെന്നും കളിയല്ലല്ലോ
എന്നുപറഞ്ഞുടൻ നാരതനപ്പോഴും
ഉറിയതമ്പുരാൻകേട്ടു പറയുന്നല്ലോ
കുറവാ നിങ്ങൾക്കെന്തിയിട്ടൊരുപക്ഷം
അപ്പോളുരുക്കൊണ്ടും പറഞ്ഞു കുറവൻ
പൊന്നും വിളക്കുമേ നിറനാഴിയും
ഇടിവെട്ടിടും ചന്ദ്രഹാസമാം വാളും
വേണമെനിക്കു കതിരുട
അമ്മിക്കല്ലുതന്റെ വടക്കേപുറം
പുത്തൻകട്ടിൽതന്റെ വടക്കേപുറം
നിലാവിൽകുതന്ന മുന്തിരിയുംവേണം
കാട്ടുവഴിക്കുമേ മുന്തിരിയുംവേണം
ഇരുമ്പിൽപ്പട്ടുവെള്ളം പൊടിച്ചുതുമേ
മണൽക്കൂനമ്മേ പത്തുമാര കയറാമേവേണം
ഇവിടത്തിലുള്ള ഒരുക്കങ്ങൾ
കുറവൻ കറിച്ചുണ്ട് കൊട്ടുന്നുടനെ
അപ്പോഴും ഉറിയതന്നോടതുംചൊല്ലുന്നു
ഒരുക്കങ്ങളെല്ലാമേ നീയാ ഒരുക്കിക്കൊള്ളും

വാവ്വ

പാടില്ലെന്നു ചൊല്ലി കാരവനപ്പുറം
വാളെടുത്തവരാകം വെട്ടുവാനായി
അപ്പോഴും കാരവനം പറയുന്നതല്ലാ
ഒരുക്കം തമ്പുരാനെ ഒരുക്കമതല്ലാ
അരക്കട്ടയിപ്പോളില്ലെന്നാലും
നാളികേരംകൊണ്ടു കാറിയംകൊണാം
കതിർക്കുലയിപ്പോളില്ലെന്നാലും
കോഴിമുട്ടകൊണ്ടു കാറിയംകൊണാം
അമ്മിവേതമിപ്പോളില്ലെന്നാലും
പുഴുങ്ങത്തിവേതമില്ലെന്നാലും
മുതക്കൽക്കിഴങ്ങുകൊണ്ടു കാറിയംകാണാം
നിലാവിൻ കതമിപ്പോളില്ലെന്നാലും
ചിലാവിൻകഴകൊണ്ടു കാറിയംകൊണാം
ഇരുളിൻപട്ടയിപ്പോളില്ലെന്നാലും
മുരുക്കിൻപട്ടകൊണ്ടു കാറിയംകാണാം
വെള്ളത്തിൻ പൊടിയിപ്പോളില്ലെന്നാലും
അരിതൻപൊടികൊണ്ടു കാറിയംകാണാം
ചന്തക്കണ്ണാടിയിപ്പോളില്ലെന്നാലും
പൊള്ളക്കയറുകൊണ്ടു കാറിയംകാണാം
ഒരുതണ്ടുമൊക്കെയായതെഴികൊണ്ടു
പണ്ടുപണ്ടുവരെ തെളിപ്പിച്ചു
തമ്പുരാനും വാങ്ങിത്തിരിച്ചുവനം
പാടത്തിലങ്ങുചെന്നു കേവന്നാം
കാഞ്ഞി കാരവനോടു കേട്ടങ്ങന്നല്ലോ
ഇക്കവിതത്തിലുള്ളയന്ത്രക്കമെല്ലാം
ഒരുക്കാനുള്ളകാര്യം പറകവേണം
പോരി നിങ്കൾപാടു നോക്ക നീയും
നീയോ തമ്പുരാൻറ കാറിയംകേപ്പാൻ
ഉള്ളുപറയന്നെന്നു കരത്തിവേണം
കാട്ടിൽക്കടക്കാനായ് യാത്തിരയായി
അപ്പുറം മകൻചെന്നു തട്ടുതടനെ

പാട്ട്

കരുണനെയൊട്ടുടൻ വലിച്ചുകീറി
എറിഞ്ഞിട്ടുടൻ കാട്ടുപുതഞ്ഞനേരം
പഞ്ചപാണ്ഡവന്മാരെയുമായി
നിഴൽക്കുത്തേറ്റു വീണുകിടക്കുന്നു
അപ്പോഴം കറത്തിയുമൊത്തുകൂടെ
വേലനൊരുത്തനെയുമൊരുമിച്ച്
നിഴൽക്കുത്തൊഴിപ്പാൻ മന്ത്രം ചൊല്ലി
പാട്ടുംപാടിയവരുണർത്തിവിട്ടു

പാണ്ഡവന്മാർക്കും കൗരവന്മാർക്കും നിഴൽക്കുത്തിന്റെ ശക്തിയിൽ നിന്ന് മോചനം ലഭിച്ചതിന്റെ ശേഷമുണ്ടായ സംഭവങ്ങളെല്ലാം അടുത്ത കഥയോട് ചേർക്കുന്നു.

മഹാഭാരതപ്രകാരം ലാക്ഷാഗൃഹദാഹം കഴിഞ്ഞതോടെ പാണ്ഡവരുടെ ഏകചക്രാവാസം തുടങ്ങുന്നതാണ്. മഹാഭാരതവും ഈ സംഗതിയിൽ തെറ്റിയിട്ടില്ല. പക്ഷേ പാണ്ഡവർ സജീവരായിരിക്കുന്നതായി പാഞ്ചാലീസ്വയംവരാനന്തരം ദുര്യോധനാദികൾ അറിയുന്നതായിട്ടാണ് മഹാഭാരതം പറയുന്നത്. എന്നാൽ ആ ഒരു ഇടവേളയിൽ നാം [illegible] മനസ്സമാധാനത്തോടിരിക്കാൻ [illegible] സമയമില്ല. ആ വിടവിൽ ഇടയ്ക്ക് ഒരു കറത്തിയേയും കുറവനേയും സൃഷ്ടിച്ച് അവരെ പാണ്ഡവരുടെയും കൗരവന്മാരുടേയും മദ്ധ്യേ പ്രവേശിപ്പിക്കുന്നതു്. പാണ്ഡവർക്ക് നല്ല കിഴങ്ങുകൾ കൊടുക്കാൻ മാവാരതകർത്താവ് കറത്തിയെ നിയോഗിച്ചു. നമ്മുടെ തുള്ളൽക്കഥകളിലെ സന്ദർഭങ്ങളും തയാറാക്കിക്കൊടുക്കാൻ അവരെ നിയോഗിക്കാത്തതെന്നത് അവരുടെ ജാതിത്താഴ്ചകൊണ്ടോ സാമൂഹ്യകാരണങ്ങൾകൊണ്ടോ പരിചയക്കുറവുകൊണ്ടോ എന്തുകൊണ്ടായാലും ആ വിഷയത്തിൽ മാവാരതക്കാരൻ വലിയ പ്രകൃതിക്കു ഉപദ്രവമുണ്ടാകാത്ത രീതിയിൽ കഥ പ്രാപിച്ചിരിക്കുന്നുവെന്ന് സമ്മതിച്ചേ കഴിയൂ. കറത്തിയുടെ തൊഴിലിനെ കുറവന് അറിയാതിരിക്കുന്നില്ല. പാണ്ഡവർ മരി

ച്ചിട്ടില്ലെന്നറിഞ്ഞയുടനെ കാവൻ ആ വിവരം കൌരവന്മാരെ അറിയിക്കാനായി അവരുടെ സന്നിധിയിൽ ചാടിവീഴുകയാണു് ചെയ്യുന്നതു്. വലിയവരുടെ സൌഖ്യമായി എല്ലാം ചെയ്യാൻ മടിക്കാത്തതായ സമ്പ്രദായം ഇന്നോ ഇന്നലെയോ ഉണ്ടായിട്ടുള്ളതല്ലെന്നു തീർച്ചതന്നെ. കാവന്റെ സന്ദേശം ദുര്യോധനൻ ആദ്യം വിശ്വസിച്ചില്ല. കാവനെ സൌഖ്യഭോഷ്ക്കു കെട്ടിവിട്ട മായാജാലക്കാരൻ അവനെന്നു പ്രഭാതക്കാർക്കു താല്ക്കാലികമായ സന്തോഷം മാത്രം ഉണ്ടാക്കുന്ന വർത്തമാനങ്ങൾ സത്യമോ അസത്യമോ എന്നു നോക്കാതെ പൊടിപ്പും തൊങ്ങലും വെച്ചു വിളമ്പുന്ന വിദ്വാന്മാരുടെ ഇടയിൽ വാലറ്റിയതാണെന്നു പ്രസിദ്ധിപ്പിക്കാനൊത്തുകൊണ്ടു ദുര്യോധനന്റെ സന്നിധാനത്തിലായി. നാരദൻ ഇടയ്ക്കു വന്നു വീണില്ലായിരുന്നുവെങ്കിൽ ആ കാവന്റെ കഥ എന്തായിത്തീരുമായിരുന്നു! പുരാണം പാരായണങ്ങളിലും പലവിധത്തിൽ സഹായിച്ചിട്ടുള്ള നാരദനെ ഒരു ദേവനെന്നെങ്കിലും കരുതിക്കാൻ മഹാഭാരതകാരനു തോന്നിയതുകൊണ്ടു കാവൻ ചാകാതെ കഴിഞ്ഞു. പുരാണങ്ങളിൽ പലതിലും കഥാപുരുഷന്മാർ അപകടത്തിലകപ്പെടുമ്പോൾ അവർക്കു് എന്തെങ്കിലും ഒരു പ്രകാരത്തിൽ നാരദന്റെ സഹായം ലഭിക്കുന്നുണ്ടു്. എന്നാൽ കാവന്മാർ കള്ളം പറയുന്നവരാകകൊണ്ടു നാരദൻ പരസ്യമായി പ്രസ്താവിച്ചതു് അങ്ങിനെതന്നെ ഒരു് ഒന്നാംക്ലാസ്സു മജിസ്ട്രേട്ടുകോടതിയിലെ പ്രതിക്കൂട്ടിൽ കയറാൻ കാരണമായി ഭവിക്കാതിരുന്നതു് തിരുവിതാംകോട്ടു പ്രൈമറി-സ്കൂളത്തെ ഒന്നാം തെളിവല്ല. അക്കാലത്തു നടപ്പാകാതിരുന്നതുകൊണ്ടാണെന്നു വിചാരിക്കുന്നവർ അങ്ങനെ വിചാരിച്ചുകൊള്ളട്ടെ. കാവൻ പറഞ്ഞതു് യഥാർത്ഥംതന്നെയെന്നു ഗ്രഹിച്ചപ്പോഴും "നിഴൽക്കുത്തിക്കളക" എന്നായിരുന്നു ദുര്യോധനന്റെ കല്പന. ശത്രുസംഹാരത്തിനായി നടത്തപ്പെടുന്ന ഒരു മാതിരി

ക്ഷുദ്രക്രിയയാണെന്ന് നിഴൽക്കുത്ത്. അതുകേട്ട രാത്രി
യിൽ മന്ത്രവാദിയായ കരവൻ നിഴൽക്കുത്തുക്രിയയ്ക്കുള്ള ഉപ
കരണങ്ങൾ എന്തെല്ലാമെന്നു പറഞ്ഞുതുടങ്ങി. അമ്പു
ട്ട്, കതിരുട്ട, ഇരുട്ടിൻപട്ട, നിലവിറ്റ്കതം, മണൽക്കൊ
ണ്ടുള്ള കരു, മെഴുകുതിരി പൊടി, ഇത്യാദി സാധനാ
ങ്ങൾ ഒരുക്കിക്കൊടുക്കണമെന്ന് കരവൻ പറയുന്നു. ഇണവാ
നമായ നിസ്സഹായനായ പാണ്ഡവരെ നശിപ്പിക്കാനാ
യി ക്ഷുദ്രകർമ്മം ചെയ്യുന്നത് ഒരു കരവനാണ് എന്നതിപ്രതി
ത്തനാവന്ന് ഇതുകൊണ്ട് നിശ്ചയിക്കാനില്ല. ഒരു ഗായകർ
അവർക്കു കിട്ടുന്ന അറിവുകളെല്ലാം സംഭവങ്ങളെ കാലദേശാ
ദ്യവാധകം ഗണിക്കാതെ സ്വപ്രമാണങ്ങളെ പ്രകാശിപ്പിക്കു
ന്ന പ്രയോഗങ്ങൾക്കൊണ്ട് നിക്ഷേപിപ്പിച്ചതാണെന്നാണെ
ന്ന മനോധർമ്മക്കാരൻ ഗ്രഹിച്ചിരിക്കണം. സംഭവങ്ങളുടെ വി
വരമറിഞ്ഞതുകൊണ്ട് ഒരു ഗാനമെന്ന വിരചിപ്പിക്കുന്നതാ
ണെന്ന ദുര്യോധനൻ ഗ്രഹിക്കും. അവൻ അതിനാകരുത്തു മു
ന്നേ കരവനിൽനിന്ന് അറിയിക്കുമ്പോൾ അവൻ അതു നി
ഷേധിക്കയും ഉടനെ ദുര്യോധനൻ പതിവുപോലെ വാളുകൊ
ണ്ടുതന്നെ പ്രതിക്രിയയ്ക്കൊരുങ്ങുകയും ചെയ്യുന്നു. ഇതിൽ ക
റവൻ മടങ്ങാതെ നിവൃത്തിയില്ലല്ലോ. മാരമേറിയ മുഖമാ
ത്തിലേക്കെന്നറിഞ്ഞതുകൊണ്ട് അവൻ അമ്പ്, കതിരുട്ട ഇ
ത്യാദി സാധനങ്ങൾക്ക് പകരം ഉപയോഗിക്കാവുന്ന മറു വ
സ്തുക്കളെ ഓരോന്നായി പറഞ്ഞുതുടങ്ങുന്നു. ഇതെല്ലാം നോ
ക്കുന്നതായാൽ ഇപ്പോഴത്തെ മന്ത്രവാദികളുടെ ഒരു ശരിപ്പക
ർപ്പ് കരവനെക്കൊണ്ട് മനോധർമ്മക്കാരൻ പ്രത്യക്ഷമാക്കിയിരിക്കു
ന്നുവെന്ന പറയാതെ തരമില്ല. നിഴൽക്കുത്തു കഴിച്ചശേഷം
സമ്മാനങ്ങളും വാങ്ങിക്കൊണ്ട് കരവൻ മാടത്തിലെത്തിയ
പ്പോൾ കരവത്തി വിവരം മനസ്സിലാക്കുന്നത് ഏതു ലക്ഷ്യം
കൊണ്ടാണെന്ന് ഈ പാട്ടിൽ കാണുന്നില്ല. നിഴക്കുത്തു സ

മയത്തു നെററിയിൽ ഇടുന്ന പൊട്ടു പാതിയഴിഞ്ഞു കാണപ്പെ
ട്ടതും അങ്ങനെ കുറത്തി വിവരമറിഞ്ഞതും വേറെ
പാട്ടുകളിൽ വിവരിക്കപ്പെട്ടിരിക്കുന്നു. കുറത്തി യാത്രയായ
പ്പോഴും മകൻ അടുത്തായി കാണുന്നുണ്ട്. ഈ കുറവന്റെ
പ്രേരണനിമിത്തമോ മകന്റെ പ്രത്യുൽപന്നമായ ധാർഷ്ട്യം
കൊണ്ടോ എന്നു ഗ്രന്ഥകാരൻ കാണിച്ചിട്ടില്ല. കുറത്തി
കുറവന്റെ ദുഷ്കർമ്മത്തിനുള്ള പ്രതിക്രിയ ചെയ്തശേഷം ഭൂ
തം പാടിയാണ് പാണ്ഡവരെ ബോധിപ്പിക്കുന്നത്. ഇപ്പോഴും
ഒരുസമുദായത്തിൽ പാടുന്ന "പാനംകുറ" പാണ്ഡവ
വൃത്തം തന്നെയാണ്. പാണ്ഡവരെ ക്ഷുദ്രകർമ്മശക്തിയിൽ
നിന്നു രക്ഷിക്കാൻ പാടിയതും ആ പാണ്ഡവകഥ
തന്നെയായിരിക്കുമോ എന്നു തോന്നിപ്പോകുന്നു. ദുഷ്ടന്മാരായ കൌരവ
രുടെ ദോഷം കുറയ്ക്കാനും ഉന്നതന്മാരായ പാണ്ഡവരുടെ പ
ക്ഷത്തിൽ കുറത്തിയെയും കല്പിച്ചിരിക്കുന്നു. ദുഷ്കർമ്മങ്ങൾക്കു
സ്ത്രീയെക്കാൾ പുരുഷന്മാരാണ് കൂട്ടരെന്നു ഗ്രന്ഥകർത്താവു
പക്ഷപാതമായി കാണിച്ചിരിക്കയല്ലേ ഇതു എന്നു സംശയ
ത്തിനു വകയുണ്ട്. പക്ഷേ ഗ്രന്ഥകാരന്റെ കാര്യത്തിൽ
അങ്ങനെ ചിന്തിക്കേണ്ടതില്ല. പ്രമാണകർത്താക്കന്മാരെല്ലാം
പുരുഷന്മാരായിരുന്നതുകൊണ്ടു സ്ത്രീകളുടെ പ്രാധാന്യത്തെ അ
വർ അശേഷം വെളിപ്പെടുത്തിട്ടില്ലെന്നും അന്യഥാ കല്പനമായ
ശാസ്ത്രങ്ങളെ എഴുതി സ്വവർഗ്ഗക്കാരെ ശംസിക്കുന്നതിനും
അവർക്ക് ലോകത്തിലുള്ള ഉൽകൃഷ്ടതയെ ഘോഷിച്ചു വെളിപ്പെ
ടുത്തുന്നതിനും മാത്രമേ ഉപയോഗപ്പെട്ടിട്ടുള്ളുവെന്നും അവർ
സ്ത്രീകൾക്ക് ഒന്നിലും ഒരു സ്വാതന്ത്ര്യവും ഇല്ലെന്നാണ് കല്പി
ച്ചിരിക്കുന്നതെന്നും തെളിയിച്ചു പഴയ കാലത്തെ പ്രമാണകർ
ത്താക്കൾ സ്ത്രീകളിലായിരുന്നുവെങ്കിൽ പുരുഷൻ കൌ
മാരത്തിൽ മാതാവിന്റെയും യൌവനത്തിൽ ഭാര്യയുടെയും വാ
ർദ്ധക്യത്തിൽ പുത്രിയുടെയും രക്ഷയിൽ അശേഷം സ്വാതന്ത്ര്യം

കൂടാതെ സദാ ഘോഷാഏൎപ്പാടനുസരിച്ചു പുരമുറികളിൽ കഴിഞ്ഞുകൂട്ടമായിരുന്നവെന്നും ഉൽഘോഷിച്ചു സ്ത്രീവൎഗ്ഗോൽഗതിക്കു നിരന്തരമായി പരിശ്രമിച്ചു സമ്മേളിക്കുന്ന ഇപ്പോഴത്തെ ചില സ്ത്രീസഭകൾ ഏകോപിച്ചു്, മാഭാരതക്കാരന്റെ പേരിൽ സ്ത്രീകൾക്കു പൊതുവെയുള്ള നന്ദിയെ സൂചിപ്പിക്കാനായി ഒരു മുദ്രയോ സൎട്ടിഫിക്കറ്റോ കൊടുക്കേണ്ടതാവശ്യമായിരിക്കുന്നു. സാധാരണ മനുഷ്യായുസ്സു നൂററിരുപതു കൊല്ലമാണെന്നു ബ്രഹ്മാവിന്റെ ഒരു "പ്രൊസിഡിംഗ്സ്" ഉണ്ടായിരുപ്പായതു കൊണ്ടു മാഭാരതക്കാരൻ ആ പ്രൊസിഡിംഗ്സിന്റെ വ്യാപ്തിയിൽ നിന്നു തെററി ഈ ബഹുമതി കൈക്കൊള്ളുവാനായി വല്ല പ്രാണായാമമോ മററോ പരിചയിച്ചു കാലനില്ലാത്ത കാലത്തിലെ സുഖസ്വാതന്ത്ര്യങ്ങളനുഭവിച്ചു കൊണ്ടിരിക്കയായിരിക്കുമോ എന്നു കരുതി മരുത്വാൻമലയിലൊ വൎക്കല ഗോസായിപ്പാവടിയിലൊ ആലപ്പുഴക്കനോലത്തിലൊ കാണപ്പെടുന്ന വല്ല താടിക്കാരന്മാരേയും പിടികൂടിയാൽ സഗരപുത്രന്മാർകപിലാചാൎയ്യന്റെ താടിയിൽ കടന്നുപിടിച്ചതുപോലെ വന്നേക്കാനെളുപ്പമുണ്ടു്. അതിനാൽ മാഭാരതക്കാരന്റെ കീൎത്തിയെ ഉദ്ദേശിച്ചു വല്ല സ്മാരകവും ഏൎപ്പെടുത്തിയാൽ ധാരാളം മതിയാകും. അതു് ഉത്സവമോ അച്ചുക്കൂടമോ പത്രമോ പ്രതിമയോ കീൎത്തിമുദ്രയോ ഏതാണു വേണ്ടതെന്നു് ആലോചിച്ചു തീൎച്ചപ്പെടുത്തുക തന്നേ വേണം.

പുരാണ കഥകളെ അടിസ്ഥാനമാക്കി വല്ലതുമെഴുതുമ്പോൾ എഴുത്തുകാരന്റെ നാലുപാടും നടക്കുന്ന കാൎയ്യ

ങ്ങൾ കഥകളിൽ ഉൾപ്പെടുത്തി അവയ്ക്കു് യഥാൎത്ഥകാല ദേശചരിത്രങ്ങളുടെ ഏതാണ്ടൊരു ഛായയെകൊടുക്കുന്ന വിഷയത്തിൽ മാവാരതക്കാരനേപ്പോലെ ധൈൎയ്യമായി പ്രവൎത്തിച്ചിട്ടുള്ളവർ വേറെയുമുണ്ടു്. ഉദാഹരണത്തിനായി പ്രസിദ്ധമായ ഒരു കഥയുടെ ചില ഭാഗങ്ങൾ ചുവടേ കുറിക്കുന്നു.

(ഉത്തരരാമായണം)

ശ്രീരാമൻ രാവണവധം കഴിഞ്ഞു സീതയുമായി അയോദ്ധ്യയിലെത്തി സുഖമായി പാൎക്കുന്നു. സീതയുടെ സൌഭാഗ്യത്തിൽ അമ്മായിഅമ്മമാൎക്ക് അസൂയമുഴുത്തു് ആ സാധ്വിയെ ഉപദ്രവിക്കാൻ അവർ പലമാൎഗ്ഗങ്ങളും നോക്കുന്നു. ശ്രീരാമനോടു പതിവായി ഏഷണിപറഞ്ഞു് അദ്ദേഹത്തെ തെററിദ്ധരിപ്പിക്കുന്നു. എങ്കിലും പ്രത്യക്ഷലക്ഷ്യംകൂടാതെയുള്ള അപരാധങ്ങളെ അദ്ദേഹം ക്ഷമിക്കുന്നു. അങ്ങനെയിരിക്കെ അദ്ദേഹം ഒരുനാൾ സപരിവാരനായി നായാട്ടിനുപോയതു കണ്ടു കൌസല്യാദികളായ അമ്മായി അമ്മമാർ കൂടി ആലോചിച്ചശേഷം സീതയെ വിളിച്ചു രാവണന്റെ രൂപം വരച്ചുകാണിക്കണമെന്നു് ആവശ്യപ്പെടുകയും, സീത:—

‘‘ആപത്തിന്നായു നിങ്ങൾ ഉടയൊന്നമ്മമാരെ
എനിക്ക വരുന്നതു കാലക്കേടല്ലാതില്ല
രാവണൻ കട്ടുകൊണ്ടുപോയതു മൂലത്താലേ
ജാതിഭേദവും ചൊല്ലിയഗ്നിയിൽച്ചാടിച്ചെന്നെ
പ്പിന്നെയുമെനിക്കൊരു ദൂഷണത്തിനു നിങ്ങൾ
ഇന്നിവൻരൂപം കാണ്മാൻ ചൊല്ലുന്നതെന്നോടിപ്പോൾ
എനിക്കും ഭൎത്താവിനും കീൎത്തി വന്നതുമൊക്കെ
അനൎത്ഥമല്ലാതില്ലെന്നാരും ധരിച്ചാലും

രാജദ്വേഷത്തെക്കൊണ്ടു ഭേദിക്കുമ്പോളൊക്കൽ
ഉപേക്ഷിപ്പാനൊരു മൂലമില്ലാതിരിക്കുന്നു
ഉപേക്ഷിക്കുമ്പോളൊക്കൽ ശ്രീപാദം കാൺകിലെന്നു ''

ഇത്യാദിമറുപടിപറകയും ചെയ്യുന്നു. അനന്തരം കൌസല്യാദികൾ പല പഞ്ചതന്ത്രങ്ങൾ പറഞ്ഞു സീതയെ ഒരുവിധം സമ്മതിപ്പിക്കയും, കൌടില്യരഹിതയായ ആ രാജന്യവധുവിനോട്ട് ഈ വിധം സത്യംചെയ്യുകയും ചെയ്യുന്നു.

''നിന്നാണെന്നാണ് നിന്നെച്ചതിച്ചീടുവാൻ നിനച്ചില്ലേ
ഇന്ദിരൻ പതിയാണെന്നാണ് ശങ്കരൻകഴലാണെന്നാണ്
ഈരേഴുലോകത്താണെന്നാണ് മൂർത്തികൾ മൂവരാണെന്നാണ്
ബ്രഹ്മാവും വിഷ്ണുവാണെന്നാണ് അച്ഛൻെറ തൃക്കാലാണെന്നാണ്
വെള്ള മൂർത്താവിന്നാണെന്നാണ് ഞങ്ങളിൽ മൂവരാണെന്നാണ്
അല്ലിത്താർശരനാണെന്നാണ് നിന്നാണെന്നാണ് മക്കളാണെന്നാണ്
രാമനെക്കണ്ടെൻെറ ലക്ഷ്മണൻ സുതനാണെന്നാണ്
ഭരതശത്രുഘ്നന്മാർ ഇവർ പുത്രരാണെന്നാണ്
നിന്നാണെന്നാണ് നിന്നെച്ചതിച്ചീടുവാൻ നിനച്ചില്ലേ.'',

സാധുശീലയായ സീത ഇതു വിശ്വസിച്ച് ഒരു വിധം സമ്മതിക്കുന്നു. ഉടനെ ചിത്രമെഴുതാനുള്ള ഉപകരണങ്ങളെല്ലാം സുമിത്ര കൊടുക്കുന്നു. അനന്തരം സീത ഇങ്ങനെ ധ്യാനിച്ചുകൊണ്ട് ശ്രീരാമൻ ഇരിക്കുന്ന മണിപീഠത്തിൻെറ കീഴ്ഭാഗത്ത് എഴുതുന്നു.

* ''ഭൂമിയുമാകാശവുമെനിക്കു തുണചെയ്യ
പാലാഴിവാഴുന്ന പരമേശനും തുണചെയ്യ
കടലും മുശീരഥൻ എനിക്കു തുണചെയ്യ

---

* ഇവിടെ ചേർത്തിട്ടുള്ള മററു പല പഴയ പാട്ടുകളിലും എന്നപോലെ ഈപാട്ടിലും കാണപ്പെടുന്ന അബദ്ധങ്ങൾക്കു ഞാൻ ഉത്തരവാദിയല്ല.
(ഗ്രന്ഥകർത്താ)

അഞ്ചേന്ദ്രി ദേവകളും എനിക്ക തുണചെയ്ക
നാന്മുഖൻ നാരായണൻ വിഷ്ണുവും തുണചെയ്ക
മുപ്പുരമെരിച്ചോനെനിക്ക തുണചെയ്ക
ശ്രീരാമസ്വാമിയെന്റെ ഭർത്താവും തുണചെയ്ക
ദൈവമേ തുണയെന്ന വരച്ചു തല പത്തും
മുഖാരതോടിമകളിൽക്കലന്ന കണ്ഡലവും
വെളുത്ത വെള്ളക്കേടം വലിയമുഖങ്ങളും
ജനിച്ചു കണ്ണുതന്നിലഗ്നികൾ ജ്വലിക്കയും
പതിനെട്ടിലും നല്ല ദൈവത തോന്നീടുന്ന
വേദമന്ത്രത്തെ രതി ഉരുക്കം പിഴച്ചോരു മുഖം
ഇന്ദ്രജിത്തെ വിളിച്ചീടുന്നതൊരു മുഖം
ദേവകൾതന്നെ ഭക്ഷി പോറ്റുന്നതൊരു മുഖം
ഈശ്വരനെന്റെ നേരെ യില്ലായെന്നൊരു മുഖം
ലോകരമാരെയും പരിപാലിക്കുന്നൊരു മുഖം
സീതയെത്തന്നെ നിനച്ചീടുന്നതൊരു മുഖം
കാമബാണത്തിലെ പതിക്കീടുന്നതൊരു മുഖം
കള്ളവും കശലുകൾ പോറ്റുന്നതൊരു മുഖം
മംഗലമോട്ട മധു ഭുജിക്കുന്നൊരുമുഖം
പാണികളിരുപതും വളഞ്ഞ വളകളും
മാപ്പിളചവടിയും അരവമാലകളും
പൊന്നുകിലാമപട്ട തെറിഞ്ഞു ചോന്ന രത്നങ്ങൾ
പൊന്മണിയരഞ്ഞാണം ഉടത്താനൻ ചോന്ന
കാൽച്ചിലമ്പോടെയൊന്നിൽ വളയും തളകളും
കൈക്ക മോതിരം നല്ല കവണി തൊറിപ്പൊട്ട
കവചവും നഖചക്രവും തെളിതാരം
വാക്കിന മംഗിയരും നാവ്യതൻ ഗുണങ്ങളും
അറവായുധങ്ങളും ആന തേർ കുതിരയും

.... ”
....

മറവും എഴുതിയതുകണ്ട് അമ്മായി അമ്മമാർ അവ

ളുടെ മനോരഥം സാദ്ധ്യമായതുകൊണ്ടു വളരെ സന്തോഷിക്കയും സീതയോടു ലോഹ്യങ്ങൾ പറഞ്ഞശേഷം പീഠത്തെ എടുത്തു സൂക്ഷിക്കയും ചെയ്തു. അപ്പോഴേയ്ക്കും നായാട്ടുകഴിഞ്ഞു വെയിലുകൊണ്ടു തളൎന്നു ദാഹിച്ചു വിശന്നു ശ്രീരാമനും വന്നുചേൎന്നു. ഉടനെ അമ്മ മകനിരിക്കാൻ മണിപീഠം എടുത്തുകൊടുത്തു. ശ്രീരാമൻ ഇരുന്നശേഷം പീഠമിളകി. കാരണമറിയാതെ അദ്ദേഹം അന്ധാളിച്ചു. പീഠം മറിച്ചു നോക്കാൻ കൌസല്യ പറഞ്ഞു. നോക്കിയപ്പോൾ രാവണന്റെ രൂപം കണ്ടു. ശ്രീരാമൻ കയൎത്തു കോപംകൊണ്ടന്ധനായി അതു വരച്ചതാരെന്നു ചോദിച്ചു. അമ്മമാരുടെ ഉത്തരം ഈവിധമായിരുന്നു.

"മകനെ ഞങ്ങളാരും മനസ്സാലറിഞ്ഞില്ല
മനസാലുള്ള ദ്രോഹ്യം ചെയ്യാത്ത വിനയത്രെ
മകനെ! സുഖത്തോടു വനത്തിൽ വാണാളിവൾ
ഇനിയും ഇവൾ നിന്റെ ഭാൎയ്യയായ് വേണമെന്നു
നിന്നുടെ മനസ്സിങ്കിൽ ഞങ്ങൾക്കിന്നാവശ്യമോ
എത്രയും ഗുണമുള്ള നല്ലൊരു ജനങ്ങളെ
എത്രയും ദുഷ്കൎമ്മങ്ങൾ ചെയ്യുമ്പോളിവൾമുമ്പിൽ
എന്തുമെന്നറിയാതെയിരുന്ന മനുഷ്യരെ
എന്തെല്ലാം ദോഷം വരുമാറിവൾ ചമച്ചല്ലോ.
മന്നവന്മാൎക്കും നരപാലകന്മാൎക്കും ദോഷം
പലതു ചെയ്തതെല്ലാം മറന്നോ മകനെ നീ
കള്ളനാമസുരന്റെ വാക്കിനെ കേട്ടിട്ടിവൾ
ലങ്കയിൽ പോയതെല്ലാം മറന്നിട്ടിവളേയും
മന്ത്രികൾ പലരേയും നീയുമായ് കുരിച്ചുന്ന
ദുൎമ്മം ചെയ്തവരേയും നിഗ്രഹിച്ചിവളേയും
ചോലയിൽ കുളിപ്പിച്ചിട്ടഗ്നിയിൽ മുക്കിച്ചു

സത്യംചെയ്തവർനിന്നെ ബോദ്ധ്യവും വരുത്തിയേ
അതുമെല്ലാമേ ദോഷം മകനേ മറന്നോ നീ
ഇവളെ വേളിചെയ്ത നാളതൊട്ടിന്നോളം
നിനക്കൊരു സുഖം വന്നു ഞാൻ കണ്ടില്ലല്ലോ
ഇവർതൻ നിനവു നീ മറന്നിട്ടില്ലയെങ്കിൽ
നിന്നുടെ ജീവനാശം വരുത്തും മെമില്ല.
നിന്നുടെ മനസ്സിന്നു ഞങ്ങൾക്കു കഴിവില്ല
മകനെ മനസ്സതിൽ ഞങ്ങളിതറിഞ്ഞില്ല
നിന്നുടെ ഉള്ളു സീത പൊയ്യാതെ കള്ളിയല്ലോ.”[28]

പിന്നീടു ശ്രീരാമന്റെ കോപവും സീതയുടെ വിലാപവുംമററും കണ്ടും കേട്ടും കൌസല്യാദികൾ ആനന്ദത്തോടെ കുറെ നേരം കഴിച്ചുകൂട്ടേണ്ടിവന്നു.

“സീതതൻ ദുഃഖം കണ്ടു മലകളിളകുന്നു
പക്ഷിജാലങ്ങളൊക്കെ ചിറകൊതുക്കുന്നു
കുസുമങ്ങളും മലരൊട്ടേറെ ചൊരിയുന്നു
പെരുത്ത വൃക്ഷങ്ങളിലയൊന്നിളകാതെ
നിലക്കുന്നിതു മരമവർതാൻ ദുഃഖംകണ്ടു
പശുവും പുലികളുമൊത്തിച്ചു മേവീടുന്നു
അരവം മൂഷികനുമൊത്തിച്ചു മേവീടുന്നു
മത്സ്യവും പുഴലുന്നു നദിയങ്ങൊഴുകാതെ
പാവമെയെന്നു നിന്നു കാലനും കരയുന്നു.”[29]

ഇവയൊക്കെയായിട്ടും രാമനും അമ്മമാരും അശേഷം ഇളകിയില്ല. ശ്രീരാമൻ സീതയെ പഴിച്ചു പരസ്യമായി പലതും പറയുന്നു.

“ആരിയെയിവർതന്റെ കൈപിടിച്ചതിൽപിന്നെ
അന്നുതൊട്ടിന്നോളമുണ്ടായില്ലൊരുസുഖം
അരക്കൻതന്നെ മുന്നം പിഴകിപ്പുറപ്പെട്ട്
ഇത്രവന്നൊരു ചിന്തയില്ലിവർക്കൊരിക്കലും.

വേഗമെ രാവണനെ കൈക്കൊണ്ടു മറിവര്‍ലെ
നിത്യവും വഴിപാട്ട പാര്‍ത്തുപാര്‍ത്തിരിക്കയും
പാതിരാവുമലിവരുംക്കാറക്കറില്ലാതനം
പന്നിയും കടുവായും കണ്ടിരുന്നൊരുപ്പോയ് ഞാന്‍
മലര്‍മലയിലെ പോയാല്‍ കൈവെകിയേ വല്ലാതനം
പുഷ്പസായകനോടു മറിവു പറഞ്ഞിവര്‍
ഒക്കവേ പരമാര്‍ത്ഥം നിശ്ചയമറിഞ്ഞു ഞാന്‍
കള്ളത്തില്‍ മറിവുകള്‍ ഏറെ തീ പറയേണ്ട
നിന്നുടെ മറിമായമത്രയുമറിഞ്ഞു ഞാന്‍."

സീതയും രാവണനും കൂടിയാലോചിച്ചു മാരീചനെ പൊന്‍മാനായയച്ചു തന്നെയകററിയെന്നും മററും ശ്രീരാമന്‍ പൊടിപ്പും തൊങ്ങലും വച്ചു പറയുന്നു. എന്തിനു? സീതയെ കാട്ടില്‍ കൊണ്ടുപോയി വെട്ടാന്‍ ലക്ഷ്മണനെ നിയോഗിച്ചയക്കുന്നു. ലക്ഷ്മണന്‍ ആവതും തര്‍ക്കം പറഞ്ഞുവെങ്കിലും ഒടുവില്‍ സമ്മതിച്ച് ആ ദേവിയെ കാട്ടില്‍ കൊണ്ടുചെന്നാക്കുകയും ഉടനു് എന്നൊരുജന്തുവിനെ വെട്ടി രക്തം വാളിലാക്കിക്കൊണ്ടു ചെന്നു കാണിക്കയും ചെയ്യുന്നു. ഇതു കണ്ടിട്ടു കൌസല്യ പറയുന്നതാവിതു്.

"മക്കളെ മറിവുകള്‍ ഞങ്ങളിങ്ങറിഞ്ഞതോ
മനുഷ്യര്‍ ചോര ഞങ്ങള്‍ കണ്ടിട്ടില്ലയൊ മകനേ
പടയും ഉണ്ടയാര്‍വും കണ്ടിട്ടില്ലയൊ മകനേ."

പിന്നീടു ലക്ഷ്മണന്‍ തിരിയെപ്പോയി സീതയുടെ ഒരു കൈവിരലറുത്തു രക്തം കൊണ്ടുവന്നു കാണിച്ചു. അപ്പോഴും സ്ത്രീയുടെ രക്തമല്ലെന്നു കൌസല്യ തര്‍ക്കിച്ചു. ഒടുവില്‍ ഒരുവിധം സമ്മതിച്ചു. പിന്നീടാണു ശ്രീരാമലക്ഷ്മണന്മാരുടെ ആലാപകലാപം.

"അല്ലിത്താർതിരുമുടി ഭംഗികൾ മറപ്പതോ
മഴക്കാറിതളൊത്ത അലനാർ മറപ്പതോ
മുത്തുകളണിഞ്ഞീടും തൃക്കണ്ണു മറപ്പതോ
കൊച്ചൽതൻകതിരൊത്ത പല്ലുകൾ മറപ്പതോ
ആലിലയൊപ്പൊത്ത നല്ല വയറു മറപ്പതോ
അന്നത്തോടൊത്ത ചാരു നടയും മറപ്പതോ
കുളിർക്കാൽ നിറമൊത്ത തൃക്കാലു മറപ്പതോ
പോർമുലയിരണ്ടിടയുരം മറപ്പതോ."

ഇത്യാദി വിലാപങ്ങളോടെ രാമലക്ഷ്മണന്മാർ ദിവസങ്ങൾ തള്ളിക്കഴിക്കുന്നു. സീത കാട്ടിൽ പ്രസവിക്കുന്നു. കുട്ടികൾ വളർന്ന് രാമലക്ഷ്മണന്മാർക്കായി കാട്ടുവഴി കൊണ്ടുപോകുന്ന സാമാനങ്ങളെ ചുമട്ടുകാരോടെതിർത്തു പിടിച്ചുപറിക്കുന്നു. ഈ വിധം ഈ കഥ തെററിയും തിരിഞ്ഞും പോകുന്നുണ്ട്.

സാധാരണജനങ്ങളുടെ ഇടയിൽ തന്നെയും ഒരു വിധം മാന്യന്മാർ ഊഹിക്കപോലും ചെയ്യാത്ത കടുങ്കൈകളാണു ശ്രീരാമൻെറ തലയിൽ കയററിയിരിക്കുന്നതു്. ആ രാജപുത്രൻ ധർമ്മപത്നിയെ അപഹസിക്കയും നിന്ദിക്കയും ചെയ്യുന്ന രീതി ഒരുവിധം ഹീനന്മാരുടെ കൂട്ടത്തിൽ മാത്രം നടക്കുന്നതാകുന്നു. രാമായണകഥാപാത്രങ്ങളിൽ ദുർഗ്ഗുണലേശമില്ലാത്തതായി കൌസല്യയെപ്പോലെ മററൊന്നില്ല. ആ കൌസല്യയെ ഈ പാട്ടിൽ എത്ര വഷളാക്കീട്ടുണ്ടെന്നു കണക്കില്ല. ഈ പാട്ടുകൊണ്ടു നോക്കുന്നതായാൽ കൌസല്യയെപ്പോലെ ദുർഗ്ഗുണവതിയായ ഒരു സ്ത്രീയെ രാജകുടുംബത്തിലെന്നല്ല സാമാന്യജനങ്ങളുടെ കൂട്ടത്തിലും കാണപ്പെട്ട

മോ എന്നു ഞാൻ സംശയിക്കുന്നു. ശ്രീരാമന്റെ പുത്രന്മാർ കാട്ടിൽ തീവെട്ടിക്കൊള്ളക്കാരായിട്ടാണത്രെ വളർന്നതു്. ഈ കഥയെ ഇവിടെ വിസ്തരിച്ചു നിരൂപിക്കുന്നില്ല. പ്രസിദ്ധകഥകളെപ്പോലും സ്വാശയഗതിക്കൊത്തു തിരിച്ചു വിടാൻ ചിലർ സ്വീകരിച്ചുപോന്നിട്ടുള്ള സ്വാതന്ത്ര്യം ഇതുപോലെ എന്തെല്ലാം വരുത്തിവച്ചിട്ടുണ്ടെന്നു സൂക്ഷ്മമായി പരിശോധിക്കുമ്പോൾ നാം ആശ്ചര്യം കൊണ്ടു് സ്തബ്ധന്മാരായേക്കാം. കഥാഗതിയുടെ ഈ മാതിരിയുള്ള മാററങ്ങൾ മറെറാരു പ്രകാരത്തിൽ പ്രയോജനകരമായിത്തീർന്നിട്ടുണ്ടെന്നു് ഈ ഗ്രന്ഥത്തിന്റെ വേറൊരു ഭാഗത്തിൽ തെളിയിച്ചിരിക്കുന്നു. പ്രസിദ്ധമായ നളചരിതം കഥയിലും ഇതുപോലെ ചില പൊടിക്കൈകൾ കലർത്തിട്ടുള്ള ചില പാട്ടുകൾ ഉണ്ടു്. അവ എഴുതപ്പെട്ട കാലത്തു് എഴുത്തുകാരന്റെ ചുററും നടന്ന സംഗതികളുടെ പ്രതിബിംബങ്ങളായിട്ടാണു് ആ പാട്ടുകളെ ഗണിക്കേണ്ടതു്. ആ എഴുത്തുകാരന്റെ ഈ കാലത്തെ നളചരിതം ഇതായിരിക്കും.

“പണ്ടു് നിഷധരാജ്യത്തിന്നു് അലങ്കാരഭൂതനായി സകലകലാവിശാരദനായി സർവ്വഗുണസമ്പന്നനായി ഒരു രാജാവു് ഉണ്ടായിരുന്നു. അദ്ദേഹത്തെ നൈഷധൻ എന്നെല്ലാവരും വിളിച്ചു. എങ്കിലും അദ്ദേഹം എഴുതിക്കൊടുത്തിട്ടുള്ള ഒററിയാധാരങ്ങളിലും പണയാധാരങ്ങളിലും നളൻ എന്ന പേരാണു് വച്ചിട്ടുള്ളതു്. അതിനാൽ നിഷധരാജ്യത്തെ നളമഹാരാജാവെന്നു സർവ്വരും അറിയപ്പെട്ടിരുന്നു. അദ്ദേഹം വേദവിധിയനുസരിച്ചു രാജ്യം ഭരിച്ചുവരുന്നതിനിട

യ്ക്കു് ഒരു ദിവസം ഒരു താമരപ്പൊയ്കയുടെ അരികെ വരാനി ടയായി. ആ പൊയ്കയിൽ അഢ്യ്യലും തോടയും കോഴിക്കോട്ടു ചെക്കുകൊണ്ടുള്ള കോട്ടും വട്ടത്തൊപ്പിയും കാലുറയും ടൈയും ധരിച്ച് ഏതാനും പക്ഷികൾ നീന്തിക്കളിക്കുന്നതു കണ്ടു. അദ്ദേഹം അതിൽ ഒന്നിനെ പിടിച്ചു. അതു് ഒരാണരയന്നമായിരുന്നു. അന്നം മാറത്തടിച്ചും തലമുടി മുഴുവൻ അഴിച്ചു പിറകെയിട്ടും ചീട്ടിത്തുണികൊണ്ടുള്ള റവിക്ക വലിച്ചു കീറിയെറിഞ്ഞും നിലവിളിക്കയും നളനോടു ഇവ്വിധം പറകയും ചെയ്തു. മിസ്റ്റർ നളമഹാരാജാവെ! ഈ നിസ്സാരനായ മനുഷ്യനെക്കൊന്നിട്ടു് അങ്ങെയ്ക്കു് എന്തു ലാഭമുണ്ടു്? പക്ഷിമാംസത്തിലാഗ്രഹമുണ്ടെങ്കിൽ കൊട്ടങ്ങല്ലൂർ ഭരണിക്കു കോഴിവെട്ടുന്നേടത്തു ചെന്നാൽ ധാരാളം കോഴിത്തല പെറുക്കി ചുട്ടുതിന്നാമല്ലോ. അതല്ല, മൃഗമാംസത്തിലാണാഗ്രഹമെങ്കിൽ റാത്തലിന് ഒരു പണം കൊടുത്താൽ പാളയത്തിലെ കശാപ്പുകടയിൽ നിന്നു് എല്ലും മാംസവും കൂടി കിട്ടുമല്ലോ. ഇതു കേട്ടു നളൻ അരയന്നത്തെ വിട്ടു. അപ്പോൾ അന്നം വീണ്ടും പറയുന്നു. പ്രാണരക്ഷണത്തിനു പ്രതിഫലമായി അങ്ങെയ്ക്കു് ഒരു വലിയ ഉപകാരം ഞാൻ ചെയ്യുന്നുണ്ടു്. ഭീമരാജാവിന്റെ പുത്രിയായ ദമയന്തിയെ അവിടത്തോടുകൂടി ചേർക്കാനാണ് എന്റെ ശ്രമം. ദമയന്തി ഒരു ലോക്യസുന്ദരിയാകുന്നു. സമസ്തകലകളിലും വിദഗ്ധയാണ്. തയ്യൽ നല്ലപോലെയറിയാം. പാട്ടും വിശേഷം. ചക്രപാണിവാരിയരുടെ ഹരിശ്ചന്ദ്രചരിതത്തിലെ പറയന്റെ പാട്ടും കെ. സി. യുടെ സദാരാമയിലെ കള്ളന്റെ പാട്ടും മുഴുവൻ

പാട്ടം സ്ത്രീസമാജത്തിൽ മെംബറാണ്. ഇതൊക്കെ കേട്ടപ്പോൾ നളൻ മാരമാൽ മുഴുത്തു ശീതോപചാരങ്ങളന്വേഷിച്ച് ഉദ്യാനത്തിലെല്ലാം അന്നം ദമയന്തിയെ തിരഞ്ഞു കിങ്ങിണിപ്പാലത്തിലെല്ലാം പോയി. അന്നം ഭീമരാജധാനിയിലെത്തിയപ്പോൾ ദമയന്തി ഒരു സിഗററ്റും പിടിച്ചു മനോരമപ്പത്രവും വായിച്ചുകൊണ്ട് ഒരു ചാരുകസേരയിൽ കിടക്കയായിരുന്നു. അന്നത്തെക്കണ്ടു കൈകൊട്ടുന്നു കസേരയിലിരുത്തി വർത്തമാനങ്ങളെല്ലാം ചോദിച്ചറിഞ്ഞശേഷം മടങ്ങുന്ന അഞ്ചലിൽ നളന് എഴുതി അയച്ചുകൊള്ളാമെന്നു മറുപടി പറയുകയാണു ദമയന്തി ചെയ്തത്. അന്നം നളനെക്കണ്ടു കാര്യം പറഞ്ഞു. അന്നുമുതൽ നളനും ദമയന്തിയും "താമരപ്പൂമണം ചന്ദനത്തെന്നലും പൂമരക്കാവും സഹിച്ചുകൂടാത്തഹോ, ഭൂമിയിൽവീണുരുണ്ടിടുന്നു സദാ" എന്നമട്ടിലായി. ദമയന്തീസ്വയംവരത്തിനുള്ള വട്ടങ്ങൾ കൂട്ടി ദിവസം സമീപിച്ചു. നളൻ വേണ്ട ഒരുക്കങ്ങളോടെ ഒരു മോട്ടാർബസ്സിൽ യാത്രയുമായി. ഇതിനിടയ്ക്കു ദേവലോകത്ത് ഒരു സൌന്ദര്യപ്പിണക്കം സംഭവിച്ചു. ദേവേന്ദ്രൻ ഉർവ്വശ്യാദിദേവസ്ത്രീകളുമായി രസിച്ചുകൊണ്ടിരുന്നപ്പോൾ ലക്ഷ്മീഭായി എന്ന മാസിക അഞ്ചൽശിപായി കൊണ്ടുവന്നു. അതുതുറന്നുവായിച്ചപ്പോൾ ദമയന്തിയുടെ ഒരു ലേഖനം അതിൽ കണ്ട് ഇന്ദ്രൻ സന്തോഷിച്ചു ദമയന്തിയെ സ്തുതിച്ചുപറഞ്ഞു. ഉർവ്വശിക്കും മററും അതു രസിച്ചില്ല. ഉർവ്വശി എതിർത്തു. അവർ തമ്മിൽ ശണ്ഠയുണ്ടായി. ദേവേന്ദ്രൻ അന്ന് അത്താഴം കഴിക്കാതെ പിണങ്ങിക്കിടന്നു. ദമയന്തീസ്വയംവരം സംബന്ധിച്ചു സദ്യയ്ക്കു

കാകറിസാമാനങ്ങൾ വാങ്ങാൻ മണക്കാട്ടുചന്തയിലേയ്ക്കു തിരിച്ചവർ വരുണനൻ താമസിക്കുന്ന ബംഗ്ലാവിൻെറ മുൻവശത്തുകൂടിയാണ് കടന്നു പോയത്. ഇതു് അദ്ദേഹം കണ്ടു പിടിച്ച് അഗ്നിയോടും ധർമ്മരാജനോടും പറഞ്ഞു. ഇവരെല്ലാം ദേവേന്ദ്രനുമായാലോചിച്ചു ദമയന്തീസ്വയംവരത്തിനു തിരിച്ചു. ഇവർ വഴിയിൽ വച്ചു നളനെക്കണ്ടു. അദ്ദേഹം വണ്ടി നിറുത്തിട്ടു മാഴ്സിൻെറ ഷാപ്പിൽ കയറി ഒരു കുപ്പി ബ്രാൻറി വാങ്ങുകയായിരുന്നു. ഇന്ദ്രാദികൾ നളനോടു ദൂതിനപേക്ഷിച്ചു ടിക്കറ്റുകൊടുത്തു പറഞ്ഞയച്ചു. അദ്ദേഹം ചെന്നു വിവരം പറഞ്ഞു വന്നു. ഇന്ദ്രാദികൾസന്തോഷിച്ച് റെയിനാൾഡിൻെറ കുറെ നോവലുകൾ നളനു സമ്മാനിച്ചു. സ്വയംവരാഡംബരം മുറയ്ക്കു നടക്കുന്നു. രാജസദസ്സിൽ ഇന്ദ്രാദികൾ നളൻെറ വേഷം ചമഞ്ഞിരുന്നു. അഞ്ചു നളന്മാരെയും കണ്ടു ദമയന്തി അന്ധാളിച്ചു. ബി. ഏ. ഡിഗ്രി എടുക്കാനായി മദ്രാസ് സർവ്വകലാശാലയിൽ കാൺവോക്കേഷനു പോയയവസരത്തിൽ ഇന്ദ്രാദികളെക്കണ്ടു പരിചയമുള്ള മിസ് വില്യംസ് മദാമ്മ ഓരോരുത്തരെയും വിവരിച്ച് ഈ വിധം പറഞ്ഞു. "അല്ലയോ ഭൈമീ! നിൻെറ വിവാഹത്തെ കാംക്ഷിച്ചുവന്ന ഇവർ സാമാന്യന്മാരല്ല. ഇന്ദ്രനെ നോക്കുക! ഇദ്ദേഹം ദേവലോകത്തിനു നാഥനാണ്. നന്ദനാവനം സ്വന്തമാകുന്നു. വൃത്രാരിയാണ്. തിരുവിതാംകോട്ടു സെറിൽമെൻറുവകുപ്പിൽ നിന്ന് ഇയ്യിടെ ജോലിവിട്ടു രജിസ്ട്രേഷൻ വകുപ്പിലേക്കു ഹർജികൊടുത്തു കാത്തുനില്ക്കുന്നു. ഇതാ അഗ്നിയെ കാൺക!

ഇദ്ദേഹം വലിയപുള്ളി. സൂര്യനോളം പ്രകാശമുണ്ട്. കൊച്ചുകുഞ്ഞുമാപ്പിളയുടെ നാടകത്തിൽ ബബ്ലേലൻമട്ടുങ്ങളുടെ വേഷം കെട്ടിയിട്ടുണ്ട്. ഈ വിദ്വാനാണ് ഇക്കഴിഞ്ഞ മാച്ചിറപ്രദർശനത്തിനു മത്തങ്ങയ്ക്കു സമ്മാനം വാങ്ങിയതു്. ഇതാ അടുത്തു വരുണനിരിക്കുന്നു. സമുദ്രരാജൻ ഈ കേമനാണ്. ആറാട്ടിന് എഴുന്നള്ളത്തോടൊന്നിച്ചു പട്ടാളക്കാർ പോകുമ്പോൾ അവൾക്കു ടീപാർട്ടി കഴിക്കാൻ ഇദ്ദേഹം ഒരു വരിപ്പണലിസ്റ്റ് തയ്യാറാക്കീട്ടുണ്ട്. ചാലബാഹളക്കേസിൽ ഒരിക്കൽ കുടുങ്ങിയതും ഈ മഹാൻ തന്നെ. ഇപ്പോൾ ഒരു കോവും കൂട്ടത്തലായി കിട്ടി. അതിനടുത്തതു യമൻ. ഈ മഹാൻ അജ്ഞാനകഠാരത്തിന്റെ സഹപത്രാധിപരാണ്. "മുൻപുമറിയാൻ മിടുക്കനല്ലെങ്കിലും പിൻപുമറിയാൻ മോശക്കാരൻ തന്നെ"യെന്നൊരു യോഗ്യതയും ഇദ്ദേഹത്തിനുണ്ട്. ഇതുകൂടാതെ ഒരിക്കൽ ഒരു ചില്ലറതലവേദന വന്നു എന്നൊരു യോഗ്യതയുംകൂടിപ്പറയാനുണ്ട്. ഇതൊക്കെയാണ് ഇദ്ദേഹത്തിന്റെ ഉൽക്കർഷലക്ഷ്യങ്ങൾ. സാക്ഷാൽ നളൻ ഇതാ കാണപ്പെടുന്നു. ഈ വിദ്വാനും ശാരദയിലെ കണ്ടൻമേനോനും അളിയന്മാരാണ്. ഇപ്പോൾ ഒരു പഞ്ചസാരത്തൊഴിൽശാലയും തീപ്പെട്ടിക്കോൽമന്ദിരവും സ്ഥാപിക്കാൻ ഈ മഹാനുഭാവൻ ഉദ്യമിക്കുന്നു. കൂടെ പോയാൽ പഞ്ചസാര ധാരാളം തിന്നാം. തീപ്പെട്ടിയും വാങ്ങാം. ഇതുകേട്ടു ദമയന്തി മാലയിട്ടു. ഘോഷമെല്ലാം യഥായോഗ്യം കഴിഞ്ഞുകൂടി. എല്ലാവരും അവരവരുടെ വീടുകളിലേയ്ക്കു യാത്രയായി. ഇന്ദ്രാദികൾ വഴിയിൽ

വച്ചു കലിയെയും ദ്വാപരനേയും കണ്ടു. സ്വയംവരവിവരമറിഞ്ഞു് അവർ കോപിച്ചു. നളന്റെ കാരണവരുടെപക്കൽ നിന്നു വസ്തുക്കളെല്ലാം ഒററി എഴുതി വാങ്ങിക്കളയാമെന്നും സുഗ്രീവന്റെ ചിട്ടിക്കു പണം കൊടുക്കാതെ മുടക്കിക്കളയാമെന്നും ശപഥം ചെയ്തുപുറപ്പെട്ടു. നളന്റെ നാട്ടിൽവന്നു പുഷ്കരനെ കണ്ടു. അയാറം കാഴ്ചബംഗ്ലാവുതോട്ടത്തിലെ കുഅകല്ലുതൊട്ടിയിൽ നിറച്ചിട്ടുള്ള വെള്ളത്തിൽമുങ്ങിയും പൊങ്ങിയും നീന്തിയുംമറിഞ്ഞും വാലിട്ടടിച്ചും പല്ലിളിച്ചുംചീററിയും ചവച്ചുംകിടക്കയായിരുന്നു. അയാളെക്കൊണ്ടു ചൂതുകളിപ്പിച്ചു നളന്റെ സ്വത്തെല്ലാം പിടിച്ചുപറിച്ചു് അദ്ദേഹത്തെ കാട്ടുപത്തനാപുരത്തേയ്ക്കയച്ചു. നളനുംദമയന്തിയുംപുത്തൻചന്തയിൽനിന്നും തിരിച്ചു് കോടിമതക്കടവിൽ നീന്തിക്കയറി കഞ്ഞിക്കുഴി റോഡിൽ കൂടി ചാക്കയിൽ തോടുമുഴവൻ മുട്ടുകത്തിനടന്നു് നായർഹോട്ടലിൽ നിന്നു് ഊണുകഴിഞ്ഞു് പൂജയെടുപ്പും ആറാട്ടും കണ്ടശേഷം കരമന വച്ചു തമ്മിൽ പിരിഞ്ഞു. നളൻ ഓടിവരുംവഴിക്കു മരച്ചീനിവിളയിൽ കയറി കിഴങ്ങു മോഷ്ടിച്ചതിനാൽ ഉടമസ്ഥന്മാർ കണ്ടുപിടിച്ചു കിഴിയുംധാരയും കഴിച്ചശേഷം പോലീസ്റ്റേഷനിൽ ഏല്പിക്കാൻനിറുത്തിയിരുന്ന കാർക്കോടകനെ കണ്ടു സമാധാനം പറഞ്ഞു് അയാളെ ജാമ്യത്തിൽ വിടുവിച്ചു. പിന്നീടു് നളൻ ഋതുവർണ്ണന്റെ രാജ്യത്തിലെത്തി അദ്ദേഹത്തിന്റെ വക എണ്ണച്ചക്കാപ്പീസിൽ ഒരു ജോലിക്കാരനായി താമസിച്ചു. ദമയന്തി ഉണർന്നു നോക്കിയപ്പോൾ നളനെ കണ്ടില്ല. കിണററിലും തട്ടിൻപുറത്തും അന്വേഷി

ഫീസിലും കതകിന്റെ മുകളിലും നോക്കിയിട്ടും കണ്ടില്ല. അപ്പോൾ ഒരു കാട്ടാളൻ വന്നുചേൎന്നു. നളൻ കുറെ പണം കംമികള്ന്ന കൊടുക്കാനുണ്ടായിരുന്നു. അതു് ഈടാക്കാനായി ജില്ലാക്കോടതി വിധിപ്രകാരം വാറണ്ടും കൊണ്ടു വന്ന ശിപായിയായിരുന്നു അയാൾ. അയാൾക്കു ചായവാങ്ങിക്കൊടുത്തു പറഞ്ഞയച്ചശേഷം ദമയന്തി മണ്ടയ്ക്കാട്ടു കൊട കാണാൻ പോകുന്നവരോടൊന്നിച്ചു നാട്ടിലെത്തി പാൎത്തു. കുറേനാൾ കഴിഞ്ഞു് ദമയന്തിക്കു രണ്ടാംസ്വയംവരമുണ്ടെന്നു നാടൊട്ടുക്കു പ്രസിദ്ധമായി. നളനും ജ്ജൂവണ്ണനും തിരിച്ചു. വഴിയിൽവച്ചു് എക്സൈസ് വകുപ്പിലെ പെറ്റിഓഫീസറായ കലിയെക്കണ്ടു് ഇവർ തമ്മിലുള്ള വിരോധം തീൎത്തു. നളൻ കുണ്ഡിനത്തിലെത്തിയശേഷം വിവരം മുഴുവൻ എല്ലാവരും ഗ്രഹിച്ചു. ദമയന്തിയേയും കൊണ്ടു കോട്ടയത്തുനിന്നും പീരുമേട്ടിലേക്കുള്ള റോഡിന്റെ അരികെ ഒരു ബങ്കളാവു വാടകയ്ക്കെടുത്തു സുഖമായി താമസിച്ചു. ഇതിനിടയ്ക്കു പുഷ്കരനെ പിടിച്ചു കൂട്ടുകാരായ കാഞ്ചീബറ്റാവു തോട്ടത്തിലെ നീർനായ്ക്കളുടെ തൊട്ടിയിൽത്തന്നെയിട്ടു. *

---

* മലയാള നാടകങ്ങൾ അഭിനയിക്കുമ്പോൾ വിദൂഷകന്മാർ പറയുംവള്ള ഈ നവീന നൈഷധവും രാമായണവും ൧൦ കൊല്ലം മുമ്പേ ഈ ഗ്രന്ഥകാരൻ "ഭാഷാപോഷിണി"യിൽ എഴുതിത്തുടങ്ങിയ മലയാളത്തിലെ പഴയ പാട്ടുകൾ എന്ന ഉപന്യാസപരമ്പരയിൽ ഉൾപ്പെട്ടിട്ടുള്ളവയാണു്.

തുമ്പിപ്പാട്ട്.

൧. ഒന്നാം തുമ്പിയും അവർ പെറ്റമക്കളും
പോയി നടപ്പറ തുമ്പിതുള്ളാൻ
തുമ്പിയിതമ്പല്ല ചെമ്പല്ല ഓടല്ല
തുമ്പിത്തുടൽമാല പൊന്മാലകിങ്ങിണി

രണ്ടാം തുമ്പിയും—————ഇത്യാദി

൨. ഒന്നാനാം കൊല്ലുമല്ല
പൂത്താമരയാ പൂച്ചൂരിത്തു്
തങ്കുളത്തിൽ വീണപൂവു്
താൻവാരിയാരറിക
ആരേരിക പന്തലിലെ
അലങ്കരിക്ക ഗണപതിയെ
കാറാരിക പൂപറക
കന്നിമാരെ വാഴ്ത്തുവ
പൂപ്പടയ്ക്കും നേരമായി
പൂപറന്താളൂരിവാരെ

രണ്ടാനാം—————ഇത്യാദി

൩. ഒന്നാനാം മലരമ്പൻ തുമ്പി
മലരമ്പനെ കണ്ടോരാരുണ്ടോ
കണ്ടേൻ ഞാൻ കണ്ടേൻ പെരുത്ത
പൂഞ്ഞോലക്കാവിൽ വച്ചു്
പൂങ്കച്ച വട്ടം ചുറ്റി
പൂമുണ്ടും തൊടുത്തിട്ടു്.
കച്ചൂരട്ടു് കരത്തിലിറക്കി
പിച്ചിമലർ തെച്ചിമൊട്ടു
തെറ്റിപ്പൂ തെറ്റിത്തെറ്റി
പിച്ചിപ്പൂ തൊങ്ങലിട്ടു്
വട്ടകത്താലികെട്ടി

പോയ കുമാരകരെ
കാണാൻ വിധിയുമില്ല
കർമ്മം നമുക്കുമില്ല.

൩. ഒന്നീക്കിൽ തോട്ട കെട്ടി
ഒന്ന പാറില്ലതും കണ്ണിമാങ്ങ
ആ മാങ്ങ തിന്നവർക്ക്
ആ മാസത്തിൽ ഗർഭമുണ്ടാം
അവളപ്പോഴും ബാലകനെ
എന്നു ചൊല്ലി പേർ വിളിക്കും
കരിങ്കുഴലെ ചെറുമണിയെ
രാമനെന്നും പേർ വിളിക്കും

൪. ഒന്നാനാം കൊല്ലത്തി
എന്നുടെ പോരിവാരയും
നിൻ കൂടെ പോന്നാലെല്ലാം
എന്നെല്ലാം തരമാനിക്ക
കളിപ്പാൻ കളം തരുവൻ
കളിപ്പാൻ കളം തരുവൻ
കളിപ്പാൻ കളം തരുവൻ
കമ്പിട്ടവാൻ കൊമ്പിലൊന്ന്
ഇട്ടിരിപ്പാൻ പൊന്തട്ടക്ക്
ഇട്ടുണ്ണാൻ പൊൻതളിക
കൈകഴുവാൻ കൊമ്പുകിണ്ടി
കൈതോർത്താൻ പട്ടുപ്പട്ട്.

൫. ഒന്നാം കന്നാലെ ഒന്നരികന്നാലെ
ഒന്നല്ലാ മകാർ പാലുന്ന്
പാലസ്സിലവന്ന പൂവന്ന കാവന്ന
പാലസ്സു പാൽക്കെട്ട് പായ്തി നീ
ഞാനല്ല പൈങ്കിളി താമരപൈങ്കിളി
ഞാനിതന്നാളുന്ന പൊന്നോല പൈങ്കിളി
പുന്നക്കപ്പൂന്നം ഇലഞ്ഞിപ്പൂവപ്പൂന്നം
കഞ്ചെചിറകിലി കൂടറിഞ്ഞു

അത്തത്തണയിട്ട താമരണയിട്ട
എങ്ങനെനാകാന്തി യിണപിരിക്കാം
അപ്പൻറ കുലം ചൊല്ലി തായാർ കുലം ചൊല്ലി
അങ്ങളിൽ കൊത്തിയിണ പിരിക്കാം.

൧. ഒന്നാം കിളിപ്പൂറവാരെ
ഒന്നരവട്ടി പാവയ്ക്കാ
ഞാൻ പറിപ്പേം നീ പറിപ്പേം
പൊന്നാരമ്പം പാവയ്ക്ക.

൨. ഇളംകുട്ടിയാർ കവളങ്ങളിൽ
പൊട്ടിപ്പുവന്നോർ കമ്പളവള്ളി
കമ്പളത്തിൻ കൊഴുന്നൊടിച്ച്
കോരനല്ലി ഊഞ്ഞാലിട്ട
ഊഞ്ഞാലാടാൻ വാടി പെണ്ണേ
നല്ലപെണ്ണേ തങ്കക്കൊടി
എനിക്കന്റെ കാൽകഴച്ച്
ഓരടിയും നടക്കാൻ വയ്യ
എനിക്കിരിക്കം കിഴക്കേക്കോല
എട്ടുണ്ടന കൊട്ടപ്പിന്നോ
ഇനിയെന്തിലും വാടിപെണ്ണേ
നല്ലപെണ്ണേ തങ്കക്കൊടി
എനിക്കന്റെ കൈകഴച്ചി
ഓരടിയും നടക്കാൻ വയ്യ
എനിക്കിരിക്കം കിഴക്കൻ കാപ്പ്
എട്ടുണ്ടന കൊട്ടപ്പിന്നൊ
ഇനിയെന്തിലും വാടിപെണ്ണേ
നല്ലപെണ്ണേ തങ്കക്കൊടി

൩. ഒന്നാനാം മതിലകത്ത്
ഒന്നല്ലാ പൊന്നിലഞ്ഞി
പൊന്നിലഞ്ഞി പൂവിറുപ്പാൻ

ഏഴരെല്ലാം തോഴിമാര്
ഏഴിലെയ്യും ഇളയകന്നി
കുമാരനല്ലൂർ കാത്യായനി
ഞാവലും കല്ലിലും കുളക്കടവി
നിലവിളക്കുമ്പം ചൊല്ലുന്നു
കൊട്ടത്തും കൊടിവിളക്കും
വാക്കരവ തോരണ്ടു.

ഓണപ്പാട്ട്.

മാവേലി നാടുവാണീടും കാലം
മനുഷരെല്ലാരുമൊന്നുപോലെ
ആമോദത്തോടെ വസിക്കും കാലം
ആപത്തങ്ങാക്കുമൊട്ടില്ലതാനും
കള്ളവുമില്ല ചതിവുമില്ല
എള്ളോളമില്ല പൊളിവചനം
വെള്ളിക്കോലാദികൾ നാഴികളും
എല്ലാം കണക്കിനു തുല്യമായി
കള്ളപ്പറയും ചെറുനാഴിയും
കള്ളത്തരങ്ങൾ മറ്റൊന്നുമില്ല.

തൊവു [illegible] പം പാടുന്ന
൨ [illegible] ൦.

രാജാവിന്റെ [illegible] സ്കൂൾ—മല
ചൊല്ലുന്ന [illegible] നാരങ്ങ

പോരച്ചുന്നാൽ തൊട്ടുകറിച്ചു്
ഓരച്ചുന്നാൽ കൊണ്ടുപോരാം
അച്ഛനാണെ അമ്മയാണെ — നിന്റെ
കന്നിയാക്കം തീർന്നാ പെണ്ണേ
അച്ഛനാണെ അമ്മയാണെ — എന്റെ
കന്നിയാക്കം തീർന്നില്ല.

രാജാവിന്റെ കോട്ടയ്ക്കകത്തു് — ഒരു
വരിക്കപ്ലാവ് നില്പതൊണ്ടേ
പോരച്ചുന്നാൽ കണ്ടുകറിച്ചു്
ഓരച്ചുന്നാൽ കൊണ്ടുപോരാം
അച്ഛനാണെ അമ്മയാണെ — നിന്റെ
കന്നിയാക്കം തീർന്നാ പെണ്ണേ
അച്ഛനാണെ അമ്മയാണെ — എന്റെ
കന്നിയാക്കം തീർന്നില്ല
രാജാവിന്റെ കോട്ടയ്ക്കകത്തു് — ഒരു
കശുമാവ് നില്പതൊണ്ടേ
പോരച്ചുന്നാൽ കണ്ടു കറിച്ചു്
ഓരച്ചുന്നാൽ കൊണ്ടുപോരാം
അച്ഛനാണെ അമ്മയാണെ — നിന്റെ
കന്നിയാക്കം തീർന്നാ പെണ്ണേ
അച്ഛനാണെ അമ്മയാണെ — എന്റെ
കന്നിയാക്കം തീർന്നില്ല

രാജാവിന്റെ കോട്ടയ്ക്കകത്തു് — ഒരു
കപ്പേം ചേന നില്പതൊണ്ടേ
പോരച്ചുന്നാൽ കണ്ടു കറിച്ചു്
ഓരച്ചുന്നാൽ കൊണ്ടുപോരാം
അമ്മയാണെ അച്ഛനാണെ — നിന്റെ
കന്നിയാക്കം തീർന്നാ പെണ്ണേ
അച്ഛനാണെ അമ്മയാണെ — എന്റെ
കന്നിയാക്കം തീർന്നില്ല"

രാജാവിന്റെ കോട്ടയ്ക്കകത്ത് ചെന്നെങ്ങിലെ കരിക്കും വരിക്കച്ചക്കയും കദളിക്കുലയും പൊന്നുംചേനയും കണ്ടെന്നും പകൽ അവിടെ ചെന്ന സ്ഥാനം കണ്ടറിഞ്ഞ ശേഷം രാത്രിയിൽ പോകയാണെങ്കിൽ അവയെ കൊണ്ടുപോരാമെന്നും മറ്റും വിവരിക്കുന്ന ഭാഗം പഴയകാലത്തിലെ ഒരു ഘട്ടത്തെ സ്മരിപ്പിക്കയല്ലയോ ?

൧. ആനവരുന്ന കണ്ടെല്ലപ്പാ
കുത്തിരെക്കയ് മുന്നിൽ വച്ച്
ആനവരുന്ന കണ്ടെല്ലപ്പാ
കുത്തിക്കാൽ പിറകിൽ വച്ച്
ആനവരുന്ന കണ്ടെല്ലപ്പാ
പാഴ്മുറം പോലെ ചെവിയും വച്ച്
ആന വരുന്ന കണ്ടെല്ലപ്പാ
കിണ്ണം പോലെ കണ്ണും വച്ച്
ആന വരുന്ന കണ്ടെല്ലപ്പാ
കലക്കവെള്ളം തെറിത്തെറി
ആനവരുന്ന കണ്ടെല്ലപ്പാ

൨. ചിറിതാമ്മ പകവാനെ—തെയ്യന്തതാര
ചീരാതെവിളപ്പണ്ണവരെ—തെയ്യന്തതാര
ഏറെനേടി പൂർപെറണ്ണ—തെയ്യന്തതാര
ഒരുട്ടൊട്ടുനാമ്മെകാണു—തെയ്യന്തതാര
ചെവട്ടക്കപ്പാക്ക—തെയ്യന്തതാര
ഏട്ടക്കാവമില്ലല്ലോ—തെയ്യന്തതാര
ഏറെനേടീ പൂർപെറണ്ണ—തെയ്യന്തതാര
ഒരുട്ടൊട്ടുനാമ്മെകാണു തെയ്യന്തതാര
ചൊറാർതറപ്പാറില്ല—തെയ്യന്തതാര

൩. ഇട്ടിക്കാളിപ്പുതമണ്ണാത്തി
എന്റെ മാറ്റു നീ അലക്കിത്തരണേ

ചെർ

എന്റെ ചാത്തല്ലോ പിടഞ്ഞുപോയി
നിണ്ണക്കല്ലോ പിളന്നും പോയി
എന്റെ കൂട്ട് പിരിഞ്ഞും പോയി.

൪. തായ്മാരെ തായ്മാരെ
തയ്യുള്ളോരെങ്കും പൊന്നുതായ്മാരെ
ഏർപിടിച്ചു വയലുഴുതു
ഇതമുടനുരുക്കമേൽ മരമടിച്ചു
ഇരുമ്പാലെ വരമ്പൊതുക്കി
ഇതമുടൻ നാലതിക നിരപ്പാക്കി
കാൽവീശി വിത്തെറിഞ്ഞു
ഒരുത്തുടനെ ജലം താനമെടുത്തു
നാറിളക്കി വയൽ നട്ടുവാം
നട്ടുവെടുത്ത കളയെടുപ്പോമേ
പൊതിപിടിച്ചു കതിരാനാൽ
മാടവും കെട്ടിക്കാവൽ കിടപ്പോമേ
പാലരെടുത്തു കതിർ ചാഞ്ഞാൽ
അരുത്തുടൻ നാങ്കള്ളവടിപ്പോമേ
മൂന്നാമെന്നാം കളത്തിൽ
മാരെടുപ്പിണല്ലു പുഴതിപ്പോമേ
കൊമരിതന്നും കതിർ നെല്ലും
കൂറാറയും വാങ്കി നാങ്കളും നടപ്പോമേ
അവലിപ്പും മാട്ടിപ്പും
മാരെട്ടയരത്തു നാങ്കളും കറിചമപ്പും.

ഗണപതിസ്തുതി.

ആറുമുകനും ഗണപതിയും
കാനകത്തുനിന്നു കളിച്ചനാളിൽ
അന്ന കട്ടൊരേഹം പെരുന്നതായിട്ട്

തെററിവനത്തോടി എറങ്ങീയതേരം
തെററിപ്പഴങ്ങളുമിറുത്തു തിന്നു
കദളിവനത്തോടി ഏറങ്ങിയതോ
കദളി കനികളുമിറുത്തു തിന്നു
തിന്നതിലെത്രകനി അധികംവന്നു
വളർ മടിക്കവച്ചു തെറുത്തുകൊണ്ടു
ആറുമുഖവനും ഗണപതിയും
തമ്മിലിരുവരും വഴിനടന്നു
കുട്ടവഴിദൂരം ചെന്നൊരനേരം
അപ്പഴത്തിന്റെയൊരു തലിയെപ്പററി
തമ്മിലിരുവരും പിടിയും പെട്ടു
ഗണപതിയെത്തള്ളിയടിയിലിട്ടു
ഗണപതി തന്റെയൊരു വലം കൊമ്പല്ലൊ
ഇതുമുറിയായപ്പോൾ മുറിഞ്ഞു പോയി
ഒററ മുറി കൈകയിലെടുത്തും കൊണ്ടു
അച്ഛൻ തിരുമുമ്പിലന്യായമായി
ആറുമുഖവനും ഗണപതിയും
കാരകുണ്ണു നിരാ കളിച്ച നാളിൽ
ഇക്കറവു തൊഴനോ തീപ്പുതുമൊണ്ടു
മേകറവു തൊഴനോ തീപ്പുതുമൊണ്ടു
വെള്ളിയാഴ്ച വെള്ളി വെളുക്കുമുമ്പേ
ആതികതിരവന്തിക്കും മുമ്പേ
ചെംകം മണലാട്ടം കടപ്പുറത്തു
പൂങ്കം പൂനരാട്ടം തിരയരികിൽ
ഏഴു തിരയ്ക്കുമ്പട്ടിങ്ങിപ്പുറമതോ
കഴിങ്ങല്ല തന്റെ കളത്തും മൂട്ടിൽ
നിങ്ങളിരുവരും വന്നിട്ടു കൊറവിൻ
ഇടി ഇടത്തന പൊരിയവല്ലു
ഇതുമുടക്കന നിങ്ങളെപ്പിച്ചിട്ടു
പൂരി പൊരുത്തന പൊരിമലരു

ഫന്ന്യ

അഴകൊട്ട വിരവിനാലെ എടുപ്പിച്ചതോ
തോരണങ്ങളിലെ യിട്ടും ചെംകതമ്പയും
ചെത്തി ച്ചിത്രമാക്കി പൂമട്ട കെട്ടി
വരിക്കച്ചക്കതന്റെ ചുളയുമെല്ലാം
അഴകൊട്ട വിരവിനാലെ എടുപ്പിച്ചതോ
ചിങ്ങൻ കദളി യിക്കനികളെല്ലാം
അഴകൊട്ട വിരവിനാലെ എടുപ്പിച്ചതോ
വെള്ളിയാട്ട്, വെള്ളി വെള്ളരം മുമ്പ
അരുതിച്ച പകവാനന്ദതിരം മുമ്പ
ചാരം മണലാട്ടം കർപ്പൂരത്തു്
അവരങ്ങിയവരും ചെന്നിടകൊണ്ടു
വെള്ളിക്കിണ്ടിയിലെ നീരെടുത്തെല്ലാ
നേരു കിഴക്കായി നിലയും നിന്ന
പടിരാവി തന്റെ ചാണകം കൊണ്ടു
വട്ടമെഴുക്കലും മെഴുകിയതോ
ചിങ്ങൻ വാഴയില നേർ കിഴക്കായിട്ട്
വെള്ളിവിളക്കും പോൻ വിളക്കും വെച്ചു
ചെല്ലച്ചെമ്പനാഴി നിറ പറ വെച്ചു്
ഗണപതിക്കും പിന്നെ യദുകുലം
ഇഞ്ചീയിലത്തന പൊരിയവല്ല്
കണ്ടപോലെ കൊണ്ടു കമിത്താനപ്പോൾ
പോരി പൊരുത്താന പൊരിമലര്
കണ്ടപോലെ കൊണ്ടു കമിത്താനപ്പോൾ
തോരണങ്ങളിലിട്ടും ചെങ്കുതമ്പ ചെത്തി
ചിത്രമാക്കി നിരത്തി നല്ല വരിക്കച്ചക്ക
ച്ചുള കണ്ടപോലെ കൊണ്ടു കമിത്താനപ്പോൾ
ചിങ്ങൻ കനി നല്ല കദളിക്കനിയും
കണ്ടപോലെ കൊണ്ടു കമിത്താനപ്പോൾ
ആദുകുലവനും ഗണപതിയും
കണ്ടു കൊൾവിൻ നിങ്ങളുണ്ടുകൊൾവിൻ

കണ്ടതില്ല ഞങ്ങളൊന്നുമില്ല
ദേവതാക്കളെല്ലാനും പോയതുമില്ല
അപ്പനാൾക്ക് നേർച്ച തന്നെ പോലെ
ഞങ്ങൾക്ക് നേർച്ചയെല്ലാം തരികവേണം
കടലിന തുല്യമായ വയറണ്ടായാൽ
മാനിടരെന്നു തരും നിങ്ങൾക്കെന്നും
ഏഴ് പൊരിമലർ ജപിച്ചിട്ടതു്
ഗണപതിയുടെ വായിൽ പോരിയതോ
അപ്പോൾ പ്പറയുന്നു ഗണപതിയും
കണ്ടതുണ്ട് ഞങ്ങളൊന്നുമൊണ്ടു്
ദേവതാക്കളെല്ലാം പോയതുമൊണ്ടു്
അപ്പോൾക്കേട്ടു പോന്നും ഗണപതി തൻ
അടിമലരതു തൊഴുമടിയൻ | ശുഭം

പുലർകാലപ്പാട്ട് (പാണൻപാട്ട്)

ഈ നാട്ടിന്റെ നാനാഭാഗങ്ങളിലും താമസിച്ചുവരുന്ന പാണന്മാർ അവരുടെ സമീപസ്ഥലങ്ങളിലുള്ള വീടുകളിൽ അർദ്ധരാത്രിക്കു ശേഷം ചെന്ന് ഈ പാട്ടുപാടി കിട്ടുന്ന ആദായം സ്വീകരിച്ചുവരുന്നു. ഈ പാട്ടു രാത്രികാലങ്ങളിലല്ലാതെ പാടിക്കൂടായെന്നും എഴുതി പഠിച്ചുകൂടായെന്നും പുരുഷൻതനിച്ചുപോയി പാടരുതെന്നും ഓരോവീടുകളിൽ ചെന്നാൽ അവിടുള്ള ആളുകളെ വിളിച്ച് ഉണർത്താൻപാടില്ലെന്നും, ഏഴുവീടുകളിൽ അധികം ഒരേദിവസം പൊയ്ക്കൂടായെന്നും ആവീടുകളിൽനിന്നുകിട്ടുന്ന ആദായംകൊണ്ടു നിത്യ

വൃത്തി കഴിച്ചു യാതൊന്നും ഇല്ലാതായതിന്റെ ശേഷമല്ലാതെ പാടാവുന്നതല്ലെന്നും മററും ചിലനിർബ്ബന്ധങ്ങളുണ്ടു്. പാണനും പാണത്തിയും കൂടിയാണു പാടാൻ പോകുന്നതു്. വീടുകളിൽ ചെന്നാൽ പറകൊട്ടിയും മുരടനക്കിയും ആളുകളെ ഉണർത്തുന്നു. പാണൻ ജാതിയിൽ ജനിച്ചു്, ശിവഭക്തനായി തിരുവണ്ണാമല എന്നൊരു സ്ഥലത്തു പാർത്തിരുന്ന തിരുവരങ്കൻ എന്നൊരാൾക്കു ഭഗവാൻ ശ്രീപരമേശ്വരൻ ഒരു വരം കൊടുത്തതിനെ അടിസ്ഥാനമാക്കിയാണു തിരുവരങ്കന്റെ സന്തതികളായ പാണന്മാർ ഈ പാട്ടു പാടി കാലക്ഷേപം ചെയ്തുവരുന്നതു്. പാണന്മാർ ഇപ്പോഴും, തയ്യൽ, നെയ്ത്തു, കുടകെട്ടു മുതലായ തൊഴിലുകൾ ചെയ്തുവരുന്നുണ്ടെങ്കിലും, ഈ പാട്ടുപാടി ഉപജീവിക്കണമെന്നാണു് അവരുടെ ഇടയിലുള്ള വിശ്വാസം.

ശനിപ്പിഴ നിമിത്തം ഭഗവാൻ ശ്രീപരമേശ്വരനും ശ്രീപാർവ്വതിയുംകൂടി പന്തീരാണ്ടു ഭിക്ഷയെടുത്തു നടന്നു. ആക്കാലത്തു് ഭഗവാനും ഭഗവതിയുംകൂടെ വട്ടമണിയമ്പലത്തിൽ ഇരുന്നു നൃത്ത കളിച്ചു.

"അഷ്ടമത്തിൽ ശനിപിഴച്ചു
ഭിക്ഷയേറ്റുകൊണ്ടിറങ്ങി ഭഗവാൻ
ഭഗവാനും ശ്രീപാർവ്വതിയും
പിടിച്ചു ഭിക്ഷ പന്തീരാണ്ടു"

നൃത്തകളി കാണുന്നതിനു ദേവന്മാർ, യക്ഷന്മാർ, ഗന്ധർവ്വന്മാർ, മുതലായവർ വട്ടമണിയമ്പലത്തിൽ ചെന്നു.

ആ കൂട്ടത്തിൽ തിരുവണ്ണാമലയിൽ നിന്നു നമ്മുടെ തിരുവരങ്കനും അവിടെ എത്തി............ഭഗവാനും ഭഗവതിയും കൂടെ ചൂതുകളിച്ചതിൽ

"പിറന്നാളയെത്തിനു
തോററവർപായി ഭഗവാനു
കണ്ടു നിന്ന തിരുവരങ്കൻ,
കയ്യടിച്ചു ചിരിച്ചുകൊണ്ടു
പെണ്ണുങ്ങളോടെ തോററ സ്വാമി,
ആണൊരോടെ ജയിക്കുമെന്നു"

തിരുവരങ്കൻ ആക്ഷേപമായി പറഞ്ഞതു കേട്ടു

"തിരുക്കോപമതു സഹിക്കാഞ്ഞൊരു
ചൂതുവാരി നിലത്തടിച്ചു
അല്പ്പം തെലൊന്നു ചെന്നു
തിരുവരങ്കൻ മെയ്യിലേററു
ഏററുകൊണ്ടു മണ്ടു വീണു
ഭൂമിതന്നിലയ്യോ മുററു"

ഉടനെ ശ്രീപാർവ്വതി തിരുവരങ്കന്റെ ശരീരത്തിൽ ജലം തളിച്ചു തിരുവരങ്കനെ എഴുന്നേല്പിച്ചു. തിരുവരങ്കൻ ശ്രീപാർവ്വതിയുടെ കക്ഷിപിടിച്ചു പറഞ്ഞതുതന്നെ ആ ദേവിക്ക് ആനന്ദകരമായിരുന്നിരിക്കുമല്ലൊ. അല്ലെങ്കിൽ ഭർത്താവിന്റെ അപരാധത്തിനു സമാധാനമുണ്ടാക്കേണ്ട ചുമതലയും ഭാര്യക്കുണ്ട്. എങ്ങനെയായാലും തിരുവരങ്കനെ രക്ഷിച്ചു. തിരുവരങ്കൻ എഴുന്നേററിരുന്നയുടനെ ഭഗവാനെ ശപിക്കയാണുണ്ടായതു്.

"ഇന്നുതന്നെ എറിഞ്ഞ ഭഗവാൻ
നാളെയാരേം എറിയരുതു"

എന്നവരു് ശപമിട്ടു
അന്നു പോയി തിരുവണ്ണാമലൈ''

ഈ ശാപമേററു ഭഗവാന് അന്നുമുതൽ ആലസ്യം ആരംഭിച്ചു. ആലസ്യശാന്തിക്കായി വെളപ്പണിക്കർ കണിക്കിടാവു മുതലായി പലരെ വരുത്തി മന്ത്രവാദവും ചികിത്സയും കഴിച്ചിട്ടും യാതൊരു ഫലവുമുണ്ടായില്ല. പിന്നീട് തിരുവരങ്കനെ വിളിച്ചുകൊണ്ടുവരുന്നതിനായി കടുകളുതൻ എന്നൊരു ഭൃത്യനെ തിരുവണ്ണാമലയ്ക്കു് അയച്ചു. കടുകളുതൻ പോയ വഴിയെ ഇപ്രകാരം വർണ്ണിച്ചിരിക്കുന്നു.

''അൻപടിയും കഴിഞ്ഞു,
മറപടിയുടൻ കഴിഞ്ഞു
പച്ചമലയും കഴിഞ്ഞു,
പവിഴമലയുടൻ കഴിഞ്ഞു
ഉച്ചിക്കാന മലകഴിഞ്ഞു,
വട്ടപ്പാറമല കഴിഞ്ഞു
ഉറുമ്പിനമെ ഇഴയരുതാത
ഉയർന്നയന്ത മല കഴിഞ്ഞു
പരുന്തിനുമെ പറക്കരുതാത,
പ്പാറയന്തമല കഴിഞ്ഞു
നാഗങ്ങളും കുടികൊള്ളുന്ന,
നാഗേന്ദ്ര മല കഴിഞ്ഞു
ഭൂതങ്ങളും കുടികൊള്ളുന്ന,
പുതിയ ചോല മല കഴിഞ്ഞു
ആനകളും ചരിഞ്ഞുവീഴും
അടവിയന്ന മല കഴിഞ്ഞു
കുതിരതിന്നു ഭ്രമമാടുന്ന
ഉവരിയെന്ന മല കഴിഞ്ഞു

ഒടിയുമേ മുഴറിമെല്ലേ,
തിരുവണ്ണാമലക്ക ചെന്നു . . . . . .

അനന്തരം കട്ടകള്ളൻ തിരുവരങ്കനെക്കണ്ടു ഭഗവാന്റെ ആലസ്യത്തെപ്പററിപ്പറഞ്ഞു മനസ്സിലാക്കി. കട്ടകള്ളനും തിരുവരങ്കനും തിരുവരങ്കന്റെ "പൂമങ്കത്തള്ളയാരും" കൂടി പുറപ്പെട്ടു ഭഗവത്സന്നിധാനത്തിലെത്തി.

"മുമ്പാകെ കട്ടകള്ളൻ,
അതിൻപിറകെ തിരുവരങ്കൻ
ഒള്ളുപിപ്പുറകപാറി
പൂമങ്കത്തള്ളയാര്"

ഈ ക്രമത്തിനാണ് അവർ പോയതു്. ഭഗവാനെക്കണ്ടു് ആലസ്യം ഭേദമാക്കിയപ്പോറം ഭഗവാൻ സന്തുഷ്ടചിത്തനായി തിരുവരങ്കന് എന്തുവരമാണ് വേണ്ടതെന്നു ചോദിച്ചു

"എന്നത്താൻ പുലത്തിയവനെ
ഞാനെന്നെന്നും വരംതന്നു,
ഞാനേറിക്കളിക്കുന്ന,
മയിലാനെ തട്ടിത്തോടം
ആനയേറാൻ രാജാവല്ല,
കുതിരയേറാൻ മന്തിരിയല്ല
അങ്കത്തള്ള തട്ടിത്തോടം,
പൂങ്കത്തള്ള തട്ടിത്തോടം
ആയിരത്താനും അടിയനു വേണം,
അഴകുള്ള തമ്പുരാനേ"

അങ്ങനെ വില ഏറിയ പല വരങ്ങളും കൊടുക്കാമെന്നു ഭഗവാൻ അരുളിച്ചെയ്തതിനെ എല്ലാം തിരുവരങ്കൻ വേണ്ടെന്നുവച്ചു. എന്തെങ്കിലും ഒരു "എളിയ വരം" മതിയെന്നു

ണു തിരുവരങ്ങൻ ഭഗവാനോടറിയിച്ചതു്. അപ്പോൾ ഭഗവാൻ ഇപ്രകാരം അരുളിച്ചെയ്തു.

"എന്നുമൊന്നുമില്ലാത്ത നാം,
ഭൂമിയിലെ സുഖമൊന്നുമില്ല
എന്നെ ഞാൻ നിനപ്പവരെ,
വിളക്കിനെ കൊളുത്തുമവരെ
അറിയാ മഹാപാപികൾ,
പടിയടച്ചു വിലക്കുമെടാ
വിലക്കുന്ന, വീട്ടിലെല്ലാം,
കന്നിവിളെ പാടേണ്ട" "

ഇങ്ങനെ ശിവഭക്തന്മാരുടെ വീടുകളിൽ പോയി പാട്ടുപാടിയാൽ ഉടനെ പത്തായം തുറന്നു് അവരവിത്തു, ഉപ്പു, മുളകു, നാളികേരം, ഉമ്മി, മഞ്ഞൾ, മുതലായി ഭക്ഷണത്തിനുവേണ്ട സകല സാമാനങ്ങളും നിനക്കു തരും എന്നുകൂടി ഭഗവാൻ അരുളിച്ചെയ്തശേഷം

"ഈ വരമെന്നിക്കെടാ, നിനക്കും നിന്റെ സന്തതികൾക്കും" എന്നു പറഞ്ഞവസാനിപ്പിക്കുന്നു. ഈ കല്പനയനുസരിച്ചാണു് ഇന്നും പാണന്മാർ പുലർകാലപ്പാട്ടു പാടുന്നതു്. പാട്ടിന്റെ അവസാനഘട്ടത്തിൽ ഇപ്രകാരംകാണുന്നു.

"അന്നുതന്ന കല്പനയാലെ,
ഇന്നടിയൻ നാവു പാടുക
പകലെന്നു സ്തുതിക്കുന്നു",
കാരാളൻ വാഴ്ത്തുന്നു"
വിളിച്ചുണർത്തിപ്പാടുന്നു",
യാത്ര ചൊല്ലി പ്പോകുന്നു"
നാരായണാ സുഖിലൊണരുക,
തമ്പുരാനേ സുഖിലൊണരുക" "

കുറവൻപാട്ട്.

ഈ പാട്ടുകളിപ്പോൾ സാധാരണ ഉപയോഗിക്കുന്നതു വാലന്മാരാകുന്നു. വാലന്മാർ വള്ളത്തിൽ കയറി തണ്ടു വലിക്കുമ്പോൾ ഈ പാട്ടു പാടുന്നതു് അവൎക്കു് ഏററവും ആഹ്ലാദജനകമാണു്. ഈ പാട്ടു നല്ലപാട്ടുകാരായ വാലന്മാർ കൂട്ടംകൂടി പാടുന്നതു കേട്ടാൽ വളരെ മനോഹരമായിരിക്കും. തന്റെ ഭാൎയ്യയിൽ ജാരസംസൎഗ്ഗത്തെ ശങ്കിച്ചു് അവളോടു കുറവൻ ചില ചോദ്യങ്ങൾ ചോദിക്കുന്നതിനു രസികത്തിയായ കുറത്തി ഓരോ സമാധാനം പറഞ്ഞു കുറവനെ സമ്മതിപ്പിക്കുന്നപാട്ടുമാണു താഴെക്കാണിക്കുന്നതു്. ഇതിൽ നിന്നും ഈ ജാതിക്കാരെപ്പററി പല കാൎയ്യങ്ങളും മനസ്സിലാക്കാവുന്നതാണു്.

"ചീരിത്തിരുകിയ ചീവിത്തലമുടി
എങ്ങനുലഞ്ഞിതെടീ കുറത്തീ
മുല്ലപ്പൂങ്കാവിലെ മുല്ലിക്കപ്പോയപ്പോൾ
മുള്ളുവലിഞ്ഞിതെടാ കുറവാ
ഞാനിതുതാനും മറിമായമറിഞ്ഞില്ല
പാലവള്ളിക്കിളിയേ കുറത്തി
പാലവള്ളിക്കിളിയെന്നെന്നെച്ചൊല്ലിയാൽ
പാപം പലതുണ്ടെടാ കുറവാ
നെററിക്കു തൊട്ടൊരു ചന്ദ്രവള്ളിക്കുറി
എങ്ങനെ പൊളിഞ്ഞിതെടീ കുറത്തി
വഴിയേറെ നടന്നിട്ടും വെയിലേറെക്കൊണ്ടിട്ടും
വിയൎപ്പാലെ പൊളിഞ്ഞിതെടാ കുറവാ,
ഞാനിതുതാനും മറിമായമറിഞ്ഞില്ല

വന്ദ്

പഞ്ചവർണ്ണക്കിളിയെ കറുത്തി
പഞ്ചവർണ്ണക്കിളിയെന്നെന്നെ ചൊല്ലിയാൽ
പാപം പെരുത്തേടാ കറമ്പാ
മൂക്കേക്കിടന്നോരു മൂക്കാണി മൂക്കത്തി
എങ്ങനെ പോച്ചിതെടീ കറുത്തി
മൊന്തയിൽ നീർ വെള്ളം മൊന്തിക്കുടിച്ചപ്പം
അങ്ങനെ പോച്ചിതെടാ കറമ്പാ
പൂണപ്പുഴം പോലിരുന്നോരു പൂണിന്റെ
തോള കറുത്തിതെന്തേ കറുത്തി
അപ്പുറാ വീട്ടിലെ ശർക്കര മാവേലെ
മാങ്ങാ കടിച്ചിതെടാ കറമ്പാ
കഴുത്തെക്കിടന്നോരു കനകവളയുണ്ടു
എങ്ങനെ പോച്ചിതെടീ കറുത്തി
കാട്ടിലെ വനമരി മുറിച്ചിപ്പിഴപ്പം
പൊട്ടിച്ചു പോച്ചിതെടാ കറമ്പാ
കൊച്ചു പതിച്ചുള്ളോരു കമ്മലത് രണ്ടു
മേവന്നുച്ചിതെടീ കറുത്തി
അപ്പുറാ വീട്ടിലെ ചൊപതൽ കരഞ്ഞപ്പം
പാലു കൊടുത്തിതെടാ കറമ്പാ
ആലില പോലെ കിടന്നോരണിവയറ്
ഓങ്ങാലചിതെടീ കറുത്തി
കാലത്തെഴുന്നേറ്റ വെള്ളപ്പം തിന്നത്തി
കുടിക്കാത്തിട്ടല്ലയോടാ കറമ്പാ
കാലേ കിടന്നോരു കനകവളത്തണ്ട
എങ്ങനെ പോച്ചിതെടീ കറുത്തി
കല്ല്യമ്മ നാട്ടിൽ കട്ടകൾ നടന്നപ്പോ
കുല്ലാവേ പോച്ചിതെടാ കറമ്പാ

വന്ദന

മുന്തിയ്യൂട്ടത്തോരു ചോദകം പൂവൊന്നും
മാറീട്ടുകാണുന്നിതാടീ കുറത്തി
മുന്തിയ്യൂട്ടത്തിട്ടു ചന്തം വരാഞ്ഞിട്ടു
മാറീയ്യൂട്ടത്തെന്നോ കുറവാ
ഞാനിതതാനും മറിമായമറിഞ്ഞില്ല
പഞ്ചവർണ്ണക്കിളിയെ കുറത്തി
പഞ്ചവർണ്ണക്കിളിയെന്നെന്നെച്ചൊല്ലിയാൽ
പാപം പലതുണ്ടേ കുറവാ.

വാലൻപാട്ട്.

ഈ പാട്ട് വാലന്മാർ തണ്ടുപിടിക്കുമ്പോഴും പാടുന്നതാകുന്നു.

“ഒഴിപ്പുറത്തെന്ന ചെമ്പതന്നെ
നീയുണ്ടോ മാമാങ്ക വേല കണ്ടു
വേലയും കണ്ടു വിളക്കും കണ്ടു
കടലിത്തിര കണ്ടു കപ്പൽ കണ്ടു
കടലിപ്പുറത്തൊന്ന കരിന്തെങ്ങിന്മേൽ
കടന്നലുമുണ്ടു കടന്നക്കൂടുണ്ടു
കടന്നൽ പിടിപ്പാൻ വിരുതാർക്കുള്ളൂ
തെക്കുള്ള വീട്ടിൽ രണ്ടു പിള്ളേരുണ്ടു
പിള്ളേരെ വിളിപ്പാൻ തണ്ടാളുമല്ല
പിള്ളേരും വന്നു പോഴാളും വന്നു
പട്ടുടുത്തു പണിത്തൊപ്പിയിട്ടു
ഇടക്കിടക്കയും തോൾവളയണിന്നു
കടന്നൽ പിടിച്ചവരു കൂട്ടിലിട്ടു
ഇടയ തുലുകുന്ന കാട്ടു വെച്ചു
ഇടയ തുലുകൻ തുറന്നാൽ പാരുന്നു

ഇളയ തുലുക്കന്റെ മൂക്കും കുത്തി
കൊണ്ടു പോ പിള്ളരെ യിവിടെ വേണ്ടാ
നമ്മുടെ തമ്പുരാൻ തിരുവിതാംകോട്ടു
തുരക്ക വിളയാടിയൊരു പട്ടം കിട്ടി
പട്ടം മടക്കി മടിമേൽ വെച്ചു . . . . . .

കല്ലിനിടവഴിയും കാഞ്ഞിരക്കുററിയും . കടന്നാൽക്കൂട്ടം തിരുവാറന്മുളഭഗവാനും ഉള്ളപ്പോൾ തിരുവാറന്മുളക്കയറു കയില്ലെന്നു തുലുക്കൻ സത്യംചെയ്തിട്ടുള്ളതായി ഒരു ഐതിഹ്യം ഉണ്ടു്. ആക്കാലത്തുണ്ടായ പാട്ടല്ലയോ ഇതു്.

സന്ദേശവും, വീരവാദവും.

“തേവപ്പുറത്തി മേലാറം കൊണ്ടും തന്നു
നീയുണ്ടോ കടമാളൂർ കോട്ട കണ്ടു ;
കോട്ടയും കണ്ടു മതിലും കണ്ടു.
കോട്ടയ്ക്കകത്തു വടക്കേക്കെട്ടിൽ
അമ്മ തമ്പുരാട്ടിയെ കൂടെക്കണ്ടു.

. . . .

ആന പറക്കട്ടെ ആകാശം താഴട്ടെ
ആഴിക്കടലൊരു കുളമാകട്ടെ
പൂച്ച പറക്കട്ടെ പുരുഷൻ പെണ്ണാകട്ടെ
പൂച്ചക്കിടാവൊരു പുലിയാകട്ടെ
പരന്താനു? താഴട്ടെ പടിഞ്ഞാറുദിക്കട്ടെ
പാതിരാനേരം പകലാകട്ടെ
ചെപ്പു? പതിക്കട്ടെ ചെമ്പിരുമ്പാകട്ടെ
ചെമ്പകശ്ശേരിയോടു നേരിടുവാൻ”

ദിഗ്വിജയോദ്യുക്തനായ മാർത്താണ്ഡവർമ്മ മഹാരാജാവു കായംകുളത്തെ നിരോധിച്ചു കീഴടക്കിയശേഷം ചെമ്പകശ്ശേരിയെ ആക്രമിക്കാൻ ഒരുങ്ങി. ചെമ്പകശ്ശേരി രാജകുടുംബത്തിലെ സ്ത്രീകളും കുഞ്ഞുങ്ങളും ഉൾപ്പെട്ട മററംഗങ്ങളുടെ നിവാസം കടമാളൂർ എന്ന സ്ഥലത്തായിരുന്നു.

ഈ പ്രദേശം വേമ്പനാട്ടുകായലിനു കിഴക്ക് ഏററുമാനൂർ താലൂക്കിൽ ചേർന്നതാണ്. ഈ കായലിനു തെക്കു പടിഞ്ഞാറാണല്ലോ ചെമ്പകശ്ശേരി. ഇതു തെക്കുംകൂർ വടക്കുംകൂർ ഈ രണ്ടുരാജ്യങ്ങളുമായി പണ്ടുപണ്ടേ മൈത്രീബന്ധത്താൽ സുഘടിതമായിരുന്നു. കടമാളൂർ വടക്കുംകൂറിന്റെയും തെക്കുംകൂറിന്റെയും സംയുക്തബലംകൊണ്ടു സുരക്ഷിതവും ചെമ്പകശ്ശേരി രാജാക്കന്മാരുടെ മൂലകുടുംബസ്ഥാനവുമായിരുന്നതിനാൽ രണഭീതിനിമിത്തം പ്രവിചലിതമായിരുന്ന കാലത്തു പ്രാകാരപരിവൃതമായ കടമാളൂർകൊട്ടാരത്തിലേക്ക് എഴുന്നള്ളി വിവരമന്വേഷിക്കുന്നതിനിടയാകാതെ ചെമ്പകനാട്ടധിപൻ ആക്രമണഭയവും വിപ്രയോഗദുഃഖവും കൊണ്ടു ക്ഷോഭാധീനനായി ദിവസങ്ങൾ തള്ളിക്കഴിച്ചു.

ആയിടയ്ക്കാണു "നെല്പന്തിമേലററം കൊത്തും തത്തയെ" കടമാളൂർ കോട്ടയിലേയ്ക്കയക്കുന്നതു്. കിളിയെക്കൊണ്ടു കഥ പറയിക്കുന്ന ഏർപ്പാടു കേരളഭാഷയിൽ ആദ്യമായി സ്ഥാപിച്ചതു തുഞ്ചനാണെന്നു നാം ധരിച്ചിട്ടുള്ളതുപോലെ വിരഹാകുലരായ ദമ്പതിമാരുടെ സന്ദേശങ്ങൾ വഹിക്കാൻ തിര്യക്കുകളെ ചുമതലപ്പെടുത്തിത്തുടങ്ങിയതു കാളിദാ

സൻ, ലക്ഷ്മീദാസൻ മുതലായ പ്രാചീന കവികളാണെന്നും നമുക്കറിവുണ്ട്. എന്നാൽ ഇക്കാലത്താകട്ടെ പരിഷ്കാരം കേറിമറിഞ്ഞു കവികളോട് കഥപറയാൻ കഴുതയും കാണ്ടാമൃഗവും കാട്ടുപൂച്ചയും വിരഹികളുടെ സന്ദേശം വഹിക്കാൻ ചുക്കും ചുണ്ണാമ്പും, ചൂരക്കോലും തെണ്ടിയിറങ്ങിയിരിക്കുന്നതും നാം കാണുന്നുവല്ലോ.

തുഞ്ചത്തു കവി അദ്ദേഹത്തിന്റെ "താർമകൾക്കൻപുള്ള തത്തയ്ക്കു" പാലും ശർക്കരയും കദളിപ്പഴവും കൊടുത്തു. അതുകൊണ്ടുതന്നെ "സകല ശുകകലവിമലതിലകിതകളേബര"യായ ആ സാരസ്യ പീയൂഷസാരസർവസ്വം തൃപ്തിപ്പെട്ടു നമ്മുടെ കവികളാകട്ടെ അവരുടെ ആജ്ഞ അനുസരിക്കുന്ന കിളിക്കുഞ്ഞുങ്ങൾക്ക് ആമവടയും, ലഡ്ഡുവും, റൊട്ടിയും മിഠായിയും ലമനേഡും കൊടുത്തശേഷം ചാരുകസേരയിലിരുത്തി സെല്യൂട്ടുചെയ്താലും അവ സംതൃപ്തിയെ പ്രാപിക്കുന്നില്ലെന്ന് ഇക്കാലത്തെ കവിതാവിഷയത്തിലുള്ള അത്ഭുതപ്രയോഗങ്ങൾ വെളിപ്പെടുത്തുന്നു. ഹാ! കവിതാദേവതേ! പ്രകൃതിയാൽ ആജ്ഞപ്തമായ പരിവർത്തനത്തിന് നീ മാത്രം അധീനയാകാതെ പിന്മാറി നില്ക്കുകയാണോ ? ഇല്ല. പരിവർത്തനാധീനയായതുകൊണ്ടായിരിക്കണമല്ലോ സാക്ഷാൽ കവിതയ്ക്ക് ഇത്ര ശോച്യയായ അവസ്ഥ നേരിടേണ്ടിവന്നത്.

പ്രകൃതത്തിൽ പ്രവേശിക്കാം. പാടത്തിൽവിളഞ്ഞുകിടക്കുന്ന നെൽപ്പന്തിയുടെ മേലറ്റം, അതാവിതു കതിർക്കുല കൊത്തുന്ന തത്ത ചെമ്പകശ്ശേരി രാജാവിന്റെ കല്പന

പ്രകാരം വേമ്പനാട്ടുകായലിന്റെ തെക്കേപ്പടിഞ്ഞാറു ചെമ്പകനാട്ടിൽനിന്നു വടക്കുകിഴക്കായിപ്പുറന്നു കടമാളൂർ എന്ന സ്ഥലത്തെത്തുന്നു. അവിടെ ചെന്നു ചേൎന്നശേഷം ആ ദേശത്തെ സംരക്ഷിക്കുന്ന കോട്ടയും മതിലുകളും കണ്ട് അവിടം നിർബ്ബാധമായിരിക്കുന്നുവെന്നു ഗ്രഹിക്കുന്നു. പിന്നീടു കോട്ടയ്ക്കകത്തു പ്രവേശിച്ചു വടക്കേക്കെട്ടിൽ എഴുന്നെള്ളിത്താമസിക്കുന്ന അമ്മ തമ്പുരാട്ടിയെ കാണുന്നു. ഇതു് യാത്രോദ്ദേശ്യത്തിൽ ചേൎന്നതായിരുന്നില്ലെങ്കിലും കാൎയ്യകുശലതയുടെയും ഔചിത്യജ്ഞാനത്തിന്റെയും ഉത്തമ ലക്ഷ്യമായി സ്വീകരിക്കേണ്ടിവരുന്നു. സീതാദേവിയെ തിരഞ്ഞറിയാൻപോയ ഹനുമാൻ രാവണനെ സന്ദർശിച്ചതും ഉദ്യാനം ഭഞ്ജിച്ചതും ആ വാനരോത്തമന്റെ ഉചിതമായ മനോധൎമ്മവ്യാപാരത്തിന്റെ ഫലമല്ലയോ ?

തത്തയാകട്ടെ കടമാളൂരിൽ കണ്ടകഥ രാജാവിനെ അറിയിച്ചു കൃതാൎത്ഥനാക്കിയ ശേഷം ഒരു വീരവാദപ്രകടനംകൊണ്ട് അദ്ദേഹത്തെ അത്യാനന്ദപയോരാശിയിലെ തരളകല്ലോലമാലകളിൽ ആറാടിക്കുന്നു. ചെമ്പകശ്ശേരിയോടു നേരിടാൻ ആൎക്കും സാദ്ധ്യമല്ലപോൽ. ഈശപാരശക്തിക്കധീനങ്ങളായവയെല്ലാം ആ ശക്തിയെ അതിലംഘിച്ചു വ്യാപരിച്ചാൽ മാത്രമേ ഈ ആക്രമണത്തിനു ന്യായമുള്ളുവത്രെ. അങ്ങനെ വ്യാപരിക്കയെന്നതു സംഭാവ്യവുമല്ലല്ലോ. ഈ വീരവാദം ലോകത്തിലടങ്ങാത്ത ആത്മസ്തുതിയും അപരനിന്ദയും നിറഞ്ഞു കവിയുന്ന കഥകളിയിലെ പോരിനു വിളിയെപ്പോലും അതിശയിക്കുന്നുണ്ട്. ചെമ്പകശ്ശേരിയുടെ ആ

നന്തരഗതി ഉത്തരോചിതമായ ഈ വ്യഥാവീരവാദത്തോട് എത്രത്തോളം യോജിച്ചുവെന്നു തിരുവിതാംകോട്ടുചരിത്രം വെളിപ്പെടുത്തുമല്ലൊ.

ആദികേശവസ്തുതി.

ആദിത്യവൎമ്മരാജാവും അനന്തിരവരായ അഞ്ചുതമ്പുരാക്കന്മാരും അന്തരിച്ചശേഷം വേണാട്ടുരാജ്യഭാരത്താൽ നമ്രശിരസ്കയായ ഉമയമ്മറാണി തന്നാട്ടു ശത്രുക്കളെ ഭയന്നു നെട്ടമങ്ങാട്ടു മല്ലൻതമ്പുരാൻ കോയിക്കൽ എഴുന്നെള്ളിത്താമസിച്ചു. ആയവസരത്തിൽ വൻപടകൂട്ടി നാടിളക്കി നാനാദിക്കും മുഴക്കി കൊള്ളചെയ്തു കമ്പനാകാൻ വട്ടംകൂട്ടി സ്വയം പട്ടം കെട്ടിസ്സഞ്ചരിച്ചു മുകിലവീരൻ ആരുവാമൊഴി കടന്നു പടിഞ്ഞാറുനോക്കി നടന്നു. പലക്ഷേത്രങ്ങൾ പൊളിച്ചു മതിലുകളിടിച്ചു മണ്ഡപങ്ങൾ തകൎത്തു വിഗ്രഹങ്ങളുടച്ചു പൊന്നുംപണവും വാരിക്കൊണ്ടു തിരുവനന്തപുരത്തെത്തി. എട്ടുവീട്ടിൽ പിള്ളമാരുടെ ചട്ടവട്ടങ്ങൾകൊണ്ടു നാഥനില്ലാതായ നാട്ടിലെ നായകനായി ചെങ്കോലുറപ്പിച്ചു ചുങ്കവും പിരിപ്പിച്ചു. ഈ തരുണത്തിൽ ശത്രുസംഹാരത്തിനായി റാണി വടക്കെമലയാളത്തിൽനിന്നു ക്ഷണിച്ചുവരുത്തിയ കേരളവൎമ്മരാജാവു പലേടങ്ങളിലും വച്ചു പടകൂട്ടി പടവെട്ടിയെങ്കിലും വിജയലാഭത്തിനു കാലസാമാന്യത്താൽ കാലതാമസമുള്ളതായിക്കണ്ടു തിരു

വട്ടാററു ആദികേശവക്ഷേത്രത്തിലെ മുഖമണ്ഡപത്തിൽ നിന്നുകൊണ്ടു ഭക്തിപരവശനായി ഭഗവാനെ സ്മരിച്ചു. അപ്പോൾ ഒരു സർപ്പം കുതിരപ്പുറത്തുകയറി കുറെദൂരംപോയശേഷം എവിടെയോ മറഞ്ഞുവെന്ന് അദ്ദേഹത്തിനുതോന്നി. ഇതു് ഈശ്വരസഹായത്തെ സൂചിപ്പിക്കുന്ന ശുഭലക്ഷ്യമായി കരുതി രാജാവു പടയ്ക്കു പുറപ്പെട്ടു. ശത്രുവിനെതടുത്തും ഓടിച്ചും തിരുവട്ടാററിനടുത്ത അരുവിക്കര എന്ന സ്ഥലത്തു രണ്ടുഭാഗക്കാരുടേയും സൈന്യങ്ങൾ നിലയുറപ്പിച്ചു. പിന്നീടുണ്ടായ പോരിൽ മുകിലൻ തോററു കല്ലേറും കവിണേറും കൊണ്ടോടുമ്പോൾ അരികെയുണ്ടായിരുന്ന ഒരു മരത്തിന്മേൽനിന്നു് ഒരു കടന്നൽക്കൂടിളകി അയാളുടെ തലയിൽവീണു. അനന്തരം കടന്നൽപട മുകിലനോടെതിർത്തു് അയാളെ കൊന്നു. ഈ വിജയം ആദികേശവന്റെ അനുഗ്രഹഫലമാണെന്ന് അദ്ദേഹം ഊഹിച്ചു. കേരളീയഭാഷാകവിമുഖ്യനായ അവിടുന്നു പോരിനുപോകും മുമ്പെ മണ്ഡപത്തിൽ നിന്നുകൊണ്ടു് ഈശ്വരസ്തോത്രംചെയ്തതു് ഈ വിധമാണു്.

"അഹികുലവരശയന, മാധവ, മഹിതപദാംബുജ, നതപാതക
ദഹന, ജനാർദ്ദന, ദനുജാന്തക, ദരസരസിജധര, കരുണാകര,
അഹമഹമികയൊടു പൊരുവാൻ വരുമഹിതരെയുധി സപദിജയിപ്പതി-
നഹരഹരരുത വരമരുളീടുക കേശിമഥന, നാഥ, തൊഴുന്നേൻ.
ആതങ്കം മനസിവളർത്തും മാതംഗങ്ങൾമതിവോളം
ഉതിരം പെരിയ തുരംഗമജാലങ്ങളുമേറ്റം ചേവുകരും
ഏറ്റും ഭയമിയലാതെ വന്നെതിരമരമൊടു പൊരുമ്പോൾ
നീ തന്നെ ജയിപ്പതരുളീടുക കേശിമഥന, നാഥ, തൊഴുന്നേൻ
ഇടിനികരമൊടിടയും ഢിണ്ഡിമപടുനിനദമൊടിടയിട വെടിയും

പൊട്ടപ്പൊരെ നിലവിളികളുമായുധമിടയുന്നൊരു രഥതുരഗരവവും
ഘടിതികളുമെന്റെ മൊഴിയൊപാരിയും ഒപ്പിന്ന പടയുടെന്റെ തടുപ്പാൻ
അടിയനരുധി പടുത്ത കാരണം; കേശിമഥന, നാഥ, തൊഴുന്നേൻ
ഇരുകൽ ചേരതാ ബ്രഹ്മമാനം രക്ഷിച്ചൊരിയലാതെ യുധി
രക്ഷിച്ചീടുകരുയന്നോവം മാകില്ല തിമിർത്തിവേണൽ
ശിക്ഷിച്ചു വരുമ്പോളുലവിധ രക്ഷിച്ചീടേണ്ടുവാൻ നിൻ കൃപ
പൊഷിച്ചീടേണമെന്നിൽ; കേശിമഥന, നാഥ, തൊഴുന്നേൻ.
ഉത്തരമായ് തെരുതെരെ നിരന്തരം വരുമൊരു വൻതിരകൾ കണക്കെ
ഒരു കുഞ്ചരിവരനികരം പൊരുവതിനിഹ ചാടിവരുമ്പോൾ
കരവാളമൊട്ടു കരിപടവെട്ടി ഉറപ്പൊടെ മണ്ടിപ്പതിനായ് ഞാൻ
സരസിജദളനയന, മുരാരെ കേശിമഥന, നാഥ, തൊഴുന്നേൻ.
ഉരക്കേറിന വൈരികൾ പോരിൽ കാൽക്കണിയുമായ്ക്കൊണ്ടു പിന്നിൽ
പാർക്കാതെ പുളച്ചിഹ നന്നൊട്ടു പൊക്കാതെ വളഞ്ഞു വരുമ്പോൾ
ആർക്കും തുരഗങ്ങൾക്കും ശരമാകും കെട്ടുമാറേല്പിച്ചുയിർ
പൊക്കാമാറെന്നും പുനരെന്നാൽ കേശിമഥന, നാഥ, തൊഴുന്നേൻ.
എള്ളോളം ജയിപ്പതിന്നൊരു മനതളിരിലുറച്ചരിവരനികരം
പ്രളയപയോനിധിസമമൊന്നായ് ഘളുഘളുവെന്നിളകിവരുമ്പോൾ
തെളിഞ്ഞതരമുവിലസും കരവാളാൽ ഗളതലമഥ വെട്ടിമുറിപ്പാൻ
കളയാതെ ചേരതിനിഹ സമയം കേശിമഥന, നാഥ, തൊഴുന്നേൻ.
ഏറിന മോദമൊടു വാഹനമേറി മഹാബലമിയലുന്നവ-
രേറെ വളച്ചുംകൊണ്ടു വന്നെതിരേറ്റുടൻ പടപൊരുമളവിൽ
ഏറ്റം പേടിവെന്നിവ യോദ്ധാക്കളെ മുറിഞ്ഞൊടുവതിന്നായ്
ഏറി നിരന്തരമൊടു ഞാൻ കേശിമഥന, നാഥ, തൊഴുന്നേൻ.
ഐയൊ ജയന്നഖിലജനാനാം തോന്നുംപടി തിങ്ങിമുഴങ്ങി
കൈയ്യുംകൊണ്ടു വന്ന വളഞ്ഞെതിർക്കുന്നോരു വൈരികൾ പോരിൽ
കൈയ്യും കാലും ഗളതലവും ചേർച്ചൊട്ടു മുറിച്ചെറിവാൻ കൃപ
ചെയ്യേണം സപദി വിഭോ, മയി കേശിമഥന, നാഥ തൊഴുന്നേൻ.
ഒരുവൻകടൽ തിരവന്നതുപോൽ അരിതൻകുലമായ്ക്കൊണ്ടുകണ്ടി-
ട്ടുതനകടമൊട്ടു ജനമെല്ലാം പേടികൊണ്ടു ഭയമൊന്നു മണ്ടുമ്പോൾ
കരിസംഘവുമായ്ക്കൊണ്ടുകണ്ടിക്കരുതുംപടി വെട്ടി മുറിപ്പാൻ

ഞാനും നിൻകൃപ വിരവോടു മാധവ കേശിമഥന, നാഥ, തൊഴുന്നേൻ.
ഓരോരോവിധമായുധജാലവുമോരോരോവിധവേഷവുമങ്ങനെ
നോരോരോവകവമ്പട കൂടിയമേരോരത്തെ ററടിച്ചുവരുമ്പോഴും
പാരാതവരെക്കൊല ചെയ്തീന പാരിൽനിരത്തീടുവതിന്നായ്
നേരേ മമ നീ തുണയാകുക കേശിമഥന, നാഥ, തൊഴുന്നേൻ.
ഉർവ്വിയും സകലജഗത്തും ചൊവ്വോടു വന്നെതിരീടുകിലും
ദൈവബലമില്ലരികളെ മമ കൊല ചെയ്തു നന്നാകിലുമനിശം
കൈവല്യപ്രദ, നിൻകൃപ മേൽ മേവാൽ വരുന്നതിരിട്ടീടിൽ
സർവ്വാധികളും തോററാളും കേശിമഥന, നാഥ, തൊഴുന്നേൻ.
അക്ഷതബലമിയലും ദിവ്യകളേബരമാകെ മുടിച്ചീന മുരളീശൻ,
വഞ്ചിക്ഷിതി പരിഷൽസംഘം രക്ഷവിധോ, രക്ഷ മുദാ മാം
പക്ഷീശ്വരവാഹന, സജ്ജനരക്ഷക, വിഗതക്ഷയ, കാരുണ്യ
അക്ഷയയശ സൽഗുണ മാധവ കേശിമഥന, നാഥ, തൊഴുന്നേൻ.
പരിപൂർണ്ണമോപമമാത്മജനമതിരിട്ടു വരുമ്പോളുടവുകൾ
തറിവെട്ടീടും പടി പോരെയരിഹമെപ്പെട്ടു വരുന്നതിവേഗാൽ
ഉടവുകളുണർന്നീടുക പരിതുഷ്ടി കലർന്ന് വിരവോടെ
തിരുവട്ടാറതിൽ മരുവീടിന കേശിമഥന, നാഥ, തൊഴുന്നേൻ.

ശങ്കരൻനമ്പൂരിയുടെ

കാരാപിരിറ്.

എല്ലാകലയിലും യുദ്ധനിലയിലും അജയ്യനായ കാർത്തികതിരുനാൾ രാമരാജൻ കാലഗതിയടഞ്ഞശേഷം അവിടത്തെ അനന്തിരവൻ അവിട്ടം തിരുനാൾ ബാലരാമരാജാവു രാജപട്ടത്തിന് അനന്തിരാവകാശിയായി സിംഹാസനാരോഹണം ചെയ്തു. ആശ്രിതൻ ജയന്തൻശങ്കരൻനമ്പൂരി പ്രബലനായിത്തീർന്നു. ജയന്തന്റെ പാട്ടിലായ ജയന്തന്റെ

കൂട്ടുകാർ ദുർമ്മദത്താൽ രാജ്യഭരണചക്രത്തിനു വക്രഗതി വരുത്തി. ജനസങ്കടം വർദ്ധിച്ചു. ജനക്ഷേമനിരതനായ കേശവദാസന്റെ നിര്യാണം ധർമ്മരാജ്യചരിത്രത്തിൽ കറുപ്പു കലർത്തി. നമ്പൂരി അചിരേണ മന്ത്രിപദത്തിൽ പാറിക്കൂടി. മുൻപേ ഒഴിഞ്ഞിരുന്ന ഖജനായെ നിറയ്ക്കാൻ അദ്ദേഹവും കൂട്ടുകാരും ഉദ്യോഗിച്ചു. കളവും കൊള്ളയും കോഴയും ധനസമ്പാദനത്തിനുള്ള സുകരമാർഗ്ഗങ്ങളായി ഭവിച്ചു. പ്രജകളുടെ മാനത്തിനും ധനത്തിനും രക്ഷയില്ലാതായി. അക്രമം ദിക്കെങ്ങും പരന്നു. മന്ത്രിയും മിത്രങ്ങളും നാടൊട്ടുകെ സഞ്ചരിച്ചു. പണക്കാരെ പിടിപ്പിച്ചുവരുത്തി പണം പിടുങ്ങി. വിരോധം പറയുന്നവരെ കെട്ടിയടിപ്പിച്ചു. അന്യായമായവിധം കരം പിരിച്ചു. ഈ കഥയെല്ലാം കേരളഭാഷയിൽ അക്കാലത്തുതന്നെ രേഖപ്പെടുത്തുകയുണ്ടായിട്ടുണ്ടു്. ആ രേഖകളിൽ ഒന്നു് ഈ വിധമാകുന്നു.

പട്ടയച്ചട്ടപ്രകാരമല്ലാതുള്ള
മുൻപാട്ടമെന്ന കരം പിരിപ്പാൻ
പണ്ടൊരു നാളിലും കേട്ടറിവില്ലാത്ത
കിട്ടിയെന്നുള്ളൊരു കോഴിറക്കി
കൈക്കിട്ടു കെട്ടി മുറുക്കിപ്പിടിക്കുമ്പോൾ
വെള്ളം പണം ധനമൊക്കെ വിറ്റും
ഇങ്ങനെ കോലിട്ടിക്കറും നിലവിളി
ദേശങ്ങളൊക്കെയൊരു തരത്തിൽ
കാലും വലിച്ചുള്ള ക്ലേശിക്കുമതിട്ടു
കല്ലും ചുമപ്പിച്ചൊരുതരത്തിൽ
പൂണ്ടാണി കുത്തിക്കനിപ്പു മുതുകത്തിൽ
കല്ലേറുമുണ്ടൊക്കെയൊരുതരത്തിൽ
കാലു രണ്ടും തടിക്കുന്നിലിട്ടാണിയും

വെച്ചിട്ടു ശിഷ്ടം തന്നിലിട്ടും
തല്ലുമിടിയും കണക്കില്ല ചൊല്ലുവാൻ
കന്നവർക്കത്തെപ്പോൾ ചെയ്തിടുന്ന
ദേഹം ചൊറിയണം കൊണ്ടു പൊതിഞ്ഞിടി–
ച്ചുണ്ണമില്ലാതെയുപാസമിട്ടും
ഇങ്ങനെ മോക്ഷമായുള്ള പണം പിരി–
വോട്ടും കുറവില്ലറിഞ്ഞു കൊൾക"

കോലാട്ടം.

നാടകം വാടി മാനെ ! മാമലെ !
നമ്മുടെ നഗരിയിൽ കോലാട്ടം
ശൃംഗാരവനങ്ങളെ പുറപ്പാൎക്കാം
ചെലപം കൊണ്ടാടാം കളിയാടാം
പുവന്നിയരളി, ചെമ്പകമാമ്പൽ
ചെമന്തി മല്ലികച്ചോലയിലെ
മല്ലിക മുല്ല മന്ദാര പിച്ചി
വിരിഞ്ഞു ചൊരിയും ചോലയിലെ
വാടീ കൈകൾ കൊട്ടു ചാടീ കോലടിച്ചു
പാടീ ചോലയിൽ കളിയാടാം

കൈകൊട്ടികളി.

പൊന്നും കൊടിയും കുടയും തഴകളും
പൊന്നണിഞ്ഞാനയും പന്തങ്ങളും

മുന്നിൽ വിലസുന്നൊരാലവട്ടങ്ങളും
ചിന്നിച്ചിതറുന്ന വെഞ്ചാമരങ്ങളും
ആർത്തുവിളിച്ചുള്ള ആറാട്ടുവാനായി
ആറ്റിലഴകോടിറങ്ങുന്നേരം
ആടയും താലിയുമാഭരണങ്ങളും
ആദരവോടു കരയ്ക്കു വച്ചു
അമ്മ തിരുവടി നീരാട്ടുവാനായി
പൊന്മയമേനി വിളങ്ങുമാറായ്

. . . .

നാരി കുമാരനല്ലൂർ വാഴും ദേവിയാം
കാർത്ത്യായനീ പദം കൈതൊഴുന്നേൻ.

കേരള സാഹിത്യ അക്കാദമി

ഞാറുനടുമ്പോൾ പാടുന്ന

മരററാര പാട്ട്.

മാരിമഴകളും ചൊരിഞ്ഞു—ചെറ
വയലൊക്കെ വെള്ളം നിറഞ്ഞു
പൂട്ടി ഒരുക്കി പാകഞ്ഞു—ചെറ
ഞാറുകളും കെട്ടി എറിഞ്ഞു
കാലിലെ ചെന്തില മാല—ചെറ
കണ്ണുള്ള കാളി കറമ്പി
ചാത്ത ചടയിമാരായ—ചെറ
മക്കിമാരെല്ലാരും വന്ന
വന്നുനിരന്നവർ നിരൻറ—കെട്ടി
ഞാറെല്ലാം ഞെന്നി പകുത്ത
കൂപ്പത്തിൽ നട്ടുകരേറാ—നവർ
കത്തിയുടുത്തു കനിമഞ്ഞു

കുന്നുച്ചേരി കുന്നപ്പുറം – അവരും
ഓമല കൂട്ടി വിളിച്ചു
പാടത്താന്ത പാടീട്ടുവേണം – നിങ്ങളും
നാട്ടു കരിമ്പുണ്ടു കേറാൻ
അപ്പുറം ഒരു തത്തപ്പെണ്ണ് – അവർ
ഓരോമരമേറി കരഞ്ഞു
മേപ്പോട്ടുനോക്കി പറഞ്ഞു – കൊള്ളു
ഓമലക്കുട്ടി ചെറുമി
തത്തമ്മപ്പെണ്ണു നീ ഇപ്പോഴും – ഇതു
വരുന്നതുകാരിയം ചൊല്ലു
വിളവുപയിറ്റു കിടന്നോ – നല്ലാ
ചെറുമക്കളോട്ടു നീ വന്നു
കയ്യിൽ മുറിഞ്ഞുകൊണ്ടു – പോവാൻ
കല്ലും കരളും തിന്നു
നാട്ടുകരിമ്പുതേകറ – വോളം
പാടിയിരിക്കേണ്ടി അന്നു
തത്തമ്മപ്പെണ്ണു പറഞ്ഞു – നിങ്ങളും
താനാട്ടം ചൊല്ലി നട്ടുവിൻ
തന്തല്ലും താതല്ലും താരോ – തിമി
തന്തല്ലും താതല്ലും താരോ
തിന്തിനം തിന്നായി താരോ – തിമി
തിന്തിനം തിന്നായി താരോ
താനാട്ടം ചൊല്ലി ഇങ്ങനെ – അവർ
തത്തമ പാടിത്തുടങ്ങി
മുക്കണ്ണനും തുണയായി – മല
മാളും പിടിവരിവായി
മാരന്മാർ പൂണ്ടനകാലം – നല
ഉമാട്ടു വനവാസം പൂക്ക
തങ്കിലിണന്നു പുണർന്ന – ഉമ
ഗൗരീശ്വരന്റെ ഗർഭം പൂകരുത

വരവ്യ

മുട്ടിഴയുകി പിറന്നത-ഒരു
ചങ്ങാവയറുള്ള പിള്ള
തേങ്ങിൻറിളം ചൂട്ടപോലെ-രണ്ട്
നീണ്ട വളയുന്ന കൊമ്പും
ആലി അലയുന്ന കാതും-രണ്ട്
കൊച്ചു മൂരം കണ്ണുകളെ
പാമ്പുകരമെന്ന തൻറ-കരം
ഇമ്പമമൂന്നുകിന പിള്ള
പള്ളനിറയോളം ചോറും-പാലും
എള്ളുണ്ടയും തരാം ഉണ്ണി
ചന്ദനമാടംവന്നും മാറി-മോരം
പൂണുകളിട്ടുതുക്കാലം

പറത്തിപ്പാട്ട് (ഉടുക്കുകൊട്ടിപ്പാട്ട്)

വെളിയിൽ കാണുന്നതെന്താണ് കുമ്പ ?
ബാലകുളിർമതിയാണേ ബാലേ !
ഉള്ളിൽ വെളുത്താണ് കാണുന്നതെന്ത്
പിറന്നതുമെന്താണുണ്ടവിടെ
വെള്ളം ചിതയിന്ന പോകുന്നില്ല
വെള്ളത്തിനിപ്പുറം മലവുമുണ്ടോ
കണ്ണുകളുണ്ടാമോ വെള്ളം തന്നിൽ
കണ്ണുകളല്ലിതു മീനമാണേ
വാർകൂന്തലുണ്ടാമോ വാരിയിങ്കൽ
വാർകൂന്തലല്ലിതു ചണ്ടിയാണേ
പോകാൻ ഇനിയുന്ന പാർവതിയാരേ
വാവാ മകനേ ഗണപതിയേ

. . . .

ഇപ്പാട്ടു പാടുന്ന മങ്കമാർക്ക്
കല്യാണമുണ്ടാകുമെല്ലാനാളും

എല്ലാം തോലുമണിഞ്ഞു ചാമ്പലും തേച്ചു ചുടലയിൽ കിടക്കുന്ന കാളക്കാരൻ മന്ദാകിനീദേവിയെ തലയി[illegible]പ റുന്നതുകണ്ട് അസൂയാകലുഷയായിത്തീൎന്ന പാൎവ്വതി "ചീ ഷും ക്രാസ്സം"കൊണ്ടു ഭൎത്താവിന്റെ കള്ളങ്ങളും വെളിപ്പെടുത്തുന്നതും സമാധാനം ദുൎബ്ബലമാണെന്നു കണ്ടു മകനേയും കൊണ്ടു ബന്ധമൊഴിഞ്ഞുപോകാൻ വട്ടംകൂട്ടുന്നതും മററും സരസമായിരിക്കുന്നു ഇതും സാമൂഹികമായ ചില പൊടിക്കൈകളെ സൂചിപ്പിക്കയല്ലേ ചെയ്യുന്നതു്.

സ്ത്രീധൎമ്മം വഞ്ചിപ്പാട്ട്.

നാട്ടുനടപ്പുവിട്ടാൽ നാട്ടിൽ നടപ്പു വിടേണ്ടിവരും. നാലുപേരിലൊരുത്തനാകുന്നതു നാലുകൊണ്ടും നല്ലതുതന്നെ. കോലത്തിനൊത്ത കാലം കിട്ടായില്ലെങ്കിൽ കാലത്തിനൊത്ത കോലം കെട്ടാമല്ലോ. അതാണു ഒരു വഞ്ചിപ്പാട്ടിൽതന്നെ ഈ വാല്യം സമാപിക്കാമെന്നുവച്ചതു്.

൧. അമ്പിനോടങ്ങാരകത്തു
ഇമ്പമുടൻ വാണരുളും
തമ്പുരാട്ടിയെ തൊഴുന്നേൻ
ഭക്തിയോടിന്നു.

൨. കുംഭിമുഖനാം സുതനും
തമ്പിമാരാമീശന്മാരും
കമ്പമെല്ലാമൊഴിച്ചെന്നെ
കാത്തുകൊള്ളേണം.

൩. നാരിമാരും ജനത്തിന്റെ
നീതിധൎമ്മപ്രകാരങ്ങൾ

ആരെവാതടാട്ടു ചൊല്ലാം
കേൾപ്പിനെല്ലാരും.

൪. മന്ത്രമില്ല തന്ത്രമില്ല
ഹോമമില്ല ധ്യാനമില്ല
കാന്തനെ പരിചരിക്ക
മാത്രമേയുള്ളൂ.

൫. ഭാര്യയോരോ നിത്യവും തൻ
കാന്തനിഷ്ടംപോലിരിക്കം
ഉത്തമനാരിക്ക സ്വർഗ്ഗം
നിശ്ചയം കിട്ടും.

൬. പാതിവ്രത്യം പുരുഷന്മാർക്കിൽ
മാല്ലയാണെന്നാല്ല മൂന്നാം
വ്യസനമാർക്കും ചെയ്യരുതാത്തം
കേട്ടിട്ടില്ലേ?

൭. ധർമ്മാർത്ഥം കാമം മോക്ഷം
എന്നിവയിലെല്ലാറ്റിലും
നിർമ്മലമാം കാന്തപ്രീതി
പാത്രമാകുന്നു.

൮. പുത്രരുണ്ടാം കീർത്തിയുണ്ടാം
എന്തുവേണ്ടാ സമസ്തവും
തൽപതിതൻ പ്രീതികൊണ്ടു
സാമ്പ്രതം കിട്ടും

൯. ആകയാലിസ്ത്രീകളെല്ലാം
കാന്തനീശനെന്നറല്ലു
പ്രേമമോടെ ശുശ്രൂഷിക്ക
തന്നെ നന്നത്രേ.

൧൦. ദൈവമെന്ന നിനയ്ക്കേണം
തൻ പ്രിയരെ സ്ത്രീകളെല്ലാം
ഭേദമെന്യേ ധ്യാനത്തിനാൽ
മംഗളമുണ്ടാം.

കേരള സാഹിത്യ
അക്കാദമി